# കേരളത്തിലെ പഞ്ചക്ഷത
അഥവാ
# ബ. മറിയം ത്രേസ്യാ



ഗ്രന്ഥകർത്താ
ഫാദർ തോമസ് മൂത്തേടൻ, എം. എ; ഡി. ഡി.

1970

# കേരളത്തിലെ പഞ്ചക്ഷത

അഥവാ

# ബ. മറിയം ത്രേസ്യാ

ഗ്രന്ഥകർത്താവ്

**ഫാദർ തോമസ് മൂത്തേടൻ എം. എ. ഡി ഡി.**

പ്രസാധക

**റവ. സിസ്റ്റർ ആക്കേയ്ഞ്ചൽ**

**മദർ ജനറൽ**

തിരുക്കുടുംബ സന്യാസ സഭ

മണ്ണുത്തി, തൃശ്ശൂരു

**1970**

Imprimatur

+ Geo. Alapatt.

Bp. of Trichur.

Trichur

11 Feb. 1970

Price Rs. 3



ബ. മറിയം ത്രേസ്യാ.

# പ്രസ്താവന

തിരുക്കുടുംബസന്യാസിനീസഭയുടെ സ്ഥാപികയായ സിസ്റ്റർ മറിയംത്രേസ്യയുടെ ഒരു ഹ്രസ്വജീവിതചരിത്രത്തിനു 1967ൽ ഞാൻ ഒരവതാരിക എഴുതി. അന്നു ബ. സഹോദരിമാർ എന്നോടു് ആവശ്യപ്പെട്ടു ബ. അമ്മയുടെ സമഗ്രമായ ഒരു ജീവചരിത്രം എഴുതണമെന്നു്. അസാധാരണമായ സംഭവങ്ങളുടെ സമാഹാരമാണു് ബ. മറിയംത്രേസ്യയുടെ ജീവിതം. തന്നിമിത്തം അതു വേണ്ട പോലെ എഴുതിപ്പിടിപ്പിക്കുക ദുർഘടമാണെന്നു ഞാൻ പറഞ്ഞു. സഹോദരിമാരുടെ നിർബ്ബന്ധത്തിനു വിധേയനായിട്ടാണു് ഈ ജീവചരിത്രം ഞാൻ രചിക്കുന്നതു്.

കഷ്ടിച്ചു് എഴുതാനും വായിക്കാനും മാത്രം പഠിച്ചിരുന്ന ഈ സഹോദരിക്കു് ദൈവവരപ്രസാദത്തിൻെറ പ്രവൎത്തനങ്ങളെപ്പററി പറയുവാനുള്ള കാര്യങ്ങൾ അത്ഭുതാവഹമാണു്. അക്ഷരത്തെററുകളോടുകൂടെ സഹോദരി എഴുതിവച്ചിരിക്കുന്ന പല കാര്യങ്ങളും ആത്മീയവിജ്ഞാനം പ്രതിബിംബിക്കുന്നവയാണു്. സഹോദരിയുടെ പഞ്ചക്ഷതങ്ങളും ദർശനങ്ങളും പൈശാചികപരീക്ഷണങ്ങളും അധുനാധുനർക്കു് അവിശ്വസനീയമായിത്തോന്നും. തന്നിമിത്തം അവ എൻെറ സ്വന്തം ഉത്തരവാദിത്വത്തിന്മേലല്ല ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ളതു്; പ്രത്യുത 1902 മുതൽ സഹോദരിയുടെ മരണംവരെ ജ്ഞാനപിതാവായിരുന്ന ഫാദർ യൗസേപ്പു വിതയത്തിൽ അവർകളുടെ സ്വന്തം

കൈയ്യക്ഷരത്തിലുള്ള കുറിപ്പുകളെ അടിസ്ഥാനപ്പെടുത്തിയാണു്. ഫാദർ വിതയത്തിലും മറിയംത്രേസ്യയുംപറയുന്ന കാര്യങ്ങൾ അതേപടി ഇവിടെ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും എല്ലാം അതിസ്വാഭാവികമാണെന്നു ഗ്രന്ഥകാരനു വിശ്വാസമില്ല. സ്വന്തം ആഗ്രഹങ്ങളും ചിന്തകളും ഭാവനാലോകത്തിൽ ഒതുങ്ങിനില്ക്കുന്നതിനുപകരം യഥാർത്ഥരൂപമെടുത്തതായി മറിയംത്രേസ്യാ കരുതുന്നു. ആ വിശ്വാസം ഫാദർ വിതയത്തിൽ അംഗീകരിക്കുന്നു. സമർത്ഥനും പണ്ഡിതനുമായ ഫാദർ വിതയത്തിലിന്റെ കുറിപ്പുകൾ ചിത്തഭ്രമമായി ഞാൻ തള്ളുകയില്ല. അനുവാചകർ ശ്രദ്ധാപൂർവ്വം വായിച്ചു തള്ളേണ്ടതു തള്ളുകയും കൊള്ളേണ്ടതു കൊള്ളുകയും ചെയ്യുക. ജീവചരിത്രകാരൻ ഈ ജോലിചെയ്യുന്നതു ശരിയല്ലല്ലോ. എല്ലാം യഥാതഥം വിവരിക്കുക മാത്രമാണു ഞാൻ ചെയ്യുന്നതു്. ഒരു കാലത്തു് വിശുദ്ധ എന്നു നാമകരണം ചെയ്യാനുള്ള പരിശോധനകൾ ആരംഭിക്കുകയാണെങ്കിൽ അവരെ വഴിതെററിക്കരുതെന്നു കരുതിയാണു ഫാദർ വിതയത്തിലിന്റെ കുറിപ്പുകൾ സത്യരേഖകളായി സ്വീകരിച്ചു ഭാഷാശുദ്ധി വരുത്തിയും സംക്ഷേപിച്ചും ഈ ഗ്രന്ഥം രചിച്ചതു്.

ഒരു കേരളവനിതയുടെ ഗാർഹികജീവിതത്തിലും സന്യാസജീവിതത്തിലും പ്രത്യക്ഷപ്പെടുന്ന പ്രായശ്ചിത്തചൈതന്യവും പരസ്നേഹവും കേരളീയരായ നാം അറിഞ്ഞിരിക്കേണ്ടതു തന്നെയാണു്. ഇതാ അവളുടെ പ്രായശ്ചിത്ത പരിപാടി:

"ദിനംപ്രതി കൈത്തണ്ടയിൽ മുള്ളരഞ്ഞാണം കെട്ടുക; തിങ്കൾ, ബുധൻ, ശനി എന്നീ ദിവസങ്ങളിൽ പകൽ മുൾച്ചട്ട ധരിക്കുക; വൈകുന്നേരം ആറുമണിമുതൽ നിദ്രാസമയംവരെ എല്ലാദിവസവും മുൾച്ചട്ടയും മുൾമുടിയും അണിയുക; പായിൽ ചരൽവിരിച്ച് ഞെരിഞ്ഞൽ നിറച്ച തലയിണവച്ച് കിടക്കുക. ദിനംപ്രതി ചമ്മട്ടികൊണ്ട് അറുപതു് അടിക്കുക"

ഈശോയോടുള്ള സ്നേഹത്തെപ്രതി ഇത്രയും നിശിതമായ പ്രായശ്ചിത്തജീവിതം അനുഷ്ഠിക്കുന്ന സഹോദരിയിൽ അസാധാരണത്വമുണ്ടാകാതിരിക്കുമോ? ആകയാൽ ക്ഷമാപൂർവ്വം ഈ ജീവചരിത്രം വായിക്കുക. പൈശാചിക പ്രവർത്തനം എവിടംവരെ പോകുമെന്നും ദൈവം തൻെറ പ്രിയപ്പെട്ട ആത്മാക്കളെ എങ്ങനെ നയിക്കുമെന്നും കാണുക ഉയർന്നവിദ്യാഭ്യാസമില്ലാത്തവരുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവു പ്രവർത്തിക്കുന്നതെങ്ങനെയെന്നു മനസ്സിലാക്കി എളിമയോടെ ദൈവത്തിൽ ശരണപ്പെടുക.

തിരുക്കുടുംബസഭയിലെ സഹോദരിമാരുടെ വിശുദ്ധിയും സന്യാസതീക്ഷ്ണതയും സ്ഥാപികയുടെ പരിശുദ്ധിക്കു തെളിവാണെങ്കിൽ ബ. മറിയംത്രേസ്യാ ഈശോയുടെ പ്രിയപ്പെട്ട പഞ്ചക്ഷത തന്നെയാണു്. അവളുടെ പ്രാർത്ഥന തിരുക്കുടുംബസന്യാസിനിസഭയ്ക്കും ജീവചരിത്രകാരനും അനുഗ്രഹസ്രോതസ്സായിരിക്കട്ടെ. ദൈവത്തിനു് ഇഷ്ടമെങ്കിൽ ബ. മറിയം ത്രേസ്യയെ പുണ്യപട്ടത്തിലേക്കു് ഉയർത്തണമെന്നു് അനുവാചകരോടുകൂടെ ഞാനും പ്രാർത്ഥിക്കുന്നു.

ഈ ഗ്രന്ഥത്തിന പ്രൗഢസുന്ദരമായ ഒരവതാരിക എഴുതി അനുഗ്രഹിച്ച തൃശ്ശൂരു മെത്രാൻ ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമേനിക്കു ബ. മറിയംത്രേസ്യാ സപര്യ്യത്തിൽ നിന്നു് അനുഗ്രഹാശിസ്സുകൾ നേടിക്കൊടുക്കട്ടെ.

ഈ ഗ്രന്ഥം പ്രസിദ്ധം ചെയ്യുന്ന തിരുക്കുടുംബസന്യാസിനിസഭയ്ക്കും അതിൻെറ ഇപ്പോഴത്തെ മദർ ജനറൽ ബ. സിസ്റ്റർ ആക്കാഞ്ചെലയ്ക്കും ഈ ഗ്രന്ഥരചനയ്ക്കു വേണ്ട വിവരങ്ങൾ ശേഖരിച്ചു തന്ന ബ. സിസ്റ്റർ പ്രിഷില്ലയ്ക്കും കൃതജ്ഞതാനിർഭരമായ കൂപ്പുകൈ.

പ്രിൻസിപ്പൽ
സെൻറ് തോമസ് കോളേജ് തൃശ്ശൂരു.
1970 ജനുവരി 28-ാംനു-

*ഫാദർ തോമസ്സ് മൂത്തേടൻ*
*എം. എ. ഡി. ഡി.*



ഡോക്ടർ ജോർജ്ജ് ആലപ്പാട്ട്,
പി. എച്ച്. ഡി., ഡി. ഡി.,
എസ്. ടി. ഡി., ഡി. ലിററ്.,
1944 മേയ് 1-ാംനു-മുതൽ തൃശൂർ മെത്രാൻ.

# അവതാരിക

1912ൽ ഞാൻ തൃശ്ശൂർ പ്രൈമറിക്ലാസ്സിൽ പഠിച്ചു കൊണ്ടിരിക്കുമ്പോഠം എൻെറ റെക്ടർ ഊക്കൻ ബ. ജോണച്ചനും പ്രസിദ്ധവൈദ്യനായ ഷെവ. അന്തോണിതരകനുംകൂടി മങ്കടിയാൻ ത്രേസ്യയുടെ നോമ്പിലേ വെള്ളിയാഴ്ചകളിലേ "പങ്കപ്പാടുകഠം" കാണാനായി ഒല്ലൂർ മഠത്തിൽ പോയവർത്തമാനം ഞാൻ വിവരിച്ചുകേട്ടിട്ടുണ്ടു. 1928ൽ റോമിൽ നിന്നു പട്ടമേററു ഞാൻ വരുമ്പോഠം ബ.മറിയം ത്രേസ്യാ ദിവംഗതയായിരുന്നു. മെത്രാനായശേഷം കച്ചേരി ഫയലുകളിൽ നിന്നു് ഈ അമ്മയെപ്പററി വളരെ വിലപ്പെട്ട രേഖകഠം ശേഖരിച്ചു തിരുക്കുടുംബസഭാധികാരികളെ ഏല്പിക്കയും അവരുടെ സഭാസ്ഥാപികയുടെ ചരിത്രം എഴുതുവാൻ അവരെ ഞാൻ പ്രോത്സാഹിപ്പിക്കയും ചെയ്തിരുന്നു.

എന്നാൽ പഞ്ചക്ഷതവും സ്വർഗ്ഗവാസികളുടേയും ശുദ്ധീകരാത്മാക്കളുടേയും കാഴ്ചകളും പിശാചിൻെറ തന്ത്രങ്ങളും നിറഞ്ഞ ആ ജീവിതചരിത്രം എഴുതി ഫലിപ്പിക്കുക നന്നേ പ്രയാസമാണെന്നു് എനിക്കു് തോന്നാതിരുന്നില്ല. എൻെറ മുൻഗാമിയായ ഡോക്ടർ മേനാച്ചേരി തിരുമനസ്സുകൊണ്ടു ത്രേസ്യയുടെ കാഴ്ചപ്പാടുകളും പഞ്ചക്ഷതവും പീഡാനുഭവദർശനങ്ങളും ആരംഭത്തിൽ അവഗണിക്കുകയും അവിശ്വസിക്കുകയുമാണു ചെയ്തതു്. ഒല്ലൂരു മഠത്തിൽ കർമ്മലീത്താസഹോദരിമാരുടെ മേൽനോട്ടത്തിൽ മറിയം ത്രേസ്യയെ താമസിപ്പിച്ചതും അവരുടെ അഭിപ്രാ

യം ആരാഞ്ഞതും അവസാനം ബ. മറിയം ത്രേസ്യയ്ക്കു അനുകൂലമായി തെരുതെരെ തീരുമാനങ്ങളെടുത്തതും ടെ വചരിപാലനാവൈഭവം തന്നെയാണ്.

ബ. മറിയംത്രേസ്യയുടെ ജീവചരിത്രം എഴുതുക എത്രയും ദുഷ്കരമാണ്. വി. കൊച്ചുത്രേസ്യയുടെ സ്വയംകൃതചരിതം, 23-ാം യോഹന്നാൻ മാർപ്പാപ്പയുടെ ഡയറിക്കുറിപ്പുകൾ, പഞ്ചക്ഷതയായ തെറേസാന്യൂമിന്റെ ജീവചരിത്രം, ദിവ്യസ്പന്ദനങ്ങൾ, വിശുദ്ധ ഗ്രന്ഥം മുതലായവ വിവർത്തനം ചെയ്ത ഫാദർ മൂത്തേടന്റെ തയന്വപിടിച്ച കരങ്ങളാണ് ഈ ജീവചരിത്രം രചിച്ചിട്ടുള്ളതു്. ബ. മറിയം ത്രേസ്യയുടേയും ഫാദർ വിതയത്തിലിന്റേയും കുറിപ്പുകളും ദൃക്സാക്ഷികളായ സഹോദരിമാരുടെ സാക്ഷ്യങ്ങളും ഉപയോഗിച്ചു പ്രാമാണ്യമുള്ള ഒരു ജീവചരിത്രം വരച്ചുവയ്ക്കാൻ ഗ്രന്ഥകാരൻ പരിശ്രമിച്ചിരിക്കുന്നു. എല്ലാം അതിസ്വാഭാവികമാണെന്നു് ഗ്രന്ഥകാരൻ പറയുന്നില്ല; എന്നാൽ ത്രേസ്യയുടെ മനോവികാരങ്ങൾ, ഫാദർ വിതയത്തിലിന്റെ നിഗമനങ്ങൾ മുതലായവയെല്ലാം ഗ്രന്ഥകാരൻ നിരത്തി വച്ചിട്ടുണ്ട്. അവ ഒരാഖ്യായികപോലെ ഏവക്കും വായിച്ചു രസിക്കാം; വസ്തുകൾ വിശ്വസ്തതായോഗ്യമായി കരുതുന്നവരുടെ ഹൃദയം ദൈവവിശ്വാസത്താലും ദൈവസ്നേഹത്താലും ത്രസിക്കും. അജ്ഞയായ ബ. മറിയംത്രേസ്യയുടെ ഉപദേശ ശകലങ്ങൾ ആദ്ധ്യാത്മിക ജീവിതത്തിനു താങ്ങായിരിക്കും. ആ സഹോദരിയുടെ പ്രായശ്ചിത്തജീവിതം അനുകരിക്കാൻ കഴിഞ്ഞില്ലെങ്കിലും ആശ്ചര്യജനകമായി തോന്നാതിരിക്കയില്ല. ബ. ത്രേസ്യയ്ക്കുണ്ടായ പൈശാ

ചികാക്രമണങ്ങൾ ആരേയും ഇരുത്തി ചിന്തിപ്പിക്കാൻ പര്യാപ്തമായിരിക്കും.

ബ. മൂത്തേടനച്ചൻെറ പരിശ്രമം പരിപൂർണ്ണമായി വിജയിച്ചിട്ടുണ്ട്. ഇത്രയും ദുർഘടമായ വിഷയം പാരായണയോഗ്യമാക്കിയ ആ തൂലികാ നിശ്ചലമാകാതിരിക്കട്ടെ. വിസ്മയാവഹമായ ആ ജീവിതത്തിൽ ദൈവത്തിൻെറ കരങ്ങളെങ്ങനെ പ്രവർത്തിച്ചുവെന്നു സമർത്ഥമായ തൂലികയിൽക്കൂടി പ്രകാശമാനമായിട്ടുണ്ട്. എൻെറ ഹാർദ്ദമായ അനുമോദനാശിസ്സുകൾ.

രണ്ടാം വത്തിക്കാൻ സൂനഹദോസു സർവ്വസന്യാസസഭകളോടും തങ്ങളുടെ സ്ഥാപകൻെറ ചൈതന്യവും ലക്ഷ്യവും അഭംഗമായി പരിപാലിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. തിരുക്കുടുംബസഭാസ്ഥാപികയുടെ ചൈതന്യം ഈ ഗ്രന്ഥത്തിൽ കാണാം; അതു് ആ സഭയിലെ അംഗങ്ങൾ പകർന്നെടുത്തു കൊണ്ടിരിക്കുമെന്നാണ് എൻെറ വിശ്വാസം. സാമാന്യം വലുതായ ഈ ജീവചരിത്രം അച്ചടിപ്പിച്ചു പ്രസിദ്ധംചെയ്യാനുള്ളഭാരം അവരേറെറടുത്തതു് എൻെറ വിശ്വാസത്തെ സ്ഥിരപ്പെടുത്തുകയാണു ചെയ്യുന്നതു്.

തിരുക്കുടുംബസഭയുടെ വളർച്ച ആശ്ചര്യാവഹമാണ്. ദരിദ്രയും അജ്ഞതയുമായ ഒരു ഗ്രാമീണ കന്യകയുടെ പ്രവർത്തനങ്ങൾ ഇങ്ങനെ ഫലമണിഞ്ഞതു സ്ഥാപികയുടെ ദൈവസ്നേഹത്തിൻെറ ലക്ഷണമാണ്. "മറിയമേ, നി

ൻറസങ്കേതത്തിലെത്തുന്നതുവരെ എന്നെ കൈവിടല്ലേ" എന്ന മറിയം ത്രേസ്യയുടെ അപേക്ഷ എല്ലാവർക്കും സ്വായത്തമാക്കാം. ദൈവതിരുമനസ്സെങ്കിൽ ബ. മറിയം ത്രേസ്യയെ ദൈവം മഹത്വപ്പെടുത്തട്ടെ. അതിനു് നമുക്കു് പ്രാർത്ഥിക്കാം;

എന്നു

തൃശ്ശൂരു, തൃശ്ശൂരു മെത്രാൻ

1970 ഫെബ്രുവരി 11-ാംനു-

† G. C. ALAPATT

BP. OF TRICHUR

# ജനനവും ബാല്യവും

പൂർവ്വതിരുവിതാംകൂർ സംസ്ഥാനത്തിൻെറ വടക്കേ അററത്തു കൊച്ചി രാജ്യത്തോടു തൊട്ടു കിടക്കുന്ന ഒരു കൊച്ചു ഗ്രാമമാണു് പുത്തഞ്ചിറ. കേരള സഭാ ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള ഈ ഗ്രാമം 1887 മുതൽ തൃശ്ശൂരു രൂപതയിലാണു് സ്ഥിതി ചെയ്യുന്നതു്. കൊടുങ്ങല്ലൂരു രൂപത നിലവിലിരുന്ന കാലത്തു് അവിടത്തെ വൈദീക മേലദ്ധ്യക്ഷന്മാർ പുത്തഞ്ചിറ താമസിച്ചാണു് ഭരണം നടത്തിയിരുന്നതു്; അവരിൽ പലരുടേയും കല്ലറ പുത്തഞ്ചിറ തന്നെയാണു്. പാടത്തും പറമ്പിലും മഴയോടും വെയിലിനോടും മല്ലിട്ടു കഴിയുന്ന ഗ്രാമീണരാണു് നാട്ടുകാർ. കുലീനത്വവും മതതീക്ഷ്ണതയും ഒത്തിണങ്ങിയ പല തറവാടുകൾ അവിടെയുണ്ടു്. അവയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് ചിറമൽ മങ്കിടിയാൻ. സമ്പത്തും പ്രതാപവും ആ കുടുംബത്തെ അനുഗ്രഹിച്ചതായിരുന്നു; എന്നാൽ കാലാന്തരത്തിൽ ദാരിദ്ര്യം ആ കുടുംബത്തെ ഉലച്ചു. അക്കാലത്തു് അഥവാ കൃത്യമായി പറയുന്നപക്ഷം 1876 ഏപ്രിൽ 26-ാം നു-, ലിസ്യൂവിലെ ത്രേസ്യാ പുണ്യവതിക്കു മൂന്നു വയസ്സു പ്രായമുള്ളപ്പോൾ, മങ്കിടിയാൻ തോമായുടെ ദ്വിതീയവിവാഹത്തിലേ തൃതീയസന്താനമായി ത്രേസ്യാ ജനിച്ചു. ഭക്തയായ മാതാവു്, താണ്ട തൻെറ വത്സല ശിശുവിനെ ദൈവത്തിനു് സമർപ്പിച്ചു.

തോമായുടെ പ്രഥമ വിവാഹത്തിൽ ഒരു പുത്രിയു ണ്ടായിരുന്നു. ആ സഹോദരിയെ കൂടാതെ ത്രേസ്യയ്ക്കു പൊറിഞ്ചു, ഔസേപ്പ് എന്ന രണ്ടു സഹോദരന്മാരും മ റിയംകുട്ടി, ഇട്യാനം എന്നീ രണ്ടു സഹോദരിമാരുമുണ്ടാ യിരുന്നു. താണ്ട ഇവരെയെല്ലാവരേയും ദൈവഭക്തിയിൽ വളർത്താൻ അതീവതാല്പര്യം പ്രദർശിപ്പിച്ചിരുന്നു. ത്രേ സ്യയ്ക്കു മൂന്നര വയസ്സുള്ളപ്പോൾ തുടങ്ങി ദൈവാലയ ത്തിൽ കുരിശുമണിയടിക്കുന്ന നേരത്ത് അമ്മ അവളെ ക്കൊണ്ട് കുരിശു വരപ്പിച്ചിരുന്നു. "തൽസമയം സ്ലീ വായുടെ അടയാളമെന്നാലെന്താ? ആരാണു ബാവാ, പു ത്രൻ, റൂഹാദക്കുദശാ?" കുഞ്ഞ് അമ്മയോടു ചോദിച്ചിരു ന്നു. അമ്മ കുഞ്ഞിന് എല്ലാം പറഞ്ഞു കൊടുത്തിരുന്നു. വേദപുസ്തകകഥകളും വിശുദ്ധരുടെ ജീവചരിത്രവും അമ്മ കുഞ്ഞിനെ ധരിപ്പിച്ചിരുന്നു. "ത്രേസ്യാ, എൻെറ മകൾ നല്ല ദൈവത്തിൻെറ പ്രിയപ്പെട്ട കുഞ്ഞായിരിക്കണം. ഈശോയെ നീ സ്നേഹിക്കണം. അവിടുന്നു നമ്മളെ പ്രതി സഹിച്ച പീഡകൾ ഓർമ്മിക്കണം," താണ്ട മകളെ മടി യിലിരുത്തി പറഞ്ഞു കൊടുത്ത വാക്കുകളാണിവ. പീഡാ നുഭവചരിത്രം കേൾക്കുമ്പോൾ ത്രേസ്യയുടെ ഹൃദയം തു ടിച്ചിരുന്നു; കണ്ണുകൾ നിറഞ്ഞിരുന്നു. കൂടുതൽ കേൾക്കാ നുള്ള ആഗ്രഹം അവളുടെ മുഖത്തു നിഴലിക്കുന്നത് അമ്മ യ്ക്കു കാണാമായിരുന്നു.

## പീഡാനുഭവഭക്തിയും പ്രായശ്ചിത്തങ്ങളും

അങ്ങനെ പീഡാനുഭവഭക്തി പിഞ്ചുപ്രായത്തിൽ ത്തന്നെ ത്രേസ്യയിൽ ബീജാവാപം ചെയ്തു. അഞ്ചുവയ സ്സാകുന്നതിനു മുമ്പു തന്നെ അവൾ പീഡാനുഭവ ധ്യാനം തുടങ്ങിയെന്നു പറയാം. ധ്യാനിക്കുവാൻ തുടങ്ങിയപ്പോൾ

ത്തന്നെ കത്താവിനോടുകൂടെ സഹിക്കാൻ അവറം ആഗ്ര ഹിച്ചു. അത്യന്തം വേദനാജനകമായ പ്രായശ്ചിത്തങ്ങറം ആരുമറിയാതെ സ്വമനസാ അവറം നിവ്വഹിച്ചിരുന്നു. തറയിൽ ചാരൽവിരിച്ചു തല കല്ലിൽതാങ്ങി പായവിരിക്കാതെയാണു് ത്രേസ്യാ കിടന്നുറങ്ങിയിരുന്നതു്; ഇതുപോരാഞ്ഞിട്ടോ എന്നുതോന്നുമാറു മുറംപ്പടപ്പിൽ അവറംകിടന്നുരുളും; മുറംവടികൊണ്ടടിക്കും; കത്താവു് കുരിശുവഹിച്ചു പോയതിന്റെ ഓമ്മയ്ക്കായി പുറത്തു് ഒരുകല്ലു കയററി കൈയ്യും കാലും കുത്തി അവറം നടക്കും. നാലഞ്ചുവയസ്സു പ്രായത്തിൽ സ്വമേധയാഇത്രയും പ്രായശ്ചിത്തംചെയ്തതു് അവിവേകമായിപ്പോയെന്നു നമ്മറം പറയും; എന്നാൽ ദിവ്യനിവേശനത്തിൻകീഴ് എന്താണു സംഭവിക്കാതിരിക്കുക? അനന്തരകാലങ്ങളിൽ പീഡാനുഭവഭക്തയായിത്തീരാനുള്ള ആ കുട്ടിയെ പീഡാനുഭവത്തിന്റെ മാഗ്ഗത്തിൽ നടക്കാൻ പരിശുദ്ധാത്മാവു സഹായിക്കുമല്ലോ. വി. പീററർ അൽകാന്ത്രയെ വെല്ലുന്ന ഈ പ്രായശ്ചിത്തപരിപാടി ഇന്നു പലരും വിശ്വസിച്ചില്ലെന്നുവരും. ഇതും ഇതിൽ വിവരിക്കാൻ പോകുന്ന പലതും പരിഹാസ്യമായി ലൗകായതികർ തള്ളിയേക്കും. എന്നാൽ ഈ സംഗതികറം ജ്ഞാനപിതാവിന്റെ നിദ്ദേശപ്രകാരം അനന്തരകാലങ്ങളിൽ ത്രേസ്യാ എഴുതിയ ബാല്യകാലകുറിപ്പിൽ നിന്നെടുത്തിട്ടുള്ളതാണു്. പുറത്തുകല്ലുകയററിവച്ചതു തെല്ലു് അവിവേകമായിട്ടോ എന്തോ, ഉണ്ണീശോ ആ കല്ലു മാററി തൽസ്ഥാനത്തിരുന്നുവെന്നു ത്രേസ്യാ സ്വന്തം കയ്യടയിൽ എഴുതി വച്ചിട്ടുണ്ടു്. കല്ലുരുണ്ടു താഴെ വീണപ്പോറം ഭക്തയായ ബാലികയുടെ മനസ്സിലുണ്ടായ ഒരു ഭാവനയായിരിക്കാം ഇതു്. എന്നാൽ എല്ലാത്തിലും ദൈവത്തിന്റെ

കരങ്ങൾ പ്രവർത്തിക്കുന്നതു കാണാൻ കഴിയുന്നതു് ആജീവിതത്തിന്റെ പരിശുദ്ധിക്കു തെളിവാണു്.

നാലഞ്ചു വയസ്സു പ്രായമുള്ളപ്പോൾത്തന്നെ ത്രേസ്യ വേദപാഠം പഠിക്കാൻ പള്ളിയിൽ പോയിരുന്നുവെന്നുമാത്രമല്ല പഠനത്തിൽ വളരെയേറെ ശ്രദ്ധപതിച്ചിരുന്നു സ്കൂളിൽ വച്ചു കൂട്ടുകാർ വല്ല ചീത്ത വാക്കും പറയുന്നതു കേട്ടാൽ ത്രേസ്യ തൽക്ഷണം സ്ഥലം വിട്ടിരുന്നു; അവർ തെററു ചെയ്യുന്നതുകണ്ടാൽ ത്രേസ്യായുടെ കണ്ണുകൾ നിറയുകയായി. നടപ്പിലും, ഉടുപ്പിലും അവൾ അങ്ങേയററം അടക്കം പാലിച്ചിരുന്നു. മോടിപിടിച്ച വസ്ത്രം വല്ലതും അമ്മ വാങ്ങിച്ചു കൊടുത്താൽ അതു ധരിക്കാതെ എളിയ വസ്ത്രം വാങ്ങി ധരിക്കുകയാണു് ചെയ്തിരുന്നതു്. കല്യാണാഘോഷങ്ങൾക്കും മററും കുഞ്ഞിനെ കൂട്ടിക്കൊണ്ടു പോകയാണെങ്കിൽ അവൾ അതിൽആഹ്ലാദം പ്രകടിപ്പിച്ചിരുന്നില്ലെന്നുമാത്രമല്ല നന്നേ ചെറുപ്പത്തിൽത്തന്നെ അവയിൽ നിന്നൊക്കെ ഒഴിഞ്ഞുമാറാൻ അവൾ യത്നിച്ചിരുന്നു.

കാതു തുളച്ചുവളർത്തുക കേരളീയരുടെ ഇടയിൽ സാധാരണമായിരുന്നല്ലോ. തദനുസാരം ത്രേസ്യയുടെ കാതു കുത്തിച്ചുവളർത്തിത്തുടങ്ങി. ആഭരണങ്ങൾ അണിയാതിരിക്കാനും കല്യാണം കഴിക്കാതിരിക്കാനും വേണ്ടി ആരും അറിയാതെ അവൾ കാതുപൊട്ടിച്ചു കളഞ്ഞു. രണ്ടു പ്രാവശ്യവുംകൂടെ കാതുകുത്തുന്നതിനു് അമ്മ പരിശ്രമിച്ചു; രണ്ടു പ്രാവശ്യവും കാതുവളൎന്നപ്പോൾ അവൾ അതു പൊട്ടിച്ചു കളഞ്ഞു. വിശേഷഭക്ഷണങ്ങൾ ത്രേസ്യാ ഉപേക്ഷിച്ചുകൊണ്ടിരുന്നു; പലപ്പോഴും കയ്പുചേർത്തു വിരസമാക്കിയാണു ഭക്ഷണം കഴിച്ചിരുന്നതു്.

### ഭക്താഭ്യാസങ്ങൾ

ചെറുപ്പംമുതൽക്കുതന്നെ ത്രേസ്യാ ദൈവമാതാവിനോടു പ്രത്യേക ഭക്തിപ്രദർശിപ്പിച്ചിരുന്നു. മൂന്നോ നാലോ വയസ്സുള്ളപ്പോൾ ത്രേസ്യാ കന്യകാംബികയെ അമ്മയായി തിരഞ്ഞെടുത്തു. പ്രാർത്ഥന അവളുടെ ഹൃദയത്തെ വശീകരിച്ചു. ജപമാല കൈയിൽ പിടിച്ചു കുടുംബാംഗങ്ങളോടു കൂടെ കൊന്ത ചൊല്ലാൻ അവൾ പരിശ്രമിച്ചിരുന്നു. എന്നാൽ അമ്പത്തിമൂന്നുമണിജപം ചൊല്ലാൻ അവൾക്ക് അറിഞ്ഞുകൂടായിരുന്നു. ഒരു ദിവസം കന്യകാമറിയം കാണപ്പെട്ടു ജപമാല ചൊല്ലാൻ അവളെ പഠിപ്പിച്ചുവെന്നാണ് അവൾ ജ്ഞാനപിതാവിന് എഴുതിക്കൊടുത്ത കുറിപ്പിൽ കാണുന്നത്.

എട്ടോ ഒമ്പതോ വയസ്സു പ്രായമായപ്പോൾ താൻ നിത്യകന്യകയായി ജീവിച്ചുകൊള്ളാമെന്ന് അവൾ കർത്താവിനോട് വാഗ്ദാനം ചെയ്തു. ഈശോയെ ജ്ഞാനമണവാളനായി അവൾ തിരഞ്ഞെടുത്തു; നിത്യവിരക്തിയിൽ ജീവിക്കാൻ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടുമിരുന്നു.

### വിദ്യാഭ്യാസം

ത്രേസ്യയുടെ വിദ്യാഭ്യാസം ഒരു കളരിയിലായിരുന്നു. അന്നു ഗ്രാമങ്ങളിൽ സ്കൂളുകൾ വിരളമായിരുന്നല്ലോ. സതീർത്ഥ്യരുടെ ഇടയിൽ ഒരു മാലാഖയായി അവൾ വിരാജിച്ചു. വിനോദപ്രിയരായ കുട്ടികൾക്ക് അവളുടെ കൂട്ടുകെട്ട് ഇഷ്ടപ്പെട്ടിരുന്നില്ല. അതിൽ അവൾക്ക് പരിഭവവുമില്ലായിരുന്നു. കളരിയിൽവച്ച് അവൾ എഴുതുവാനും വായിക്കുവാനും പഠിച്ചു; എന്നാൽ വ്യാകരണത്തോടുകൂടാതെ, പ്രായപൂർത്തിയായവർ എഴുതുന്നതുപോലെ വടിവോടെ എഴുതുവാൻ മരണംവരെ അവൾക്കു കഴിഞ്ഞിരുന്നില്ല.

അവളുടേതായ കൈയ്യെഴുത്തുരേഖകളിലെ ചതുരാക്ഷരങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. കളരിയിൽ പോകുമ്പോഴും അവൾ ഗൃഹജോലിയിൽ അമ്മയെ സഹായിച്ചുകൊണ്ടിരുന്നു. തന്നിമിത്തം പരിഷ്കാരികളായ കുട്ടികളുടെ മുമ്പിൽ അവൾ ഒരു പരിഹാസപാത്രമായിരുന്നു.

പഠനകാലത്തും ഏകാന്തതയെ അവൾ കൂടുതൽ സ്നേഹിച്ചു. കൂട്ടുകാർ കളിക്കാൻ വിളിക്കുമ്പോൾ അവൾ ഒഴിഞ്ഞു മാറുകയാണു ചെയ്തിരുന്നതു്. "ത്രേസ്യ, വാടീ നമുക്കു കളിക്കാം" , ഒരു കൂട്ടുകാരി നിർബ്ബന്ധപൂർവ്വം വിളിച്ചു. "എനിക്കു് അമ്മയെ സഹായിക്കേണ്ടതുണ്ടല്ലൊ" അവൾ പ്രതിവചിച്ചു. ഇതു കേട്ടു് അമ്മ പറഞ്ഞു: "ത്രേസ്യ, നിൻെറ കൂട്ടുകാർ നിന്നെ കളിക്കാൻ വിളിക്കുമ്പോൾ നിനക്കു സ്വല്പം കളിച്ചാലെന്താ? അതിനു നിനക്കെന്താ വിഷമം?" "അമ്മേ, നല്ല ദൈവം ദുഃഖിതനായിരിക്കുമ്പോൾ ഞാനെങ്ങനെ കളിക്കും, സന്തോഷിക്കും? എനിക്കു അവിടുത്തെ ആശ്വസിപ്പിക്കണം" "ഓ, കളിയും ചിരിയുമില്ലാത്ത ഒരു പുണ്യവതി!" കൂട്ടുകാർ പുച്ഛിച്ചു.

പരിശുദ്ധിയേയും സ്വഭാവവൈശിഷ്ട്യത്തേയും വിലമതിക്കാൻ കഴിയുന്നവർ ത്രേസ്യയുടെ ഉററമിത്രങ്ങളായിത്തീർന്നു. ഒരുമിച്ചു ജപമാല ചൊല്ലുന്നതിലും വിസീത്ത കഴിക്കുന്നതിലും അവർ ആഹ്ലാദം കണ്ടെത്തി. ത്രേസ്യയുടെ പ്രധാനകൂട്ടുകാർ കരുമാലിക്കൽ മറിയവും കൂനൻ കൊച്ചുമറിയവും കൂനൻ ത്രേസ്യയുമായിരുന്നു. ത്രേസ്യയുടെജീവിതത്തിലെ സുപ്രധാനഘട്ടങ്ങളിലെല്ലാം ഇവർ അവളുടെക്കൂടെ ഉണ്ടായിരുന്നു. മററുള്ളവരെല്ലാം ത്രേസ്യയെ പരിത്യജിച്ചപ്പോൾ ഇവരാണു് അവൾക്കു് താങ്ങും തണലുമായി നിലകൊണ്ടതു്.

## പ്രഥമദിവ്യകാരുണ്യസ്വീകരണം

അഞ്ചാറു വയസ്സുള്ളപ്പോഗം താൻ ആദ്യകമ്പസാരം കഴിച്ചുവെന്നു ത്രേസ്യാ തന്നെ പറയുന്നുണ്ടു്. പിന്നീടു് അവഗം കൂടെക്കൂടെ കമ്പസാരിച്ചിരുന്നു. അപ്പോഗഴെല്ലാം വി.കബ്ബാന സ്വീകരിക്കാൻ അവഗം അത്യധികം ആശിച്ചിരുന്നു; എന്നാൽ ഇന്നത്തെപ്പോലെ അന്നു കൊച്ചുകുട്ടികഗക്കു ദിവ്യകാരുണ്യസ്വീകരണം അനുവദിച്ചിരുന്നില്ല. അനുവാദമുണ്ടായിരുന്നെങ്കിൽ അനുദിനമെന്നല്ല അനുനിമിഷവും അവഗം തൻെറ ദിവ്യമണവാളനെ ഹൃദയത്തിൽ സ്വീകരിക്കുമായിരുന്നു. ഈ ഗ്രാമീണകന്യകയ്ക്കു് ഈശോയോടു് അത്രമാത്രം സ്നേഹമുണ്ടായിരുന്നു. എട്ടൊമ്പതു വയസ്സായപ്പോഗം കമ്പസാരക്കാരോടെല്ലാം വി. കബ്ബാന സ്വീകരിക്കാനുള്ള അനുമതി അവഗം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. "പ്രായമാകട്ടെ; തിടുക്കംവേണ്ട; നല്ലപോലെ ഒരുങ്ങൂ; വേദപാഠംപഠിക്കൂ;" എന്നൊക്കെആയിരുന്നു അവരുടെ മറുപടി. അപരർ ദിവ്യകാരുണ്യസ്വീകരണത്തിനു് അണയുമ്പോഗം ത്രേസ്യാ നിറഞ്ഞകണ്ണുകളോടുകൂടെ നോക്കി നില്ക്കും. "എൻെറ ഈശോ, എന്നു് എൻെറ പാവപ്പെട്ട ഹൃദയത്തിൽ അങ്ങു് എഴുന്നെള്ളിവരും? ഈശോ, വരിക", അവഗം അപേക്ഷിച്ചു. പ്രായത്തോടൊപ്പം ദിവ്യകാരുണ്യസ്വീകരണത്തിനുള്ള ആഗ്രഹവും അവളിൽ വളൎന്നു വന്നു. അമ്മയോടൊപ്പം അനുദിനം അവഗം ദിവ്യബലിയിൽ സംബന്ധിച്ചിരുന്നു. കൂടെക്കൂടെ കമ്പസാരിച്ചു് അവഗം ഹൃദയശുദ്ധി നേടുകയും ചെയ്തിരുന്നു. അങ്ങനെ അവഗം പത്താമത്തെ വയസ്സിലേക്കു പ്രവേശിച്ചു.

പുത്തഞ്ചിറ നിന്നു് അധികം അകലെയല്ല അമ്പഴക്കാട്ടു കൊവേന്താ. കൊവേന്തയിൽ ചെന്നാൽ പക്ഷേ ദിവ്യകാരുണ്യം സ്വീകരിക്കാമെന്നു കരുതി അവൾ ഒരു സുപ്രഭാതത്തിൽ അമ്മയോടുകൂടെ കൊവേന്തയിലേക്കു പുറപ്പെട്ടു. യാത്രാമധ്യേ അവളുടെ ഹൃദയം ഈശോയോടു കൂടെ ആയിരുന്നു. കൊവേന്തയിലെത്തിയ ഉടനെ തൻെറ ആഗ്രഹം അവൾ ഒരു വൈദികനെ അറിയിച്ചു അദ്ദേഹം ചോദിച്ചു "കുഞ്ഞേ നിനക്കുവയസ്സു് എത്രയായി? "പത്തു്" അവൾ പ്രതിവചിച്ചു. "പന്ത്രണ്ടാകട്ടെ" എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. "അച്ചാ," അവൾ കേണപേക്ഷിച്ചു. "ദയവുചെയ്തു് എനിക്കു് അനുവാദം തരണമേ". അച്ചൻ കുറെ ചോദ്യങ്ങളുംകൂടി ചോദിച്ചു് അവളുടെ തീക്ഷ്ണത മനസ്സിലാക്കിയശേഷം ദിവ്യകാരുണ്യസ്വീകരണത്തിനു് അനുവാദംകൊടുത്തു. ത്രേസ്യാ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ ദൈവത്തിനും അച്ചനും നന്ദി പറഞ്ഞു. ചിരപ്രതീക്ഷിതമായ ആ സൗഭാഗ്യം നിറവേറാൻ പോകയാണു്. ദൈവസ്നേഹത്താൽ ഉജ്ജ്വലമായ ഹൃദയത്തോടെ അഞ്ജലീഹസ്തയായി അവൾ ദിവ്യമേശയ്ക്കു് അണഞ്ഞു. ആ പ്രഥമദിവ്യകാരുണ്യസ്വീകരണം തികച്ചും അനാർഭാടകമായിരുന്നു. എന്നാൽ വാനാരൂപികൾ് അദൃശ്യമായി അകമ്പടി സേവിച്ചിരുന്നു. സ്നേഹനിർഭരയായ ത്രേസ്യായിൽ ഈശോ സംപ്രീതനായി. ത്രേസ്യാ പറയുന്നതു് ഈശോ തനിക്കു സുസ്മിതം പ്രത്യക്ഷപ്പെട്ടുവെന്നും ഗാഢമായി ആശ്ലേഷിച്ചുവെന്നുമാണു്. എന്തുകൊണ്ടുപാടില്ല! അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യത്തിൽ മറഞ്ഞിരിക്കുന്ന ഈശോയ്ക്കു സാദൃശ്യങ്ങൾ സ്വല്പനേരത്തേക്കു മാററി നിറുത്താൻ പാടില്ലേ?

ത്രേസ്യയുടെ സ്നേഹം അത്രമാനെയൊരാശ്വാസത്തിന് അർഹമല്ലേ? ത്രേസ്യാ ആനന്ദനിർവൃതിയിൽ ലയിച്ചു. സമയം കടന്നുപോയതു് അവൾ അറിഞ്ഞില്ല. ആജീവനാന്തം ദൈവത്തെ സ്നേഹിച്ചു കൊള്ളാമെന്നു് അവൾ വാഗ്ദാനം ചെയ്തു. സംതൃപ്തയും സന്തുഷ്ടയുമായ ത്രേസ്യാ സമർപ്പിതാത്മാവായി സ്വഗൃഹത്തിലേക്കു മടങ്ങി.

ത്രേസ്യയുടെ ജീവിതത്തിലെ ഒരു മഹാസുദിനമായിരുന്നു അതു്. കൂടെക്കൂടെ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു് അവൾ ആഗ്രഹിച്ചു; എന്നാൽ ആദ്യമാസത്തിൽ രണ്ടും പിന്നീടു് ആഴ്ചയിൽ രണ്ടോ മൂന്നോ പ്രാവശ്യവും മാത്രമേ ദിവ്യനാഥനെ സ്വീകരിക്കുന്നതിനു് അവൾക്കനുമതി ലഭിച്ചുള്ളു. ദിവ്യകാരുണ്യസ്വീകരണത്തിനുള്ള അവളുടെ ഒരുക്കവും കൃതജ്ഞതാപ്രകാശനവും ആധുനിക കേരളീയയുവതികൾക്കു് ഉത്തമമാതൃകയാണു്. ദിവ്യസ്നേഹസുന്ദരമായ മുഖം സക്രാരിയിലേക്കു തിരിച്ചും കൈകൂപ്പിയും അവൾ നില്ക്കുന്നതുകണ്ടാൽ ആരാണു സ്നേഹോജ്ജ്വലിതയാകാതിരിക്കുക? ദിവ്യകാരുണ്യസ്വീകരണം നിഷേധിക്കപ്പെട്ടിരുന്ന ദിവസങ്ങളിൽ അരൂപിക്കടുത്ത ദിവ്യകാരുണ്യസ്വീകരണംവഴി അവൾ ദിവ്യനാഥനെ സ്വഹൃദയത്തിൽ സൽകരിച്ചുകൊണ്ടിരുന്നു.

ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം ദൈവത്തെ സ്നേഹിക്കാനും മറ്റുള്ളവരെ സ്നേഹിപ്പെടുത്താനുമുള്ള അവളുടെ ആഗ്രഹം മേൽക്കുമേൽ വർദ്ധിച്ചുകൊണ്ടേയിരുന്നു. ആത്മാക്കളുടെ രക്ഷക്കായി പരിശ്രമിക്കാൻ അവളുടെ ഹൃദയം വെമ്പൽകൊണ്ടു. പ്രാർത്ഥനയും പ്രായശ്ചിത്തവും വർദ്ധിപ്പിച്ചു. അന്നത്തെ അവളുടെ ജീവിതത്തെപ്പററി ജ്ഞാനപിതാവിന്റെ ആജ്ഞാപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതു് ഇപ്രകാ

മാണ്." ഞാൻ അർദ്ധരാത്രി സമയത്ത് ഒരു മുഴുവൻ കൊന്ത ജപിച്ചിരുന്നു. കൂടാതെ പരിശുദ്ധയമ്മയുടെ വ്യാകുലതകളെപ്പററി ധ്യാനിച്ചു കൊണ്ടു് ഏതാനും പ്രാവശ്യം ചമ്മട്ടിയടിക്കയും ചെയ്തിരുന്നു. നമ്മുടെ കർത്താവിൻെറ പീഡാനുഭവത്തെപ്പററി ഒരു മണിക്കൂർ സമയം കൈവിരിച്ചു ധ്യാനിക്കുകയും പതിവായിരുന്നു. കേവലം പത്തോ പതിനൊന്നോ വയസ്സു പ്രായമുള്ള അബലയായ ഒരു ബാലികയാണു് ഈദൃശമായ തപശ്ചര്യ അനുഷ്ഠിച്ചിരുന്നതു്. അത്ഭുതപ്പെടേണ്ടാ. തിരിഞ്ഞെടുക്കപ്പെട്ട ആത്മാക്കളിൽ ഇത്തരം പ്രായശ്ചിത്തം അസാധാരണമൊന്നുമല്ല ക്രൂശിതനല്ലേ ത്രേസ്യയുടെ മണവാളൻ?

ഈ പ്രായശ്ചിത്തങ്ങൾ ത്രേസ്യയുടെആരോഗ്യത്തെ ബാധിച്ചു. മകളുടെ ദയനീയാവസ്ഥ കണ്ടു ദുഃഖാർത്തയായ അമ്മ അവളോടു കാരണമാരാഞ്ഞു. സ്വപുത്രിയുടെ നടപടികളെ സൂക്ഷ്മമായി വീക്ഷിച്ചിരുന്ന അമ്മ മകളുടെ ഉപവാസം നിരോധിച്ചു. മകൾ വേണ്ടപോലെ ഉറങ്ങുന്നില്ലെന്നു മനസ്സിലാക്കിക്കൊണ്ടു് അമ്മ പറഞ്ഞു;"ത്രേസ്യാ നീ രാത്രി ഉറങ്ങുന്നില്ലല്ലേ? ഞാൻ അതു കണ്ടുപിടിച്ചു കഴിഞ്ഞു. മേലിൽ നീ എൻെറ അടുക്കൽത്തന്നെ കിടക്കണം".

"എൻെറ അമ്മേ", ത്രേസ്യാ പ്രതിവചിച്ചു:

"എന്നോടു് അക്കാര്യം പറയരുതേ അമ്മയുടെ അടുക്കൽ കിടക്കേണ്ട പ്രായം കഴിഞ്ഞല്ലോ"

"മോളേ, നിൻെറ അമ്മയല്ലേ ഞാൻ? എന്നോടു നീ ഇങ്ങനെ പറയുന്നതെന്തേ? എനിക്കു നിന്നെ എൻെറ അടുക്കൽ കിടത്താൻ ഒരാഗ്രഹം"

"അതു വേണ്ടമ്മേ. എന്നെ അതിനു നിർബ്ബന്ധിക്കരുതേ"

"എന്താണു മോളേ, കാരണം? എന്റെ അടുക്കൽ കിടന്നാലെന്താ?"

"എന്റെ കമ്പനിക്കാരൻ അതുമടക്കിയിരിക്കയാണു്"

"എങ്കിൽ വേണ്ടാ. നീ രാത്രി ഉറങ്ങണം.

"അമ്മ എന്നോടു് ഉറങ്ങാൻ പറയുന്നു. നമ്മുടെ കർത്താവിനു് ഉറങ്ങാൻ സാധിച്ചിരുന്നോ?"

"എന്റെ മോളേ, നിന്നെ ആരാണു് ഇതൊക്കെ പഠിപ്പിച്ചതു? ഇനി എനിക്കൊന്നും പറയാനില്ല"

ത്രേസ്യാ തന്റെ ജീവിതത്തിൽ വ്യതിയാനം ഒന്നും വരുത്തിയില്ല. അവളുടെ ആരോഗ്യം ക്ഷയിച്ചുകൊണ്ടേയിരുന്നു. മകളുടെ അനാരോഗ്യം അമ്മയെ അത്യധികം വേദനിപ്പിച്ചു. അവർ ഒരു വൈദ്യനെ വരുത്തി മകളെ പരിശോധിപ്പിച്ചു. ചികിത്സ തുടങ്ങിയതോടെ കുട്ടിയുടെ ആരോഗ്യം ഒന്നുകൂടെ മോശമായി. ഔഷധങ്ങൾ മാറിമാറി പ്രയോഗിച്ചു. ബാലികയുടെ സ്ഥിതി തെല്ലും മെച്ചപ്പെട്ടില്ല ആകലചിത്തയായ അമ്മയോടു ത്രേസ്യാ പറഞ്ഞു: "എന്റെ അമ്മേ, നല്ലദൈവം തന്റെ കൊച്ചുമക്കൾക്കു നല്കിയിരിക്കുന്ന ആരോഗ്യംകൊണ്ടു് അമ്മ തൃപ്തിപ്പെടണം അതിനു വിരോധം കാണിച്ചതല്ലേ ഈ വിഷമസ്ഥിതിക്കു കാരണം? ഇനി എന്റെ അമ്മ എന്നെപ്പറ്റിയുള്ള ഉൽക്കണ്ഠ വെടിഞ്ഞു് ദൈവത്തിൽ ശരണം വയ്ക്കണം. അപ്പോൾ ഞാൻ സുഖം പ്രാപിക്കും." അമ്മ സങ്കടത്തോടെ പറഞ്ഞു: "എനിക്കു നിന്നെപ്പോലെ ധൈര്യം തോന്നുന്നില്ല. മകളേ, നീ ഇങ്ങനെ ക്ഷീണിച്ചുകൊണ്ടിരുന്നാൽ!"

**ക്ഷമാശീലം**

നാളുകൾ ഇങ്ങനെ കടന്നുപോയി. ത്രേസ്യാ തൻെറ വേദന അപരരിൽ നിന്നു് മറച്ചുവച്ചുകൊണ്ടിരുന്നു. എല്ലാക്കാര്യങ്ങളിലും അമ്മയെ സഹായിക്കാനും സംതൃപ്തിപ്പെടുത്താനും അവൾ കിണഞ്ഞുപരിശ്രമിച്ചു. ബാലികാപ്രായത്തിൽത്തന്നെ ത്രേസ്യാ ക്ഷമയുടെ ദർപ്പണമായിരുന്നു. ഒരുദാഹരണം കേട്ടുകൊള്ളുക: ഒരിക്കൽ ത്രേസ്യയുടെ കയ്യിൽ ഒരുപരുവുണ്ടായി കൈ അനക്കുവാൻ നിവൃത്തിയില്ലാതെ അവളൊരിടത്തു് ഇരിക്കുമ്പോൾ ചങ്ങാതിമാരൊടൊത്തു കളിച്ചുകൊണ്ടിരുന്ന സ്വസഹോദരൻെറ കരങ്ങളിൽനിന്നു് ഒരു കല്ലു് അവളുടെ കൈയിൽ വന്നുവീണു. വേദനയുടെ ആധിക്യത്താൽ അവൾ മോഹാലസ്യപ്പെട്ടു. പിതാവു് ഈ വിവരം കേട്ടപ്പോൾ മകനെ ശിക്ഷിക്കുവാൻ ഭാവിച്ചു. "അരുതു് അപ്പാ," ത്രേസ്യ പറഞ്ഞു: "അപ്പൻ ആങ്ങളയെ തല്ലിയാൽ എൻെറ വേദന കുറയുമോ? ആങ്ങളയോടു ക്ഷമിക്കു," മകളുടെ ക്ഷമാശീലം അപ്പനെ അത്ഭുതപാരതന്ത്ര്യനാക്കി.

**പ്രേഷിതവൃത്തി**

കഴുമരത്തിൽ ജീവിതം അവസാനിപ്പിച്ച ഭയങ്കരകൊലപാതകി ഹ്രൻസീനിയുടെ മാനസാന്തരത്തിനു വേണ്ടി കൊച്ചുത്രേസ്യാപുണ്യവതി പ്രാർത്ഥിച്ചപ്പോൾ അവൾക്കു 14 വയസ്സേ ഉണ്ടായിരുന്നുള്ളു. അതേ പ്രേഷിതചൈതന്യം അവളുടെ നാമധാരിയായ നമ്മുടെ കഥാനായികയും പ്രദർശിപ്പിച്ചുതുടങ്ങി. വിനോദപ്രിയരായ തൻെറ സഖിമാരെ ഈശോയിലേക്കു കൂടുതൽ അടുപ്പിക്കാൻ സംഭാഷണ

ങ്ങൾക്കിടയിൽ ദൈവികചിന്തകൾ ചേരുംപടി ചേർത്തു കൊണ്ടിരുന്നു. ഈ സംഭാഷണങ്ങൾ ചിലർക്കു അരോചകമായിത്തോന്നിയിരുന്നെങ്കിലും ചിലർ അവളോടൊത്തു പൂക്കൾ ശേഖരിക്കുകയും അൾത്താരകൾ അലങ്കരിക്കുകയും ചെയ്തിരുന്നു. കുണ്ടും കുഴിയും കല്ലും മുള്ളും കടന്നുപോകുമ്പോൾ ത്രേസ്യയുടെ സംഭാഷണവിഷയം ഗെത്ത്സെമിനും ഗാഗുൽത്തായും മററുമായിരിക്കും. വ്യാകുലമാതാവിൻെറ നാമം അവളുടെ നാവിൽനിന്നു് അധികം വിട്ടുമാറിയിരുന്നില്ല.

ലിസ്യൂവിലെ ത്രേസ്യയെപ്പോലെ ഈ ബാലികയ്ക്കും പുഷ്പങ്ങൾ ഇഷ്ടമായിരുന്നു. അവ ദൈവത്തിൻെറ സ്തുതി പാടുന്നതായി അവൾക്കു തോന്നി. വയലുകളിലും പറമ്പുകളിലും നിന്നും അറുത്തെടുക്കുന്ന പുഷ്പങ്ങൾ ദൈവാലയത്തിൽ ബലിപീഠത്തിൽ ചാർത്തുന്നതു് അവൾക്കു പ്രിയകരമായിരുന്നു. വിളംബംവിനാ കമ്പസാരക്കാരൻെറ നിർദ്ദേശമനുസരിച്ചു ദൈവാലയം വൃത്തിയാക്കുക, അൾത്താരകൾ അലങ്കരിക്കുക മുതലായ പല കാര്യങ്ങൾ അവൾ ഏറെറടുത്തു. പെൺകുട്ടികളുടെ ഈ പ്രവർത്തനങ്ങൾ ചിലരുടെ വിമർശനത്തിനു പാത്രീഭൂതമായിരുന്നെങ്കിലും അവൾ അവയൊന്നും വകവച്ചില്ല. ഈ സന്ദർഭങ്ങൾ തൻെറ മിത്രങ്ങളോടു് ഈശോയുടെ കഷ്ടാനുഭവത്തെപ്പററി സംസാരിക്കാനും അങ്ങനെ അവരെ പുണ്യത്തിലേക്കു് ആനയിക്കാനും അവൾക്കു് അവസരം നല്കി.

പരസ്നേഹപ്രവൃത്തികൾ നിർവ്വഹിക്കുന്നതിലും അവൾ അതീവജാഗരൂകയായിരുന്നു. അനന്തരകാലങ്ങളിൽ രോഗീശുശ്രൂഷ സ്വയം ഏറെറടുത്തു നാട്ടുകാരെ സഹാ

യിക്കുന്നതിൽ അവൾ കൈവരിച്ച വിജയം പെരുപ്പകാലത്തെ ഈ പരസ്നേഹവാസനയാണ്. ബാലികാസഹജമായ വാശിയും അലസതയും ജയിക്കാൻ അവളെ സഹായിച്ചതു പീഡാനുഭവസ്മരണയാണ്.

പീഡാനുഭവധ്യാനവും തദനുയോജ്യമായ പ്രായശ്ചിത്തങ്ങളും പരസ്നേഹപ്രവൃത്തികളുമായിരുന്ന ത്രേസ്യയുടെ ബാല്യമാകുന്ന ആരാമത്തിലെ സുന്ദരസുരഭിലകുസുമങ്ങൾ.

## അമ്മയുടെ മരണം (1892 മാർച്ച 2-ാംനു-)

ത്രേസ്യാ യഥേഷ്ടം തിരഞ്ഞെടുത്തിരുന്ന പ്രായശ്ചിത്തങ്ങൾ മാത്രമല്ലായിരുന്നു അവളുടെ സഹനങ്ങൾ. സഹോദരൻ പൊറിഞ്ചുവിൻെറയും സഹോദരി മറിയത്തിൻെറയും വിവാഹങ്ങൾക്കുശേഷം തലപൊക്കിവന്നിരുന്ന കുടുംബകലഹങ്ങൾ സ്നേഹപ്രകൃതിയായ ത്രേസ്യയെ വേദനിപ്പിച്ചു. ആയിടയ്ക്കു ത്രേസ്യയുടെ അമ്മയ്ക്കു് അസുഖവും ആരംഭിച്ചു. അതീവശ്രദ്ധയോടെ അഹോരാത്രം അവൾ അമ്മയെ ശുശ്രൂഷിയ്ക്കുകയും അമ്മയുടെ സുഖപ്രാപ്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തുവെങ്കിലും രോഗം മൂർച്ഛിച്ചുകൊണ്ടേയിരുന്നു. വികാരിയച്ചൻ വന്നു് അന്ത്യകൂദാശകൾ നല്കുന്നതു് നിറഞ്ഞ കണ്ണുകളോടെയാണു് അവൾ ദർശിച്ചതു്. ആ പ്രിയമാതാവു മകളെ നോക്കിത്തെരഞ്ഞി; "എൻെറ ദൈവമേ, എൻെറ കുഞ്ഞുങ്ങളെ അങ്ങയെ ഞാൻ ഏല്പിക്കുന്നു. പരിശുദ്ധയമ്മേ, അവരെ നീ കാത്തുകൊള്ളണമേ." ആ കണ്ണുകൾ അടഞ്ഞു; ആ അധരങ്ങൾ പിന്നീടു ചലിച്ചില്ല. നിഷ്കളങ്കമായ ആ ആ

ത്മാവു ലോകത്തോടു യാത്രയും പറഞ്ഞു. ത്രേസ്യാ പൊട്ടിക്കരഞ്ഞു. സ്വമാതാവിൻെറ മൃതശരീരത്തെ അവൾ വീണ്ടുംവീണ്ടും നോക്കി.

അന്നത്രേസ്യയ്ക്കു പന്ത്രണ്ടുവയസ്സും ഇളയകുട്ടി ഇട്ട്യാനത്തിനു രണ്ടുവയസ്സും മാത്രമേ ഉണ്ടായിരുന്നുള്ളു. മാതൃവിരഹിനിയായ കുഞ്ഞന്നജത്തിയെ മാറോടണച്ചുത്രേസ്യാ വിമ്മിക്കരഞ്ഞു. മൃതശരീരം ദൈവാലയത്തിലേക്കു ആനയിക്കുന്നതിനുമുമ്പു അമ്മയെ കുന്നുകൂടെ ചുംബിച്ചു അമ്മയോടു യാത്ര പറഞ്ഞു. കണ്ണുനീർ കുറേനേരം ധാരധാരയായി ഒഴുകി. അമ്മയില്ലാത്ത ഭവനം അവൾക്കു ശൂന്യമായി തോന്നി. വി. കൊച്ചുത്രേസ്യയെപ്പോലെ അവളും ദൈവ മാതൃസ്വരൂപത്തിൻെറ മുമ്പാകെ മുട്ടുകുത്തി അപേക്ഷിച്ചു; "പരിശുദ്ധയമ്മേ, അങ്ങു എനിക്കു അമ്മയായിരിക്കണമേ. ഞാൻ അങ്ങയുടെ മകളെപ്പോലെ വ്യാപരിച്ചുകൊള്ളാം" അനന്തരജീവിതം ഈ വാക്കുകളെ സാൎത്ഥകമാക്കി.

# ദൈവവിളിയുടെ പ്രഥമഘട്ടം

അമ്മയുടെ വിരഹം ത്രേസ്യയുടെ ഹൃദയത്തെ അത്യധികം വേദനിപ്പിച്ചു. കുടുംബാന്തരീക്ഷം അത്രസമാധാനപരമായിരുന്നില്ല. മൂന്നു വസന്തങ്ങൾ കടന്നുപോയി. നാട്ടുമാവുമൂന്നുപ്രാവശ്യം പൂത്തു. പക്ഷികൾ കളകളംപാടി എങ്കിലും ത്രേസ്യയുടെ ജീവിതം പ്രഫുല്ലമായില്ല. അമ്മയില്ലാത്ത കുഞ്ഞിനെനോക്കി ത്രേസ്യ പലപ്പോഴും കരഞ്ഞിരുന്നു. ഏകാന്തതയെ അവൾ അതിരററു സ്നേഹിച്ചു. ദിവ്യമണവാളൻെറ മധുരമായ ആശ്ലേഷത്തിൽ, ദൈവൈക്യത്തിൽ അമരുന്ന നിമിഷത്തെ അവൾ കാത്തിരുന്നു. ലോകാർഭാടങ്ങളിൽനിന്നു് മുക്തിനേടുന്നതിനു വനാന്തരങ്ങളിലേക്കു താമസം മാററിയെങ്കിലോ എന്നു് അവൾ ചിന്തിച്ചു. വീട്ടിലെ കലുഷമായ അന്തരീക്ഷം വാനപ്രസ്ഥത്തോടുള്ള താൽപര്യം വർദ്ധിപ്പിച്ചോ എന്നു് ഇപ്പോൾ പറയുക ദുർഘടമാണു്. കുരിശുകൾ മനുഷ്യനെ പുണ്യത്തിലേക്കു് എത്ര മധുരമായി ആനയിക്കുന്നുവെന്നു കണ്ടാലും! കാട്ടിലെ കടുവയെയോ വാനത്തെ മഴയെയോ ലൗകായതികരിൽ നിന്നുണ്ടാകാവുന്ന ശല്യത്തെയോ അവൾ ചിന്തിച്ചതേയില്ല. ഏകാന്തത്തിൽ ദിവ്യമണവാളനെ സ്നേഹിക്കുക മാത്രമാണു് അവളുടെ ചിന്ത; വിപത്തുകൾ അവൾ ദർശിക്കുന്നില്ല, കൂട്ടാക്കുന്നുമില്ല.

തൻെറ നാമകാരിണിയായ ആവിലായിലെ വി. ത്രേസ്യാ രക്തസാക്ഷിമകുടം ചൂടാൻ വെമ്പൽപൂണ്ടു് ആഫ്രിക്കയിലേക്കു പുറപ്പെട്ടകാര്യം അനുസ്മരിച്ചു. സ്വഭവനത്തിലെ ജീവിതം ദൈവസ്നേഹോജ്ജ്വലിതയായ ത്രേ

സ്യയുടെ ആത്മാവിന്ന് അത്ര അനുയോജ്യമായി തോന്നിയില്ല. വനാന്തരങ്ങളിൽ പോയി സന്യസിക്കുവാൻ അവരം ഇച്ഛിച്ചു.

ഒരു ദിവസം കൂട്ടുകാരികളോട്ട് ഇതിനെപ്പററി ആലോചന നടത്തി. വിവരം എങ്ങനേയോ ത്രേസ്യയുടെ സഹോദരി അറിഞ്ഞു. അവരം അക്കാര്യം പൊറുഞ്ചുവിനേയും ഭാര്യയേയും അറിയിച്ചു. അവർ അവളെ അങ്ങേയററം ശകാരിക്കുകയും മേലിൽ അതിനെപ്പററി ചിന്തിക്കപോലും ചെയ്യരുതെന്നു താക്കീതു നല്കുകയും ചെയ്തു. എങ്കിലും അവരം ഏകാന്തജീവിതത്തെത്തന്നെ ധ്യാനേഷിച്ചുകൊണ്ടിരുന്നു. കന്യകാലയത്തിൽ ചേരാൻ പണമില്ലാത്തതിനാൽ കുശിനിവേലയ്ക്കു തന്നെ നിയോഗിക്കാൻ ആവശ്യപ്പെട്ട് ഒരു മഠാധിപയെ അവരം സമീപിച്ചു. വീടും തറവഴിയും മനസ്സിലാക്കിയ ശേഷം അവർ അനുവാദം നിഷേധിച്ചു. അവരം തൃശ്ശൂരു വികാരി അപ്പസ്തോലിക്കാ തിരുമേനിയെ വിവരം ധരിപ്പിച്ചു. തുച്ഛമായ ഒരു സംഖ്യ (150 രൂപാ) പത്രമേനിയായികൊടുത്താൽ മഠത്തിൽ ചേർക്കാമെന്നു തിരുമേനി പറഞ്ഞു. അനല്പമായ സന്തോഷത്തോടെ കാലടിക്കു സമീപമുള്ള തുറവൂർ മംഗലിമാരെ സമീപിച്ചു. അതായിരുന്നു ത്രേസ്യയുടെ അമ്മവീട്ട്. ത്രേസ്യയുടെ അഭിപ്രായം അവക്കു സ്വീകാര്യമായിത്തോന്നിയില്ല; പകരം ഒരു സ്ഥലം അവരംക്കു നല്കാമെന്നും സർവ്വ ആവശ്യങ്ങളും തങ്ങരം നടത്തിക്കൊള്ളാമെന്നും അവർ പറഞ്ഞു. അതിനു വഴങ്ങാതെ അവരം സ്വഭവനത്തിലേക്കു മടങ്ങി.

### വനവാസം തേടുന്നു

ത്രേസ്യയുടെ ചിന്ത വീണ്ടും വനാന്തരങ്ങളിലേക്കു തിരിഞ്ഞു. വനവാസികളുടെ ഭക്ഷണം പച്ചിലയും കായ്കനികളുമാണെന്നു് ഗ്രഹിച്ചിരുന്ന ത്രേസ്യാ ഭക്ഷണംത

ൻെറ പരിപാടിക്ക പ്രതിബന്ധമാകുമോ എന്നു പരിശോധിക്കാൻ വേണ്ടി മൂന്നു ദിവസം പച്ചിലകൾ തിന്നു ജീവിച്ചു. അതു സാദ്ധ്യമാണെന്നു് അവൾക്കു തോന്നി, തന്നിമിത്തം ഒരു അദ്ധരാത്രി സ്വഗൃഹം വിടാൻ അവൾ നിശ്ചയിച്ചു.

നിശ്ചിതദിവസം പാതിരാത്രിയാകാൻ അവൾ കാത്തിരുന്നു. സവ്വത്ര നിശ്ശബ്ദത. ഇടയ്ക്കു വാവാട വന്നു നാട്ടുമാവിൽ അലയ്ക്കുന്ന സ്വരം കേൾക്കാം. ഏതാണ്ടു അദ്ധരാത്രിയായപ്പോൾ ത്രേസ്യാ എഴുന്നേല്ക്കാൻ ഭാവിച്ചു "കഷ്ടം ! ഒന്നു് അനങ്ങാൻ പോലും കഴിയുന്നില്ലല്ലൊ!" അവൾ സ്വയം പറഞ്ഞു. അനുതാപപൂവ്വം സ്വശയ്യയിൽ നിന്നു് അവൾ പ്രാത്ഥിച്ചു: "കാരുണ്യവാനായ ദൈവമെ, അങ്ങേക്കു് ഇതു ഹിതകരമല്ലെങ്കിൽ ഇപ്പോൾ ത്തന്നെ എൻെറ പദ്ധതി ഞാൻ ഉപേക്ഷിച്ചു കൊള്ളാം എന്നോടു ക്ഷമിക്കണമെ." ഉടനടി അവൾക്കു് എഴുന്നേല്ക്കാനുള്ള ശക്തി കൈവന്നു. അവൾ സാധാരണ സ്ഥിതിയിലായി. അക്കാര്യത്തെപ്പററി പിന്നീടു ചിന്തിച്ചതേയില്ല. ഈശ്വരഹിതം ഓരോരുത്തർക്കു് ഓരോ വിധമാണല്ലോ വെളിപ്പെടുത്തിക്കൊടുക്കുന്നതു്. വി. സ്റ്റനിസ്ലാസുകോസ്കായുടെ അമ്മ ശിശുവിനെ ഗർഭം ധരിച്ചിരിക്കയിൽ ഉദരത്തിൽ ഈശോയുടെ നാമം പ്രത്യക്ഷപ്പെട്ടതിനെ അടിസ്ഥാനപ്പെടുത്തി ശിശു ഈശോയുടെ നാമത്തിൽ സ്ഥാപിതമായ ഒരു സന്യാസസഭയിൽ ചേരുവാൻ ദൈവം തിരുമനസ്സായിരിക്കുന്നുവെന്നു നിഗമനമുണ്ടായില്ലേ? ദൈവത്തെ സ്നേഹിക്കുന്നവരെ അവിടുന്നു് എങ്ങനെ ലക്ഷ്യത്തിലേക്കു് ആനയിക്കുന്നുവെന്നു കാണുക. ത്രേസ്യാ അന്നു രാത്രി വനാന്തരത്തിൽ പോയിരുന്നെ

ങ്കിൽ എത്ര നാഠം ജീവിച്ചിരിക്കുമായിരുന്നു! കേരളം ഈ ജിപ്റ്റോ ഹിമാലയപ്രാന്തമൊ അല്ലല്ലോ.

അവളുടെ അടുത്തശ്രമം ഭിക്ഷാടനം നടത്തിയെങ്കിലും കുറേപണം സമ്പാദിച്ച് ഒരാശ്രമത്തിൽ ചേരുകയായിരുന്നു. കുമ്പസാരക്കാരനോട്ട് അനുമതിചോദിച്ചപ്പോഠം അദ്ദേഹം അതു നിഷേധിക്കുകയാണു ചെയ്തതു്. സ്വഗൃഹത്തിൽ തമസിക്കുകയാണു് ഈശ്വരഹിതമെന്നും അവിടെ തൻെറ നിർദ്ദേശമനുസരിച്ചു ജീവിച്ചാൽ മതിയാകുമെന്നും അദ്ദേഹം പറഞ്ഞു.

## അജ്ഞാതജീവിതം

1892 മുതൽ 1902 വരെയുള്ള ഒരു ദശാബ്ദത്തേ അവളുടെജിവിതത്തെപ്പററി യാതൊന്നും രേഖപ്പെടുത്തിക്കാണുന്നില്ല. അസാധാരണമായ യാതൊന്നും അവളിൽ പ്രത്യക്ഷപ്പെട്ടില്ല. വളരെ ഒതുങ്ങിയ ഒരു ജീവിതമാണു് അക്കാലത്തു് അവഠം നയിച്ചിരുന്നതു്. സ്വസഹോദരന്മാരെ ശുശ്രൂഷിച്ചും ഗൃഹകാര്യങ്ങഠം നിർവ്വഹിച്ചും പ്രാൎത്ഥനയിലും ഉപവിപ്രവൃത്തികളിലും മുഴുകിയും അവഠം കഴിഞ്ഞുകൂടി. അന്യരെ സഹായിക്കുന്നതിനുവേണ്ടി ധർമ്മം യാചിക്കാനും അവഠം ലജ്ജിച്ചില്ല. കൂട്ടുകാരികളോടുകൂടെ വി. കുമ്പ്വാന സന്ദർശിക്കാനും ആരാധിക്കാനും അവഠം അത്യുത്സാഹം പ്രദർശിപ്പിച്ചിരുന്നു.

ത്രേസ്യയുടെ ആദ്ധ്യാത്മികജീവിതം സാധാരണക്കാരുടേതുപോലെയായിരുന്നില്ല പല അസാധാരണാനുഭവങ്ങളും അവഠംക്കുണ്ടായിക്കൊണ്ടിരുന്നു. ഇവയുടെ ശരിയായ സ്വഭാവം ഗ്രഹിക്കാൻ അവഠംക്കു കഴിഞ്ഞിരുന്നില്ല. തന്നിമിത്തം വിവേകമതിയായ ഒരു ജ്ഞാനപിതാവിനെ തനിക്കു് നല്കണമേയെന്നു് അവഠം പ്രാർത്ഥിച്ചു. അചിരേണ അവഠംക്കു് ഒരാളെ ലഭിച്ചു.

**ഫാദർ ജോസഫ് വിതയത്തിൽ.**

ത്രേസ്യയുടെ ജീവിതകഥയിലെ അതിപ്രധാനനായ നടനാണ് ഫാദർ ജോസഫ് വിതയത്തിൽ. 1902 ൽ പുത്തൻചിറ ഇടവക പൊതുധ്യാനത്തിൽ വച്ചാണു ത്രേസ്യാ അദ്ദേഹത്തെ പരിചയപ്പെട്ടതു്. അന്നു് അദ്ദേഹം മാള വികാരിയായിരുന്നു. ധ്യാനകുമ്പസാരക്കാരനായിട്ടാണു് അന്നു് അദ്ദേഹം പുത്തഞ്ചിറയിലെത്തിയതു് ഒരാന്തരികമായ പ്രചോദനത്താലോ എന്തോ ത്രേസ്യാ അന്നു ഫാദർ വിതയത്തിലിനോടു കുമ്പസാരിക്കുകയും അദ്ദേഹത്തെ ജ്ഞാനപിതാവായി തിരിഞ്ഞെടുക്കുകയും ചെയ്തു.

ആത്മാവിലെ നിഗൂഢ പ്രവൃത്തനങ്ങളെ യഥാവിധി ഗ്രഹിക്കാൻ സമർത്ഥരും നിരീക്ഷണചതുരനുമായ ഫാദർ യൗസേപ്പ് ത്രേസ്യയുടെ ആത്മസ്ഥിതി ശരിയായി മനസ്സിലാക്കി. സ്നേഹസ്വരൂപനായ സർവ്വേശ്വരൻ ആ ഗ്രാമീണ കന്യകയിൽ ചൊരിഞ്ഞിരിക്കുന്ന വിശേഷവരപ്രസാദങ്ങൾ അദ്ദേഹം കണ്ടു. അക്കൊല്ലംതന്നെ, കൃത്യമായി പറയുന്നപക്ഷം, 1902 ഏപ്രിൽ 20-ാംനു-, അദ്ദേഹം പുത്തഞ്ചിറ വികാരിയായി നിയമിതനായി. ഈ നിയമനം ദൈവപരിപാലനാവൈഭവമല്ലെന്നു് ഈ ചരിത്രം വായിക്കുന്ന ഒരുത്തനും പറയുകയില്ല.

ചരിത്രപ്രധാനമായ പുത്തഞ്ചിറപള്ളി അന്നു വളരെ ചെറുതായിരുന്നു. അതു പൊളിച്ചു വലുതാക്കി സുന്ദരമായി പണിതീർത്തതു ഫാദർ വിതയത്തിലാണു്. ത്രേസ്യയുടെ വീട്ടിൽ നിന്നു് അഞ്ചു മിനിട്ടു നടന്നാൽ മതി ഇടവകപ്പള്ളിയിലെത്താൻ. പൈശാചിക പരീക്ഷണങ്ങൾക്കു വിധേയയായിരുന്ന ത്രേസ്യയ്ക്കു് ഉത്തമനായ ഒരു ജ്ഞാനപിതാവു് ആവശ്യമായിരുന്നു. പൊതുധ്യാനത്തിൽ തന്നെ ഫാദർ വിതയത്തിലിനെ ജ്ഞാനപിതാവായി തി



ബ. വിതയത്തിൽ യൗസേപ്പ് അച്ചൻ.

രിഞ്ഞെട്ടത്തിരുന്നതുകൊണ്ടു പുതിയ വികാരിയുടെ ആഗമനം കാവൽമാലാഖായുടെ ആഗമനം പോലെയായല്ലോ.

ഫാദർ വിതയത്തിൽ പുത്തമ്പള്ളി ഇടവക വിതയത്തിൽ യോഹന്നാൻ അവർകളുടെ മകനായി 1865 ജൂലായി 23 ാംനു- ജനിച്ചു. 15_ാമത്തേ വയസ്സിൽ എൽത്തുരുത്തു കൊവേന്തയോട് അനുബന്ധിച്ചുണ്ടായിരുന്ന സെമ്മിനാരിയിൽ വൈദികപഠനത്തിനു ചേന്നു. സമത്ഥനായ ജോസു പ്രാരംഭപാഠങ്ങൾക്കു ശേഷം 1890 ൽ പുത്തമ്പള്ളി സെമ്മിനാരിയിൽ ചേരുകയും, 1894 മാച്ചു് 11ാംനു- ഒല്ലൂരു പള്ളിയിൽ വച്ചു തിരുപ്പട്ടം സ്വീകരിക്കുകയും ചെയ്തു. പന്ത്രണ്ടു പേരാണ് അന്നു ഡോക്ടർ മെഡ്ലിക്കോട്ടു തിരുമേനിയിൽ നിന്നു പട്ടം സ്വീകരിച്ചതു്. എൻെറ പിതൃസഹോദരൻ ഫാദർ വർഗീസു മൂത്തേടൻ ഫാദർ വിതയത്തിലിൻെറ സതീർത്ഥ്യനായിരുന്നതുകൊണ്ടു് ഈ ഗ്രന്ഥകാരനു ഫാദർ വിതയത്തിലിനെ പരിചയപ്പെടാൻ സാധിച്ചു. ഒല്ലൂരു്, മുക്കാട്ടുകര, കണ്ടശ്ശാംകടവു്, ഇടത്തുരുത്തി, ചാലക്കുടി, കൊട്ടേക്കാടു്, പരിയാരം, മാള എന്നീ പള്ളികളിൽ ജോലി ചെയ്തതിനു ശേഷമാണ് അദ്ദേഹം പുത്തഞ്ചിറ വികാരിയായതു്. 1922 വരെ വികാരിസ്ഥാനം തുടന്നു അതിനുശേഷം 1964 ജൂൺ 8_ാംനു- വരെ കുഴിക്കാട്ടുശ്ശേരി തിരുക്കുടുംബമഠത്തിൻെറ കപ്പോനായിക്കഴിഞ്ഞു. 99_ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ച ഫാദർ ജോസഫു് ഭക്തനായ ഒരു വൈദികനും വിശുദ്ധനായ ഒരു ഡയറക്ടരുമായിട്ടാണ് സവ്വത്രാ അറിയപ്പെട്ടിരുന്നതു് അദ്ദേഹത്തിൻെറ കൈയ്യെഴുത്തു കുറിപ്പുകളെ അടിസ്ഥാ

നപ്പെടുത്തിയെഴുതുന്ന ഈ ഗ്രന്ഥത്തിൻെറ പ്രാമാണ്യം അദ്ദേഹത്തിൻെറ സത്യസന്ധതയേയും വിവേകത്തെയു മാണു് ആശ്രയിച്ചിരിക്കുന്നതു്.

**സഹനങ്ങൾ ആരംഭിക്കുന്നു.**

ബ. യൗസേപ്പ് അച്ചൻെറ ആദ്ധ്യാത്മിക നിയന്ത്രണത്തിൽ ത്രേസ്യാ പരിപൂർണ്ണതാ മാർഗ്ഗത്തിലൂടെ ത്വരിതഗമനം ചെയ്തു തുടങ്ങി. ത്രേസ്യാ നാരകീയ ശത്രുക്കളുടെ ആക്രമണത്തിനു വിധേയയായി. ജോബിനെയെന്നപോലെ പിശാചു ത്രേസ്യയെ അലട്ടാൻ തുടങ്ങി. അവൾ ഭയചകിതയായി. ജ്ഞാനപിതാവു് അവളെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു. ദൈവഹിതത്തിനു കീഴ്പ്പെട്ടിരിക്കുവാൻ അദ്ദേഹം നിർദ്ദേശം നല്കി പിശാചിൽ നിന്നുള്ള ഉപദ്രവങ്ങൾ ആഴ്സിലെ വികാരിയായിരുന്ന വി. ജോൺ വിയാനിക്കെന്നപോലെ ത്രേസ്യക്കും പ്രത്യക്ഷപ്പെട്ടുതുടങ്ങി. ചിലപ്പോൾ ത്രേസ്യയുടെ പിതാവും സഹോദരന്മാരും ബ. വികാരിയുടെ സഹായം തേടിയിരുന്നു. അദ്ദേഹത്തിൻെറ സാന്നിധ്യവും സാന്ത്വനോക്തികളും അത്ഭുതകരമായ ഫലം ഉളവാക്കിയിരുന്നു. തൻെറ പരിശ്രമങ്ങൾ വിഫലമായപ്പോൾ അദ്ദേഹം തൃശ്ശൂരു വികാരി അപ്പസ്തോലിക്കാ മേനാച്ചേരി യോഹന്നാൻ തിരുമേനിയെ വിവരങ്ങൾ ധരിപ്പിച്ചു. പിശാചിനെ ബഹിഷ്ക്കരിക്കാനുള്ള പ്രാർത്ഥന (മൗമ്യാന്ത്രനം) ചൊല്ലാൻ അദ്ദേഹം ആജ്ഞാപിച്ചു. ഒരു സായാഹ്നം ആത്മപിതാവു രണ്ടുമൂന്നുപേരൊരുമിച്ചു ത്രേസ്യയുടെ വീട്ടിൽപോയി. ഇനി ഫാദർ വിതയത്തലിൻെറ തൂലികതന്നെ വിവരിക്കട്ടെ. "ആ സമയത്തു് അവൾ ബോധമില്ലാതെ കിട

ക്കയായിരുന്നു.ഞാൻ സൂർപ്ലേശ്രും ഊറാലയും ധരിച്ച് ഹ ന്നാൻവെള്ളം തെളിച്ചു. അവൾ പെട്ടെന്നു് എഴുന്നേററു മുട്ടുകുത്തി കൈകൊണ്ടുതപ്പുവാൻ തുടങ്ങി. അവൾ വെള്ളം വാങ്ങിക്കുടിച്ചു. അതിനുശേഷം അവൾക്കു വീണ്ടും ബോധക്കേടുണ്ടായി. ഞാൻ മുട്ടുകുത്തി ഊറാലയുടെ ഒരററം അവളുടെ കഴുത്തിൽ ചുററിക്കൊണ്ടു വലിയ ലുത്തനിയാ ആരംഭിച്ചു. അപ്പോൾ വലിയ സ്വരത്തോടെ, "എന്നെ ഞെരുക്കേണ്ടാ; ദൈവം എനിക്കു് അനുമതി നല്കിയിട്ടുണ്ടു്. ഞാൻ പോകയില്ല," എന്നു പറഞ്ഞുകൊണ്ടു അവൾ കീഴടങ്ങിയില്ല. ഞാൻ മൗമ്യാന്ത്യ ആരംഭിച്ചപ്പോൾ മേല്പറഞ്ഞവാക്കുകൾ അവൾ ആവർത്തിക്കാൻതുടങ്ങി.ബോധരഹിതയായത്രേസ്യയോടു ഞാൻ ചിലചോദ്യങ്ങൾ ചോദിച്ചു. വൈമുഖ്യത്തോടെ അവൾ മറുപടി നല്കിക്കൊണ്ടിരുന്നു. "നീആരാണു്?"

"ഞാൻ ശ്കീൽന്തറാ?

നിൻെറകൂടെ എത്രപേരുണ്ടു?

"നാന്തൂറു പേരുണ്ടു"

"നീ എന്തിനു് ഇവളുടെ അടുക്കൽ വന്നു!"

"ഇവളെ പരീക്ഷിക്കാൻ".

"എന്താണു നീ പരീക്ഷിക്കുന്നതു്?"

"വിശ്വാസത്തിനെതിരായിട്ടു്"

"ആരു നിന്നെ അനുവദിച്ചു?"

"ദൈവം എനിക്കു് അനുമതി തന്നിരിക്കുന്നു."

"എത്ര നാളായി നീ പരീക്ഷിക്കാൻ തുടങ്ങിയിട്ടു്?"

"രണ്ടു കൊല്ലമായി"

"ഇനി എത്രനാൾ നിനക്കനുവാദമുണ്ടു്?

"ഇനി ഒരു കൊല്ലത്തേക്കുകൂടിയുണ്ടു."

"ഇതിനിടക്ക സന്ദർശകരുടെ സംഖ്യ വദ്ധിച്ചതിനാൽ ഞാൻ ചോദ്യങ്ങറം നിറുത്തി. പിന്നീട്ട് പാതിരാവരെ ഇവളിൽ നിന്നു് അകന്നുപോകണമെന്നു ദൈവനാമത്തിൽ ഞാൻ കല്പിച്ചു. "എനിക്ക വളരെസങ്കടമാണു്", അവറം പറഞ്ഞു. പിന്നേയും ആജ്ഞാപിച്ചപ്പോറം കുറച്ചനേരത്തേക്ക മാറിനില്ക്കാമെന്നു സമ്മതിച്ചു. "എത്ര മണിക്കൂർ നേരത്തേക്കു്?" ഞാൻ ചോദിച്ചു.

"ഒരു മണിക്കൂർ നേരത്തേക്കു്" അവറം മറുപടി നല്കി. "അതു പോരാ; രണ്ടു മണിക്കൂർ നേരത്തേക്കു് മാറിനില്ക്കണം"

അവറം അതു സമ്മതിച്ചു. ഉടനെബോധക്ഷയമായി കിടന്നിരുന്ന ത്രേസ്യ എഴുന്നേററു് ആത്മപിതാവിൻെറ അടുക്കൽ മുട്ടുകുത്തി ആശീർവ്വാദംചോദിച്ചു. അദ്ദേഹം ആശീർവ്വാദം നല്കി പള്ളിയിലേക്ക തിരിച്ചു.

**പിശാചു കാഴ്ച നശിപ്പിക്കുന്നു.**

പിന്നീട്ടു് ഒരു ദിവസം ത്രേസ്യാ പള്ളിയിൽ വി. കുബ്ബാന കാണാൻ വന്നു മുട്ടുകുത്തിയ ഉടനെ അവളുടെ കാഴ്ച നഷ്ടപ്പെട്ടതായിക്കണ്ടു. അന്നു് അവറംക്കു് വി. കുബ്ബാന സ്വീകരിക്കാൻ കഴിഞ്ഞില്ല. വിവരം കുമ്പസാരക്കൂട്ടിലിരുന്നിരുന്ന ആത്മപിതാവിനെ അറിയിച്ചു. അവറം ഇങ്ങനെ പറഞ്ഞു: "പള്ളിയിൽ വന്നു് ഏതാനും നിമിഷം കഴിഞ്ഞപ്പോറം കുറേപേർ വന്നു് എൻെറ പുറത്തു് ഇടിക്കാൻ തുടങ്ങി. അപ്പോറം കണ്ണിനു് കാഴ്ചയില്ലാതായി."

"ആ ആളുകറം ഇപ്പോഴും നിൻെറ കൂടെയുണ്ടോ? കണ്ണിനു കാഴ്ച തിരികേ ലഭിച്ചോ"?

"കാഴ്ച ലഭിച്ചിട്ടില്ല; അവർ ഇപ്പോഴുംപിറകിലുണ്ടു്", അവറം പ്രതിവചിച്ചു.

ഉടനെ ആത്മപിതാവു് ഹന്നാൻ വെള്ളം കൊണ്ടു വന്നു ത്രേസ്യായുടെ മുമ്പിലും പിറകിലുമൊക്കെ തെളിച്ചു അനന്തരം, "അവർ പോയോ?.," അദ്ദേഹം ചോദിച്ചു. "ഉവ്വ്" അവരം മറുപടി പറഞ്ഞു. പിന്നീടു് ആത്മപിതാവു് അവളുടെ കൺപോളകളിൽ ഹന്നാൻവെള്ളംകൊണ്ടു കുരിശുവരച്ചു; ഉടനെ അവൾക്കു് കാഴ്ച ലഭിച്ചു.

കുറേദിവസങ്ങൾക്കശേഷം ഇതേസംഭവം ആവർത്തിച്ചു. അന്നു് അവൾക്കു് സംസാരശക്തിയുംകൂടി നഷ്ടപ്പെട്ടു. ആത്മപിതാവിനെ അവൾ ആംഗ്യം കാണിച്ചാണു വിളിച്ചതു്. അദ്ദേഹം വന്നു ഹന്നാൻവെള്ളം തെളിക്കയും അധരങ്ങളിൽ വെള്ളംകൊണ്ടു് കുരിശുവരയ്ക്കുകയുംമേലിൽ ദൈവാലയത്തിൽ വച്ചു് നീ ഇവളെ ആക്രമിക്കരുതെന്നു ദൈവനാമത്തിൽ ആജ്ഞാപിക്കയും ചെയ്തു. ഉടനെ അവൾക്കു കാഴ്ചയും സംസാരശക്തിയും ലഭിച്ചു. ഈ അനുഭവങ്ങൾ പലവുരു ആവർത്തിച്ചു.

പിശാചിൻെറ ആക്രമണങ്ങൾ പിന്നെയും തുടന്നുകൊണ്ടിരുന്നു. വളരെപ്പേർ ഒരുമിച്ചു് അവളുടെ മുറിയിലേക്കുവരും; ഒരാൾ ഒരു കസേരയിലിരിക്കും. അയാളുടെ ശിരസ്സിൽ ഒരു മുടിയും കൈയിൽ ഒരു വടിയുമുണ്ടായിരിക്കും. ശേഷംപേർ ഇവളെ തല്ലുകയും ഇടിക്കുകയുംഅനന്തരം അവളെ കസേരയിൽ ഇരിക്കുന്ന ആളുടെ അടുക്കൽ കൊണ്ടുപോയി ഇടുകയും ചെയ്യും. തീയിൽ വീണാലെന്നതുപോലെയാണു് അപ്പോഴത്തെ ചൂടു്. പരിഭ്രാന്തയായത്രേസ്യയോടു കസേരയിലിരിക്കുന്ന ആൾപറയുന്നു: "ഞാൻ പറയുന്നതു കേൾക്കുക; എന്നാൽ നിനക്കു ആശ്വാസമുണ്ടാകും. നീ ദൈവത്തെ സേവിച്ചിട്ടു് എന്തുഫലമാണുള്ളതു? നിൻെറ കഷ്ടപ്പാടുകൾക്കും വേദനകൾക്കും കുറവുണ്ടോ? അവ ദിനംപ്രതി വർദ്ധിക്കയല്ലേ? ദൈവം നിന്നെ ഉപേ

ക്ഷിച്ചിരിക്കുന്നു; നിൻെറ പ്രവൃത്തികൾ ദൈവത്തിന് ഇഷ്ടമില്ല. നിൻെറ ജ്ഞാനപിതാവു പറയുന്നതു് നീ വഴങ്ങേണ്ടാ. ദൈവത്തേയും ആത്മപിതാവിനേയും ഉപേക്ഷിച്ച് നീ എന്നെ അനുസരിക്കണം. നിന്നെ ഞാൻ ആശ്വസിപ്പിക്കാം; സമ്പന്നയാക്കാം. കണ്ടോ ഈ പാവൻപാത്രം"! ഇത്തരം അനുഭവങ്ങൾ പലവുരു ആവർത്തിച്ചിരുന്നു. ത്രേസ്യാ അങ്ങനെ അത്യധികം ക്ഷീണിച്ചിരുന്ന ഘട്ടങ്ങളിൽ വ്യാകുലമാതാവു തൻെറ മടിയിൽ കിടത്തിയിരുന്ന മകനെ അവൾക്കു കാണിച്ചുകൊടുത്തുകൊണ്ടു് പറയും "മകളേ, ഞാനും എൻെറ മകനും, അനുഭവിക്കുന്ന വേദനയോടു നിൻെറ വേദന തട്ടിച്ചുനോക്കിയാൽ അതു് എത്ര നിസ്സാരം! ഭയപ്പെടേണ്ട. നിൻെറ ശക്തിക്കപ്പുറം നിന്നെ മട്ടിക്കയില്ല. ധൈര്യപ്പെടുക," എന്നുപറഞ്ഞു് ദൈവമാതാവു് അവളുടെ കൈക്കുപിടിച്ചു് അവളെ എഴുന്നേല്പിക്കും.

വേറൊരുദിവസം പാതിരാത്രി പിശാചു ത്രേസ്യയെ അവളുടെ മുറിയിൽ നിന്നെടുത്തു നെല്ലു കൂട്ടിയിരുന്ന വേറൊരു മുറിയിൽകൊണ്ടുപോയി കഴുത്തുവരെ നെല്ലിൽ മൂടിയിട്ടു. ത്രേസ്യയുടെ കരച്ചിൽ കേട്ടു് ആങ്ങള ചെന്നു അവളെ സ്വതന്ത്രയാക്കി.

**ത്രേസ്യാ നിരാശയിലമരുന്നു.**

ത്രേസ്യയെ നിരാശപ്പെടുത്താൻ പിശാചു പല വിധത്തിൽ കിണഞ്ഞുപ്രവർത്തിച്ചിരുന്നു. അവളോ എന്നാൽ ഇക്കാര്യങ്ങൾ ആത്മപിതാവിനെ അറിയിച്ചു് ആശ്വാസം തേടിപ്പോന്നു. ശുദ്ധതക്കെതിരായ പ്രലോഭനങ്ങൾ പിശാചുകരുതിക്കൂട്ടി ഉണ്ടാക്കിക്കൊണ്ടിരുന്നു. പിശാചുക്കൾ അശ്ലീലരംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ ത്രേസ്യാ കണ്ണട

സ്സാൻ ശ്രമിച്ചാലും കണ്ണടഞ്ഞിരുന്നില്ല. ഒരു പ്രാവശ്യം ഒരു മാസത്തോളം ഈ പരീക്ഷകൾ നീണ്ടുനിന്നു.

ഒരിക്കൽ പള്ളിയിൽ നിന്നു മടങ്ങുമ്പോൾ അവളുടെ കാഴ്ച നഷ്ടപ്പെട്ടു. തന്നിമിത്തം മാർഗ്ഗമദ്ധ്യേ ഒരു വീട്ടിൽ ഉച്ചകഴിയുന്നതു വരെ താമസിക്കേണ്ടി വന്നു.

ത്രേസ്യാ ഭക്ഷണം തയ്യാറാക്കി വയ്ക്കുമ്പോൾ പിശാചു ആ ഭക്ഷണസാധനങ്ങളിൽ കല്ലും മണ്ണും വാരിയിടും. പിതാവു് ഇതിന്റെ രഹസ്യം മനസ്സിലാക്കാതെ മകളെ കഠിനമായി ശാസിക്കും.

ഒരു ദിവസം പകൽ പിശാചു് ഇവളെ തട്ടിൻ പുറത്തു് കെട്ടിയിട്ടു വലിയ ഒരു പെട്ടി നെഞ്ചിൽ കയററി വച്ചു. കുറേ കഴിഞ്ഞു് അവളുടെ പിതാവു് ചെന്നാണു് ആ പെട്ടി മാററിക്കളഞ്ഞതു്. വേറൊരിക്കൽ പിശാചുക്കൾ വന്നു കാലും കൈയ്യും വരിഞ്ഞു കെട്ടി തട്ടിൻ പുറത്തു് ഇട്ടും വച്ചുപോയി. ഇങ്ങനെയുള്ള ആപത്തുകളിൽ ത്രേസ്യാ പറയുന്നതു മൂന്നാളുകൾ വന്നു് അവളെ സ്വതന്ത്രയാക്കുകയും ആശ്വാസവചസ്സുകൾ പറഞ്ഞുകൊടുക്കുകയും ചെയ്തിരുന്നുവെന്നാണു്. തിരുക്കുടുംബാംഗങ്ങളാണു് ഈ മൂന്നുപേരെന്നാണു് നിഗമനം! "ഞാൻ അനുഭവിച്ച പീഡകളോർത്തു് നീ ആശ്വസിക്കുക" എന്നു് അവരിൽ ഒരാൾ പറഞ്ഞിരുന്നു. ഇവരുടെ ആഗമനത്തിൽ ദുഷ്ടസത്വങ്ങൾ പാഞ്ഞിരുന്നുവെന്നാണു് ത്രേസ്യാ പറയുന്നതു്.

പിശാചുക്കൾ ചിലപ്പോൾ ഇവളുടെ മുഖത്തും ദേഹത്തും മാന്തും; അങ്ങനെ ശരീരം കീറിയ അടയാളങ്ങൾ പ്രേക്ഷകരും കണ്ടിരുന്നു. ത്രേസ്യാ ഭക്ഷിക്കുമ്പോൾ മണ്ണും കല്ലും ചോറിലേക്കു് പിശാചുവാരിയിട്ടു് അവളെശല്യപ്പെടുത്തിയിരുന്നു അശരണയാക്കാനാണു് അവർ പരിശ്രമി

ച്ചിരുന്നതു് പിശാചുക്കാം അഭിനയിച്ചിരുന്ന അശ്ലീലവേഷങ്ങളും അവർ ചെയ്തിരുന്ന ദ്രോഹങ്ങളും ആത്മപിതാവിനെ അറിയിക്കരുതെന്നു് പിശാചുക്കാം കേണപേക്ഷിച്ചിരുന്നു അത്യുദ്ധപ്രലോഭനങ്ങളാണു് ത്രേസ്യയെ കൂടുതൽനിരാശപ്പെടുത്തിയതു്. പിശചുതന്നെ സൂർപ്ലേസ്സും ഊറാലയും ധരിച്ചു് ത്രേസ്യയോടു് പാപങ്ങാംക്കു് സമ്മതം നല്കാൻ ആവശ്യപ്പെട്ടിരുന്നുവെന്നുകൂടി ആത്മപിതാവിനോടു അവാം പരാതിപ്പെട്ടിട്ടുണ്ടു്. ഈ ദുശസന്ദർഭങ്ങളിൽ ചിലപ്പോഴൊക്കെ തിരുക്കുടുംബാംഗങ്ങാം മൂന്നുപേരുംകൂടിവന്നു് അവളെ ആശ്വസിപ്പിച്ചിരുന്നു. ആമൂന്നുപേരിൽ ചെറുപ്പക്കാരൻ (അങ്ങനെയാണു് ഈശോയെപ്പററി അവാം സംസാരിച്ചിരുന്നതു്) കുരിശുവഹിക്കുന്നതായും രക്തംചിന്തുന്നതുമായിട്ടാണു് കാണപ്പെടാറുള്ളതു്. ആത്മപിതാവുതന്റെ കഴിവനുസരിച്ചു് ഉപദേശങ്ങാം പറഞ്ഞുകൊടുത്തു ആശ്വസിപ്പിച്ചിരുന്നു.

**പിശാചിന്റെ വേറൊരാക്രമണം**

ചില ദിവസങ്ങളിൽ പിശാചു അവളുടെ ശിരസ്സിൽ മുാംമൂടി കൊണ്ടു വന്നു് അടിച്ചു കയററും. എല്ലുകാം നുറുങ്ങിയപോലെ അവാംക്കു തോന്നും. വേദനയും നീരുംമുറിവുകളും എല്ലാവർക്കും കാണാം. ഒരു ദിവസം ഉച്ചകഴിഞ്ഞു പിശാചു ദേഹോപദ്രവങ്ങാം ആരംഭിച്ചിട്ടു കോഴികൂകുന്നതുവരെ ആ ഞെരുക്കങ്ങാം നീണ്ടു നിന്നു. ത്രേസ്യയുടെ പിതാവു ആത്മപിതാവിനെ വിളിച്ചു വീട്ടിൽ കൊണ്ടു വന്നു. അദ്ദേഹം ചെന്നപ്പോാം കഴുത്തു പിരിഞ്ഞുപോകുന്നതായും കൈകാലുകാം പിരിച്ചു വളയ്ക്കുന്നതായും കണ്ടു. ആ കപ്പാടെ സംഭ്രമജനകമായ കാഴ്ച! ഈശോയുടെ തിരുനാമം അവാം വിളിക്കുന്നുണ്ടു്; എങ്കിലും ത്രേസ്യയു

ടെ മന്ത്രനങ്ങൾക്കു കുറവില്ലായിരുന്നു. ആത്മപിതാവു ഹന്നാൻവെള്ളമെടുത്തു് കൈയ്യിലുംകാലിലുംകഴുത്തിലുംകുരിശുവരച്ചു. അപ്പോൾ സ്വല്പം ആശ്വാസമായി. അനന്തരം അദ്ദേഹം പിശാചിനോടു ത്രേസ്യയെ വിട്ടുമാറുവാൻ ആജ്ഞാപിച്ചു. 'വിട്ടുമാറുകയില്ല; ഞങ്ങൾക്കുദൈവം അനുമതി നല്കിയിട്ടുണ്ടു്'' എന്നായിരുന്നുമറുപടി. ദൈവനാമത്തിൽ നീ കീഴ്‌വഴങ്ങണമെന്നു് ആത്മപിതാവു് പിന്നേയും ആജ്ഞാപിച്ചു "കീഴ്‌വഴക്കത്തിൻകീഴാണു ഞങ്ങൾവന്നിരിക്കുന്നതു്. അതുകൊണ്ടു ഞങ്ങൾ വിട്ടുപോകയില്ല." അവർ പ്രതിവചിച്ചു. ഏകദേശം പ്രഭാതം മൂന്നുമണിവരെ ഈ ഞെരുക്കങ്ങൾ. നീണ്ടുനിന്നു.

പിറെറ ദിവസം ആത്മപിതാവുചെന്നപ്പോൾ ഇവൾ വീണ്ടും സഹിക്കുതന്നെയായിരുന്നു. ഹന്നാൻ വെള്ളം കൊണ്ടു മുമ്പിലത്തെപ്പോലെ കുരിശുവരക്കുകയും പിശാചിനെ ശാസിക്കുകയും ചെയ്തു. പിശാചു വഴങ്ങിയില്ല

"നിൻെറ പേരെന്തു്?" ആത്മപിതാവു ചോദിച്ചു.

"ലൂസിഫർ" അവൾ മറുപടി നൽകി

"നിൻെറകൂടെ എത്രപേരുണ്ടു്?"

"എഴുനൂറുപേർ"

"ഏതുപുണ്യങ്ങൾക്കു വിരുദ്ധമായിട്ടാണു നീ പരീക്ഷിക്കുന്നതു്?"

"വിശ്വാസത്തിനും ശരണത്തിനും ശുദ്ധതയ്ക്കുമെതിരായി ഞങ്ങൾ പരീക്ഷിക്കുന്നു."

"എത്ര കൊല്ലമായി ഈ പരീക്ഷണങ്ങൾ തുടങ്ങിയിട്ടു്?"

"രണ്ടുകൊല്ലമായി."

"എത്രകൊല്ലത്തേക്കു് നിനക്കു് അനുവാദമുണ്ടു്?"

"ഒരു കൊല്ലത്തേക്കുകൂടി"

"എന്നാൽ ഇപ്പോൾ ഇവളെ വിട്ടുമാറണമെന്നു് ഈശോയുടെ നാമത്തിൽ ഞാൻ നിന്നോടു കല്പിക്കുന്നു"

അവൾ ആദ്യം വളരെ വെറുപ്പും കോപവും ഈർച്ച്യയും പ്രദർശിപ്പിച്ചു. ഉടനെ ബോധംവന്നു. അവൾ മുട്ടുകുത്തി ആശീർവാദം ചോദിച്ചു. ആത്മപിതാവു ശരണത്തെപ്പററി ഒരുപദേശം പറഞ്ഞുകൊണ്ടു ദൈവാലയത്തിലേക്കു മടങ്ങി.

**ദൈവമാതാവു പ്രത്യക്ഷപ്പെടുന്നു.**

പശാചിൻെറ ഈ മർദ്ദനകാലത്തു ഫാദർ വിതയത്തിൽ ദിനംപ്രതി ത്രേസ്യയുടെ ഭവനത്തിൽ പോയിരുന്നു ഒരു ദിവസം അദ്ദേഹം ചെന്നപ്പോൾ ത്രേസ്യാ ബോധമില്ലാതെ കിടക്കുകയായിരുന്നു. ആത്മപിതാവു് അടുത്തുചെന്നു ഹന്നാൻവെള്ളംകൊണ്ടു നെററിയിൽ കുരിശുവരച്ചു. പെട്ടെന്നു മുഖം പ്രസന്നമായി. അവൾ പറഞ്ഞു: "ഞാൻ ആശ്വസിപ്പിക്കാൻവന്നിരിക്കയാണു. ഇവൾനിസ്സഹായായി ഇതുവരെ വലയുകയായിരുന്നു ഞാൻവന്നു് ഇവളെ ആശ്വസിപ്പിക്കാൻ തുടങ്ങിയിട്ടു് രണ്ടു മണിക്കൂറായി.

"അങ്ങു് ആരാണു്" ആത്മപിതാവു ചോദിച്ചു

"മേരിയം"

"ദൈവത്തിൻെറ അമ്മയോ"

"അതെ. ഇവൾ വളരെ കഷ്ടപ്പെടുകയും സങ്കടപ്പെടുകയും ചെയ്യുന്നു. ഇവളെ ആശ്വസിപ്പിക്കണം അതിനുമടിക്കേണ്ടാ. ഇവിടെ വരാൻ ശങ്കയും വേണ്ടാ. ഇവൾ മഠത്തിലായിരുന്നെങ്കിൽ ഇവൾക്കു സഹായമുണ്ടായേനേ. ഒരു കന്യാസ്ത്രീ അവളെ സംഹായിക്കുമായിരുന്നു. മെത്രാനച്ചൻ ഇവളെ സംശയിക്കുന്നു."

"ആ കന്യാസ്ത്രീ വഴി ഈ സംഗതി മെത്രാനച്ചനെ അറിയിച്ചുകൂടെ?"

"അതു് ഇപ്പോഠം ദൈവം തിരുമനസ്സായിട്ടില്ല. മെത്രാനച്ചൻ സംശയിച്ചിരിക്കയാണല്ലോ. പിശാചു് ഇവളെ നിരാശപ്പെടുത്താൻ കെണഞ്ഞു പരിശ്രമിക്കുകയാണു്. ആകയാൽ പാട്ടുള്ള സഹായം ചെയ്യുക".

"അമ്മ തന്നെ ഇവളെ സംരക്ഷിക്കണം"

"ഞാൻ ഇവളെ എട്ടാമത്തെവയസ്സുമുതൽ കാത്തുസൂക്ഷിച്ചുവരികയാണു്. ഞെരുക്കങ്ങളിൽ ഇവളെ ഞാൻ സഹായിക്കുന്നുണ്ടു്. പേടിയും വിഷാദവും നിമിത്തം ഇവഠംക്കു പൂർണ്ണവിശ്വാസമില്ല."

"ഈ സംഗതി ഇവഠം എന്നോടു പറയുന്നുണ്ടു്. എന്നാൽ ഇങ്ങനെ വരുന്നവരെ പൂർണ്ണമായി വിശ്വസിക്കരുതെന്നും അവരുടെ ഉപദേശം നന്നാണെങ്കിൽ മാത്രം സ്വീകരിക്കാമെന്നും ഞാൻ ഇവളോടു കല്പിച്ചിട്ടുണ്ടു്."

"മേലിലും ഇവളെ സഹായിക്കുക. പാതിരാ കഴിഞ്ഞു് ഒരു മണിക്കു വന്നു ഞാൻ ഇവളെ വീണ്ടും ആശ്വസിപ്പിക്കും. ഇപ്പോഠം ഞാൻ പോകയാണു്"

"അമ്മേ, എന്നെയും ആശീർവ്വദിക്കണമേ," ആത്മപിതാവു് അപേക്ഷിച്ചു. ഉടനെ ത്രേസ്യയ്ക്കു ബോധം വന്നു. വീണ്ടും പിശാചിൻെറ ഞെരുക്കങ്ങഠം തുടങ്ങി. കഴുത്തു് അവൻ പിരിച്ചു; കൈയും കാലും പൊളഞ്ഞു തുടങ്ങി; ദേഹം ചുരുണ്ടു. നെഞ്ചിൽ കഠിന വേദനയും ചുമയും ആരംഭിച്ചു ഇങ്ങനെ കുറേ നേരമായപ്പോഠം ആത്മപിതാവു പിശാചിനോടു രണ്ടു മണിക്കൂർ നേരത്തേക്കു് ഇവളിൽ നിന്നു് അകന്നു പോകാൻ പരിശുദ്ധ ത്രിത്വത്തിൻെറ നാമത്തിൽ കല്പിച്ചു.

"ഇല്ല, അരമണിക്കൂർ വിട്ടുപോകാം".

"പോരാ, രണ്ടു മണിക്കൂർ വിട്ടു പോകണം" ആത്മപിതാവു വീണ്ടും ആജ്ഞാപിച്ചു.

ത്രേസ്യയുടെ ബോധക്ഷയം നീങ്ങി. അവൾ എഴുന്നേററ് ആശീർവ്വാദം ചോദിച്ചു. ആത്മപിതാവ് അവളെ ആശീർവ്വദിച്ചു ദൈവാലയത്തിലേക്കു മടങ്ങി.

**തിരുക്കുടുംബ സന്ദർശനം.**

പിറെറദിവസം ഉച്ചകഴിഞ്ഞു 2 മണിക്കു ആത്മപിതാവു ത്രേസ്യയെ ആശ്വസിപ്പിക്കുവാൻ വീണ്ടും അവളുടെ ഭവനത്തിലെത്തി. ത്രേസ്യാ കൈയിൽ ജപമാല പിടിച്ചു മന്ദമായി കിടക്കുകയായിരുന്നു. ജപമാലയുടെ മണികൾ മാററുന്നുണ്ടു; അധരങ്ങൾ ചലിക്കുന്നുമുണ്ടു. സ്വല്പനേരംകഴിഞ്ഞു ഒരു സ്വരംകേട്ടു. "ഇതുവരെ ഞാൻ ഇവളെ കൊണ്ടു ജപമാല ചൊല്ലിക്കയായിരുന്നു ഞാൻ ഇവളെ ആശ്വസിപ്പിക്കാൻ വന്നിരിക്കയാണ്. ഞാൻ തന്നെയല്ലാ, വേറെ രണ്ടു പേരു കൂടിയുണ്ടു. "

"അവർ ആരാകുന്നു?" ആത്മപിതാവു ചോദിച്ചു.

"ഈശോയും യൗസേപ്പുമാണ്." ഇവൾക്കു വളരെ പേടി. ഒരുമാസത്തേക്കു രാവും പകലും പരീക്ഷിക്കാൻപശാചിനു അനുവാദമുണ്ടു. ആകയാൽ ഇവളെ സഹായിക്കണം. ഇവൾക്കു വേണ്ടി മററാളുകളെക്കൊണ്ടു പ്രാത്ഥിപ്പിക്കുക. ഇവൾക്കു സന്ദർശകർ കൂടുതലാണ്. ഇതു അവളുടെമനസ്സിനെ വേദനിപ്പിക്കുന്നു. പിശാചിൻെറ മർദ്ദനങ്ങളേക്കാൾ അരോചകമാണു ജനസന്ദർശനം. അങ്ങു ഒരു പയ്യനെ കൂട്ടിക്കൊണ്ടുവന്നാൽമതി. സന്ദർശകർ ചിരിക്കുകയും ഇവളെ പരിഹസിക്കുകയും ചെയ്യുന്നു. ഞാൻ ഇനി

പകൽ ഇവളെ സഹായിക്കാൻ വരികയില്ല; രാത്രി ഒരു മണിക്കേവരു ഇവരം പാവപ്പെട്ടവളാണ്. ഇന്നലെ പറഞ്ഞ വാക്കുകരം മെത്രാനച്ചനോട്ട പറയാം. ഇപ്പോരം പറഞ്ഞ കാര്യങ്ങരം മെത്രാനച്ചനോട്ട പറയേണ്ടാ.

ആത്മപിതാവു പ്രതിവചിച്ചു: "ഇവരം പള്ളിയിൽ പോകുന്നതിന്ന തടസ്സമുണ്ടാക്കരുതെന്നു ഞാൻ ദൈവനാമത്തിൽ കല്പിച്ചിരുന്നു. ഒരു ദിവസം തടസ്സമുണ്ടായില്ല. എന്നാൽ ഇന്നു തടസ്സമുണ്ടായി. ഇവരംക്കു വി. കർബാന സ്വീകരിക്കാൻ കഴിഞ്ഞില്ല. അരൂപിക്കടുത്തവിധം അവരം വി. കർബാന സ്വീകരിച്ചു."

"ഇനി പ്രതിബന്ധമുണ്ടാകയില്ല" അമ്മ മറുപടി പറഞ്ഞു. "മേലിൽ ഉച്ച കഴിഞ്ഞേ പരീക്ഷകളും ഞെരുക്കങ്ങളും ഉണ്ടാകയുള്ളൂ. ഇവളുടെ നെഞ്ചിലും നേരെപുറത്തും ഓരോ മുഴ ഉണ്ടായിട്ടുണ്ടു്. അവയുടെ നേരെ ഉള്ളിലും പുറത്തും വേദനയുണ്ടു്. എൻെറ തിരുക്കുമാരൻെറ മുറിവുകരം ഇവളിൽ പതിക്കും"

"എന്തെല്ലാം മുറിവുകരം? എല്ലാം കൊടുക്കുമോ?"

ഇതിൻെറ ഉത്തരം ഫാദർ വിതയത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പകരം ഇങ്ങനെ കാണുന്നു: "ഇവ മെത്രാനച്ചനോടു് ഇപ്പോരം പറയേണ്ടാ. ഞാൻ പോകുന്നു".

ഉടനെ ത്രേസ്യയ്ക്കു ബോധം വന്നു. ഞെരുക്കങ്ങളുടെ ലക്ഷണങ്ങരം കണ്ടു. ഉടനെ ആത്മപിതാവും അവിടെയുണ്ടായിരുന്നവരുംചേൎന്നു ജപമാല ആരംഭിച്ചു. അവർ പ്രാൎത്ഥിക്കുന്ന നേരത്തു് ആത്മപിതാവു് ത്രേസ്യയ്ക്കു് ഈശോ എന്നസൂക്തജപം ചൊല്ലിക്കൊടുക്കുകയും ആശ്വാസ വിചസ്സുകരം പറയുകയും ചെയ്തുകൊണ്ടിരുന്നു. മൂന്നു മണി

ക്കൂർനേരം ഇവളിൽ നിന്നു് അകന്നിരിക്കാൻ ഈശോയു ടെ നാമത്തിൽ പിശാചിനോട്ട് അദ്ദേഹം ആജ്ഞാപി ച്ചു. സാധിക്കില്ലെന്നായിരുന്നു മറുപടി. ജപമാല കഴിയാ റായപ്പോഠം ഇവഠംക്കു ബോധക്ഷയം വന്നു. അപ്പോഠം കോപകലുഷിതമായ ഒരു സ്വരം കേട്ടു: "ഒരു മണിക്കൂർ നേരത്തേക്കു മാറാം." ഉടനെ അവഠംക്കു ബോധം വന്നു എഴുന്നേററു് മുട്ടുകുത്തി അവഠം ആശീർവ്വാദം ചോദിച്ചു ആശീർവ്വാദം നല്കിയ ശേഷം ആത്മപിതാവു സ്ഥലം വിട്ടു.

രണ്ടു ദിവസത്തേക്കു് ആത്മപിതാവു് പുത്തഞ്ചിറ ഉണ്ടായില്ല. ആ ദിവസങ്ങളിൽ പിശാചുക്കഠംതന്നെ ഞെ രുക്കാതിരിക്കട്ടെയെന്നു് അവഠം പരിശുദ്ധയമ്മയോട്ട് പ്രാത്ഥിച്ചു. സന്ദർശകരിൽ നിന്നും തന്നെ ഒഴിവാക്കണ മെന്നും അവഠം അപേക്ഷിച്ചു. ആദിവസങ്ങളിൽ ദൈവ മാതാവു് അവളെ പകൽ സമയത്തും സന്ദർശിച്ചാശ്വ സിപ്പിച്ചു.

മൂന്നാം ദിവസം ശനിയാഴ്ച ആത്മപിതാവു സ്വ ന്തം ഇടവകയിൽ തിരിച്ചെത്തി. അന്നുതന്നെ അദ്ദേഹം ത്രേസ്യയെ സന്ദർശിച്ചു. പതിവുപോലെ പിശാച് അവ ളെ മർദ്ദിക്കയായിരുന്നു അദ്ദേഹം ആദ്യം തന്നെ എല്ലാവ രോടും പ്രാത്ഥിക്കുവാൻ ആവശ്യപ്പെട്ടു. അനന്തരം മൂന്നു്. മണിക്കൂർ നേരത്തേയ്ക്കു് ഇവളെ ഉപേക്ഷിച്ചു പോകുന്ന തിനു് ഈശോയുടെ നാമത്തിൽ പിശാചിനോടു കല്പിച്ചു "മാറുകയില്ല" എന്നു് പിശാചു. "നീ മാറണം' എന്നു് ഈശോയുടെ നാമത്തിൽ ആത്മപിതാവു വീണ്ടും കല്പി ച്ചു. പ്രാത്ഥനകഠം തീന്നപ്പോഠം അവഠംക്കു് ബോധം വ ന്നു. അന്നു് അസ്തമയത്തിനുശേഷം ആത്മപിതാവു വീ ണ്ടും വരണമെന്നു് ദൈവമാതാവു് ആവശ്യപ്പെട്ടിട്ടുണ്ടെ ന്നു് ത്രേസ്യാ അദ്ദേഹത്തെ അറിയിച്ചു.

അപ്രകാരം അസ്തമയശേഷം അദ്ദേഹം ത്രേസ്യയുടെ വീട്ടിലേയ്ക്കു് ചെന്നു. അപ്പോൾ അവൾ ജപമാല ചൊല്ലുകയായിരുന്നു. അതു് അവസാനിച്ചപ്പോൾ ആത്മപിതാവു് ചോദിച്ചു "എന്താണു് എന്നോടുവരാൻ കല്പിച്ചതു്?" ഇങ്ങനെ മറുപടി ഉണ്ടായി.

"ഇവളുടെ അപേക്ഷയനുസരിച്ചു് ഇനിമേൽ പകൽസമയം ഞെരുക്കമുണ്ടാകയില്ല. അസ്തമയം കഴിഞ്ഞ ഞെരുക്കം ഉണ്ടാകയുള്ളു .പാതിരാ കഴിഞ്ഞേ ഞാൻ ആശ്വസിപ്പിക്കാൻ വരൂ. സമയമുണ്ടെങ്കിൽ അങ്ങു വന്നു്ഇവളെ ആശ്വസിപ്പിക്കുക. ഞാൻ ഇവളെക്കൊണ്ടു ജപമാല ചൊല്ലിച്ചപ്പോൾ പലരുംപരിഹസിച്ചു, ചിലർ ചിരിച്ചു. ഇവളെപരിഹസിക്കുന്നവർ എന്നെ പരിഹസിക്കുകയാണു്. ആകയാൽ പരിഹാസസംഗതിയെപ്പററി നാളെ പള്ളിയിൽ പൊതുവായി പറയണം.

"ഇക്കാര്യങ്ങൾ മെത്രാനച്ചനോടു പറയാമോ?,, ആത്മപിതാവു ചോദിച്ചു.

"ഉണ്ടാകുന്ന സംഗതികൾ എഴുതാം. അവൾക്കു് ആശ്വാസമുണ്ടെന്നു പറഞ്ഞാൽ മതി. ആദ്യദിവസം പറയേണ്ടാ എന്നു പറഞ്ഞിട്ടുള്ള സംഗതി കുറെക്കഴിഞ്ഞു പറഞ്ഞാൽ മതി"

ഇത്രയും ആയപ്പോഴേക്കും അവൾക്കു ബോധംവന്നു അവൾ ആശീർവ്വാദം ചോദിച്ചു. അന്നുമുതൽ പകൽ പിശാചിൻെറ പരീക്ഷണങ്ങൾ ഉണ്ടായിട്ടില്ല; രാത്രി ഭയങ്കരഞെരുക്കം നടന്നുകൊണ്ടിരുന്നു.

ഇത്തരം അസാധാരണ സംഗതികൾ കണ്ടിട്ടില്ലാത്ത നമുക്കുതോന്നും എന്തിനു് ഇവയൊക്കെ ദൈവം അനുവദിക്കുന്നുവെന്നു്. പഞ്ചക്ഷതമാകുന്ന അസാധാരണവരം കൊടുക്കുന്നതിനുമുമ്പു കഷ്ടതകളുടെ മൂശയിൽ കിടക്കുക ആവശ്യമല്ലേ? സഹനം കൂടാതെ വിശുദ്ധിയിലുയരുമോ?

അദ്ധ്യായം 3

## പൈശാചികപരീക്ഷകൾ തുടരുന്നു.

ത്രേസ്യയെ സംബന്ധിച്ച വിവരങ്ങളെല്ലാം ആത്മപിതാവു ഡോക്ടർ മേനാശ്ശേരിതിരുമേനിയെ അറിയിച്ചു. അതിനുശേഷം പൈശാചികപരീക്ഷകൾ വർദ്ധിക്കയല്ലാതെ കുറഞ്ഞില്ല. ചിലപ്പോൾ പിശാചുക്കൾ അവളെ മേല്പ്പുരവരെ പൊക്കിയിട്ടു കീഴെയിട്ടിടും. പ്രാർത്ഥിക്കാൻ എഴുന്നേല്ക്കുന്നതിനു വശമില്ലാതെ വരും; പ്രാർത്ഥനാസമയത്തു ചിലപ്പോൾ പിശാചുവന്നു കണ്ണുപൊത്തും. "നിന്നെ ദൈവം കൈവിട്ടിരിക്കുന്നു." എന്നും "അശുദ്ധ പാപങ്ങൾക്കു നീ സമ്മതിക്കണം." എന്നും പറഞ്ഞു് വസ്ത്രത്തിൻെറ തുമ്പിൽപിടിച്ചു പിശാചു വലിക്കും. ഇവയൊക്കെ ആത്മപിതാവിനോടു പറയുവാൻ കുമ്പസാരക്കൂടിൻെറ അരികേ എത്തിയപ്പോൾ പിശാചു് അവിടെ വന്നു തടഞ്ഞു. ആത്മപിതാവിൻെറ ചോദ്യങ്ങൾക്കു മൂളുകയല്ലാതെ ഒററവാക്കുപോലും പറയുവാൻ അവൾക്കു കഴിഞ്ഞില്ല. ഹന്നാൻവെള്ളംകൊണ്ടു് അവൾ ചുണ്ടിൽ കുരിശുവരച്ചു. അപ്പോൾ ആശ്വാസമായി.

ഈ ഘട്ടത്തിൽ ഫാദർ വിതയത്തിൽ തിയതിവച്ചു ഡയറിക്കുറിപ്പുകൾ എഴുതിയിട്ടുണ്ടു്. അവ അതേപടി സംക്ഷേപിച്ചുചേർക്കുന്നതു് ഈ ഗ്രന്ഥത്തിൻെറ ചരിത്രവസ്തുതയ്ക്കു് ഉപോൽബലകമായിരിക്കുമല്ലോ.

1903 ജൂലായി 30-ാംനു-

ഇതുവരെ വിവരിച്ചിട്ടുള്ള ഞെരുക്കങ്ങൾക്കു പുറമെ പുതിയ ചില മറ്റനരീതികൾ പ്രത്യക്ഷപ്പെട്ടു. കൈയിൽ ആരോ പിടിച്ചു ആ കൈകൊണ്ടു് കട്ടിലിൽ അടിപ്പിക്കുന്നു; തലയണവച്ചു പായ ചുരുട്ടുന്നതുപോലെ അവളെ പായയിൽവച്ചുചുരുട്ടുന്നു. വി. കുമ്പാന കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന ദിവസത്തിൻെറ തലേരാത്രി മറ്റനം കൂടുതലാണു്. പള്ളിയിൽ ത്രേസ്യാവന്നു മുട്ടുകുത്തികഴിയുമ്പോൾ രണ്ടുപേർ അടുത്തുകൂടും. ഒരാൾ ചിലപ്പോൾ പിറകോട്ടുവലിക്കും; അപരൻ അവളെ ഉന്തിയിടും. വൈദികൻ കുമ്പാനക്കൂദാശചെയ്തു കഴിയുമ്പോൾ ഈ രണ്ടുപേർ സ്ഥലംവിടും. രാത്രി പ്രാർത്ഥന ചൊല്ലാൻവേണ്ടി എഴുന്നേല്ക്കുന്നതിനു ശ്രമിക്കുകയാണെങ്കിൽ അസാധ്യമായ തളർച്ചവരുന്നു. കിടന്നു പ്രർത്ഥന ചൊല്ലുകയാണെങ്കിൽപിശാചുക്കൾ കൂട്ടമായിവന്നാണു ശല്യപ്പെടുത്തിയിരുന്നതു്

1903 ഓഗസ്റ്റ് 4-ാം നു-

ത്രേസ്യയ്ക്കുഭയങ്കരമായ ഒരു നെഞ്ചുവേദനവന്നു. ഉടനടി മരിച്ചേക്കുമെന്നുകരുതി അന്ത്യകൂദാശകൾ നല്കാൻ വികാരിയച്ചനെ ക്ഷണിച്ചു. പ്രേക്ഷകർ ധാരാളമെത്തിയിരുന്നു. ത്രേസ്യാ ആത്മപിതാവിനെ തനിച്ചു കാണണമെന്നാവശ്യപ്പെട്ടു അങ്ങനെ ആത്മപിതാവു് അടുത്തുചെന്നപ്പോൾ അവൾ പറഞ്ഞു: "ഇതാ, എൻെറ ചുറവും കുറേപേർ നില്ക്കുന്നു. അവരിലൊരുത്തൻ വാളൂരിക്കൊണ്ടു പറയുകയാണു്: "ഞാൻനിന്നെവെട്ടിക്കൊല്ലും."; ഈ രാത്രി ഞങ്ങൾ നിൻെറ കഥ കഴിക്കും. നെഞ്ചിലെ വേദന സഹിക്കവെയ്യാ." ആത്മപിതാവു് ആശ്വാസവചസ്സുകൾ പറ

ഞ്ഞുകൊണ്ടു കിടക്കയുടെചുററം ഹന്നാൻവെള്ളം തെളിച്ചു; നെററിയിൽ ഹന്നാൻവെള്ളംകൊണ്ടു് കരിശ്ശുവരച്ചു സ്വല്പംകഴിഞ്ഞു് അവൾക്കു ബോധക്ഷയംവന്നു. ആത്മപിതാവു നെററിയിൽ ഹന്നാൻവെള്ളംകൊണ്ടു വീണ്ടും വീണ്ടുംകരിശ്ശുവരച്ചു. "ഞങ്ങളെ ദ്രോഹിക്കല്ലേ; ഞങ്ങൾക്കു അനുവാദമുണ്ടു്" എന്നു് ഒരു സ്വരം കേട്ടു "നീ ഈയാളിൽനിന്നു സ്വല്പനേരത്തേക്കുമാറി നില്ക്കുക" എന്നു ദൈവനാമത്തിൽ ആത്മപിതാവു് കല്പിച്ചു: ഉടനെ അവൾക്കു് ബോധം വന്നു. തെല്ലു് ആശ്വാസമായി. "ചുററം ഇപ്പോഴും ആളുകൾ ഉണ്ടു്" അവൾ പറഞ്ഞു. ആത്മപിതാവു് ഉപദേശം നല്കിക്കൊണ്ടിരുന്നു. അതിനിടയ്ക്കു് വീണ്ടും ബോധക്ഷയം വന്നു. ആത്മപിതാവു ഹന്നാൻ വെള്ളമെടുത്തു് നെററിയിൽ പുരട്ടി; അതു് അവൾക്കു് ഇഷ്ടപ്പെട്ടില്ല. "ഒരു മണിക്കൂർ നേരത്തേക്കു് ഇവളെ വിട്ടുപോവുക" എന്നു് ആത്മപിതാവു ദൈവനാമത്തിൽ കല്പിച്ചു; ഉടനെ ബോധം വന്നു.

കുറേദിവസമായിട്ടു് സന്ധ്യമുതൽ ഉഷസ്സുവരെ അനേകം ആളുകൾ വന്നു് അവളെ ഞെരുക്കിക്കൊണ്ടിരുന്നു. അടിയും ഇടിയുമങ്ങനെ! ഒരു കാൽ മററെ കാലിൽ കയററി വച്ചിട്ടു മരക്കഷ്ണം കൊണ്ടു് അവരടിക്കുന്നു. തന്നിമിത്തം പകൽ നടക്കാനും പ്രയാസമായി. ശുദ്ധതക്കെതിരായ പരീക്ഷകളും ശരണക്കേടും വദ്ധിച്ചുകൊണ്ടിരുന്നു. നഗ്നരായ ആളുകളുടെ മേൽ ഇവളെ വലിച്ചെറിയും. അശുദ്ധ കാഴ്ചകൾ കാണാതിരിക്കാൻ കണ്ണു അടയ്ക്കുവാൻ തുടങ്ങുമ്പോൾ അവൾക്കു് അതു്സാധിക്കാതെ വരുന്നു. ഇവരുടെ വായിൽ തീയുണ്ടായിരുന്നുവെന്നാണു് അവൾപറയുന്നതു്. ചിലർ ആത്മപിതാവി

ന്റെ വേഷം കെട്ടിവന്നു പാപത്തിനു പ്രേരിപ്പിക്കും. ചില ദിവസങ്ങളിൽ അശുദ്ധ പ്രലോഭനങ്ങൾ തീവ്രമാണു്. പകലും ഞെരുക്കങ്ങളുണ്ടായിത്തുടങ്ങി.

## 1903 സെപ്റ്റംബർ 12-ാംനു-.

പതിവുള്ള ഞെരുക്കങ്ങൾക്കു പുറമെ തലേ ദിവസം രാത്രിയുണ്ടായ ഒരസാധാരണ സംഭവം കേട്ടുകൊൾക. കാലു കഴുത്തോടു ചേർത്തു്കെട്ടി മുകളിലേക്കു കൊണ്ടുപോയി പെട്ടെന്നു കീഴോട്ടിട്ടു. ബോധം പോയി. 15-ാംനു-യും 17-ാംനു-യുംഇതാവർത്തിച്ചു. 17-ാംനു- അവളെ പായിൽ തെറുത്തു് വടിപോലെയാക്കി ഒരു മൂലയിൽ അവളെ ചാരിവച്ചു. കയറുചിലപ്പോൾ താനെ അഴിഞ്ഞുപോകുന്നുണ്ടു്. അടുത്തൊരുദിവസം രാത്രി ഇവളെ പായിൽചുരുട്ടി ഇവളുടെ മേൽ ഒരു ഉരൽ കയററി വച്ചു. ഒരു പിശാചു വടികൈയിൽപിടിച്ചു കസേരയിൽ വന്നിരുന്നു് ഇവളെ തല്ലുക അത്ര അസാധാരണമല്ല. ത്രേസ്യയുടെ പ്രായശ്ചിത്തോപകരണങ്ങൾ എടുത്തു മാററുന്നതും ഇവർ തന്നെയാണു്.

## 1903 ഒക്ടോബർ 24-ാംനു-

ഒരു ദിവസം പിശാചുക്കൾ ത്രേസ്യായെ എടുത്തു പടിപ്പുറത്തുകിടത്തി. അപ്പോൾ അവളുടെ ബോധം പോയി. ബോധം വന്നപ്പോൾ ഇവൾ നിലത്തുതന്നെ കിടക്കുന്നു. വേറെ ഒരു ദിവസം ഇവളുടെ കൈകൾ പിറകിൽ കെട്ടി കല്ലുകൊണ്ടു തലയ്ക്കെറിഞ്ഞു് അവളെ കഷ്ടപ്പെടുത്തി. അശുദ്ധപാപങ്ങൾക്കു സമ്മതം കൊടുക്കാൻ കമ്പസാരക്കാരന്റെ ഭാവത്തിൽ ഒരാളും ഒരുകിഴവിയുടെരൂപ

ത്തിൽ വേറൊരാളുംവന്നു് പലപ്പോഴും ഉപദേശിച്ചിരുന്നു. ഒരു ദിവസം ഇവൾ കറിവച്ചു കൊണ്ടിരിക്കുമ്പോൾ ഒരുവൻ വന്നു ഇവളെ തീയിൽ തള്ളിയിട്ടു; ഒന്നും പററിയില്ല. ഇങ്ങനെ ഞെരുക്കങ്ങൾ തുടൻറു. ഒരുദിവസം ഇവൾ കഷ്ടപ്പെടുന്നതുകൊണ്ടു് വീട്ടുകാർഇവളുടെആത്മപിതാവിനെ വിളിച്ചു കൊണ്ടുവന്നു. അദ്ദേഹം വന്നപ്പോൾ ഇവൾ ബോധമില്ലാതെ ചുരുണ്ടു കിടക്കയായിരുന്നു. നെററിയിൽ ഹന്നാൻവെള്ളംകൊണ്ടു കരിശുവരക്കാൻ വേണ്ടിതലയൊന്നു മറയ്ക്കാൻനോക്കിയപ്പോൾ ആണിതറച്ച മാതിരി തലഉറപ്പിച്ചുവച്ചിരിക്കുന്നതായിക്കണ്ടു. അവരോടു മാറാൻ ദൈവനാമത്തിൽ ആവശ്യപ്പെട്ടപ്പോൾ ഇതിനൊക്കെ അവക്കു് അനുവാദമുണ്ടെന്നായിരുന്നു മറുപടി: "ഞാൻ ദൈവനാമത്തിൽ കല്പിക്കുന്നതു് നീ വഴങ്ങണം" എന്നു് ആത്മപിതാവു ആവത്തിച്ചപ്പോൾ അവൾക്കു ബോധം വന്നു. മുട്ടുകുത്തി അവൾ ആശീവ്വാദംചോദിച്ചു. ഒരു മണിക്കൂറുകഴിഞ്ഞു ഞെരുക്കങ്ങൾ വീണ്ടും തുടങ്ങി. അശുദ്ധപാപങ്ങൾക്കു സമ്മതംകൊടുക്കാൻ പ്രേരിപ്പിച്ചു കൊണ്ടു മാറി മാറി പലരും വന്നുകൊണ്ടിരുന്നു. ഞെരുക്കങ്ങളുടെ അവസാനത്തിൽ ഒരു വൃദ്ധനും ഒരു ചെറുപ്പക്കാരനും വന്നു "നീ ഇതൊക്കെ ക്ഷമിക്കണം; ഇതൊന്നും സാരമില്ല" എന്നുപറയും. വി. യൗസേപ്പിനേയും ഈശോയെയുമാണു് ത്രേസ്യ ഉദ്ദേശിക്കുന്നതെന്നു് തോന്നുന്നു.

### 1903 നവമ്പർ 26-ാംനു-

ഒരു രാത്രി പിശാചിൻെറ മർദ്ദനങ്ങൾ കഴിഞ്ഞശേഷം ഒരു വൃദ്ധനും ഒരു കന്യകയും ഒരു കൃശിതനും ത്രേസ്യയ്ക്കു് കാണപ്പെട്ടു. "ഞാൻ ഇപ്പഴും മനുഷ്യരാൽ ഇ

പ്രകാരം പീഡിപ്പിക്കപ്പെടുന്നുവെന്നു നീ നിൻെറ ആത്മപിതാവിനോടു പറയുക.'' എന്നു് ക്രൂശിതൻ പറഞ്ഞു. അനന്തരം മൂവരും മറഞ്ഞു പോയി. ത്രേസ്യ അക്കാര്യം മറന്നു പോയി. വൃദ്ധനും കന്യകയും കൂടെ വീണ്ടും കാണപ്പെട്ടു് എന്തുകൊണ്ടു് അക്കാര്യം ആത്മപിതാവിനോടു പറഞ്ഞില്ലെന്നു ചോദിച്ചു. വിവരം ആത്മപിതാവിനെ അറിയിച്ചു. "ഇനി അവർ കാണപ്പെടുകയാണെങ്കിൽ, അവരുടെ മേൽ ഹന്നാൻ വെള്ളം തളിച്ചു നോക്കു.'', എന്നു് ആത്മപിതാവു നിർദ്ദേശിച്ചു. ത്രേസ്യ അങ്ങനെതന്നെ ചെയ്തു. അവർ ചിരിച്ചുകൊണ്ടു ചോദിച്ചു: „നീ ഞങ്ങളേയും പരീക്ഷിക്കയാണോ?''

**1903 ഡിസംബർ 1-ാം നു-**

ഒരു ദിവസം ത്രേസ്യായുടെ കൈരണ്ടും കൂട്ടിക്കെട്ടി പുരയുടെ ഇറയിൽ തൂക്കിയിട്ടു. കുറെനേരം അങ്ങനെ അവൾ കിടന്നു. അവസാനം ധവളവസ്ത്രധാരിയായ ഒരു ബാലൻവന്നു് അവളെ അഴിച്ചുവിട്ടു. ആത്മപിതാവിൻെറ ആജ്ഞപ്രകാരം, അയാൾ ആരാണെന്നു വേറൊരവസരത്തിൽ അവൾ ചോദിച്ചു. "നിൻെറ കാവൽമാലാഖ'' എന്നായിരുന്നു ആ ബാലൻെറ മറുപടി. കുറേനാൾ വൈകുന്നേരം അഞ്ചുമണിമുതൽ ഒമ്പതുമണിവരെ അവൾക്കു നല്ലതല്ലും ഇടിയും കിട്ടിക്കൊണ്ടിരുന്നു. ദേഹം തീയിലിട്ടതുപോലെയുള്ള ദുർഗന്ധവും അവൾ സഹിക്കുന്നു. അവയവങ്ങൾ തളരുന്നു. ക്ഷീണവും വിഷാദവും നിമിത്തം അവൾ പതിവായി ചെയ്യുന്ന പ്രാത്ഥനകളും പ്രായശ്ചിത്തങ്ങളും അസാധ്യമായിത്തീരുന്നു. അതാണു് അവളെ അത്യധികം വേദനിപ്പിച്ചിരുന്നതു്

**1903 ഡിസമ്പർ 21-ാംനു-**

ത്രേസ്യയ്ക്കു് ഒരു മുറി പണിയിച്ചുകൊടുക്കണമെന്നു ദൈവമാതാവു ഫാദർവിതയത്തിലിനോടു ആവശ്യപ്പെട്ടിരുന്നു. അദ്ദേഹം അക്കാര്യം തൃശ്ശൂരുവികാരി അപ്പോസ്തോലിക്കയായിരുന്ന ഡോക്ടർ മേനാച്ചേരിയെ അറിയിച്ചു അദ്ദേഹം ഇങ്ങനെ മറുപടിനല്കി.

"ഇതൊന്നുകൊണ്ടും ഞാൻ വിശ്വസിക്കയില്ല സാക്ഷാൽ ദൈവത്തിൽ നിന്നുള്ളതാണെങ്കിൽ മേത്തരം അടയാളങ്ങൾവഴി അറിയപ്പെടണം"

പിറേറദിവസം ത്രേസ്യക്കു് ബോധക്ഷയമുണ്ടാകുകയും തൽസമയം ആത്മപിതാവിനെ കാണാൻ ആവശ്യപ്പെടുകയുംചെയ്തു. വിവരം ത്രേസ്യയുടെ പിതാവു് ഫാദർ വിതയത്തിലിനെ അറിയിച്ചു. ഉടനടി അദ്ദേഹം ത്രേസ്യയുടെ അടുക്കലെത്തി. അവൾ ജപമാലചൊല്ലി നിദ്രയിൽ അമർന്നപോലെ കിടക്കുകയായിരുന്നു. ജപമാലയുടെ അന്ത്യത്തിൽ അവൾചോദിച്ചു "മെത്രാനച്ചനെബോധിപ്പിച്ചിട്ടു അദ്ദേഹം എന്തു കല്പിച്ചു?" നീ ആരാണെന്നു ദൈവനാമത്തിൽ എന്നോടുപറയുക "മറിയം"എന്നു മറുപടി കിട്ടി. ആത്മപിതാവു മെത്രാനച്ചൻെറ മറുപടി അറിയിച്ചപ്പോൾ ആസ്വരം പ്രതിവചിച്ചു: "അങ്ങനെയാകട്ടെ"

അനന്തരം ത്രേസ്യയ്ക്കു ബോധംവന്നു ഇനി ഏതെങ്കിലും ദർശനമുണ്ടാകയാണെങ്കിൽ അവരുടെ മേൽ ഹന്നാൻ വെള്ളം തെളിച്ചശേഷം ദൈവനാമത്തിൽ അവർ ആരെന്നു് ചോദിക്കണമെന്നു് ജ്ഞാനപിതാവു നിർദ്ദേശിച്ചു.

അക്കാലത്തു് അവൾക്കു് പള്ളിയിൽ പോകാൻ വസ്ത്രമില്ലായിരുന്നു. സന്ദർശകരായ ധനികരോടു് അവൾ ഇരന്നു; ഒന്നുംലഭിച്ചില്ല. വീട്ടുകാരോടു ചോദിക്കുമ്പോൾ അ

വർ കോപിക്കയാണു ചെയ്തിരുന്നതു്. നിരാശയോടെ അവാം പറമ്പിൽ നടന്നുകൊണ്ടിരുന്നു. അവസാനം അവർ വസ്ത്രം വാങ്ങിക്കൊടുത്തു. അപ്പോാം ശുദ്ധതയ്ക്കും ശരണത്തിനുമെതിരായ പരീക്ഷകാം പ്രബലപ്പെട്ടുകൊണ്ടിരുന്നു. അഞ്ചുദിവസത്തോളം നീണ്ടുനിന്നു ഈ പരീക്ഷകാം.

അടുത്ത ഒരു രാത്രി ദൈവമാതാവും മാർയൗസേപ്പും അവരുടെ മദ്ധ്യേ ഉണ്ണീശോയും നില്ക്കുന്നതു ത്രേസ്യാകണ്ടു. അവരോടു ജ്ഞാനപിതാവിൻെറ നിർദ്ദേശപ്രകാരം ഹന്നാൻ വെള്ളം തൊട്ടു കുരിശുവരയ്ക്കാൻ പറഞ്ഞു. അവരങ്ങനെചെയ്യുകയും ചില ഉപദേശങ്ങാം ത്രേസ്യയ്ക്കു പറഞ്ഞുകൊടുക്കുകയും ചെയ്തു "നിങ്ങാം ആരാണെന്നു് ദൈവനാമത്തിൽ എന്നോടു പറയുക" ത്രേസ്യാ പറഞ്ഞു. "മറിയവും യൗസേപ്പും ഈശോയും" എന്നു് ഉടനെ മറുപടിയുണ്ടായി.

ഒരിക്കൽ ആത്മപിതാവിനോടു് ദൈവമാതാവു സംസാരിച്ചപ്പോാം ഒരു കാര്യം മെത്രാനച്ചനോടു പറയാൻ ആവശ്യപ്പെട്ടിരുന്നു; അതായതു് മെത്രാനച്ചൻ തൻെറ മുറിയിലിരിക്കുന്ന ദൈവമാതൃസ്വരൂപത്തിൻെറ മുമ്പിൽ മുട്ടുകുത്തി പ്രാത്ഥിച്ചു നിദ്രയ്ക്കു പോകയാണെങ്കിൽ ഈ സംഗതികളെ സംബന്ധിച്ച ഒരു കാഴ്ചയുണ്ടാകുമെന്നു്. ഇനി അതു പറയേണ്ടതില്ലെന്നും മെത്രാനച്ചനു് ഇതെപ്പററി കാഴ്ചയുണ്ടാകുമെന്നും ദൈവമാതാവു ത്രേസ്യയെ അറിയിച്ചു.

പിശാചിൻെറ പരീക്ഷണങ്ങാം പിന്നെയും തുടന്നു കൊണ്ടേ ഇരുന്നു. പാതിരാ കഴിയുമ്പോാം പിശാചു

ത്രേസ്യയുടെവായിൽ ചൂട്ടവെള്ളം കോരി ഒഴിച്ചിരുന്നു. ദൈവാലയത്തിലേക്ക പോകാൻ അവാംക്ക ശക്തിയില്ലാതാക്കിക്കൊണ്ടിരുന്നു. പിശാചു ദൈവമാതാവിൻേറയും വി. യൗസേപ്പിൻേറയും വേഷംകെട്ടി വന്നു പറയും: "നീ വി കുർബ്ബാന സ്വീകരിക്കുന്നതു ദൈവത്തിനുഇഷ്ടമില്ല; നിനക്ക യോഗ്യതയില്ല." എങ്കിലും ദിവസന്തോറം വി. കുർബ്ബാന സ്വീകരിക്കാൻ ജ്ഞാനപിതാവു സൌകര്യപ്പെട്ടത്തിക്കൊണ്ടിരുന്നു. 1904 മേയ് 27-ാം നു- ആയപ്പോഴെക്കം ശരണക്കേട്ട കഠിനമായി. തല്ലും ഇടിയും കഴുത്തു പിരിക്കലും ശക്തിപ്പെട്ടു. മറിയവും യൗസേപ്പും ഉണ്ണീശോയും കമ്മലീത്താവസ്ത്രം ധരിച്ച ഒരു കന്യാസ്ത്രീയും പലപ്പോഴും വന്നു ത്രേസ്യയെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. കന്യാസ്ത്രീയാരെന്നു ചോദിച്ചപ്പോാം അവിലായിലേ വി. ത്രേസ്യയാണെന്നു് അവാംക്ക മനസ്സിലായി. ദൈവമാതാവു ത്രേസ്യയോടു പറഞ്ഞു "നിൻേറ ആത്മപിതാവു പകൽ സമയം നിന്നെ ആശ്വസിപ്പിക്കാൻ വരും. ഞാൻ ദിവസന്തോറം പാതിരാ കഴിഞ്ഞു പിശാചു നിൻേറ വായിൽ വെള്ളം ഒഴിച്ചു കുടിപ്പിക്കാൻ പ്രയാസപ്പെടുന്ന സമയത്തു നിന്നെ സഹായിക്കൻ വരും."

അന്നു പകൽ സമയത്തു ജ്ഞാനപിതാവു ത്രേസ്യയെ ആശ്വസിപ്പിക്കാൻ ചെന്നപ്പോാം അവാം സമാധാനത്തിൽ ഉറങ്ങികിടക്കയായിരുന്നു. "ചില സംഗതികാം എനിക്ക പറയാനുണ്ടു്," എന്നൊരു സ്വരം അദ്ദേഹം കേട്ടു. "ആരാണു സംസാരിക്കുന്നതു?", പിതാവു ചോദിച്ചു. "മറിയം" എന്നു മറുപടി നല്കി. തുടന്നു് ആ സ്വരം പറഞ്ഞു: ഇവാം വളരെ ഞെരുക്കപ്പെടുന്നു

ണ്ടു്. ഞാനാണു് ഇവളെ നിദ്രയിലേയ്ക്കു് ആനയിച്ചതു്. ഇവറംക്കു ശ്വാസം കഴിക്കാൻകൂടി പ്രയാസമാണു്. ച ട്ടയ്ക്കുള്ളിൽ ഒരു മുറംച്ചട്ട മുറുക്കിയിട്ടിട്ടുണ്ടു്. അതിനാലും ശ്വാസത്തിനു തടസ്സമുണ്ടു്. മുറംച്ചട്ടയുടെ രണ്ടു കൊളുത്തുകറം ഞാൻ ഇപ്പോറം അഴിച്ചുമാററി. ഇപ്പോറം ഞെരുക്കങ്ങളും വേദനകളും അധികരിച്ചിരിക്കുന്നതിനാൽ പള്ളിയിൽ പോകുമ്പോറം മുറംച്ചട്ട ധരിക്കുകയും വീട്ടിൽവരുമ്പോറം അഴിച്ചുവെക്കയുംവേണം. വെള്ളിയാഴ്ച മുഴവനും ധരിക്കാം. ഇതു് അങ്ങു് അവളെ ഉപദേശിക്കണം. ഭക്ഷണം ശരിയാകാത്തതിനാൽ അവറംക്കു വളരെ ക്ഷീണമുണ്ടു്. ഇവറം ഭക്ഷിക്കുന്നതിനു പിശാചുക്കറം തടസ്സം ചെയ്തിരിക്കയാണു്. എൻെറ സഹായം ഇവറംക്കുണ്ടായിരിക്കും. പള്ളിയിൽ പോകുന്നതിലും വി. കുർബ്ബാനകൈക്കൊള്ളുന്നതിലും മുടക്കം വരുത്തരുതെന്നു് അങ്ങു് അവളോടു പറയണം. .......ദിവസന്തോറും അവറം കൊന്ത ചൊല്ലട്ടെ; അതിൽ കുടുംബാംഗങ്ങളെല്ലാവരും പ്രത്യേകിച്ചു മദ്യപാനിയായ ഇവളുടെ ആങ്ങളയും ചേരണം."

ആത്മപിതാവു് എല്ലാവരേയും വിളിച്ചു ജപമാല ആരംഭിച്ചു. ദൈവമാതാവു മറഞ്ഞുപോയി. ത്രേസ്യയ്ക്കു ബോധംവന്നു; പിശാചുക്കളുടെ ഞെരുക്കവും ആരംഭിച്ചു ഇനി മുമ്പിലത്തെപ്പോലെ മൂന്നുമണിക്കൂർനേരം അകലണമെന്നുപറഞ്ഞാൽ അവൻ അകലുമെന്നു തോന്നുന്നില്ലെന്നു് ദൈവമാതാവു് ജ്ഞാനപിതാവിനോടു പറഞ്ഞു.

ആത്മപിതാവു പിശാചിനോടു മൂന്നുമണിക്കൂർ ത്രേസ്യയിൽനിന്നു് മാറിനില്ക്കുവാൻ ദൈവനാമത്തിൽ കല്പിച്ചു ക്രമേണ ബോധക്ഷയം വന്നു. അപ്പോറം ഉഗ്ര

കോപത്തോടെ "ഞാൻ മാറുകയില്ല: എന്നെഅലട്ടേണ്ടാ. എനിക്ക് എന്തും ചെയ്യാൻ അനുവാദമുണ്ട്. ഞാൻമാറുകയില്ല; വേണമെങ്കിൽ കാൽ മണിക്കൂർ നേരത്തേക്കുപോകാം"

"പോരാ, മൂന്നുമണിക്കൂർ നേരത്തേക്കു പോകണം. നിൻെറ പേരെന്തു്?"

"ലൂസിഫർ."

"നിന്നോടുകൂടെ എത്രപേരുണ്ടു്?

"മൂവ്വായിരം പേരുണ്ടു്."

"ഏതായാലും നീ ഇപ്പോൾ വിട്ടുമാറണം"

അതു പിശാചുസമ്മതിച്ചു; ത്രേസ്യയ്ക്കുബോധം വന്നു കുറച്ചു കഞ്ഞികുടിക്കുവാൻ ആത്മപിതാവു ഉപദേശിച്ചു. കഞ്ഞി ചുണ്ടിൻെറ അടുത്തു വന്നപ്പോൾ അവൾ ഛർദ്ദിയ്ക്കാൻതുടങ്ങി. തന്നിമിത്തം അവൾ ഒന്നുംഭക്ഷിച്ചില്ല. പാതിരാ കഴിഞ്ഞപ്പോൾ പിശാചു ദൈവമാതാവിൻെറ വേഷത്തിൽ കഞ്ഞിയും കൊണ്ടുവന്നു. ത്രേസ്യാ അവളോടു കുരിശുവരയ്ക്കാൻ ആവശ്യപ്പെട്ടു. അവൾ കുരിശു വരച്ചില്ല. കുറെക്കഴിഞ്ഞു് അവൾ മാറിപ്പോവുകയും ദൈവമാതാവു് അവളുടെ അടുക്കലെത്തുകയും ചെയ്തു. അവിടുന്നുപറഞ്ഞു: "പിശാചു എൻെറ വേഷത്തിൽ വന്നിരിക്കയായിരുന്നു നിന്നെ വി. കുർബ്ബാന കൈക്കൊള്ളിപ്പിക്കാതിരിക്കാനാണു കഞ്ഞിയും കൊണ്ടുവന്നതു്. നീ വ്യസനിക്കേണ്ട. നിനക്കു് എൻെറ സഹായമുണ്ടാകും."

അക്കാലത്തു ത്രേസ്യ അനുഭവിക്കേണ്ടിവന്ന ഞെരുക്കങ്ങൾ ഭയങ്കരമാണു്. ചെകിടത്തു്അടി; തന്നിമിത്തം കൊരടത്തു നീരു; ചെകിട്ടുകുത്തു്, പല്ലുകുത്തു്. അസ്തമനം മുതൽ ആത്മപിതാവു പിശാചിനെ മാററിനിറുത്തുന്ന

ളുവരെ ഞെരുക്കംതന്നെ. ഉച്ച കഴിഞ്ഞു് നേരംവെളുക്കുന്നതുവരെ ഒരാശ്വാസവുമുണ്ടായിരുന്നില്ല. സന്ധ്യാസമയത്തു ഞെരുക്കം തുടങ്ങുമ്പോൾ പിശാചിനോടു മാറിനില്ക്കാൻ ആത്മപിതാവു കല്പിക്കും. കുറേനേരം പിശാചുക്കൾ മാറിനില്ക്കും. പാതിരാകഴിഞ്ഞു ദൈവമാതാവു ഉണ്ണീശോയോടുകൂടെയോ വി. യൗസേപ്പിൻെറ കൂടെയോ ആവിലായിലെ വി. ത്രേസ്യയോടുകൂടെയോ പ്രത്യക്ഷപ്പെട്ടു ത്രേസ്യയെ ആശ്വസിപ്പിച്ചിരുന്നു. പിശാചു അടിച്ചുവേദനപ്പെടുത്തിയിരുന്ന ഭാഗങ്ങളിൽ ത്രേസ്യാപുണ്യവതി തലോടിയിരുന്നു. പലപ്പോഴും ഭക്ഷണം കഴിക്കുന്നതിനു പിശാചു തടസ്സമുണ്ടാക്കിക്കൊണ്ടിരുന്നു. അങ്ങനെയുള്ള കാലങ്ങളിൽ ഒന്നും രണ്ടും ദിവസം കഴിയുമ്പോൾ ഒരു മാലാഖ വന്നു പിശാചുക്കളെ വടികൊണ്ടു ആട്ടിഓടിക്കുകയും ത്രേസ്യക്കു ഭക്ഷണം കഴിക്കാൻ സൗകര്യമുണ്ടാക്കിക്കൊടുക്കുകയും ചെയ്തിരുന്നു. ജ്ഞാനപിതാവു ആശ്വസിപ്പിക്കാൻ വരുമ്പോൾ "ഇതാ നിന്നെ ആശ്വസിപ്പിക്കാൻ വരുന്നു" എന്നു പറഞ്ഞു കൂടുതലായി അവളെ ഞെരുക്കിയിരുന്നു

**1904 മേയ് 10-ാംനു-**

ഒരുദിവസം വി. കുർബാന സ്വീകരിക്കുന്നതിനുമുമ്പു കുമ്പസാരിക്കണമെന്നു കരുതി ത്രേസ്യാ പള്ളിയിലേക്കു വന്നു. എന്നാൽ വൈദികൻ കുമ്പസാരക്കൂട്ടിൽ വന്നപ്പോൾ ഇവൾക്കു മുട്ടുകുത്തിയ സ്ഥലത്തുനിന്നു് എഴുന്നേല്ക്കാൻ കഴിഞ്ഞില്ല. എന്നാൽ വി. കുർബാന സ്വീകരിക്കേണ്ട സമയമായപ്പോൾ അവൾ പോയി വി. കുർബാനസ്വീകരിച്ചു.

മേയ് 10-ാംനു- ത്രേസ്യാ വഴി പരിശുദ്ധദൈവമാതാവു ഫാദർ വിതയത്തിലിന്നു ഇപ്രകാരം അറിയിച്ചു: "ഞാൻ ഇവളെ ആശ്വസിപ്പിക്കാൻ വരുന്നതുകൊണ്ടു പിശാചു കോപിച്ചിരിക്കയാണു്. ആകയാൽ ത്രേസ്യയെ ഇപ്പോഴത്തെക്കാൾ കഠിനമായി ഞെരുക്കുവാൻ അവൻ നിശ്ചയിച്ചിരിക്കുന്നു. അവൻെറ കഴിവുപോലെ ഞെരുക്കുവാൻവേണ്ട അനുവാദം അവൻ ദൈവത്തോടു് ആവശ്യപ്പെട്ടിരിക്കയാണു്. ഞാൻ ഇങ്ങനെ ആശ്വാസങ്ങൾ നല്കുന്നതിനെപ്പററി പിശാചു ദൈവത്തോടു് ആവലാതി പറയുന്നുണ്ടു്. ആകയാൽ എല്ലാദിവസവും ഞാൻ ആശ്വസിപ്പിക്കയില്ല. ഇവൾ പള്ളിയിൽ പോയി വി. കുർബ്ബാന സ്വീകരിക്കുന്നതിനു് പിശാചു തടസ്സമുണ്ടാക്കും നടന്നുപോകാൻ പാടില്ലാതെയാകും.

പാടുപെട്ടാണെങ്കിലും പള്ളിയിൽ പോകണമെന്നു. തീരെ പ്രയാസമാണെങ്കിൽ നോമ്പു കളയാതെ വി കുർബ്ബാന സ്വീകരിക്കാൻ ഒരുങ്ങികിടക്കണമെന്നും ഇവളോടു കല്പിക്കണം. പിശാചിനു് അനുവദിച്ചിരിക്കുന്ന അവധി തീരുന്നതിന്നു് ഇനി 8 മാസവും 17 ദിവസമുണ്ടു്. തിരുഹൃദയത്തിരുനാൾ ദിവസം പള്ളിയിൽ പോകാതിരിപ്പാൻ വലിയതടസമുണ്ടാകും; ഇടത്തുകാലിൽ സ്വാധീനമില്ലാതാകും. കഷ്ടപ്പെട്ടാണെങ്കിലും പള്ളിയിൽ പോകാൻ ഇവളെ നിർബ്ബന്ധിക്കണം".

ഇങ്ങനെതന്നെ സംഭവിച്ചു. തിരുഹൃദയത്തിരുനാൾ ദിവസം ഇവൾക്കു നടക്കുക പ്രയാസമായി. ഇടത്തെ കാലിനു സ്വാധീനമില്ലാതായി. ആത്മപിതാവിൻെറ നിർബ്ബന്ധപ്രകാരം നടന്നും ഇരുന്നും ഒന്നര മണി

ക്കൂറു കൊണ്ടു് ഇവൾ പള്ളിയിലെത്തി. അഞ്ചു മിനിററു കൊണ്ടുചെയ്യാവുന്ന യാത്രയ്ക്കാണു് ഒന്നര മണിക്കൂറെടുത്തതു്. അന്നു വി. കുർബ്ബാന സ്വീകരിച്ച അടുത്ത ദിവസങ്ങളിൽ പിശാചിന്റെ ഞെരുക്കങ്ങൾ കൂടുതലായിരുന്നു. വളരെയേറെ പിശാചുക്കൾ വന്നാണു് അലട്ടിയിരുന്നതെന്നു പറയുന്നു.

ഒരുദിവസം പാതിരാകഴിഞ്ഞു ദൈവമാതാവു് ഇവളെ ആശ്വസിപ്പിക്കാൻ വന്നപ്പോൾ കാലത്തു പള്ളിയിൽ പോയി വി. കുർബ്ബാന സ്വീകരിക്കുന്നതിനു സാധിക്കയില്ലെന്നു ദൈവമാതാവു ത്രേസ്യയെ അറിയിച്ചു. പ്രഭാതത്തിൽ രണ്ടു കുട്ടികൾ വന്നു പീഠമൊരുക്കി; ഒരു വൈദീകൻ പൂജാവസ്ത്രങ്ങൾ ധരിച്ചു വി. കുർബ്ബാന ചൊല്ലി അവൾക്കു വി. കുർബ്ബാന നല്കി. വി. കുർബ്ബാന എവിടെനിന്നാണു ആരംഭിച്ചതെന്നു് ആത്മപിതാവു് ചോദിച്ചപ്പോൾ അവൾ പറഞ്ഞു "പരിശുദ്ധൻ, പരിശുദ്ധൻ" എന്നു തുടങ്ങിയാണെന്നു്.

**1904 ജൂൺ 26-ാംനു-**

അതു ഒരു ഞായറാഴ്ചയായിരുന്നു. ത്രേസ്യാ വി. കുർബ്ബാനസ്വീകരിക്കുവാൻ ഇതരരോടൊപ്പം ബലിപീഠത്തിന്റെ അരികെ മുട്ടുകുത്തി. വൈദികൻ തിരുവോസ്തി കൈയ്യിലെടുത്തു് ഉയർത്തിയപ്പോൾ ഇവൾ സാഷ്ടാംഗപ്രണാമം ചെയ്തു. തിരുവോസ്തിയിൽ ഉണ്ണീശോയെ അവൾ കണ്ടു. തൽക്ഷണം ഒരാൾ അവൾക്കു വി. കുർബ്ബാന കൊടുത്തു! ഉടനെ ത്രേസ്യയ്ക്കു് ഒരു പാരവശ്യമുണ്ടായി. സ്വർഗ്ഗത്തിന്റേതുപോലെ ഒരു കാഴ്ച അവൾകണ്ടു. ഒരു മഹാഭവനത്തിൽ ഒരു സിംഹാസനവും സിംഹാസനത്തിന്മേൽ

ഈശോയും പരിശുദ്ധമറിയവും ഇരിക്കുന്നതും മലാഖാമാർ സ്തുതിക്കുന്നതും അവറം കണ്ടു. വി. കർബ്ബാനകഴിയുന്നതു വരെ അവിടെ സാഷ്ടാംഗമായിക്കഴിച്ചു.

വേറൊരു ദിവസം വൈദീകൻ വി. കുർബ്ബാന നല്കുന്നതിന്നുമുമ്പ് തിരുവോസ്തി ഉയത്തിയപ്പോറം തിരുവോസ്തിയിൽ ക്രൂശിതനായ ഈശോയെ അവറം കണ്ടു. അവിടന്നു് അതീവദു:ഖിതനായിരുന്നു വിവറം ത്രേസ്യാ ആത്മപിതാവിനെ അറിയിച്ചു. ഇനി മാതാവു് ആശ്വസിപ്പിക്കാൻ വരുമ്പോറം അവിടുത്തോടു അതിനെപ്പററി ചോദിക്കുകയെന്നു ആത്മപിതാവു ത്രേസ്യയോടു പറഞ്ഞു. അന്നു മററുചിലസ്ഥലങ്ങളിലെന്നപോലെ ആ പള്ളിയിൽ ചിലർ ദൈവദോഷത്തോടെ വി. കുബ്ബാന സ്വീകരിച്ചതിനാലത്രേ ഈശോ പീഢിതനായി കാണപ്പെട്ടതെന്നു ദൈവമാതാവു ത്രേസ്യയ്ക്കു വെളിപ്പെടുത്തിക്കൊടുത്തു.

1904 ജൂലായ് 1-ാംനു- ആദ്യവെള്ളിയാഴ്ച വി. കുബ്ബാന സ്വീകരിച്ചപ്പോറം ത്രേസ്യയ്ക്കു വീണ്ടും സ്വർഗ്ഗത്തിൻെറ ഒരു കാഴ്ചയുണ്ടായി. ജ്ഞാനപിതാവിൻെറ സ്നേഹിതൻ ഒല്ലൂരു വികാരി ചിറമേൽ മാത്തച്ചനു് വേണ്ടിപ്രാർത്ഥിക്കണമെന്നു് ജ്ഞാനപിതാവു് അന്നു ത്രേസ്യയോടു് ആവശ്യപ്പെട്ടിരുന്നു. മാത്തച്ചൻ രോഗബാധിതനായിരുന്നു. രോഗത്തിനു് ശമനമുണ്ടാകുമെന്നു് ത്രേസ്യാ ജ്ഞാനപിതാവിനെ അറിയിച്ചു. അന്നു വി. കർബാനയിൽ അവറം ഉണ്ണീശോയെ കാണുകയുണ്ടായി. ഈ ദിവ്യകാഴ്ചകളോടൊപ്പം പിശാചിൻെറ ഞെരുക്കങ്ങറം തുടന്നുകൊണ്ടേയിരുന്നു.

1904 ജൂലായി 3-ാംനു-

മാർത്തോമാശ്ലീഹായുടെ തിരുന്നാൾദിവസമായിരുന്നു. അന്ന് വി. കർബാന സ്വീകരണത്തിനുശേഷം അവൾക്കു സ്വർഗ്ഗത്തിന്റെ കാഴ്ച വീണ്ടുമുണ്ടായി. മഹാമണിമന്ദിരം, അതിൽ ഒരു സിംഹാസനം. സിംഹാസനത്തിൽ ഈശോയും മറിയവും. മാലാഖാമാർ ചുററുംനിന്നു സ്തുതികൾ പാടുന്നു. വിവിധവേഷഭൂഷരായ അനേകർ മുട്ടുകുത്തി നിന്നു സിംഹാസനസ്ഥരെ ആരാധിക്കുന്നതു് അവൾ കണ്ടു. ത്രേസ്യയ്ക്കു് അവരുടെ ഇടയിൽ ഒരു സ്ഥാനം കിട്ടി. മാലാഖാമാർ അവളോടു മുട്ടുകുത്തി ആരാധിക്കാനും വേണ്ടതെല്ലാം ചോദിക്കാനും ആവശ്യപ്പെട്ടു. ഒരു ദിവസം മുഴുവനും അവളങ്ങനെ കിടന്നു; എന്നാൽ അവൾക്കു് അതു് ഒരുനിമിഷംപോലെയാണു തോന്നിയതു്.

ഒരുദിവസം പിശാചിന്റെ ഞെരുക്കത്താൽ ഇവളുടെ കാലിനു സ്വാധീനമില്ലാതെ വന്നു. അന്നു കത്താവു അവളുടെ വീട്ടിൽ ദിവ്യപൂജ സമർപ്പിച്ചു് അവൾക്കു ദിവ്യകാരുണ്യം നല്കി. അനന്തരം കർത്താവു് തന്റെ ഹൃദയവും മുൾമുടിയും കാണിച്ചുകൊണ്ടു് അവയിലൊന്നു് അവൾക്കു നല്കാൻ നിശ്ചയിച്ചിരിക്കുന്ന കാര്യം അവളെ അറിയിച്ചു. ഈശോയുടെ നിർദ്ദേശാനുസാരം ഈ വിവരം ആത്മപിതാവിനെ അവൾ അറിയിച്ചു. "നീ ഏതാണു് തിരഞ്ഞെടുക്കുന്നതു്?" ആദ്ദേഹം ചോദിച്ചു. "ഹൃദയം" എന്നു് അവൾ മറുപടിപറഞ്ഞു. "കൊള്ളാം, അപേക്ഷിച്ചുകൊള്ളുക. രണ്ടും ചുമക്കണമെന്നാണു ദൈവതിരുമനസ്സെങ്കിൽ, രണ്ടും വരിച്ചുകൊള്ളുക," ആത്മപിതാവു പ്രസ്താവിച്ചു.

**1904 ജൂലായി 7-ാംനു-**

പിശാചിൻെറ ഞെരുക്കങ്ങൾ തുടന്നു. അടിയും ഇടിയും ധാരാളം അവൾക്കു കിട്ടി. വയറുവേദനയും പല്ലുവേദനയും പിശാചു് ഉളവാക്കിയെന്നു ഫാദർ വിതയത്തിൽ പറയുന്നു. ജൂലായി 7-ാംനു- ഉച്ചതിരിഞ്ഞു അസ്തമനത്തിനു മുമ്പ് ആത്മപിതാവു് ത്രേസ്യയെ ആശ്വസിപ്പിക്കാൻ ചെന്നു. അവൾക്കു ബോധമില്ലായിരുന്നു. എങ്കിലും ഒരു സ്വരം കേട്ടു. "ആരു്?" അദ്ദേഹം ചോദിച്ചു "കന്യകാമറിയം" എന്നു മറുപടി. "എൻെറ അച്ചാ, ഇവൾ കഠിനമായി ഞെരുക്കപ്പെടുന്നു. വീട്ടുകാരും ഇവളെ സഹായിക്കുന്നില്ല. അവളെ അങ്ങോട്ടും ഇങ്ങോട്ടും തിരിച്ചു കിടത്തുന്നതിനും അവർ തയ്യാറില്ല. എൻെറ പ്രിയപ്പെട്ട മകളെ ഞാൻ ഉപേക്ഷിക്കയില്ല. കുറെനാൾകൂടി കഷ്ടപ്പാടുകൾ സഹിക്കട്ടെ. എൻെറ അച്ചാ, അച്ചൻ ഇവളെ സഹായിക്കണം; ആശ്വസിപ്പിക്കണം. ഭയപ്പെടേണ്ടാ. ഈ ലോകത്തിൽ അല്ലെങ്കിൽ പരലോകത്തിൽ അച്ചനു് പ്രതിഫലം കിട്ടും."

ഉടനെ അവൾക്കു ബോധം വന്നു. പിശാചുക്കളുടെ ഞെരുക്കം തുടങ്ങി. അവളുടെ കൊന്ത തിരിയെ കൊടുക്കാനും മൂന്നു മണിക്കൂർ നേരത്തേക്കു് അവളെ വിട്ടുപോകാനും ജ്ഞാനപിതാവു് കല്പിച്ചു. പിശാചുക്കൾ അനുസരിച്ചു.

**ശുദ്ധീകരാത്മാവിൻെറ കാഴ്ച**

തലോറ്റി ഇടവകയിൽ മരിച്ച ഒരാൾ ത്രേസ്യക്കു കാണപ്പെട്ടു പറഞ്ഞു: "നിൻെറ അപേക്ഷകളുടെ സഹായത്താൽ മനസ്താപത്തോടെ മരിക്കാൻ എനിക്കു കഴിഞ്ഞു.

ഉടനെ ആത്മാവു മറഞ്ഞുപോയി. രണ്ടുദിവസംകഴിഞ്ഞ് അതേആത്മാവ് പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "ഞാൻ ദീർഘനാൾ ശുദ്ധീകരസ്ഥലത്തിൽ കിടക്കണമെന്നാണ് എനിക്കുലഭിച്ചിരിക്കുന്നവിധി. ആകയാൽ എനിക്കുവേണ്ടി അപേക്ഷിക്കുക." ഉടനെ ആത്മാവ് അപ്രത്യക്ഷമായി. ഈ ആത്മാവ് വീണ്ടും ഒന്നു രണ്ടു പ്രാവശ്യം തീയിൽ കിടന്നു കഷ്ടപ്പെടുന്നതായി അവൾ കണ്ടു. ഈയാൾക്കു വേണ്ടി പ്രാർത്ഥിക്കണമെന്ന് ഇയാളുടെ വീട്ടുകാരോട് ആവശ്യപ്പെടണമെന്നു ദൈവമാതാവു ത്രേസ്യയോടാവശ്യപ്പെട്ടു. ഉത്തരിപ്പുകടം വീട്ടാൻ ഇയാൾ ഏർപ്പാടു ചെയ്തിട്ടുണ്ടെങ്കിലും അന്യൻെറ ഒരു സാധനം അയാൾ ബലമായി പിടിച്ചു വച്ചിട്ടുണ്ട്. അയാൾ എന്തോ കട്ടുവെന്ന അടിസ്ഥാനരഹിതമായ ശങ്കയെ ആസ്പദമാക്കിയാണ് ഈ പിടിച്ചുപറി. ഒരു കുർബാന ചൊല്ലിക്കാൻ നേർന്നിട്ടുള്ളതു ബാക്കികിടപ്പുണ്ട്.

ഒരു ദിവസം വീട്ടിൽ വച്ചു മാലാഖാ ത്രേസ്യയ്ക്കു വി. കുർബാന നല്കി. ഉടനെ അവൾക്ക് ഒരു ജ്ഞാനപരവശമുണ്ടായി. അതിനിടയ്ക്കു ദൈവമാതാവ് അവളെ തീയെരിഞ്ഞുകൊണ്ടിരുന്ന ഒരഗാധഗർത്തത്തിൻെറ അരികേ നിറുത്തി. അവിടെ ആത്മാക്കൾ തീയിൽ കിടന്നു കഷ്ടപ്പെടുന്നതു് അവൾ കണ്ടു. അവൾക്കുതന്നെ ചൂടുതോന്നി. "ഇവർ അനുഭവിക്കുന്ന വേദനയോടു നിൻെറ ഞെരുക്കങ്ങളെ തട്ടിച്ചു നോക്കുകയാണെങ്കിൽ, നിൻെറ യാതനകൾ എത്ര തുച്ഛം! നീ ഇവരെ സഹായിക്കയില്ലേ?" എന്നു ദൈവമാതാവു ത്രേസ്യയോടു ചോദിച്ചു. കുറച്ചുനേരവും കൂടി അവൾ ആ അഗ്നികുണ്ഡത്തിലേക്കു നോക്കിനിന്നു. ഉടനെ സ്വർഗ്ഗത്തിൻെറ കാഴ്ചയുണ്ടായി.

പൈശാചികാക്രമണങ്ങഠം തുടൻപോന്നു. ഒരു ദിവസം പിശാചുക്കഠം അവളുടെ കൊന്തയെടുത്തു പൊട്ടിച്ചുകളഞ്ഞു. വയററുവേദനയും ശങ്കുവേദനയും അവർ വദ്ധിപ്പിച്ചു. അവളെ അലട്ടിയിരുന്ന പിശാചുക്കളുടെ എണ്ണം ഏഴായിരത്തോളമായി. അതേസമയം കത്താവു തൻെറ മുറിവുകളോടുകൂടെ കരിശു ചുമന്നു പോകുന്ന കാഴ്ചയും ധാരാളമായി ഇവഠംക്ക് ഉണ്ടായിക്കൊണ്ടിരുന്നു. ഒരിക്കൽ ക്രൂശിതനായ ഈശോ അവളോടു പറഞ്ഞു: "എന്നെ സ്നേഹിക്കുന്നവർ നന്നേ ചുരുക്കമൊണു്. ഈ ഇടവകയിലും നന്നേ ചുരുക്കം തന്നേ. എന്നെ ആശ്വസിപ്പിക്കുന്നതിന്നു് പകരം അവർ എന്നെ ദുഃഖിപ്പിക്കുന്നു. എന്നെ സ്നേഹിക്കുന്നവരെ ഞാൻ കാണുന്നില്ല."

ഒരുദിവസം ത്രേസ്യയ്ക്കു സ്വീകരിക്കാനുള്ള തിരുവോസ്തിയെടുത്തു് അവളുടെ വായിലേക്കു് അടുപ്പിച്ചപ്പോഠം ആ തിരുവോസ്തിയിൽ ദിവ്യരക്ഷകൻ നിണമണിഞ്ഞു നില്ക്കുന്നതായി അവഠം കണ്ടു. "ഹാ, എൻെറ കത്താവേ, എന്നിലുള്ള അയോഗ്യതകഠം കൊണ്ടാണു് ഇതു സംഭവിച്ചതെങ്കിൽ പാപസങ്കീത്തനം കഴിച്ചു് അങ്ങയെ സ്വീകരിക്കുവാൻ കനിയണമേ" എന്നു്. അവഠം അപേക്ഷിച്ചു. ഉത്തരമൊന്നുമുണ്ടായില്ല. അന്നു ദൈവമാതാവു് അവളെ ആശ്വസിപ്പിക്കാൻ വന്നപ്പോഠം മേല്പറഞ്ഞ കാഴ്ചയുടെ കാരണം വിവരിച്ചു. ദൈവദോഷത്തോടെ വി. കർബ്ബാന സ്വീകരിക്കുന്നവരുടെ കുററമാണു് ഈ സന്താപകാഴ്ചയ്ക്കു നിദാനമെന്നു ദൈവമാതാവു വ്യക്തമാക്കി. ദൈവം പിശാചുക്കഠംക്കു് അനുവദിച്ചിരിക്കുന്ന പരീക്ഷയുടെ അവധി 1905 ജനുവരി 23-ാംനു- അവസാനിക്കുമെന്നു ദൈവമാതാവു പ്രസ്താവിച്ചു.

അങ്ങനെ പിശാചുക്കളുടെ ആക്രമണം ശക്തിമത്തായിത്തന്നെ തുടൎന്നു "വി. കുർബാന സ്വീകരിക്കുമ്പോഴുള്ള ജ്ഞാനപാരവശ്യം ആവർത്തിച്ചുകൊണ്ടിരുന്നു. തന്നിമിത്തം ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ജനക്കൂട്ടം ദൈവാലയം വിട്ടശേഷം വി. കുർബാന സ്വീകരിക്കാൻ അനുമതിനല്കണമെന്നു് അവൾ പ്രാൎത്ഥിച്ചു. 'അതുവേണ്ടാ' എന്നായിരുന്നു മറുപടി. പിശാചുക്കളുടെ ആക്രമണം വർദ്ധിച്ചുകൊണ്ടേയിരുന്നു. ഒരിക്കൽ അവൾ ജ്ഞാനപിതാവിനോടു പറഞ്ഞു! "എന്റെ പിതാവേ, ഞാൻവലഞ്ഞല്ലോ" ജ്ഞാനപിതാവു സദുപദേശങ്ങൾ പറഞ്ഞുകൊടുത്തു് അവളെ ആശ്വസിപ്പിച്ചു. ജപമാല തുടൎന്നുചൊല്ലാൻ അദ്ദേഹം ഉപദേശിച്ചു.

ഒരിക്കൽ ജ്ഞാനപിതാവു് ത്രേസ്യയുടെ വീട്ടിൽ ചെന്നപ്പോൾ പിശാചുക്കൾ ത്രേസ്യയെ മണ്ണെണ്ണത്തിന്മേൽകിടത്തിയിരിക്കയായിരുന്നു. ഉടനെമാററികിടത്തിച്ചു. വേറൊരിക്കൽ അവളെ തുണികൊണ്ടു പൊതിഞ്ഞു വായിൽ തുണികൊണ്ടു തിരുകിട്ടു് പിശാചുക്കൾ ത്രേസ്യയെ ഇടിക്കയായിരുന്നു.

അതിനിടയ്ക്കു മുമ്പു പറഞ്ഞ ശുദ്ധീകരാത്മാവു ത്രേസ്യയ്ക്കു കാണപ്പെട്ടു പറഞ്ഞു: "നിന്റെ അപേക്ഷകൾ കൊണ്ടു് എനിക്കാശ്വാസമുണ്ടു്; എന്നാൽചിലപ്പോൾ നീ എന്നെ മറക്കുന്നു. ഒമ്പതു കൊല്ലത്തേക്കാണു ഞാൻ വിധിക്കപ്പെട്ടിരിക്കുന്നതു" അങ്ങനെ ത്രേസ്യാ ചിലപ്പോൾ മറന്നുപോയിരുന്നു. വേറൊരവസരത്തിൽ ശുദ്ധീകരസ്ഥലത്തിൽ നിന്നു് ആ ആത്മാവു മഹാനന്ദത്തോടുംമാലാഖമാരുടെ അകമ്പടിയോടും കൂടെ സ്വൎഗ്ഗത്തിലേക്കുപോകുന്നതു ത്രേസ്യാ കണ്ടു.

## ഈശോ ത്രേസ്യക്കു് തൻെറ ഹൃദയം നല്കുന്നു.

ഈശോ ത്രേസ്യക്കു തൻെറ ഹൃദയം നല്കാമെന്നു വാഗ്ദാനം ചെയ്തിട്ടുള്ളതു് അനുവാചകർ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലൊ. 1904 ഓഗസ്റ്റ് 15-ാംനു-യാണു് ഈശോ തൻെറ വാഗ്ദാനം നിറവേററിയതു്. 13,14,15, എന്നീതിയതികളിൽ പിശാചുക്കളുടെ ആക്രമണം അവൾക്കു് അനുഭവപ്പെട്ടില്ല. ഈ ദിവസങ്ങൾ ധ്യാനത്തിലും ഏകാന്തതയിലും ഉപവാസത്തിലും കഴിക്കണമെന്നു ദൈവമാതാവു ഉപദേശിച്ചിരുന്നു ഹൃദയം നല്കുന്ന വേളയിൽ ജ്ഞാനപിതാവുണ്ടായിരിക്കണമെന്നും നിർദ്ദേശമുണ്ടായി. വീട്ടുകാർ കൃതജ്ഞത പ്രദർശിപ്പിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ആത്മപിതാവു അനുഭവിക്കുന്ന ക്ലേശങ്ങൾക്ക സർവ്വേശ്വരൻ സ്വർഗ്ഗത്തിൽ പ്രതിഫലം നല്കുമെന്നു കർത്താവു ത്രേസ്യയെ അറിയിച്ചു. ഇവൾ ജ്ഞാനപരവശയായ നേരത്തു ദൈവമാതാവു ഇവൾവഴി, "പിതാവിനെ കർത്താവു് ആശീർവ്വദിക്കുന്നു" വെന്നു പറഞ്ഞു.

15-ാംനു- സ്വർഗ്ഗാരോപണത്തിരുനാൾ ദിവസം രാവിലെ മൂന്നുമണിമുതൽ ദൈവമാതാവു ത്രേസ്യയോടുകൂടെ ഉണ്ടായിരുന്നു. അന്നു് അസ്തമിച്ചശേഷം ത്രേസ്യാ മുട്ടുകുത്തി ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ കർത്താവു കന്യകാമറിയത്തോടും മാലാഖാമാരോടും വന്നു് തൻെറ ഹൃദയം ഇവൾക്കു കൊടുത്തു; "നിൻെറ ഹൃദയം ഞാൻ എടുക്കുന്നു. നീ ശരണക്കേടിൽപ്പെട്ടാൽ എൻെറ ഹൃദയം ഞാൻ തിരിച്ചെടുക്കും" എന്നു് അവിടുന്നു് അവളോടരുൾചെയ്തു.

### ഒരു പാപിയുടെ മാനസാന്തരം

ആത്മപിതാവിന്റെ ഉപദേശപ്രകാരം ത്രേസ്യാ പാപികളുടെ മാനസാന്തരത്തിനു വേണ്ടി പ്രാത്ഥിക്കുക പതിവായിരുന്നു. ഒരു ദിവസം ദൈവമാതാവ് ഇവളോടു തീരെ വിശ്വാസമില്ലാതെയും ക്രമമില്ലാതേയും ജീവിക്കുന്ന ഒരു പാപിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നാവശ്യപ്പെട്ടു. അപ്രകാരം അവൾ ചെയ്തുവന്നു.

അങ്ങനെയിരിക്കേ, ഒരു ദിവസം ഏകദേശം പാതിരായ്ക്കു് ഈ പാപിയുടെ വീട്ടിൽ നിന്നു് ഒരാൾ വികാരിയച്ചനെ വിളിച്ച് അയ്യാൾ കുമ്പസാരിക്കാനും, അന്ത്യകൂദാശകൾ സ്വീകരിക്കാനും ആഗ്രഹിക്കുന്നുവെന്നു് അറിയിച്ചു. വികാരിയച്ചൻ ഉടനെ സ്ഥലത്തെത്തി. രോഗി പറഞ്ഞു: "അച്ചാ, എനിക്കു കുമ്പസാരിക്കണം. രണ്ടുമൂന്നു ദിവസമായി പിശാചുക്കൾ എന്നോടു നേരിട്ടു യുദ്ധം ചെയ്യുന്നതിനും ശരണക്കേടു വരുത്തുന്നതിനും തുടങ്ങിയിട്ടുണ്ടു്. ഇതാ ഇപ്പോൾ ഈ മുറിയിൽ ഭയങ്കരവേഷത്തിൽ അനേകം പിശാചുക്കൾ നില്ക്കുന്നുണ്ടു്. ഞാൻ ചെയ്തിട്ടുള്ള തെററുകൾ അനുസ്മരിച്ചും ഓരോന്നു കാണിച്ചും അവരെന്നെ പരിഭ്രമിപ്പിക്കുന്നു. വികാരി അയാൾക്കു സദുപദേശങ്ങൾ പറഞ്ഞുകൊടുത്തു കുമ്പസാരത്തിനൊരുക്കി. അയാൾ ഒരു മുഴുവൻ കുമ്പസാരം കഴിച്ചു "ഇപ്പോൾ നീ മുറിയിൽ പിശാചുക്കളെ കാണുന്നുണ്ടോ?" വൈദികൻ ചോദിച്ചു. "ഇല്ല" എന്നു മറുപടി. "നാളെ നീ വി. കർബാന കൈക്കൊള്ളണം" വികാരിയച്ചൻ പറഞ്ഞു. "നാളെ കാലത്തു പള്ളിയിൽ വന്നു വി. കർബാന കൈക്കൊള്ളാം"

„ശരി, ഞാൻ ഇപ്പോഠം പോകട്ടെ". വികാരിയച്ചൻ പള്ളിയിലേക്കമടങ്ങി. പ്രഭാതത്തിൽ അദ്ദേഹം വി. കർബാന ചൊല്ലാൻ ഒരുങ്ങിനില്ക്കുമ്പോഠം പാപിയുടെ വീട്ടിൽ നിന്നു് ഒരാഠം വന്നു പറഞ്ഞു: „രോഗിക്ക സുഖക്കേട്ട കൂടുതലാണു്. അച്ചൻ ഉടനെ വന്നു വി. കർബാന കൊടുക്കണം"

വികാരിയച്ചൻ വി.കർബാനയെടുത്തു് തൽക്ഷണം വീട്ടിലേക്കപുറപ്പെട്ടു. രോഗി ബോധമില്ലാതെ അസംബന്ധങ്ങഠം പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. "ഞാൻ നശിച്ചു; തീയിൽ വേവുന്നു." എന്നൊക്കെ അയാഠം പുലമ്പി. എല്ലാവരും മുട്ടുകുത്തി ജപമാലചൊല്ലാൻ വികാരിയച്ചൻ ആജ്ഞാപിച്ചു. ത്രേസ്യയും അവിടെയുണ്ടായിരുന്നു. എല്ലാവരും കൂടി ജപമാലചൊല്ലി. പാപിയുടെ ശരണക്കേട്ട തുടന്നു. വികാരിയച്ചൻ വി. കർബാന ദൈവാലയത്തിലേക്ക മടക്കിക്കൊണ്ടുവന്നു.

വി. കർബാനയ്ക്കുശേഷം ത്രേസ്യാ ജ്ഞാനപിതാവിനെ കണ്ടു് അവളുടെ അനുഭവങ്ങഠം വിവരിച്ചു. "ആ പാപിയുടെ മാനസാന്തരത്തിനുവേണ്ടി നീ ദൈവമാതാവിനോട്ട പ്രാത്ഥിക്കുക" എന്നുജ്ഞാനപിതാവും ആജ്ഞാപിച്ചു. അന്നു •പിശാചിൻെറ ഞെരുക്കങ്ങളുണ്ടായിരുന്നില്ല; തന്നിമിത്തം വി. കുർബ്ബാനയുടെ മുമ്പാകെ അവഠം ആ പാപിക്ക വേണ്ടി വളരെയേറെ പ്രാർത്ഥിച്ചു. പിറേറ ദിവസം മദ്ധ്യാഹ്നത്തോടുകൂടി പാപിക്ക ബോധം വന്നു. പിശാചുക്കഠം കൂട്ടമായി ത്രേസ്യയുടെ അടുക്കൽവന്നു്, "നിനക്ക നിൻെറ കാര്യം അന്വേഷിച്ചാൽ പോരേ?" എന്നു ചോദിച്ചുകൊണ്ടു് ഒരുത്തൻ കൊമ്പനാന

യുടെ ഭാവത്തിൽ അവളുടെ പള്ളയ്ക്കു കുത്തി. വലിയ ഒരു മുറിവുണ്ടായി. രക്തംകൊണ്ടു ചട്ട നനഞ്ഞശേഷം പായയിൽ ഒഴുകി. അവൾക്കു ബോധക്ഷയം വന്നു. അതിനിടയ്ക്കു് "പിതാവിനെ വിളിക്കുള," എന്നു് അവൾ നിലവിളിച്ചു. പിതാവു് ആ പാപിയുടെ വീട്ടിലേക്കു പോയിരിക്കയായിരുന്നു. ഉടനെ അദ്ദേഹം ത്രേസ്യയുടെ അടുക്കലെത്തി. "ഞാൻ ഇവളെ ആശ്വസിപ്പിക്കയാണു്." ഒരു സ്വരം പറഞ്ഞു.

"ദൈവനാമത്തിൽ ആരെന്നു പറയൂ."

"മറിയം, അച്ചാ, പിശാചുക്കൾ കോപവെറിപൂണ്ടു് ഇവളെ കുത്തിമുറിപ്പെടുത്തി. രക്തം വളരെ പ്രവഹിച്ചു. ഇവൾക്കു് അതു നിമിത്തം സങ്കടവും പരിഭ്രമവുമുണ്ടായി. ഒരുചാൻ നീളത്തിൽ മുറിവുണ്ടായിരുന്നു. ഞാൻ അതു സുഖപ്പെടുത്തി; അതിനാൽ ആ മുറിവു് ഇപ്പോൾ കാണുന്നില്ല. ഇത്ര കോപം അവർ പ്രകടിപ്പിച്ചതു് ആ പാപിയുടെ കാര്യം അച്ചനെഅറിയിച്ചതിനാലും അയാളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിച്ചതിനാലുമാണു് ഈ അസാധാരണസംഭവങ്ങളെല്ലാമുണ്ടായതു് അയാളുടെ മാനസാന്തരത്തിനുവേണ്ടി മാത്രമല്ല. ഇനിയും വേറെ ചിലർ കൂടിയുണ്ടു്. അവരെക്കൂടെ ഉദ്ദേശിച്ചാണു് ഇവയൊക്കെ. ആ പാപിക്കു് ഇതേവരെ ബോധംവന്നിട്ടില്ല."

പിശാചിൻെറ ആക്രമണങ്ങൾ വർദ്ധിച്ചു കൊണ്ടേയിരുന്നു. മൂന്നോ നാലോ പ്രാവശ്യം അവളുടെ കൈവെട്ടിമുറിക്കുകയോ അടിച്ചൊടിക്കുകയോ ചെയ്തിട്ടുണ്ടു്. എല്ലാപ്രാവശ്യവും മാതാവു സുഖപ്പെടുത്തിയിരുന്നു. അർദ്ധരാ

ത്രി ഇവളെ മുകളിലേക്ക് എടുത്ത് കീഴോട്ടിടുകയും കല്ല് ഭോറത്തിൽ കയററിവയ്ക്കുകയും വളരെ സാധാരണമായിരുന്നു. ശ്രദ്ധയ്ക്കെതിരായ പരീക്ഷകൾ വർദ്ധിച്ചുകൊണ്ടേയിരുന്നു.

## മറിയം ത്രേസ്യാ എന്ന പുതിയ പേർ

വിവരങ്ങൾ മെത്രാനച്ചനെ അറിയിച്ചു. 1905 ജാനുവരി 23-ാംനു- വരെ ത്രേസ്യയ്ക്കു പൈശാചികപരീക്ഷകളുണ്ടാകുമെന്നു പറഞ്ഞപ്പോൾ തിരുമേനി കല്പിച്ചു "1904 ഡിസമ്പർ 8-ാംനു-വരെ ആക്കിക്കൊടുക്കാൻ മെത്രാനച്ചൻെറപേരിൽ ദൈവമാതാവിനോടപേക്ഷിക്കുക" "ദൈവം നിശ്ചയിച്ചിരിക്കുന്നതു മാററുമോ?" ഫാദർ വിതയത്തിൽ ചോദിച്ചു. "ദൈവമാതാവു് അപേക്ഷിച്ചാൽ മാററം വരുത്തും എന്നാണെൻെറ വിശ്വാസം", മെത്രാനച്ചൻ പ്രതിവചിച്ചു.

ഫാദർ വിതയത്തിൽ ദൈവമാതാവിനോടഭ്യർത്ഥിച്ചു. പിറേറദിവസം അദ്ദേഹം ത്രേസ്യയുടെ അടുക്കലെത്തിയ ഉടനെ പിശാചുക്കളോടു മൂന്നുമണിക്കൂർനേരം അവളെ വെറുതെവിടാൻ ആജ്ഞാപിച്ചു. ത്രേസ്യാ ഉടനെ "പിതാവേ, എൻെറകഴുത്തൊടിച്ചല്ലോ?" എന്നുപറഞ്ഞു. ഉടനെ അവൾ കൂട്ടിച്ചേർത്തു: "അമ്മ വന്നു് ഉഴിയുന്നു." ജപമാല ചൊല്ലി മുഴുവനാക്കാൻ ആത്മപിതാവു കല്പിച്ചു. കൊന്ത ചൊല്ലിത്തീർന്നയുടനെ ത്രേസ്യയുടെ ബോധംപോയി. "ആരു്?" ആത്മപിതാവു് ചോദിച്ചു. "പരിശുദ്ധ കന്യകാമറിയം" എന്നു് ഉത്തരം കിട്ടി. സ്വരംതുടന്നു:"ഇന്നലത്തേ അപേക്ഷപ്രകാരം പിശാചുക്കളുടെ ഞെരുക്കം ഡിസമ്പർ 8ാംനു-വരെ ആക്കിയിരിക്കുന്നു. അവ

സാനത്തേ മൂന്നുദിവസം ഇടവിടാതെ ഞെരുക്കമുണ്ടാകും. അപ്പോൾ പിശാചുക്കളോട് മാറാൻ ആജ്ഞാപിച്ചാൽ അവർ മാറുകയില്ല. ആ ദിവസങ്ങളിൽ അച്ചൻ വന്ന് ആവുന്നിടത്തോളം സമയം ആശ്വസിപ്പിക്കുകയും ശരണം പ്രബലപ്പെടുത്തുകയും ചെയ്യണം. ആ ദിവസങ്ങളിൽ വി. കർബ്ബാന എഴുന്നള്ളിച്ചുവച്ച് അനേകരെക്കൊണ്ടു അപേക്ഷിപ്പിക്കണം. ആ മൂന്നുദിവസം കഴിയുമ്പോൾ അവളെ "മറിയം ത്രേസ്യാ" എന്നുവിളിക്കുക."

## പിശാചു ചട്ട പിച്ചിക്കീറി

ഞായറാഴ്ച ദിവസങ്ങളിൽ പകൽ സമയത്തുണ്ടായിരുന്ന ഞെരുക്കങ്ങൾ താൽകാലികമായി അവസാനിച്ചു. ഒരു ദിവസം പിശാചുക്കൾ അവളുടെ ചട്ട പിച്ചിക്കീറി. വിവരം അവൾ ആത്മപിതാവിനെ അറിയിച്ചു. പിശാചിനോടുതന്നെ കേട്ടുപോകാൻ ദൈവനാമത്തിൽ കല്പിക്കുകയെന്നു ആത്മപിതാവു ത്രേസ്യയെ ഉപദേശിച്ചു. അന്നേദിവസം ഉച്ചതിരിഞ്ഞു് അസ്തമനത്തിനു മുമ്പ് ആത്മപിതാവു ചെല്ലുമ്പോൾ ഇവൾ ബോധമില്ലാതെ കൊന്ത കൈയിൽ പിടിച്ചു പ്രസന്നമുഖയായി കിടക്കുന്നതു കണ്ടു ദൈവമാതാവെന്നു കരുതി അദ്ദേഹം ചോദിച്ചു: "നീ ആരെന്നു ദൈവനാമത്തിൽ പറയൂ" "ഞാൻ പരിശുദ്ധ കന്യകാമറിയമാണ്. പിശാചുക്കൾ തങ്ങളുടെ അനുവാദത്തിന് അപ്പുറം കടന്നു പോകുന്നുണ്ട്. അതിനെ വിലക്കാൻ തിരുസഭയ്ക്കു് അധികാരമുണ്ടല്ലോ. പിശാചുക്കാം കീറിക്കളഞ്ഞ ചട്ട അവർ തന്നെ ശരയാക്കിക്കൊടുത്തു. ഇവൾ ഉടുത്തിരുന്ന വസ്ത്രം അവർ അവളുടെ വായിൽ കുത്തിക്കയററി; ഇവളുടെ കഴുത്തു പിടി

ച്ച് ഒടിച്ചു. ഉടനെ ഞാൻ വന്ന് എല്ലാം ക്രമപ്പെടുത്തി മേലിൽ അനുവദിക്കപ്പെടാത്ത കാര്യങ്ങൾ ചെയ്തു കൂടെന്നു നിങ്ങൾ നിരോധിക്കണം." ഇങ്ങനെ മററു ചില നിർദ്ദേശങ്ങളും കൂടെ നല്കി ദൈവമാതാവു മറഞ്ഞു പോകയും ചെയ്തു. ത്രേസ്യയ്ക്കു ബോധവും വന്നു, പിശാചുക്കളുടെ ഞെരുക്കവുമാരംഭിച്ചു.

ജ്ഞാനപിതാവു പിശാചുക്കളോടു ഇങ്ങനെ കല്പിച്ചു: "മേലിൽ ദൈവം അനുവദിക്കാത്ത കാര്യങ്ങളൊന്നും ഇവളോടു ചെയ്തുകൂടെന്നു ദൈവനാമത്തിൽ നിങ്ങൾ സത്യം ചെയ്യണം" "ആ നാമം ഞങ്ങൾ പറകയില്ല" പിശാചുക്കൾ ആർത്തുവിളിച്ചു. ജ്ഞാനപിതാവിൻെറ നിർബ്ബന്ധത്തിൻ കീഴ് ദൈവനാമത്തിൽത്തന്നെ അവർ സത്യം ചെയ്തു.

**മരണാസന്നശുശ്രൂഷ.**

ദൈവമാതാവിൻെറ നിർദ്ദേശപ്രകാരം ത്രേസ്യ ആരംഭിച്ചതാണ് മരണാസന്നശുശ്രൂഷ. ഇടവകയിൽ ആരെങ്കിലും മരണാസന്നമായിരിക്കയാണെങ്കിൽ അവരുടെ അടുക്കൽ പോയി ശുശ്രൂഷിക്കണമെന്നു ദൈവമാതാവു തന്നെ ത്രേസ്യയോടു പറഞ്ഞിരുന്നു. മാതാവ് അക്കാര്യം ജ്ഞാനപിതാവിനേയും അറിയിച്ചു. "ഇങ്ങനെ പോകുമ്പോൾ മാർഗ്ഗമദ്ധ്യത്തിലൊ അന്യസ്ഥലങ്ങളിൽ വച്ചോ ഞെരുക്കങ്ങളുണ്ടാകുമോ", എന്നു ജ്ഞാനപിതാവു ദൈവമാതാവിനോടു ചോദിച്ചു. "ഇതിനായി പോകുമ്പോൾ ഒരു ഉപദ്രവവും ഉണ്ടാകയില്ല" മാതാവു പ്രതിവചിച്ചു.

ആ ദിവസങ്ങളിൽ ത്രേസ്യയുടെ വീട്ടിൽ നിന്നു മൂന്നു നാല് നാഴിക അകലേ കുഴിക്കാട്ടുശ്ശേരിയിൽ ഉദ്ദേശം 80 വയസ്സു പ്രായമുള്ള് ഒരാൾ രോഗിയായി കിടക്കുന്ന

കാര്യം ദൈവമാതാവു ത്രേസ്യയെ അറിയിച്ചു. അയാരം വളരെയേറെ പുണ്യപ്രവൃത്തികരം ചെയ്തിരുന്നെങ്കിലും വാശിക്കാരനായിരുന്നു. ഫാദർ വിതയത്തിൽ അയാളെ സന്ദർശിച്ചു. ഒരു ഭ്രാന്തനെപ്പോലെയാണു രോഗി സംസാരിച്ചിരുന്നതു്. ആഹാരം കഴിച്ചിട്ടു് അന്നു മൂന്നു ദിവസമായിരുന്നു. ആരുപറഞ്ഞാലും അനുസരിക്കയില്ല. വികാരിയച്ചന്റെ നിർബ്ബന്ധത്താൽഅയാരം സ്വല്പം ആഹാരം കഴിച്ചു; എന്നാൽ കുമ്പസാരിപ്പിക്കാൻ സാധിക്കാതെ വികാരിയച്ചൻ മടങ്ങുകയാണുണ്ടായതു്.

അന്നു ജ്ഞാനപിതാവു ത്രേസ്യയെ സന്ദർശിച്ചപ്പോരം ഈ രോഗിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. രണ്ടു ദിവസം കഴിഞ്ഞു് വികാരി ഇയ്യാളെ കുമ്പസാരിപ്പിച്ചു് അന്ത്യകൂദാശകരം നല്കി. ഒരു ദിവസം ത്രേസ്യാ തന്റെ ജ്ഞാനപിതാവിന്റെ അനുവാദത്തോടെ ഈ രോഗിയുടെ വീട്ടിലേക്കു് പോയി. അവരം ചെന്നപ്പോരം പിശാചുക്കരം ഇയ്യാളെ നിരാശയിൽ കുടുക്കാൻ ഉത്സാഹിക്കയായിരുന്നു. ത്രേസ്യയുടെ നിർബ്ബന്ധത്താൽ രോഗി ഒരു കരുക്കിന്റെ വെള്ളം കുടിച്ചു അനന്തരം സ്വഭവനത്തിലേക്കു മടങ്ങി ത്രേസ്യാ ഈ രോഗിക്കു വേണ്ടി ധാരാളം പ്രാർത്ഥിച്ചു. കുറേദിവസങ്ങരംക്കുശേഷം ഇയ്യാരം മനസ്താപത്തോടെ മരിച്ചുവെന്നു മാതാവു ത്രേസ്യയെ അറിയിച്ചു.

വേറൊരു രോഗി മരണത്തിനു മൂന്നു ദിവസം മുമ്പു് അന്ത്യകൂദാശക്കു് ഏർപ്പാടു ചെയ്യാൻ ആവശ്യപ്പെട്ടു. അവർ അമാന്തിച്ചു. മരണത്തിന്റെ തലേരാത്രി ദൈവമാതാവു ത്രേസ്യയോടു പറഞ്ഞു: "നീ അതി രാവിലേ ചെന്നു് രോഗിക്കു് അന്ത്യകൂദാശകരം നല്കാൻ

നിൻെറ ആത്മപിതാവിനോടു പറയുക.” ത്രേസ്യാ രാവിലേ പള്ളിയിലേക്കു ചെന്നെങ്കിലും ആത്മപിതാവിനെ വിവരം അറിയിക്കാൻ കഴിഞ്ഞില്ല. വി. കുർബ്ബാന കഴിഞ്ഞുടൻ രോഗിയുടെ വീട്ടിൽ നിന്നുതന്നെ ആരോ വന്നു വികാരിയച്ചനെ വിവരമറിയിച്ചു. ഉടനെ വികാരിയച്ചൻ വി. കുർബ്ബാന എടുത്തു് രോഗിയുടെ വീട്ടിലേക്കു പുറപ്പെട്ടു. രോഗിക്കു ബോധമില്ലാഞ്ഞതിനാൽ വി. കുർബ്ബാന മടക്കിക്കൊണ്ടുപോന്നു. സ്വല്പം കഴിഞ്ഞു ത്രേസ്യാ രോഗിയുടെ ഭവനത്തിലേക്കു ചെന്നു. രോഗിക്കു ബോധമില്ലായിരുന്നു. ഒരു വശത്തു പിശാചു് ഒരു പുസ്തകം തുറന്നുവച്ചു് അയാളുടെ തെററുകൾ ചൂണ്ടിക്കാണിച്ചു കൊണ്ടിരുന്നു. കാവൽമാലാഖാ മറുവശത്തുനിന്നു് അയാളെ ആശ്വസിപ്പിക്കുന്നതു് അവൾ കണ്ടു. രോഗിക്കു് ശരണംനല്ലാൻ അവിടെ കൂടിയിരുന്നവരൊരുമിച്ചു ത്രേസ്യയും അമ്പത്തുമൂന്നുമണിജപം ചൊല്ലി. അനന്തരം ദൈവാലയത്തിൽ വന്നു രാവിലെ ഈ സംഗതി ആത്മപിതാവിനെ അറിയിക്കാൻ കഴിയാഞ്ഞതിലുള്ള വ്യഥ അവൾ വെളിപ്പെടുത്തി. ദൈവമാതാവിനോടു മാപ്പു ചോദിക്കാനും ദൈവാലയത്തിൽ പോയി രോഗിക്കുവേണ്ടി പ്രാർത്ഥിക്കാനും അദ്ദേഹം കല്പിച്ചു. അപ്രകാരം അവൾ ചെയ്തു അല്പനേരം കഴിഞ്ഞു രോഗി മരിച്ച വിവരം ലഭിച്ചു. അന്നു രാത്രി പരേതനെപ്പററി ചിന്തിച്ചിരിക്കുമ്പോൾ മാതാവു പ്രത്യക്ഷപ്പെട്ടുപറഞ്ഞു: “ആ മനുഷ്യനു രക്ഷയുടെ സ്ഥലം കിട്ടി.”

**കവിൾവീപ്പ, രോഗി**

ക്രൂരനും ദുഷ്ടനുമായ ഒരാൾക്കു കവിൾവീപ്പരോഗം പിടിപെട്ടു. വസൂരി രോഗികളെ ശുശ്രൂഷിക്കുമ്പോൾരോ

ഗിക്കു വെള്ളം കൊടുക്കാതെ ചിലപ്പോഠം ജീവനോടെ രോഗികളെ കുഴിച്ചിട്ടുന്ന ഒരുത്തനായിരുന്നു ഈ രോഗി. ഒരുദിവസം ഈ രോഗിയെ സന്ദർശിച്ചശേഷം ത്രേസ്യാ ആത്മപിതാവിനോടു പറഞ്ഞു:''ദീനം കൂടുതലാണു് അന്ത്യകൂദാശകഠം ഉടനടി കൊടുക്കുന്നതായിരിക്കും ഉത്തമം.'' അന്നുതന്നെ അയാഠംക്കു അന്ത്യകൂദാശകഠം കൊടുത്തു: അയാഠം മരിക്കുന്നതിനു രണ്ടുദിവസംമുമ്പു ത്രേസ്യാ അയാളെ സന്ദശിച്ചപ്പോഠം പിശാചുക്കഠം അയ്യാളെ അലട്ടിക്കൊണ്ടിരിക്കയായിരുന്നു. മരിക്കാത്ത വസൂരിരോഗികളെ പായിൽ ചുരുട്ടി കല്ലു കയററിവയ്ക്കുന്നതും രോഗികഠം ദാഹിച്ചിട്ടു വെള്ളം ചോദിക്കുമ്പോഠം കൊടുക്കാത്തതും പിശാചുക്കഠം അഭിനയിച്ച് അയാളെ ശരണക്കേടിൽ അമത്തുവാൻ ഉത്സാഹിക്കുകയായിരുന്നു. ആത്മപിതാവിൻെറ നിദ്ദേശപ്രകാരം ത്രേസ്യാ തൻെറ കൂട്ടുകാരേയും വിളിച്ചു രോഗിയുടെ അടുക്കലെത്തി ജപമാല ചൊല്ലി. ത്രേസ്യാ ഹന്നാൻ വെള്ളമെടുത്തു തെളിച്ചു്, മൂത്തപ്പാ, "ഈശോ"എന്നു വിളിച്ചു് അപേക്ഷിക്കാൻ ഉപദേശിച്ചു. മിണ്ടാതെ കിടന്നിരുന്ന മനുഷ്യൻ ഉടനെ പറയുകയാണു്: "നീ പോടി; എനിക്കറിയാം."

അന്നുരാത്രി പിശാചുക്കഠം ത്രേസ്യയെ ഞെരുക്കാൻ തുടങ്ങിയപ്പോഠം ചോദിക്കയാണു്; "രോഗിയുടെ വീട്ടിൽ സ്ത്രീകഠം പോകുന്നതു ശരിയാണോ?" അങ്ങനെ പലതും പറഞ്ഞു് പിശാചുക്കഠം അവളെ ശകാരിച്ചു.

പിറേറദിവസം പള്ളിയിൽ നിന്നു മടങ്ങുമ്പോഠം ത്രേസ്യാ ആ രോഗിയുടെ വീട്ടിൽകയറി. പിശാചു് അപ്പോഠം വിഭവസമൃദ്ധമായ ഭക്ഷണങ്ങഠം കാണിച്ചു് പ

രീക്ഷിക്കയായിരുന്നു. കാവൽമാലാഖ ഉപദേശിക്കുന്നുണ്ടായിരുന്നെങ്കിലും രോഗിയുടെ നിരാശ ഭയങ്കരമായിരുന്നു. ത്രേസ്യാ മുട്ടുകുത്തി രോഗിക്കുവേണ്ടി ജപമാലചൊല്ലി. ശുദ്ധീകരാത്മാക്കൾക്കു വേണ്ടി ഒരു ദിവ്യബലി സമപ്പിക്കാൻ ഏപ്പാടുചെയ്യണമെന്നു രോഗിയുടെ ഭാര്യയെ ഉദ്ബോധിപ്പിച്ചു. അവരതു സമ്മതിച്ചു. വിവരങ്ങൾ ആത്മപിതാവിനെ അറിയിച്ചു ആത്മപിതാവ് രോഗിയുടെ അരികേവന്നു് അന്തിമപ്രാർത്ഥനകൾ ചൊല്ലി. തത്സമയം ത്രേസ്യയും അവിടെ എത്തി. ഉടനെ രോഗിമരിച്ചു. പിറേറദിവസം ഇവൾ പള്ളിയിൽ ചെന്നപ്പോൾ ആത്മപിതാവു രോഗിയുടെ കാര്യം ചോദിച്ചു. താൻ ചെന്ന സമയത്തു പിശാചുക്കൾ അവിടെ ഇല്ലായിരുന്നുവെന്നും മരണശേഷം മാലാഖമാരോടുകൂടിയാണ് ആത്മാവു യാത്രപിരിഞ്ഞതെന്നും ത്രേസ്യാപറഞ്ഞു. അന്നുരാത്രി ദൈവമാതാവു ത്രേസ്യയെ ആശ്വസിപ്പിക്കാൻ വന്നപ്പോൾ മരിച്ചയാളുടെ ആത്മാവിനു രക്ഷാസ്ഥലത്തു പ്രവേശനം സിദ്ധിച്ചുവെന്നു പറഞ്ഞു.

ഒരു ദിവസം ദൈവമാതാവു ജ്ഞാനപിതാവിനോടു പറഞ്ഞു: "രോഗികളുടെ വീട്ടിൽ ത്രേസ്യയെ അയക്കുന്നതു കൊണ്ടുള്ള ഫലം കണ്ടില്ലേ? ഇവളുടെ വീട്ടുകാക്കു അതിഷ്ടമില്ല. അവരോട് ഇവളെ തടസ്സപ്പെടുത്തരുതെന്ന് പറയണം. ഇവൾ രോഗീഭവനങ്ങളിൽ പോകുമ്പോൾ, "കന്യാസ്ത്രീ നമസ്കരിക്കുന്നു", എന്നുപറഞ്ഞു ചിലർ ആക്ഷേപിക്കുന്നുണ്ടു്. ഈ ജനങ്ങളുടെ മാനസാന്തരത്തിനുവേണ്ടി അവൾ സഹിക്കണം"

## പിശാചിൻെറ വിക്രിയകൾ

ഒരു ദിവസം പിശാചുക്കൾ ഇവളുടെ ഇടതുകൈ മുട്ടിൽവച്ചു വെട്ടി വേർപെടുത്തി. ഉടനെ ദൈവമാതാവു വന്നു കൈ സുഖപ്പെടുത്തി. പലപ്പോഴും അവളെ മുറിയിൽ നിന്നു് മുററത്തേക്കു പിശാചുക്കൾ വലിച്ചിട്ടിരുന്നു ചിലപ്പോൾ പിശാചുക്കൾ വന്യമൃഗങ്ങളുടെ വേഷം ധരിച്ചു് ഇവളുടെ കാലുകൾ മാന്തിപ്പൊട്ടിച്ചിരുന്നു.

1904ഡിസംബർ 8-ാംനു- അമലോത്ഭവവിശ്വാസസത്യപ്രഖ്യാപനത്തിൻെറ സ്വർണ്ണ ജൂബിലിയായിരുന്നു. ജൂബിലി പ്രമാണിച്ചു പുത്തൻചിറനടന്ന മുഴവൻധ്യാനത്തിൽ അവൾക്കു പങ്കുകൊള്ളണമെന്നുണ്ടായിരുന്നു. തൻെറ ആഗ്രഹം ത്രേസ്യാ ജ്ഞാനപിതാവിനെ അറിയിച്ചു. ദൈവഹിതത്തിനു കീഴ്‌വഴങ്ങി പരിശുദ്ധയമ്മയോടു പ്രാർത്ഥിക്കാൻ അദ്ദേഹം ഉപദേശിച്ചു. മൂന്നു ദിവസത്തേക്കു പകൽ പിശാചുക്കളുടെ ഞെരുക്കമൊന്നുമുണ്ടായില്ല. എങ്കിലും ധ്യാനം പരാജയപ്പെടുത്താൻ അവർ ശ്രമിച്ചിരുന്നു. ഒന്നാംദിവസം കാലത്തെ ധ്യാനം അവൾ ശരിക്കു കേട്ടു. ഉച്ചകഴിഞ്ഞു ധ്യാനത്തിനു വിരുദ്ധമായ കാര്യങ്ങളാണു് അവൾകേട്ടതു്. വിവരം ജ്ഞാനപിതാവിനെ അറിയിച്ചു. "ഈ നല്ലകാര്യം തടസ്സപ്പെടുത്തരുതെന്നു ദൈവനാമത്തിൽ പിശാചുക്കളോ ഞാൻ കല്പിക്കുന്നു" എന്നു ജ്ഞാനപിതാവു പറഞ്ഞു. അനന്തരം ത്രേസ്യയോടായി അദ്ദേഹം പറഞ്ഞു: "ധ്യാനസമയം വരുമ്പോൾ നിൻെറ ചെവിക്കു കേൾവിയുണ്ടാകും, പരിശുദ്ധയമ്മയോടു നീ പ്രാർത്ഥിക്കുക."

ധ്യാനത്തിൻെറ മൂന്നാംദിവസം കഴിഞ്ഞപ്പോറം പകലും ഞെരുക്കങ്ങളാരംഭിച്ചു; എങ്കിലും ജൂബിലി ബന്ധവിമോചനംനേടി ശുദ്ധീകരാത്മാക്കറംക്കു കാഴ്ചവച്ചു. എഴുപതുകൊല്ലം ശുദ്ധീകരസ്ഥലത്തിൽ കഴിച്ച ഒരാത്മാവു് സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടു. പ്രസ്തുതാത്മാവു ത്രേസ്യായ്ക്കു നന്ദി പ്രകാശിപ്പിച്ചു. ഈ മാസങ്ങളിൽ മൂന്നു ശുദ്ധീകരാത്മാക്കറംകൂടി ഇവളെ സമീപിച്ചു പ്രാത്ഥനാസഹായം ആവശ്യപ്പെട്ടുവെന്നു ഫാദർവിതയത്തിലിൻെറ കുറിപ്പുകളിൽ കാണുന്നു. ഒരാറം കണക്കു നോക്കി ഉത്തിരുപ്പുകടം വീട്ടിക്കണമെന്നും വേറൊരാറം മൂന്നുരൂപാ ധമ്മം കൊടുക്കണമെന്നും, ത്രേസ്യയെ അറിയിക്കയുണ്ടായി. ഇവരുടെ വീട്ടുകാർ ആ കടം വീട്ടിയപ്പോറം കന്യകാമറിയത്തിൻെറ കൈയ്യിലുള്ള കൊന്തയുടെ അററത്തു പിടിച്ചു് സ്വർഗ്ഗത്തിലേക്കു പോകുന്നതു ത്രേസ്യാ കണ്ടു.

## മേനാച്ചേരി മെത്രാനച്ചൻെറ ഇടവകസന്ദശ്നം

മേല്പറഞ്ഞ മുഴവൻ ധ്യാനാവസരത്തിൽ മേനാച്ചേരി മെത്രാൻ പുത്തൻപിറ ഇടവകസന്ദശിച്ചു. മെത്രാനച്ചനെ സ്വീകരിക്കാൻ വേണ്ട ഒരുക്കങ്ങറം ഇടവകക്കാർ ചെയ്തിരുന്നു. ത്രേസ്യാ മൂന്നു് പുഷ്പമാല കെട്ടിയുണ്ടാക്കി ദൈവമാതൃസ്വരൂപത്തിൽ ഇടണമെന്നു് കരുതിയിരുന്നെങ്കിലും ആത്മപിതാവിനെ കാണാൻ സാധിക്കാഞ്ഞതിനാൽ മാല മാതൃസ്വരൂപത്തിൽ ഇടുന്നതിനു പകരം കൊലവാഴകളിന്മേൽ ഇട്ടുകൊണ്ടു പോന്നു.

അന്നു രാത്രി മാതാവു വന്നതു മൂന്നു മാലകളോടുകൂടിയാണു്. ഒരു രജതമാലയും രണ്ടു പുഷ്പമാലകളുമായിരുന്നു. ദൈവമാതാവു പറഞ്ഞു,
“നിൻെറ മാലകറം ഞാൻ സ്വീകരിച്ചു. പൂച്ചെടികളും മാലകളും എനിക്കിഷ്ടമാണു്”.

മെത്രാനച്ചൻ ത്രേസ്യയെ കമ്പസാരക്കൂട്ടിൽ കണ്ടു സംസാരിച്ചു. അദ്ദേഹം പല ഉപദേശങ്ങളും പറഞ്ഞുകൊടുത്തു. ദൈവമാതാവിൻെറ അടിമയായിരിക്കാനും കഴുത്തിൽ ഒരു കയറു കെട്ടി അതിൻെറ തുമ്പ് കന്യകാമറിയത്തെ ഏല്പിക്കാനും തിരുമേനി ഉദ്ബോധിപ്പിച്ചു. ഇവൾക്കു വസ്ത്രത്തിനായി കുറേ പണം ആത്മപിതാവിനെ ഏല്പിച്ചു. മെത്രാനച്ചൻെറ നിർദ്ദേശപ്രകാരം ത്രേസ്യാ തന്നെത്തന്നെ മാതാവിനു് അടിമയായി കാഴ്ചവച്ചു.

പിശാചിൻെറ ഞെരുക്കങ്ങൾ തുടന്നു. ഒരു രാത്രി പിശാചുക്കൾ അവളെ നിലത്തിട്ടപ്പോൾ പള്ള ഒരു മൂലയിലടിക്കയും മുള്ളുകുത്തിക്കയറുകയും ചെയ്തു. കർത്താവും മാതാവും ഉടനെ ഇറങ്ങി വന്നു് അവളെ സുഖപ്പെടുത്തി

ഒരു രാത്രി പാതിരാസമയത്തു് ആരോ അവളുടെ നേർക്കു് കല്ലും ചരലുമെറിഞ്ഞു. ഈ ദുർശാനുഭവങ്ങളെ ഓർത്തു ത്രേസ്യാ വിലപിച്ചിരിക്കുമ്പോൾ ദൈവമാതാവുവന്നു് അവളോടുപറഞ്ഞു "നീ ഇവയെല്ലാം ക്ഷമയോടെ സഹിച്ചാലെ നിനക്കു എന്നെ കാണാൻ കഴിയൂ. ഈ ഞെരുക്കങ്ങൾനിന്നിൽ നിന്നു നീക്കിക്കളഞ്ഞാൽ നിനക്കു് എന്നെ കാണാൻ കഴിയുകയില്ല" ത്രേസ്യ പ്രതിവചിച്ചു: "ഞാൻപാപിയാകയാൽ സ്വർഗ്ഗീയ കാഴ്ചകൾ കാണാൻ എനിക്കു യോഗ്യതയില്ല; കാഴ്ചകൾമരണാനന്തരം മതി" തുടർന്നു ദൈവമാതാവു പറഞ്ഞു:

"ഇങ്ങനെ ഞെരുക്കങ്ങളുണ്ടാകുക ദൈവതിരുമനസ്സാണു്. അവ ചിലപ്പോൾ ആശ്വാസം നല്കും. ചിലപ്പോൾ വേദനാജനകമായിരിക്കും. പാപികളെപ്രതി നീ കുറേ സഹിക്കണമെന്നാണു ദൈവനിശ്ചയം. നീ അവ സഹിച്ചു പാപികളുടെ മാനസാന്തരത്തിന്നായി കാഴ്ചവയ്ക്കുക. കൂടാതെ ഇന്നത്തെ സ്ഥിതിയിൽനിന്നു ജനങ്ങൾ തെററിപ്പോവുകയാണെങ്കിൽ ദൈവം ചിലരെ ശി

ക്ഷിക്കും. നീ ആത്മപിതാവിനോട്ട് എൻെറ പേരിൽ പറയുക. ‹‹ഇവളുടെ ഞെരുക്കങ്ങൾ ഡിസമ്പർ 8–ാംനു-ആണല്ലോ തൽക്കാലം അവസാനിക്കുന്നതു. ഉടനെ പതിനഞ്ചു ദിവസത്തേക്കു് എല്ലാവിധ പ്രായശ്ചിത്തങ്ങളും അങ്ങ്അനുവദിക്കണം. പതിനഞ്ചു ദിവസം കഴിയുമ്പോൾ എല്ലാം മുടക്കുകയും കഠിനമായിഇവളെ ശാസിക്കുകയും വേണം.”.

കത്താവു് ഒരുദിവസം ഇവളോടരുൾചെയ്തു: ‹‹നിനക്കു്എൻെറ ഹൃദയം ഞാൻ തന്നിട്ടുണ്ടല്ലോ.നിൻെറ ഞെരുക്കങ്ങൾ അവസാനിക്കുമ്പോൾ ഹൃദയത്തിലെ വേദന വദ്ധിക്കും. വേദനകൊണ്ടു ചൊവ്വെ നടക്കാൻമേലാതെയാകും. ഇതുസഹിക്കാൻ നിനക്കു മനസ്സുണ്ടോ?” “ദൈവസഹായം എൻെറകൂടെ ഉണ്ടെങ്കിൽ ഞാൻ തയ്യാർ’ ത്രേസ്യാ പ്രതിവചിച്ചു.

## 1904ഡിസമ്പർ 8–ാംനു- വ്യാഴാഴ്ച

ഞെരുക്കങ്ങൾ താൽകാലികമായി അവസാനിക്കുന്ന ദിവസമായിരുന്നല്ലോ അമലോത്ഭവനിർവ്വചനകനക ജൂബിലിദിവസം. മുമ്പുപറഞ്ഞിരുന്നതുപോലെ അവസാനത്തേമൂന്നുദിവസം ദൈവമാതാവിൻെറ സന്ദശ്നമുണ്ടായില്ല. ജ്ഞാനപിതാവു പാട്ടുള്ളിടത്തോളം മൂന്നുദിവസവും ത്രേസ്യയുടെ അരികേ ഉണ്ടായിരുന്നു. ആ മൂന്നുദിവസങ്ങളുടെ ഇടയ്ക്കു് ഒരു പ്രാവശ്യമേ സ്വല്പം കഞ്ഞി കുടിക്കാൻ അവൾക്കു കഴിഞ്ഞുള്ളു. പിശാചുക്കൾ ഇവൾക്കു് അപ്പവും പാലും നീട്ടിക്കൊടുത്തിരുന്നു. ത്രേസ്യാ അവ സ്വീകരിച്ചിരുന്നില്ല. ജ്ഞാനപിതാവു വെള്ളത്തിൽ പഞ്ചസാര ഇട്ടു വായിൽ ഒഴിച്ചു കൊടുത്തിരുന്നു. അവസാനദിവസം രാത്രി ആത്മപിതാവിൻെറ കൂടെ വേറെ രണ്ടു ബഹുമാനപ്പെട്ട അച്ചന്മാരുമുണ്ടായിരുന്നു. ഞെരുക്കദിവസങ്ങളിൽ ത്രേസ്യാ “ഈശോ” എ

ന്ന തിരുനാമം വിളിക്കുകയും "ഈശോയുടെ മാധുര്യമു ള്ള തിരുഹൃദയമേ, നിന്നെഅധികമധികം സ്നേഹിക്കാൻ കൃപചെയ്യണമേ," "മറിയത്തിൻെറ കറയില്ലാത്ത തി രുഹൃദയമേ, നീഎൻെറ രക്ഷയായിരിക്കണമേ" എന്ന സ്നേഹപ്രകരണങ്ങൾ ചെല്ലുകയും ചെയ്തിരുന്നു. വാകൊ ണ്ടു ചൊല്ലാൻ പാടില്ലാത്തപ്പോൾ ഹൃദയം കൊണ്ടു ചൊ ല്ലിയിരുന്നു.

8-ാം തിയ്യതി വ്യാഴാഴ്ച വൈകുന്നേരം 8മണി ആയ പ്പോൾ ഇവൾ യാതൊരനക്കവും കൂടാതെ വെറും ശവം പോലെ രണ്ടു നാഴിക കിടന്നു. ഉള്ളിൽ ബോധ മുണ്ടായി രുന്നുവെന്നാണ് അവൾ പിന്നീടു പറഞ്ഞത്. 9 മണി ആകാറായപ്പോൾ അവൾക്ക് സംസാരിക്കാൻ കഴിഞ്ഞു. ആത്മപിതാവിനെ വിളിച്ച് രഹസ്യമായി പറഞ്ഞു: "പിശാചുക്കൾ എന്നോടു പറഞ്ഞു: "ഞങ്ങൾ തോററു നീ ജയിച്ചു" "ജയിച്ചതു ഞാനല്ല; ഈശോ" എന്നു ഞാൻ മറുപടി പറഞ്ഞു.

അപ്പോൾ ആത്മപിതാവു "ദൈവനാമത്തിൽ നിങ്ങൾ എത്ര പേരുണ്ടു?" എന്നു പിശാചുക്കളോടു ചോദിച്ചു.

"പതിനായിരം പേരുണ്ടു്. ഞങ്ങൾ പോകയാണ്; ഏഴുപേരു നില്ക്കും"

"എന്തിനാ്?"

"ഇനി ഞങ്ങൾ ശരീരത്തിൽ ഞെരുക്കം ചെയ്കുക യില്ല; മററു വിധത്തിൽ പരീക്ഷിക്കും" .

"നിങ്ങളുടെ സമയമായില്ലല്ലോ. കുറേ നിമിഷങ്ങളും കൂടിയുണ്ടല്ലോ"

കുറെ നേരവും കൂടെ പിശാചുക്കൾ ത്രേസ്യയെ ഞെരുക്കി. ഉടനെ പ. ദൈവമാതാവുവന്നു പിശാചുക്കളെ ഓടിച്ചുകളഞ്ഞു. തൽസമയം ത്രേസ്യകിടന്നിരുന്ന മുറി യുടെ മൂല പിളരുകയുംപിശാചുക്കൾ ആ കുഴിയിൽ വീഴു കയും ചെയ്തു. അപ്പോൾത്തന്നെ ഈശോയും യൌസേപ്പും

വന്നു ഇവളെ ആശ്വസിപ്പിച്ചു. "നീ ഒരു വിധം ക്ഷമയോടെ എല്ലാം സഹിച്ചതുകൊണ്ടു് എനിക്കിഷ്ടമായി" ഈശോ അരുളിച്ചെയ്തു. സ്വല്പനേരം കഴിഞ്ഞു ത്രേസ്യയ്ക്കു് ഒരു പരവശമുണ്ടായി. തൽസമയം ദൈവമാതാവു് ആത്മപിതാവിനോടു പറഞ്ഞു: "ഇവളുടെ ഞെരുക്കങ്ങൾ അവസാനിച്ചിരിക്കുന്നു. ഇനി ഇവളെ പരീക്ഷിക്കുന്നതിനു് ഏഴു് പിശാചുക്കൾക്കു് അനുമതി നല്കിയിട്ടുണ്ടു്. ഇനി ഇവളെ 'മറിയം ത്രേസ്യാ' എന്നു വിളിക്കുക. ദൈവത്തിനു കൃതജ്ഞതാസ്തോത്രം ചെയ്യുക. ഇനി ഞാൻ കൂടെക്കൂടെ ഇവൾക്കു കാണപ്പെടുകയില്ല. ഞാനും കർത്താവും യൗസേപ്പുപിതാവും കുറേ നേരം ഇവിടെയുണ്ടാകും. അച്ചനു ഞാൻ ആശീർവ്വാദം തരുന്നു."

ഉടനെ ത്രേസ്യയ്ക്കു ബോധം വന്നു. എല്ലാവരും കൂടി ദൈവത്തിനു കൃതജ്ഞതാസ്തോത്രം ചെയ്തു. അച്ചന്മാർ മൂന്നുപേരും പള്ളിയിലേക്കു മടങ്ങി.

## ഗ്രന്ഥകർത്താവിന്റെ അനുമാനം

പിശാചിന്റെ വിക്രിയകൾ അത്ഭുതാവഹമാണു്. ഫാദർ ജോസഫ് വിതയത്തിലും ത്രേസ്യയുടെ സഹോദരന്മാരും സഹോദരിമാരും ഇവയ്ക്കു ദൃക്സാക്ഷികളാണു്. ചിലകാര്യങ്ങളെപ്പററി ഇന്നു ജീവിച്ചിരിക്കുന്ന ബന്ധുമിത്രാദികളോടും സഹോദരിമാരോടും ചോദിച്ചു ഈഗ്രന്ഥകർത്താവു സത്യാവസ്ഥ മനസ്സിലാക്കിയിട്ടുള്ളതാണു്. ചില ഭാഗങ്ങൾ ത്രേസ്യയുടെ ഭാവനയായിരിക്കാം; എന്നാൽ പണ്ഡിതനായ ഫാദർ വിതയത്തിലിന്റെയും കൊച്ചുമറിയം എന്ന വേലക്കാരിയുടെയും അഗസാമ്മയുടെയും സാക്ഷ്യം നമ്മുടെ അനുമാനത്തിനു പ്രതികൂലമാണു്. പഞ്ചക്ഷതം മുതലായ വിശിഷ്ടാനുഗ്രഹങ്ങൾക്കു് ഒരുക്കാൻ പിശാചിന്റെ തന്ത്രങ്ങൾക്കു ദൈവം ത്രേസ്യയെ വിട്ടുകൊടുത്തുവെന്നു വിചാരിക്കുന്നതിൽ വലിയ അബദ്ധമൊന്നുമില്ല.

# പ്രേഷിതവൃത്തിയും പിശാചിൻെറ അമർഷവും

## വ്യാജ വേഷം

ത്രേസ്യയുടെ ഞെരുക്കങ്ങറം അവസാനിച്ചശേഷം പള്ളിയിൽ വി. കുർബ്ബാന ഇല്ലാത്തപ്പോറം മാലാഖാമാർ ഇവറംക്കു് വി. കുർബ്ബാന നല്കിയിരുന്നുവെന്നു ഫാദർ വിതയത്തിലിൻെറ ഡയറിക്കുറിപ്പുകളിൽ കാണുന്നുണ്ടു്. ഒരു ദിവസം ഇവറം വി. കുർബ്ബന സ്വീകരിക്കുന്നതിനു് മുമ്പു് ആത്മപിതാവിനോടു ചില സംശയങ്ങറം ചോദിക്കണമെന്നു കരുതി കുമ്പസാരക്കൂട്ടിൻെറ അടുക്കൽ ചെന്നു മുട്ടുകുത്തി. ഉടനെ ജ്ഞാനപിതാവിനെപ്പോലെ ഒരാറം സ്സുർപ്ലേ.ശ്ശും ഊറാലയും ധരിച്ചു കുമ്പസാരക്കൂട്ടിൽ വന്നിരുന്നു. "നീ സംശയിക്കേണ്ടാ; പോയി കുർബ്ബാന കൈക്കൊണ്ടു കൊള്ളുക എന്നു് അയാറം പറഞ്ഞു. ത്രേസ്യാ എന്തെങ്കിലും പറയുന്നതിനുമുമ്പാണു് ഈ ഉപദേശം നല്കപ്പെട്ടതു്. ഉടനെ അയാറം എഴുന്നേററുപോകയും ചെയ്തു. വളരെപേർ കുമ്പസാരിക്കാൻ കാത്തുനില്ക്കുന്നുണ്ടായിരുന്നു. എന്തോ ചതിയുണ്ടെന്നു ത്രേസ്യക്കു തോന്നി. വി. കുർബ്ബാനയ്ക്കുശേഷം ജ്ഞാനപിതാവു കുമ്പസാരക്കൂട്ടിൽ വന്നപ്പോറം മനസ്സിലായി ആദ്യം വന്നയാറം വേഷപ്രച്ഛന്നനാണെന്നു്. മേലിൽ ഇങ്ങനെ വല്ലവരും വരികയാണെങ്കിൽ ആരെന്നു ചോദിക്കയും കുരിശു വരക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുകയെന്നു ജ്ഞാനപിതാവു നിർദ്ദേശിച്ചു.

അടുത്തു തന്നെ ഒരു ദിവസം വീണ്ടും ഒരു വ്യാജവേഷക്കാരൻ കുമ്പസാരക്കൂട്ടിൽവന്നപ്പോൾ ത്രേസ്യാ കുരിശു വരക്കാൻ ആവശ്യപ്പെട്ടു കോപിച്ചും ശാസിച്ചും കൊണ്ടു് അയാൾ ഉടനെ എഴുന്നേററുപോയി.

## 1904 ലെ ക്രിസ്തുമസ്സ്

ക്രിസ്തുമസ്സിനു മൂന്നു ദിവസം മുമ്പ് ഉണ്ണീശോയ്ക്കു് എന്തു കാഴ്ച കൊടുക്കണമെന്നു് ആത്മപിതാവിനോടു ചോദിച്ചു. "മൂന്നുദിവസം ഏകാന്തമായ ധ്യാനത്തിലും ജപത്തിലും ഉപവാസത്തിലും ചെലവഴിക്കുക; പ്രായശ്ചിത്തപ്രവൃത്തികളെല്ലാം സൂക്ഷ്മത്തോടെ ചെയ്തു് ഉണ്ണീശോയ്ക്കു കാഴ്ച വയ്ക്കുക." ആത്മപിതാവു മറുപടി പറഞ്ഞു. അപ്രകാരം അവൾ ചെയ്തു.

പാതിരാ ആയപ്പോൾ ഉണ്ണീശോ പുള്ളിക്കുത്തുള്ള മുഴുവൻ ഉടുപ്പു ധരിച്ചു പരിശുദ്ധയമ്മയോടും വിശുദ്ധ യൗസേപ്പിനോടുംകൂടെ ഇവൾക്കു കാണപ്പെട്ടു പറഞ്ഞു: "നീ എനിക്കു തന്ന വസ്ത്രമാണു ഞാൻ ധരിച്ചിരിക്കുന്നതു." 'വി:കുർബ്ബാനയ്ക്കു് സമയമായി; നീ പൊയ്ക്കൊള്ളുക' എന്നു പറഞ്ഞു് ഉണ്ണീശോയും യൗസേപ്പുപിതാവും മറഞ്ഞുപോയി. പരിശുദ്ധയമ്മ ത്രേസ്യയോടുകൂടെ പള്ളിയിലേക്കു ചെന്നു. ത്രേസ്യാ ജ്ഞാനപിതാവിനോടു സംസാരിച്ചപ്പോൾ ദൈവമാതാവു തൻെറകൂടെയുണ്ടെന്നുംഎന്തെങ്കിലും അവിടുത്തോടു ചോദിക്കാമെന്നും ത്രേസ്യാ പറഞ്ഞു. എന്താണു ജ്ഞാനപിതാവു് ദൈവമാതാവിനോടു ചോദിച്ചതെന്നു രേഖപ്പെടുത്തിയിട്ടില്ല.

അന്നു വൈദികൻ വി. കുർബ്ബാനയെടുത്തു ജനങ്ങളുടെ നേരേ തിരിഞ്ഞപ്പോൾ ഈശോ വ്യാകുലനായിട്ടാണു കാണപ്പെട്ടതു്. ത്രേസ്യ സങ്കടപ്പെട്ടു. ഉടനെ ഈശോ ത്രേ

സ്യയോടരുൾചെയ്തു; "നീ ചഞ്ചലപ്പെടേണ്ടാ. ഈ കാഴ്ച നിന്നെക്കുറിച്ചല്ല. നീ വി.കുർബ്ബാന കൈക്കൊണ്ടുകൊള്ളുക"

കുറെ ദിവസങ്ങൾക്കു ശേഷം കർത്താവു കുരിശു വഹിച്ചുകൊണ്ടുപോകുന്നതായി കാണപ്പെട്ടു് അവളോടുപറഞ്ഞു: "എൻെറ മകളേ, എന്നെ സ്നേഹിക്കുന്നവരെ ആരെയും കണ്ടെത്തുന്നില്ല. പാപികൾ നിമിത്തമാണു് ഞാൻ ഈ കഷ്ടതകളും സങ്കടങ്ങളും അനുഭവിക്കുന്നതു്." "കർത്താവേ, ഞാനെന്തു ചെയ്യണം?," ത്രേസ്യാ ചോദിച്ചു. "നിൻെറ വേദനകൾ ക്ഷമയോടെ നീ സഹിക്കുക, കർത്താവു് അരുൾചെയ്തു.

**1905 ജനുവരി 1-ാം നു-**

നവവത്സരാരംഭത്തിൽ പാതിരായ്ക്കു ത്രേസ്യാ എഴുന്നേററു ധ്യാനിക്കാൻതുടങ്ങി. അപ്പോൾ പരിശുദ്ധയമ്മ ഉണ്ണിയെ കൈയ്യിലെടുത്തു് അവൾക്കു പ്രത്യക്ഷപ്പെട്ടു. ഉണ്ണീശോയുടെ കൈയ്യിൽ ഒരു പുഷ്പമുടിയുണ്ടായിരുന്നു. ഉണ്ണീശോ ആ മുടി ത്രേസ്യയുടെ തലയിൽവച്ചുകൊണ്ടു പറഞ്ഞു: "ഞാൻ നിന്നെ കൊണ്ടുപോകയാണു്. ഉടനടി ഇവൾക്കു് ജ്ഞാനപരവശം ഉണ്ടാകുകയും അതു് പിറേറ ദിവസം ഉച്ചവരെ തുടരുകയും ചെയ്തു. കുട്ടിമരിച്ചുവോ എന്നു വീട്ടുകാർ സംശയിച്ചു.

ജ്ഞാനപാരവശ്യത്തിനിടയ്ക്കു മാലാഖമാരുടേയും സ്വർഗ്ഗവാസികളുടേയും മദ്ധ്യേയാണു് അവൾ കഴിച്ചതു്. പാപികളുടെ മാനസാന്തരത്തിനും ശുദ്ധീകരാത്മാക്കളുടെ ആശ്വാസത്തിനും പുത്തഞ്ചിറ ഇടവകയിൽ നിരാശയിൽ കഴിഞ്ഞിരുന്ന ഒരു പാപിയുടെ സമാധാനത്തിനും വേണ്ടി അവൾ പ്രാർത്ഥിച്ചു കർത്താവു ത്രേസ്യയോടരുൾ

ചെയ്തു "നീ അവസാനത്തോളം നിലനിന്നാൽ ഈ സമ്മാനം നിനക്കു ലഭിക്കും."

**ത്രേസ്യയും കന്യകാംബികയും**

ത്രേസ്യാ ചെറുപ്പം മുതൽക്കേ ദൈവമാതൃഭക്തയായിരുന്നു. കന്യകാംബികയെ അവൾ "അമ്മ" എന്നാണു് നന്നേ ചെറുപ്പത്തിൽത്തന്നെ വിളിച്ചിരുന്നതു്. ബാല്യത്തിലൊരിക്കൽ ജപമാലചൊല്ലുന്നനേരത്തു് അവൾ ഉറങ്ങിപ്പോയി. അപ്പോൾ ഒരു സ്വരം കേട്ടു: "നീ ഇങ്ങനെ സൂക്ഷംകൂടാതെ ജപമാലചൊല്ലുകയാണെങ്കിൽ എനിക്കു നിൻെറ നേരെ തൃപ്തിയുണ്ടായരിക്കയില്ല;" പ്രാൎത്ഥനയുടെശേഷം ത്രേസ്യാ ഈ വിവരം അമ്മയോടു പറഞ്ഞു "അതെ, സൂക്ഷിക്കണം. ഉറക്കത്തോടെ ചൊല്ലാനുള്ളതല്ല ജപമാല" അമ്മ പ്രതിവചിച്ചു. ബാല്യകാലത്തു ലഭിച്ച ഈ പ്രചോദനം ത്രേസ്യയുടെ മരണം വരെ അവളുടെ ഹൃദയത്തെ ഭരിച്ചിരുന്നു. പരിശുദ്ധജനനിയുടെ കൊന്തനമസ്കാരമായിരുന്നു ക്ലേശങ്ങളിൽ; പ്രത്യേകിച്ചു, പൈശാചികാക്രമണങ്ങളിൽ അവളുടെആലംബം. എവിടെവച്ചും ആരുടെ മുമ്പാകേയും ജപമാല ചൊല്ലാൻ അവൾ തെല്ലും ശങ്കിച്ചിരുന്നില്ല.

യൗവ്വനത്തിൽ ത്രേസ്യയ്ക്കു വിവാഹാലോചന വന്നപ്പോൾ അവൾ അതു് നിരാകരിക്കയാണു ചെയ്തതു്. "നിന്നെസംരക്ഷിക്കാൻ ആരുമുണ്ടാകയില്ല," എന്നു മാതാപിതാക്കന്മാർ പറഞ്ഞിരുന്നപ്പോൾ അവളുടെ മറുപടി "സ്വൎഗ്ഗീയമ്മ എന്നെ കാത്തുകൊള്ളും" എന്നായിരുന്നു.

ഒരു ദിവസം ആത്മപിതാവിനോടു സംസാരിക്കാനായിത്രേസ്യാ കമ്പസാരക്കൂട്ടിലേക്കുചെന്നു. പരിശുദ്ധയമ്മയ്ക്കു് എന്താ അങ്ങയോടു പറയാനുണ്ടെന്നു് ഉണൎത്തിച്ചു

പ്പോഴേക്ക ത്രേസ്യയുടെ ബോധം പോയി. പരിശുദ്ധയ മ്മ ത്രേസ്യവഴി ജ്ഞാനപിതാവിനോടു ഇങ്ങനെ സംസാ രിച്ചു:"നിരാശാഭരിതനായ ഒരു പാപിയുടെഅടുക്കൽ അ ങ്ങയുടെ ആജ്ഞപ്രകാരം ത്രേസ്യാ മൂന്നുപ്രാവശ്യം പോ യി. ഇവളുടെ നിരന്തരമായ പരിശ്രമത്താൽ ആ പാപി യുടെ മനസ്സ് ഇളകിത്തുടങ്ങിയിട്ടുണ്ടു്. ഈ പാപി അ റിവുള്ളവനാണു്. അയൽക്കാർ ത്രേസ്യയെ ആക്ഷേപി ക്കുന്നു; എന്നിട്ടും അങ്ങയുടെ ആജ്ഞാനുസാരം അവറം മൂന്നുപ്രാവശ്യം പോയി. ഇനിയുംപോകാൻ പ്രേരിപ്പിക്ക ണം. ഒഴിവുള്ളപ്പോറം അച്ചനുംപോകണം. ആ പാപി പറയുന്നതു് മാതാവു തന്നെ ഉപേക്ഷിച്ചിരിക്കുന്നുവെന്നും തനിക്കിനി രക്ഷയില്ലെന്നുമാണല്ലോ. അച്ചൻെറ ക്ലേശ ങ്ങളെക്കുറിച്ചു മടിപ്പുതോന്നരുതു്. ഈ ലോകത്തിൽ ദാരി ദ്ര്യവും കഷ്ടതയും അനുഭവിക്കുന്നവക്കാണു പാരത്രികസൗ ഭാഗ്യം. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി അധ്വാനിക്കു ന്നതിൽ വൈമനസ്യം തോന്നരുതു്.''

## പിശാചിൻെറ ചിലതന്ത്രങ്ങറം.

ഇക്കാലത്തു ത്രേസ്യാപ്രാത്ഥിക്കയോ, ജ്ഞാനവായന നടത്തുകയോ, ധ്യാനിക്കുകയോ ചെയ്യുമ്പോഴെല്ലാം പിശാ ചു കാണപ്പെട്ടു് അവളെ പരിഹസിക്കുകയും പല്ലിളിച്ചു ഗോഷ്ഠികാണിക്കയും ചെയ്തിരുന്നു. രാത്രി വായിക്കു മ്പോറം പിശാചു വന്നു് വിളക്കു് ഊതിക്കളെയും.

ശുദ്ധതക്കെതിരായ വിചാരങ്ങറം പിശാചു് അവ ളിൽ ആനയിച്ചുകൊണ്ടിരുന്നു. അതിനു് അനുയോജ്യമാ യരൂപീകരണങ്ങറം പിശാചു തന്ത്രപൂവ്വം നിവ്വഹിച്ചുകൊ ണ്ടിരുന്നു. പ്രാത്ഥനാസമയത്തുകൂടി ഇത്തരം ചിത്രങ്ങറം

കൊണ്ടു പിശാച് അവളെ സമീപിച്ചിരുന്നു. കരിശ്ശുവരച്ചുകൊണ്ടു് ഇതിനിപ്പുറം കടക്കരുതെന്നു് അവരം ആജ്ഞാപിച്ചാൽ കുറേനേരം പിശാചു് ആ താക്കീതു് അനുസരിച്ചിരുന്നു.

**രോഗീ ശുശ്രൂഷ**

രോഗിണിയായ ഒരു സ്ത്രീയെ ആശ്വസിപ്പിക്കാൻ ചെന്നപ്പോരം, പിശാചു രോഗിയുടെ അരികെനിന്നു് അവരം ചെയ്തിട്ടുള്ളതെററുകരം അനുസ്മരിപ്പിച്ചു് അവളെ നിരാശയിലമത്തുകയായിരുന്നു. ത്രേസ്യാ ആശ്വാസവചസ്സുകരം പറയുമ്പോരം രോഗി കോപത്തോടെ ത്രേസ്യയെ നോക്കുകയും പല്ലുകടിച്ചു കാണിക്കുകയും ചെയ്തിരുന്നു. മാലാഖയും രോഗിയെ ആശ്വസിപ്പിക്കാൻ പരിശ്രമിച്ചിരുന്നു.

രോഗിയുടെ അടുക്കൽ നിന്നു് ത്രേസ്യാ സ്വഭവനത്തിൽ മടങ്ങിയെത്തിയപ്പോരം സ്വല്പം വൈകിപ്പോയി. അപ്പച്ചൻ അവളെ അങ്ങേയററം ശകാരിച്ചു. വീണ്ടും രോഗിയുടെ അടുക്കലേയ്ക്കു് പോകാൻ അവരം അനുമതിചോദിച്ചപ്പോരം അപ്പച്ചൻ കൂടുതൽ തെരക്കി. ത്രേസ്യാ അപ്പച്ചനെഅനുസരിച്ചു; രോഗി ആ രാത്രി മരിക്കുകയുംചെയ്തു

പിറെറ ദിവസം വൈകുന്നേരം ത്രേസ്യ ബോധമില്ലാതെ കിടക്കുന്നതുകണ്ടു് വീട്ടിൽ നിന്നു് ഒരാരം പോയി ജ്ഞാനപിതാവിനെ വിളിച്ചുകൊണ്ടുവന്നു. ത്രേസ്യാ ജപമാല ചൊല്ലി മുഖപ്രസാദത്തോടെ കിടക്കയായിരുന്നു ജപമാല സമാപിച്ചപ്പോരം "നീ ആരെന്നു്" ജ്ഞാനപിതാവു ദൈവനാമത്തിൽ ചോദിച്ചു.

"പരിശുദ്ധ കന്യകാ മറിയം"

"എന്താണ് എന്നെ വിളിച്ചതു്?"

"ഇവളെ അച്ഛൻ ശാസിക്കുന്നതും കുററപ്പെടുത്തുന്നതും മതിയാകുന്നില്ല. അതിനാലാണ് അങ്ങു പോകാൻ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിലെല്ലാം ഇവൾ പോകാത്തതു്. ആ പാപിനിയുടെ വീട്ടിൽ രണ്ടു മൂന്നു ദിവസത്തിനിടയ്ക്കു് ഒരു പ്രാവശ്യമേ പോയുള്ളു. നിരാശാഭരിതയായ രോഗിയോടു് ഉടനെവരാമെന്നു പറഞ്ഞു് അവൾ വീട്ടിൽ പോയി. അപ്പച്ചൻെറയും ആങ്ങളമാരുടേയും ശാസനയെ ഭയന്നിട്ടു് അവൾ പന്നീടു് പോയില്ല. ആ രോഗി മരിച്ചു."

"മരിച്ചയാൾക്കു് എന്തു സംഭവിച്ചു.?"

"ഇവൾവഴി അക്കാര്യംഅറിയാം ഞാൻ പോകുന്നു"

ഉടനെ തന്നെ ത്രേസ്യക്കുബോധംവന്നു. ജ്ഞാനപിതാവു് ഒന്നും സംസാരിക്കാതെ പള്ളിയിലേക്കു മടങ്ങി. മരിച്ചസ്ത്രീയെ പിറേറദിവസം ത്രേസ്യാ കണ്ടു. അവൾ അഗ്നിയിൽ വേവുകയായിരുന്നു. "ദൈവനാമത്തിൽ നീ യാരു്?." എന്നു ത്രേസ്യാ ചോദിച്ചു.

"രണ്ടുദിവസംമുമ്പു മരിച്ചയാളാണ്;ഞാൻ നിത്യമായി നശിച്ചു. എൻെറ മരണനേരത്തു നീയുണ്ടായിരുന്നെങ്കിൽ ഞാൻ രക്ഷപ്പെട്ടുമായിരുന്നു",എന്നു വിമ്മിവിമ്മിക്കരഞ്ഞുകൊണ്ടു് അവൾ മറഞ്ഞുപോയി.

വിവരം ജ്ഞാനപിതാവിനെ അറിയിച്ചു. അദ്ദേഹം പറഞ്ഞു:"മേലിൽ ദൈവതിരുമനസ്സ് നിറവേററുന്ന കാര്യം വരുമ്പോൾ ആരേയും ഭയപ്പെടരുതു്. ലോകന്യായങ്ങൾ പറയരുതു്. ദൈവം കല്പിച്ചിരിക്കുന്ന സംഗതി നിറവേററിക്കൊള്ളണം."

പിന്നീട് രോഗി സന്ദർശനം മുടക്കം കൂടാതെ ത്രേസ്യാ നടത്തിക്കൊണ്ടിരുന്നു. "നീ പുരുഷന്മാരുടെ അടുക്കൽ വരുന്നോ? ഇനി വന്നാൽ നിന്നെ ഞങ്ങൾ ദ്രോഹിക്കും. നിൻെറ ആത്മപിതാവു് നിന്നെ ഇവിടേക്കു് അയയ്ക്കുന്നതു് നിന്നെ ദ്രോഹിക്കാനാണു്". ഇങ്ങനെയാണു് പിശാചു അവളോടു പറഞ്ഞിരുന്നതു്. ഒരു ദിവസം ആങ്ങളയെ കൂട്ടിക്കൊണ്ടു് ഒരു രോഗിയുടെവീട്ടിൽ ചെന്നു് മുറിയുടെവാതിൽ ത്രേസ്യാ തുറന്നു. ഉടനെ രണ്ടു പക്ഷികൾ ചിറകടിച്ചു പറന്നുവന്നു് ഇവളെ കഠിനമായി കൊത്തി മുറിവേല്പിച്ചു. അന്നുരാത്രി അവൾ ചോരഛർദ്ദിച്ചു. വിവരം ആത്മപിതാവിനെ കമ്പസാരക്കൂട്ടിൽ ചെന്നു് അറിയിച്ചു. പെട്ടെന്നു് ത്രേസ്യയുടെ ബോധം പോയി. ഇപ്പോൾ സംസാരിക്കുന്നതു് ത്രേസ്യയല്ല, പരിശുദ്ധ മറിയം എന്നു് ഒരു സ്വരം കേട്ടു. "ദൈവനാമത്തിൽ മറിയം തന്നെ. ഇവളെ പിശാചു് അടിക്കയും ഇടിക്കയും ചെയ്തു. കെട്ടിക്കിടന്നിരുന്ന ചോരയാണു ഛർദ്ദിച്ചതു്. വ്യസനിക്കേണ്ടാ" എന്നുപറഞ്ഞു മാതാവു പോയി. ത്രേസ്യയ്ക്കു് ഉടനെ ബോധം വന്നു. മുടക്കം കൂടാതെ രോഗികളെ സന്ദർശിക്കാൻ ആത്മപിതാവു ഉപദേശിച്ചു.

രോഗിയുടെ അടുക്കലേക്കു മടങ്ങിച്ചെന്നു് ആശ്വാസവാക്കുകൾ പറയുകയും, "ഈശോ മറിയം ഔസേപ്പേ" എന്നു ചൊല്ലിക്കൊടുക്കുകയും ഹന്നാൻ വെള്ളം കൊണ്ടു കുരിശു വരയ്ക്കുകയും ചെയ്തു. രോഗി ശാന്തമായി കിടന്നു. "ഇനി വിഷമമുണ്ടാകുകയാണെങ്കിൽ വിവരം അറിയിക്കുക" എന്നു പറഞ്ഞു ത്രേസ്യാ സ്വഭവനത്തിലേക്കു മടങ്ങി. പാതിരാ ആയപ്പോൾ ദീനാവസ്ഥ കൂടിയിരി

കുമെന്നു ത്രേസ്യയെ അറിയിച്ചു. ആങ്ങളയെ കൂട്ടി ത്രേസ്യാ ഉടനെ രോഗിയുടെ അടുക്കലെത്തി. കട്ടിലിൻെറ അരികെ വളരെ പേരുണ്ടായിരുന്നെങ്കിലും ശങ്ക കൂടാതെ ത്രേസ്യാ ആശ്വാസവചനങ്ങൾ പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. പ്രഭാതംവരെ അങ്ങനെ കഴിച്ചു. രോഗി മരിക്കുകയും ചെയ്തു. ആത്മാവു പിരിയുന്ന സമയത്തു പരിശുദ്ധദൈവമാതാവും കാവൽമാലാഖായും ഈയാളുടെ അടുത്തു നില്ക്കുന്നതും മാതാവു കൈയിൽ ഒരു തിരുവുത്തരീയം പിടിച്ചിരിക്കുന്നതും ഈ ആത്മാവു് ആ ഉത്തരീയത്തിൽ പിടിച്ചു യാത്ര പറയുന്നതും അവർ കണ്ടു. ഈ ആത്മാവിനു മൂന്നു മാസത്തേക്കു ശുദ്ധീകരസ്ഥലം വിധിക്കപ്പെട്ടു.

## ത്രേസ്യയുടെ കുറിപ്പുകൾ

ഇക്കാലത്താണു് ത്രേസ്യയുടെ ജീവിതത്തിലുണ്ടാകുന്ന സംഭവങ്ങളെല്ലാം എഴുതിവയ്ക്കണമെന്നു ആത്മപിതാവു് ആജ്ഞാപിച്ചതു്. ആ കുറിപ്പുകളെ അടിസ്ഥാനപ്പെടുത്തിയാണു ഫാദർ വിതയത്തിൽ ത്രേസ്യയുടെ ജീവിതസംഭവങ്ങൾ എഴുതിയിട്ടുള്ളതു്. ആകയാൽ ത്രേസ്യയും ഫാദർവിതയത്തിലും വിശ്വാസയോഗ്യരാണെങ്കിൽ ഈ ഗ്രന്ഥവും വിശ്വാസയോഗ്യമായി സ്വീകരിക്കേണ്ടതാണു്. ചില തെറ്റുകളും ചില വെളിപാടുകളും ത്രേസ്യയുടെ ഭാവനയല്ലെന്നു് വരുന്നില്ല. ത്രേസ്യയ്ക്കും ഫാദർവിതയത്തിലിനും, അവ യഥാർത്ഥമായി തോന്നിയിരിക്കണം. അവരുടെ ധീരമായ വിശ്വാസം ഈ സംഭവങ്ങളെ ദൈവികപ്രവൃത്തനങ്ങളും വെളിപാടുകളുമായി സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചു. അസ്മാദൃശക്കു മറിച്ചു തോന്നിയേക്കാം. എന്നാലും ദൈവത്തിൻെറ പ്രവൃത്തനങ്ങള

ടെ സ്വഭാവം ഈ ചരിത്രത്തിലും സമൃക്കായി നമുക്കു കാണാവുന്നതാണു്.

ത്രേസ്യാ എഴുതിയ കുറിപ്പുകൾ പിശാചുക്കൾ എടുത്തു മാററിക്കളഞ്ഞു. വിവരം ത്രേസ്യാ ആത്മപിതാവിനെ അറിയിച്ചു. "പിശാചുക്കൾ എടുത്തുകൊണ്ടുപോയ കടലാസു തിരികെ കൊടുക്കണമെന്നും മേലിൽ ഇങ്ങനെ കടലാസുകൾ എടുത്തുകൂടെന്നും ദൈവനാമത്തിൽ ഞാൻ കല്പിക്കുന്നു." എന്നു് ഒരു കടലാസിലെഴുതി ആത്മപിതാവു ത്രേസ്യയുടെ കൈയിൽ കൊടുത്തുകൊണ്ടു പറഞ്ഞു "നീ കിടക്കുന്ന മുറിയിൽ ഇതു പതിക്കുക" ത്രേസ്യാ അങ്ങനെ ചെയ്തു. കുറേദിവസം കഴിഞ്ഞു് അവളുടെ കടലാസുകൾ അവളുടെ മുറിയിൽ കാണപ്പെട്ടു.

## ശാരീരിക ക്ലേശങ്ങൾ

പിശാചുക്കൾ ശാരീരിക മർദ്ദനങ്ങൾ നിറുത്തിയ ശേഷം ത്രേസ്യയുടെ സ്ഥിതി ഒട്ടും മെച്ചമായിരുന്നില്ല. പ്രാർത്ഥനയും ധ്യാനവുമൊക്കെ പ്രയാസമായി. അശുദ്ധ പരീക്ഷകൾ വർദ്ധിച്ചു. തന്നിമിത്തം ശാരീരികമർദ്ദനങ്ങളാണു് അക്കാലത്തെ പരീക്ഷകളെക്കാൾ ആശ്വാസകരമെന്നുപോലും ത്രേസ്യാ ആത്മപിതാവിനെ അറിയിച്ചു.

അങ്ങനെയിരിക്കേ ഒരു വെള്ളിയാഴ്ച അസ്തമയത്തിനുശേഷം ത്രേസ്യയുടെ വീട്ടിൽനിന്നു് ഒരാൾ വന്നു് ആത്മപിതാവിനെ വിളിച്ചു. അദ്ദേഹം വീട്ടിൽ ചെന്നപ്പോൾ ത്രേസ്യാ കഠിനമായി ഛർദ്ദിക്കുകയാണു്; ഒന്നുംപുറത്തു പോകുന്നില്ല. നെഞ്ചിൽ വേദന ഭയങ്കരം. കൈകാലുകൾ തണുത്തു കോച്ചിപ്പോയി. ചൂടുകിഴിവയ്ക്കാൻ ജ്ഞാനപിതാവു വീട്ടുകാരോടാവശ്യപ്പെട്ടു. അങ്ങ

നെ ചെയ്തുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നു ത്രേസ്യയുടെ ബോധംപോയി. അപ്പോൾ ആത്മപിതാവു് എല്ലാവരോടും പുറത്തുപോകാൻ ആജ്ഞാപിച്ചു. ദൈവമാതാവുവന്നിട്ടുണ്ടെന്നു ആത്മപിതാവിനു് തോന്നി. "ആരാണു് വന്നിരിക്കുന്നതെന്നു് ദൈവനാമത്തിൽ പറയുക" എന്നു് ആത്മപിതാവു കല്പിച്ചു.

"പരിശുദ്ധമറിയം" എന്നു് മറുപടി. തുടന്നു അവിടുന്നുപറഞ്ഞു: 'ഇതു കണ്ടു വ്യസനിക്കേണ്ട. കത്താവു് ഇവൾക്കു് യാത്രയാക്കുന്ന പീഡകളാണിവ. വെള്ളിയാഴ്ചതോറും ഉച്ചതിരിഞ്ഞു് തുടങ്ങും; പാതിരാവരെ ഉണ്ടാകും നോമ്പുകാലങ്ങളിലധികമാകും; അതുകൊണ്ടു സങ്കടപ്പെടേണ്ടതില്ലെന്നു് ഇവളോടു പറയണം"

**പഞ്ചക്ഷതം**

അങ്ങനെ വെള്ളിയാഴ്ചതോറും മൂന്നു് മണിക്കു് ത്രേസ്യയുടെ പീഡനങ്ങൾ ആരംഭിക്കുകയും പാതിരാക്കു് അവസാനിക്കുകയും ചെയ്യുന്നു. ഇവൾ ധ്യാനിക്കുമ്പോൾ ചില ദിവസങ്ങളിൽ പരവശമുണ്ടാകുന്നു. ചിലപ്പോൾ ചങ്കിനുചൊവ്വു് പുറമേയും ഉള്ളും കൈയ്യിലും രക്തം തുള്ളിതുള്ളിയായി പൊടിയുന്നുണ്ടു് ഇതാണു പഞ്ചക്ഷതത്തിന്റെ ആരംഭം. മരണം വരെ കാലിലും കൈയ്യിലും മാറിലും ഈ മുറിവുകൾ പതിഞ്ഞു കിടന്നിരുന്നു. മാറിലെ മുറിവു് ആരും കണ്ടിട്ടില്ല.

കൈയിലേയും കാലിലേയും മുറിവുകൾ ഒരു പൈസയുടെ വലിപ്പത്തിൽ വൃത്താകൃതിയിലായിരുന്നുവെന്നു തുണസഹോദരിയായിരുന്ന സിസ്റ്റർ അഗസാ(പരിയാരം ഇടവക പുതുശ്ശേരി ചാക്കപ്പൻ മകൾ) ഈ ഗ്രന്ഥകാരനോ

ട്ട് ഏറെ പാഴുകയുണ്ടായി. നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും ഈ മുറിവുകളിൽനിന്നു ചോര വന്നിരുന്നു. മാതൃഭവനത്തിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന മുറിച്ചട്ടയിൽ മാറിലെ മുറിവിൽ നിന്നുവന്ന രക്തം പതിഞ്ഞു കിടക്കുന്നതു ഈ ഗ്രന്ഥകാരനും കണ്ടിട്ടുണ്ടു്.

1969 ഡിസമ്പർ 11-ാംനു- ഒല്ലൂരുമഠത്തിൽതാമസിക്കുന്ന കർമ്മലീത്താസഭയിലേ പൂർവ്വമദർജനറൽ സിസ്റ്റർ ഇഗ്നേഷ്യാ(ഒല്ലൂരു കല്ലൂക്കാരൻ പൗലോസു മകൾ)അവർകളെ ഗ്രന്ഥകാരൻ സന്ദർശിച്ചു പഞ്ചക്ഷതത്തെപ്പറ്റി ചിലവിവരങ്ങൾ ശേഖരിച്ചു. കുറേനാൾത്രേസ്യാ ഒല്ലൂർമഠത്തിൽ താമസിക്കുകയുണ്ടായി. മേനാച്ചേരിമെത്രാനച്ചൻെറ നിർദ്ദേശപ്രകാരമണു ത്രേസ്യയെ അവിടെ താമസിപ്പിച്ചതു്. ഒരിക്കൽ ഒല്ലൂരുമഠത്തിലേ സഹോദരിമാർ മെത്രാനച്ചനെ കാണാൻ വന്നപ്പോൾ തിരുമേനി പറഞ്ഞു."നിങ്ങൾക്കു് ഒരു പഞ്ചക്ഷതയെ കാണിച്ചുതരാം. നിങ്ങൾ ആ മുറിവുകൾ കണ്ടു് എന്നോടഭിപ്രായം പറയണം." മറിയം ത്രേസ്യാ ഒല്ലൂരു താമസിക്കുമ്പോൾ സിസ്റ്റർഇഗ്നേഷ്യാ അർത്ഥിനിയാണു്. ഒരു ദിവസം സിസ്റ്റർ ഇഗ്നേഷ്യയും സിസ്റ്റർ മരിയാ ലൂയിസായും ത്രേസ്യയുടെ വെള്ളിയാഴ്ചസ്ഥനങ്ങളിൽ അവളെ കാണുകയുണ്ടായി. മരിയാളൂയിസാ 25 കൊല്ലം നേഴ്സു ജോലിനോക്കിയിട്ടുള്ള സഹോദരിയാണു്. ഇവർ രണ്ടുപേരും ത്രേസ്യയുടെ പഞ്ചക്ഷതത്തിൽ വിശ്വസിക്കുന്നവരായിട്ടാണു കാണുന്നതു്. തലയുടെചുറ്റും ചോരപൊടിയുന്നതും അവർ കണ്ടിട്ടുണ്ടു്. സിസ്റ്റർ ഇഗ്നേഷ്യ എനിക്കു നല്കിയ വിവരണംഇവിടെ ഞാൻ ചേർക്കുന്നു:

"ഞാൻ ഒരു വെള്ളിയാഴ്ച ത്രേസ്യയുടെ മുറിയിൽ ചെന്നപ്പോറം അവറം ഒരു കട്ടിലിൽ രണ്ടു തലയിണ യിൽ ചാരിക്കിടക്കയായിരുന്നു. രണ്ടുകൈയും നീട്ടി ചുമരിൽ പതിച്ചിരുന്നു; ഉള്ളംകൈ വിരിഞ്ഞിരുന്നി ല്ല; സ്വല്പം ചുരുണ്ടിരുന്നു. ഒന്നു രണ്ടു പേർ ബലമായി കൈവലിച്ചു നോക്കി. അനങ്ങിയില്ല. ആണിതാച്ചിരുന്ന പോലെ തോന്നും. ഒരുപാദം അപരപാദത്തിൻെറ മീതെ കയററിവച്ചിരുന്നു. ഇടയ്ക്കിടയ്ക്കു പാദങ്ങറം വിറയ്ക്കുമായി രുന്നു.

സിസ്റ്റർ ഇഗ്നേഷ്യയുടെ വിവരണത്തെ സിസ്റ്റർ ലൂ യിസാ ശരിവച്ചു. സമർത്ഥരും ദൃഢമാനസരുമായ ഈ സ ഹോദരിമാരിൽ നിന്നു നേരിട്ടു ലഭിച്ച ഈ വിവരണം ഗ്ര ന്ഥകാരൻെറ വിശ്വാസത്തെ വർദ്ധിപ്പിച്ചിട്ടുണ്ടു്. സി സ്റ്റർ എവുപ്രാസ്യയുടെ ജീവിതത്തിൽ പിശാചു പ്രകടി പ്പിച്ച കുതന്ത്രങ്ങറം അനുഭവവേദ്യമായിരുന്ന സിസ്റ്റർ ഇ ഗ്നേഷ്യയ്ക്കു സിസ്റ്റർ മറിയംത്രേസ്യയ്ക്കുണ്ടായ പൈശാചി കാക്രമണങ്ങറം ഒട്ടും അസാധാരണമായിത്തോന്നുന്നില്ല.

ചുമരിൽ കുരിശാകൃതിയിൽ ത്രേസ്യ തറക്കപ്പെട്ടിരി ക്കുന്നതു ബ. മരിയാ ലൂയിസാ കണ്ടിട്ടുണ്ടെന്നു് എന്നോ ട് പറയുകയുണ്ടായി. പാദങ്ങറം തറയിൽനിന്നു് ഉദ്ദേ ശം രണ്ടടി ഉയരത്തിലായിരുന്നുവെന്നു സിസ്റ്റർ പറഞ്ഞു.

തിരുക്കുടുംബ സഭാംഗമായ സിസ്റ്റർ മെററിൽഡായും ബ. ത്രേസ്യയുടെ ഉടുപ്പിൽ ഇടത്തേ മാറിൻെറ നേക്കു രക്തം കണ്ടിട്ടുണ്ടു്.

**ഒരു ഭയങ്കര പാപി**

ഒരു ഞായറാഴ്ച ത്രേസ്യാ വി കുമ്പ്സാനസ്വീകരിക്കാൻ

അഴിക്കാലുങ്കൽ വന്നു മുട്ടുകുത്തിയപ്പോഠം പെട്ടെന്നു പാരവശ്യത്തിലമന്നു. വൈദികൻ ശേഷം പേക്കവി. കുബ്ബാന കൊടുത്തു മടങ്ങിയപ്പോഠം, "പ്രിയ കൂടപ്പിറപ്പുകളേ, നമ്മുടെ കത്താവു സങ്കടമനുഭവിക്കുന്നു. കത്താവിനെ ആശ്വസിപ്പിക്കുവിൻ", എന്നൊരു സ്വരം ഇവളിൽ നിന്നുകേട്ടു. ഒരു മാലാഖ ത്രേസ്യയ്ക്കു വി. കുബ്ബാന കൊടുത്തു. ഇങ്ങനെയൊരനുഭവമുണ്ടാകുമെന്നു ദൈവമാതാവു് ആത്മപിതാവിനെ മുൻകൂട്ടി അറിയിച്ചിരുന്നതാണു്

അന്നാളുകളിൽ കുബ്ബാന കാണാതെയും കുമ്പസാരിക്കാതേയും ഇരുപതുവഷം കടുത്തനിരാശയിൽ കഴിഞ്ഞുകൂടിയിരുന്ന ഒരു പാപി ആ ഇടവകയിൽ ഉണ്ടായിരുന്നു. ചിലപ്പോഠം മാതാവിൻെറ സ്വരൂപം നോക്കി, "കള്ളി, എന്നെ ഉപേക്ഷിച്ചല്ലോ" എന്നും ക്രൂശുരൂപം നോക്കി "കള്ളാ എന്നെ ഉപേക്ഷിച്ചല്ലോ" എന്നും അയാഠം പറഞ്ഞിരുന്നു. പല ധ്യാനഗുരുക്കന്മാരും ഭക്തരായ വൈദികരും ഇയാളെ ആശ്വസിപ്പിക്കാനും മാനസാന്തരപ്പെടുത്താനും ശ്രമിച്ചിട്ടുണ്ടു്. ഇയാളെ ദിനംപ്രതി സന്ദശിച്ചു് ആശ്വസിപ്പിക്കാൻ ആത്മപിതാവു ത്രേസ്യയോടു കല്പിച്ചു രോഗി പണ്ഡിതനും വൃദ്ധനുമാണെന്നും തന്നിമിത്തം അജ്ഞയും ചെറുപ്പക്കാരിയുമായ തന്നെ ഒഴിവാക്കണമെന്നും ത്രേസ്യാ ആത്മപിതാവിനോടു് അഭ്യത്ഥിച്ചു. പോയി ഉപദേശിക്കണമെന്നുതന്നെ ആത്മപിതാവു നിർദ്ദേശിച്ചു. ത്രേസ്യാ ഈയാത്മാവിനെ ഈശോയുടെ തിരുഹൃദത്തിനു കാഴ്ചവച്ചു. വി. കുബ്ബാന പരസ്യമായി എഴുന്നുള്ളിച്ചു വച്ചു തിരുഹൃദയത്തിൻെറ നൊവേന കൂട്ടമായിനടത്തി. ത്രേസ്യാ ഉപദേശം തുടങ്ങുമ്പോഠം ഈ പാപി

ആദ്യദിവസങ്ങളിൽ മഹാവിരോധം പ്രകാശിപ്പിച്ചിരുന്നു; തന്നെത്താൻ തലയ്ക്കു് അടിക്കുകയും ചെയ്തിരുന്നു. അപ്പോൾ ഇവർ മുട്ടുകുത്തി തിരുഹൃദയപ്രാർത്ഥന ചൊല്ലി. രണ്ടുദിവസം കഴിഞ്ഞപ്പോൾ ഇയാൾ ദിവ്യപൂജ കാണാൻ പള്ളിയിൽ പോയിത്തുടങ്ങി.

എന്നാൽ കുമ്പസാരത്തിൻെറ കാര്യം പറയുമ്പോൾ അയാൾ അങ്ങേയററം എതിർത്തുകൊണ്ടേയിരുന്നു. ഇരുപതാം ദിവസം ഈ പാപി മനസ്താപത്തോടെ കുമ്പസാരിച്ചു വി. കുർബ്ബാന കൈക്കൊണ്ടു.

**1905 ഫെബ്രുവരി 2-ാംനു-**

ദൈവമാതാവിൻെറ ശുദ്ധീകരണത്തിരുന്നാൾ ദിവസമാണല്ലോ. തിരിവെഞ്ചരിപ്പു കഴിഞ്ഞു പ്രദക്ഷിണം പുറപ്പെട്ടപ്പോൾ ദൈവമാതാവു് ഉണ്ണിയെ എടുത്തു വി യൗസേപ്പിനോടുകൂടെ പ്രദക്ഷിണത്തിനു മുമ്പേ നടക്കുന്നതു ത്രേസ്യാ കണ്ടു. അന്നു മിക്കനേരവും ഈശോയും മറിയവും യൗസേപ്പും ത്രേസ്യയുടെ കൂടെ ഉണ്ടായിരുന്നു. പുസ്തകം നോക്കി പ്രാർത്ഥന ചൊല്ലുമ്പോൾ ഇന്നയിന്ന പരിഹാരജപങ്ങളും പ്രാർത്ഥനകളും ചൊല്ലണമെന്നു ദൈവമാതാവു കാണിച്ചു കൊടുത്തിരുന്നു. അന്നു പീഠത്തിൽ പുഷ്പങ്ങൾ ചാർത്തുന്നതിനു ദൈവമാതാവു സഹായിച്ചുവെന്നാണു ത്രേസ്യാ പറയുന്നതു്.

**പാപിയുടെ വായിൽനിന്നു് പാമ്പു്.**

1905 ഫെബ്രുവരിയിലെ ആദ്യവെള്ളിയാഴ്ച തിരുഹൃദയ സഭക്കാർ കുമ്പസാരിക്കയിൽ ത്രേസ്യാ ദൈവമാതാവിൻെറ ആജ്ഞാനുസാരം കുമ്പസാരക്കൂട്ടിൻെറ പടി

ഞ്ഞാറവശത്തു മുട്ടുകുത്തിയിരുന്നു. അന്നു് ഒരാറം കമ്പ സാരിക്കയിൽ അയാളുടെ വായിൽനിന്നു ചിറകുള്ളരണ്ടു പാമ്പു പുറത്തേക്കു പറന്നുപോകുന്നതു ത്രേസ്യാകണ്ടു.

ചാവുദോഷത്തെ പാമ്പിനോടു ബന്ധപ്പെടുത്തി ചിന്തിച്ചിരുന്ന ത്രേസ്യയുടെ ഭാവന സജീവരൂപമെടുത്തതായിരിക്കാം ഈ കാഴ്ചപ്പാടു്. ചാവദോഷത്തിൻെറ ഗൗരവത്തെപ്പററി ത്രേസ്യാ എത്രബോധവതിയായിരുന്നിരിക്കണം!

## ശുദ്ധീകരാത്മാക്കാറം

ഒരു രാത്രി ത്രേസ്യാ ക്ഷീണിതയായി കിടക്കുമ്പോറം ഒരാത്മാവു് ഇവറക്കു് കാണപ്പെട്ടു പറഞ്ഞു "ഞാൻ മരിച്ചിട്ടു് ഏഴുകൊല്ലം കഴിഞ്ഞിരിക്കുന്നു. എൻെറ കാലാവധി കുറയുന്നതിനു വി. കുബ്ബാന ചൊല്ലികാഴ്ചവയ്ക്കാൻ നിൻെറ ആത്മപിതാവിനോടു നീ പറയണം. മുപ്പതുരൂപ ഉത്തരിക്കാനുണ്ടു്. അതു വീട്ടണം." ത്രേസ്യാ ഇതു വിശ്വസിച്ചില്ല. തന്നിമിത്തം കുറേദിവസം കഴിഞ്ഞു് അതേ ആത്മാവു വീണ്ടും പ്രത്യക്ഷപ്പെട്ടു പറഞ്ഞു. "മുപ്പതുരൂപാ കിട്ടാനുള്ള ആറം രഹസ്യമായി അതിലുമധികം സംഖ്യ എന്നിൽനിന്നു് എടുത്തിട്ടുണ്ടു്. എൻെറ മറവപാപങ്ങറക്കു പരിഹാരമായി നീ പ്രാർത്ഥിക്കുകയും ദണ്ഡവിമോചനങ്ങറ കാഴ്ചവയ്ക്കുകയും ചെയ്യുക." ഇപ്രാവശ്യം ആത്മാവു് ആവശ്യപ്പെട്ടതെല്ലാം ത്രേസ്യാ ചെയ്തു. ആത്മപിതാവു വി. കുർബ്ബാനയും ചൊല്ലി എട്ടാം ദിവസം ശനിയാഴ്ച ഈ ആത്മാവു മഹത്വത്തോടെ സ്വർഗ്ഗത്തിലേക്കു പോകുന്നതു ത്രേസ്യാ കണ്ടു. "നിൻെറപ്രാർത്ഥനകളും തപഃകൃത്യങ്ങളും എൻെറ അവധി

കുറച്ചുവെന്നു് ആ ആത്മാവു കൃതജ്ഞതാപൂവ്വം ത്രേസ്യയെ അറിയിച്ചു.

ത്രേസ്യ ശുശ്രൂഷിച്ച വേറൊരു രോഗി മരിച്ചിട്ടു് ആദ്യത്തെ ശനിയാഴ്ച തന്നെ സ്വഗ്ഗത്തിലേക്കുപോകുന്നതു് അവഠം കണ്ടു. തൻെറ അമ്മയുടെ ഭാഗധേയം എന്തായിരുന്നുവെന്നു് അറിയുവാൻ ത്രേസ്യാ വളരെ പ്രാർത്ഥിച്ചിരുന്നു. "നിൻെറ അമ്മ ഒരു വഷ്വം ഏതാനും മിസവും ശുദ്ധീകരസ്ഥലത്തിൽ കിടന്നു"വെന്നു ദൈവമാതാവു വെളിപ്പെടുത്തി.

## ത്രേസ്യക്കു മൂന്നാം സഭയിൽ തലമുണ്ടു്

ത്രേസ്യയുടെ ജീവിതത്തിലേ അസാധാരണ സംഭവങ്ങഠം അനേകരുടെ ശ്രദ്ധ അവളിലേക്കു ആകഷിച്ചു. ജനങ്ങളുടെ സന്ദർശനം അവളെ അത്യധികം വേദനിപ്പിച്ചിരുന്നു. പാപികളുടെ മാനസാന്തരത്തിനായി ഈ വേദനകഠം സഹിക്കുവാൻ ആത്മപിതാവു ഉപദേശിച്ചു.

അന്നത്തെ ത്രേസ്യയുടെ ഭക്ഷണരീതി ആത്മപിതാവു വിവരിക്കുന്നുണ്ടു്: അമ്പതുനോമ്പിലെ ഒരുനേരം ക്രമപ്രകാരം എല്ലാ വെള്ളിയാഴ്ചകളിലും അവഠം കാത്തുപോന്നു. ഞായറാഴ്ചയൊഴികെയുള്ള മററുദിവസങ്ങളിൽ കുറച്ചു് അപ്പവും ഒന്നരത്തുടം പാലുമാണു് അവഠം കഴിച്ചിരുന്നതു്. വെള്ളിയാഴ്ചതോറുമുള്ള ഒരുനേരവും മൂന്നു മണി മുതൽ ശനിയാഴ്ച എട്ടുമണിവരെയുള്ള പീഡാനുഭവഭാഗഭാഗിത്വവും ത്രേസ്യയെ നന്നായി ക്ഷീണിപ്പിച്ചിരുന്നു. ഈ മഹാത്യാഗങ്ങളെ അസാധാരണവരങ്ങഠംകൊണ്ടു ദൈവം അനുഗ്രഹിച്ചതിൽ സംശയിച്ചിട്ടെന്തു പ്രയോജനം?

ത്രേസ്യായുടെ ജീവിത പരിശുദ്ധിയെപ്പററി ആത്മപിതാവു വളരെയേറെ കാര്യങ്ങൾ മേനാച്ചേരി മെത്രാനച്ചനോടു പറഞ്ഞിരുന്നെങ്കിലും മെത്രാനച്ചൻ അവയൊന്നും വിശ്വസിച്ചിരുന്നില്ല. എല്ലാം ഒരു തരം അപസ്മാരമോ ചുട്ട തലച്ചോറിൻെറ ഭാവനാസമൃദ്ധിയോ ആയി തള്ളുകയാണ് തിരുമേനി ചെയ്തതു്. എങ്കിലും കർമ്മലീത്താ മൂന്നാം സഭയിൽ ചേക്കുന്നതിന്നു് തിരുമേനി അനുവാദം കൊടുത്തു. ലോകത്തിൽത്തന്നെ താമസിക്കുന്നവക്കു് ഉത്തരീയം മാത്രമേ നല്കാറുള്ളു. എന്നാൽ 1905 മാർച്ച് 12-ാം നു- ത്രേസ്യയെ ചേത്തപ്പോൾ തലമുണ്ടും കൊടുത്തു. തികച്ചും അസാധാരണമായ ഒരു നടപടിയാണതു്. ദൈവമാതാവിൻെറ താൽപര്യപ്രകാരമാണു ത്രേസ്യയെ ഇങ്ങനെ മൂന്നാം സഭയിൽ ചേത്തതെന്നു പറയുന്നു. അതിന്നു് ഉപോൽബലകമായ ഫാദർ വിതയത്തിലിൻെറ എഴുത്തും തൃശ്ശൂരു വികാരി അപ്പസ്തോലിക്കാ തിരുമേനിയുടെ മറുപടിയും കീഴെ ചേക്കുന്നു.

എ. പെ. പെ. ബ. പിതാവേ,

മങ്കുടിയാൻ ത്രേസ്യയ്ക്കു തലമുണ്ടു് ഈ മാസത്തിലേ ഒന്നാം വെള്ളിയാഴ്ച കൊടുക്കുന്നതിനുള്ള പരിശുദ്ധ മാതാവിൻെറ ആഗ്രഹത്തെ പെ. പെ. ബ പിതാവിനോടു ബോധിപ്പിക്കുന്നതിനു മാതാവു എന്നോടു കല്പിച്ചിരിക്കുന്നതിനെ ബോധിപ്പിച്ചുകൊള്ളുന്നു.

അങ്ങേ ചൊല്ലുവിളിക്കു് എപ്പോഴും ആസ്തമായിരിക്കുന്ന

പുത്തഞ്ചിറപ്പള്ളി വികാരി

വിതയത്തിൽ യൗസേപ്പു കത്തനാരു്

1095 മാർച്ചു് 1ാം തിയ്യതി

മറുപടി

വെള്ളിയാഴ്ച ആഗ്രഹം പോലെ തലമുണ്ടു കൊട്ടക്കു ക്കുന്നതിനു് അനുവദിച്ചിരിക്കുന്നു. അതിനോടു കൂടെ മഠത്തിൽ നിന്നുകൊട്ടത്തയച്ചിട്ടുള്ള വലിയ വെന്തിഞ്ഞ വെഞ്ചരിച്ചു കർമ്മലീത്താ മൂന്നാം സഭയിൽ ചേക്കുന്നതിനു് അനുവദിച്ചിരിക്കുന്നു.

എന്നു്
തൃശ്ശൂരു് അരമനയിൽനിന്നു്.
1905 മാർച്ച് 1-ാംനു-
തൃശ്ശൂരു വികാരി അപ്പസ്തോലിക്കാ
മേനാച്ചേരി യോഹന്നാൻ മെത്രാനച്ചൻ.

## ഫാദർ വിതയത്തിലിൻെറ സഹോദരിയുടെ മരണം

അക്കാലത്തു് ഫാദർ വിതയത്തിലിൻെറ ഒരു സഹോദരിയുടെ രോഗം ഗുരുതരമായിത്തീൎന്നു. പനിയും വയററിൽ വേദനയുമായിരുന്നു സുഖക്കേടു്. വൈദ്യന്മാർ 18 ദിവസത്തെ അവുധിയാണു് നിശ്ചയിച്ചതു്. പഴക്കമുള്ള ഈ രോഗത്തിൽ നിന്നു് സൗഖ്യം പ്രാപിക്കാൻ ആത്മപിതാവും അദ്ദേഹത്തിൻെറ താല്പൎയ്യപ്രകാരം ത്രേസ്യയും പ്രാൎത്ഥിച്ചിരുന്നു. നാലു ദിവസം ത്രേസ്യാ രോഗിയുടെ വീട്ടിൽ പോയി ശുശ്രൂഷിച്ചു. രോഗിക്കു പനിയും വയററിൽ വേദനയും ശക്തിപ്പെട്ടപ്പോൾ അവ താൻ സഹിച്ചുകൊള്ളാമെന്നും രോഗിക്കു സുഖം നല്കണമെയെന്നും ത്രേസ്യാ പ്രാർത്ഥിച്ചിരുന്നു. അപ്പോൾ രോഗിക്കു് ആശ്വാസവും ത്രേസ്യയ്ക്കു വയററിൽ വേദനയും പനിയുംഉണ്ടായിക്കൊണ്ടിരുന്നു. ത്രേസ്യാ രോഗിയുടെ കട്ടിലിൽ ഇരിക്കുകയോ കിടക്കുകയോ ചെയ്യുമ്പോൾ അവൾക്കു സുഖമുണ്ടായിരുന്നു. ത്രേസ്യയ്ക്കു മാതാവു കൊടുത്ത അപ്പത്തിൻെറ ഒരോഹരി രോഗിക്കും നല്കി.

മദർ ജനറൽ ആയിരുന്ന ബ. സിസ്റ്റർ അന്ന വഴിയാണു ആ അപ്പം കൊടുത്തതു്.

രോഗത്തിനിടയ്ക്കു ദൈവമാതാവു് ആത്മപിതാവിനോടു് ഒന്നുരണ്ടു പ്രാവശ്യം പറഞ്ഞു: "വ്യസനിക്കാതിരിക്കുക." ത്രേസ്യയോടു് ഒന്നുകൂടെ സ്പഷ്ടമായി മാതാവു സംസരിച്ചു. "ഈ രോഗം സൗഖ്യമാകുന്നതിന്നു് ദൈവം തിരുമനസ്സാകുന്നില്ല. നിൻെറ അപേക്ഷ പരിഗണിച്ചു് ഒരു മാസവുംകൂടെ ലോകത്തിൽ ജീവിക്കണമെന്നാണു ദൈവതിരുമനസ്സു്". വൈദ്യന്മാർ പറഞ്ഞ അവധിപിട്ടു് ഒരു മാസവുംകൂടെ രോഗി ജീവിച്ചു. തൽകാലം രോഗം ശാന്തമായെന്നു പ്രേക്ഷകർക്കു തോന്നി.

മാസംതികയാറായപ്പോഴേക്കു രോഗംവദ്ധിച്ചു. ത്രേസ്യാ വീണ്ടും രോഗിയുടെ വീട്ടിൽ പോയി താമസിച്ചു രോഗിയെ അന്ത്യകൂദാശകൾക്കു് ഒരുക്കി 1905 മാച്ച് 29-ാംനു- ബുധനാഴ്ച രാത്രി ഒമ്പതേകാൽമണിക്കു രോഗി മരിച്ചു. ഉടനെ ആത്മാവു ത്രേസ്യായ്ക്കു കാണപ്പെട്ടു പറഞ്ഞു: "അടുത്ത ശനിയാഴ്ചരണ്ടു നാഴിക പുലരുന്നതുവരെ ഞാൻ ശുദ്ധീകരസ്ഥലത്തിൽ കിടക്കണമെന്നു് ദൈവം മനസ്സായിരിക്കുന്നു."ശനിയാഴ്ച ഈശോ മറിയം യൗസേപ്പുമാരോടുകൂടെ ആത്മാവു സ്വൎഗ്ഗത്തിലേക്കു പോകുന്നതു ത്രേസ്യാ കണ്ടു. "എനിക്കുവേണ്ടി അപേക്ഷിക്കണമേ" എന്നു ത്രേസ്യാ പറഞ്ഞു "അങ്ങനെ ചെയ്യാം" എന്നു് മറുപടിയുണ്ടായി.

**കുമ്പസാരിക്കുന്നവൎക്കുവേണ്ടി പ്രാൎത്ഥിക്കുന്നു.**

ഒരിക്കൽ ഇടവകപ്പള്ളിയിൽ കുമ്പസാരം നടന്നുകൊണ്ടിരുന്നപ്പോൾ ത്രേസ്യാ സമീപത്തു മുട്ടുകുത്തിനില്ക്കുന്നുണ്ടായിരുന്നു. ഒരു പാപി അതീവമനസ്താപത്തോടെ കുമ്പസാരിക്കാനിടയായി. തൽസമയം അയാളുടെ വാ

യിൽനിന്നു് ചിറകുള്ള ഒരു മഹാസർപ്പം ത്രേസ്യയുടെ നേരേ പാഞ്ഞുകൊണ്ടു് കോപാവേശത്തോടെ പറഞ്ഞു: "നീ കാരണം എനിക്കു് ഇയാളിൽ ഇരിക്കാൻ സാധിക്കാതായിരിക്കുന്നു. ഇനി ഞാൻ നിന്നിൽകയറും." പിശാചുക്കൾ കൂടുമ്പോഴൊക്കെ ത്രേസ്യയേയും ആത്മപിതാവിനേയുംകുറിച്ചു് ഓരോ കുററം പറഞ്ഞുകൊണ്ടിരിക്കുക പതിവായിരുന്നു.

കുമ്പസാരിക്കാൻ ആളുകൾ കൂടുതലുള്ളപ്പോൾ ആത്മപിതാവിൻെറ നിർദ്ദേശമനുസരിച്ചു് ത്രേസ്യാ പള്ളിയിലിരുന്നു പാപികൾ നല്ലകുമ്പസാരം കഴിക്കാൻ വേണ്ട സഹായം അപേക്ഷിച്ചുകൊണ്ടിരുന്നു. ഒരു ദിവസം അങ്ങനെ പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പള്ളിയിലേക്കു കടന്നപ്പോൾ ഒരു പിശാചു് അവളുടെ കാലിന്മേൽ മാന്തുകയും തടഞ്ഞുനിറുത്തുകയുംചെയ്തു. ത്രേസ്യാ അതു കൂട്ടാക്കുന്നില്ലെന്നു കണ്ടപ്പോൾ പിശാചു് അവളെ ശക്തിപൂർവ്വം ഒന്നു് ഇടിച്ചു. ഉടനെ അവൾ ചോര തുപ്പി. പിശാചുക്കൾ പലപ്പോഴും അവളുടെ ചുററും നിന്നു് "നിന്നെ ഞങ്ങൾ ഇടിക്കും, കൊല്ലും, നിൻെറ കണ്ണിൽ ഞങ്ങൾ മുളകെഴുതും" എന്നിങ്ങനെ പറഞ്ഞു് അവളെ ഭീഷണിപ്പെടുത്തിയിരുന്നു.

ഒരു ദിവസം പള്ളിയിലേക്കു വരുമ്പോൾ ഒരു പിശാചു പട്ടിയുടെ വേഷത്തിൽ പള്ളിവാതുക്കൽ കിടക്കുന്നതു ത്രേസ്യാ കണ്ടു. ഉടനെ കുറേ ഹന്നാൻവെള്ളം എടുത്തു് "നീ ഇവിടെ നിന്നു പോകുക" എന്നു പറഞ്ഞു് അവൾ അതിൻെറമേൽ തെളിച്ചു. കോപത്തോടെ അതു മറഞ്ഞുപോയി. കള്ളക്കുമ്പസാരം കഴിക്കാൻ പി

ശാചുക്കഠം കമ്പസാരക്കൂട്ടിൽ നിന്നു് പ്രേരിപ്പിക്കുന്നതും ത്രേസ്യാ കണ്ടിട്ടുണ്ടു്.

ഒരിക്കൽ ഒരാഠം കുമ്പസാരിക്കുമ്പോഠം അയാളുടെ വായിൽനിന്നു പുറത്തുവന്ന പാമ്പു് ഇവളുടെ ദേഹത്തേ ലേക്കു് ഓടിക്കയറിക്കൊണ്ടു പറഞ്ഞു: "നീ കാരണം ഞാൻ അവളിൽ നിന്നു ബഹിഷ്ക്കരിക്കപ്പെട്ടു. എനിക്കു വേറൊരു സ്ഥലം കിട്ടുന്നതുവരെ ഞാൻ നിന്നിൽ താമസിക്കും." ത്രേസ്യാ ഭയന്നു വിവരം ജ്ഞാനപിതാവിനെ അറിയിച്ചു. പാമ്പു പെട്ടെന്നു് അപ്രത്യക്ഷമായി. മററു ചിലർ കുമ്പസാരിക്കുമ്പോഠം അവരുടെ വായിൽനിന്നു തവളയൊ മററു ഇഴജന്തുക്കളോ പുറത്തുവരുന്നതു് അവഠം കണ്ടിട്ടുണ്ടു്.

## പിശാചിൻെറ വേലത്തരങ്ങഠം

ഞായറാഴ്ച ജനങ്ങഠം വിശുദ്ധ കുബ്ബാന കാണാൻ വരുമ്പോഠം മദ്ബഹായുടെ വളവിനു പുറത്തു് പിശാചുക്കളും വന്നുകൂടും. അവർ ഓരോരുത്തരുടെ അടുക്കൽ ചെന്നു് ഓരോ വീട്ടുകാര്യങ്ങഠം പറയും. "വീട്ടിലേക്കു വേഗം മടങ്ങൂ; കുട്ടിക്കു സുഖമില്ല," "വീട്ടിൽ വിരുന്നുകാർ വന്നിരിക്കുന്നു; വേഗം പോയി സൽക്കരിക്കൂ;" "ഇതാ വീട്ടിൽ കള്ളൻ കയറിയിരിക്കുന്നു; ഇവിടെ ഇരുന്നു സമയം കളയല്ലേ", ഇങ്ങനെ പറഞ്ഞു പലരേയും പിശാചുക്കഠം കബളിപ്പിച്ചുകൊണ്ടിരുന്നു.

പലപ്പോഴും പിശാചുക്കഠം ത്രേസ്യയോടു് "നീ നിഗളിയാണു്; നീകാരണം വളരെപേർ നശിക്കുന്നു", "നീ കാരണം നിൻെറ ആത്മപിതാവു നാശത്തിലായി", "നീ നിമിത്തം ദിനംപ്രതി കർത്താവു കുരിശിൽ തറക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നു." എന്നിങ്ങനെ പറഞ്ഞു് അവളെ പേടിപ്പിച്ചിരുന്നു.

## ഏപ്രിൽമാസത്തിലെ ആദ്യവെള്ളി

അന്നുകർത്താവു കൃശിതനായി മഹാ വേദനയോടെ ത്രേസ്യയ്ക്കു കാണപ്പെട്ടുപറഞ്ഞു: "എനിക്കു യാതൊരു ആശ്വാസവുമില്ല; എന്നെ ആശ്വസിപ്പിക്കുവാൻ ആരുമില്ല."

"കർത്താവേ, അങ്ങ് എന്തുകൊണ്ട് ഇങ്ങനെ വ്യാകുലപ്പെടുന്നു?" അവരം ചോദിച്ചു.

"ഇന്നു് എൻെറ ആശ്വാസത്തിനു നിശ്ചയിച്ചിരിക്കുന്ന ദിവസമാണല്ലോ. ഒരാൾ ദൈവാലയത്തിൽ വന്നു ദൈവദോഷത്തോടെ വി. കുർബാന കൈക്കൊണ്ടതുകൊണ്ടാണു് ഈ സ്ഥിതിയിൽ അയാളുടെ ഹൃദയത്തിൽ ഞാൻ എഴുന്നുള്ളിവന്നതു്.

ത്രേസ്യാ ഈ വിവരം ആത്മപിതാവിനെ അറിയിച്ചു. ദൈവദോഷത്തോടെ വി. കുർബാന സ്വീകരിക്കുന്നതിൻെറ ഭയങ്കരതയെപ്പററി അച്ചൻ പള്ളിയിൽ ഇടക്കിടയ്ക്കു പ്രസംഗിക്കണമെന്നു് ത്രേസ്യാ പറഞ്ഞു

## ചില രോഗികൾ

ഒരു സ്ത്രീ രോഗപ്പെട്ടപ്പോൾ അവളുടെ വീട്ടുകാർ പറഞ്ഞു അവൾക്കു് വീട്ടിൽ സ്ഥലമില്ലെന്നു്. മാനസാന്തരം കഴിഞ്ഞിട്ടു് അധികമായിട്ടില്ലായിരുന്നു ആ കുടുംബം. ത്രേസ്യാ ഇക്കാര്യം ആത്മപിതാവിനെ അറിയിച്ചപ്പോൾ പാടുള്ള സഹായം ചെയ്തുകൊടുക്കുക എന്നായിരുന്നു മറുപടി. രോഗിയുടെ പല ചാർച്ചക്കാരേയും കണ്ടു് അവളെ അവരുടെ വീട്ടിൽ സ്വീകരിക്കണമെന്നു യാചിച്ചു. അവസാനം ഒരഭയം കിട്ടി. രാവും പകലും ത്രേസ്യാ രോഗിയെ ശുശ്രൂഷിക്കുകയും കഷായവും മരുന്നും

ഭക്ഷണവും നല്കുകയും ചെയ്തുകൊണ്ടിരുന്നു. രോഗം മൂർച്ഛിച്ചപ്പോഠം അന്ത്യകൂദാശകഠം നല്കി.

രോഗം നീണ്ടുകൊണ്ടിരുന്നപ്പോഠം വീട്ടുകാക്ക വെറുപ്പായി. രോഗി നീരുവന്നു വീർത്തു. മറിഞ്ഞും തിരിഞ്ഞും കിടക്കാൻ സാദ്ധ്യമല്ലാതായി. അപ്പോഠം ത്രേസ്യ മാത്രമാണു് രോഗിയെ സഹായിക്കാനുണ്ടായതു്. സ്വഭവനത്തിൽ നിന്നു് അരനാഴിക അകലെയായിരുന്നു വെങ്കിലും ത്രേസ്യാ ഇടവിടാതെ രോഗിയെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. രാത്രി പോകുമ്പോഠം ആങ്ങളയേയും കൂട്ടിക്കൊണ്ടുപോയിരുന്നു. രോഗിയെ ശുശ്രൂഷിക്കുന്നതോടൊപ്പം സദുപദേശങ്ങഠം പറഞ്ഞു് ആശ്വസിപ്പിക്കുകയും രോഗിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

രോഗിയെ സംബന്ധിച്ചു പിശാചുക്കളും മാലാഖാമാരും തമ്മിൽ തർക്കമുണ്ടായെങ്കിലും മരിച്ചശേഷം ആത്മാവിനെ അനുയാനം ചെയ്തതു മാലാഖമാരാണെന്നു ത്രേസ്യാ കണ്ടു.

അന്നുതന്നെ വേറൊരു രോഗിയും ത്രേസ്യയുടെ ശുശ്രൂഷകഠം സ്വീകരിച്ചു മരിച്ചു. മാലാഖാമാരുടെ അകമ്പടിയോടുകൂടി ആത്മാവു പറന്നുപോകുന്നതും ത്രേസ്യക്കു കാണ്മാൻ കഴിഞ്ഞു.

ഇത്ര മഹത്തായ ത്യാഗം ഏതു യുവതിയാണു ലോകത്തിൽ നിർവ്വഹിച്ചിട്ടുള്ളതു്? ഫ്ലോറൻസ് നൈററിങ്കെയിൽ മുതലായ നേഴ്സുമാർ കൃത്യമായ നിയമപ്രകാരം ശുശ്രൂഷ ചെയ്തിട്ടുണ്ടു്. ത്രേസ്യാ അങ്ങനെയല്ല. ദരിദ്രമായ ഭവനത്തിൽ മാതാപിതാക്കന്മാരുടെ എതിർപ്പു് അവഗണിച്ചു സാധുരോഗികളെ വീട്ടിൽ പോയി ശുശ്രൂഷിച്ചതും അവരെ മരണത്തിനൊരുക്കിയതും ധീരമായ

ശ്രേഷ്ഠതവൃത്തിയാണു്; സമുന്നതപരിത്യാഗമാണു്. അതിൽ പിശാചുക്കറം അമർഷം കൊള്ളുന്നതും സ്വർഗ്ഗവാസികറം സന്തോഷം പ്രകാശിപ്പിക്കുന്നതും തെല്ലും വിസ്മയാവഹമല്ല.

**ആങ്ങളയുടെ കുസൃതി.**

ഒരു ദിവസം ആത്മപിതാവിനെ ത്രേസ്യാ വിളിപ്പിച്ചു. അദ്ദേഹം വീട്ടിലെത്തിയപ്പോറം അവറം ബോധമില്ലാതെകിടക്കയായിരുന്നു. തൽസമയം ദൈവമാതാവു് അവിടെ സന്നിഹിതയായിരുന്നുവെന്നു് ആത്മപിതാവു ഗ്രഹിച്ചു. ദൈവമാതാവു പറഞ്ഞു: "ഇവറം മൂത്ത ആങ്ങളയെപ്പററി ആകുലയാണു്. അവൻെറ മാനസാന്തരത്തിനുവേണ്ടിയുള്ള പ്രാർത്ഥന വിഫലമാകുന്നല്ലോ എന്നു് അവറംക്കു് കണ്ഠിതമുണ്ടു്. ഇന്നുതന്നെ അവൻ വേറൊരാളുമായി ശണ്ഠ പിടിച്ചു് വാഗ്വാദമുണ്ടായി. അച്ചൻ വിളിച്ചു് അവനെ ഉപദേശിക്കയും അപരനോടു് അവനേക്കൊണ്ടു സമാധാനം പറയിപ്പിക്കുകയും വേണം."

ഉടനെ ആത്മപിതാവു് അവനെ വിളിച്ചു് ഉപദേശങ്ങറം കൊടുത്തശേഷം പറഞ്ഞു: "നീ ത്രേസ്യയുടെ അടുത്തു മുട്ടുകുത്തുക. മാതാവു നിനക്കു് ആശീർവ്വാദം തരും." അപ്പോറം ഒരു സ്വരം: "അച്ചൻ പറഞ്ഞ ഉപദേശം നീ കേട്ടില്ലേ? അതുപോലെ നടക്കാൻ നിനക്കു മനസ്സുണ്ടോ? "ഉണ്ടു്".

"ഇവറം ഈ സങ്കടങ്ങളും ഞെരുക്കങ്ങളും അനുഭവിക്കുന്നതു് ഇവറംക്കു വേണ്ടിയാണോ?"

"അല്ല"

"നീ തിരുഹൃദയ സഭയിൽ ചേരണം. ഒമ്പതു മാ

സാദ്യ വെള്ളിയാഴ്ച യോഗ്യതയോടെ വി. കുർബ്ബാന സ്വീകരിക്കാൻ നീ തയ്യാറാണോ?"

"അതെ"

"നീ അസഭ്യം പറഞ്ഞയാളോട് ഇപ്പോൾ തന്നെപോയി സമാധാനം പറയണം. നീ അടുത്തു മുട്ടുകുത്തുക. ആശീർവ്വാദം തരാം."

**1905 ലെ ദുഃഖവെള്ളിയാഴ്ച**

ദൈവമാതാവ് മുൻകൂട്ടി വെളിപ്പെടുത്തിയിരുന്നതുപോലെ ദുഃഖവെള്ളിയാഴ്ച ഉച്ചതിരിഞ്ഞു് അവളുടെ പീഡകളാരംഭിച്ചു. ചങ്കിൽ നല്ലവേദന. കൈകാലുകൾ തളർന്നു; ശരീരം നിശ്ചലമായി. മരണാസന്നമായെന്നു പ്രേക്ഷകർക്ക് തോന്നിത്തുടങ്ങി. മൂന്നുമണിയായപ്പോൾ ശരീരം തീരെ അനക്കമില്ലാതെ ചത്ത ശവംപോലെയായി. ഇരുകൈകളുടെയും ഞരമ്പുകൾ വലിഞ്ഞു. കൈത്തലം രണ്ടും നിലത്തു പതിഞ്ഞു; വിരലുകൾ ഉള്ളിലേക്കു വലിഞ്ഞു. അവിടെ സന്നിഹിതനായിരുന്ന ആത്മപിതാവു കൈകൾ പിടിച്ചു വലിച്ചുനോക്കി. അതു് ഇളക്കുവാൻ കഴിഞ്ഞില്ല. ഇങ്ങനെ ഒരു മണിക്കൂർ അവൾ കിടന്നു. അനന്തരം അവൾക്കു ബോധം വന്നു; കൈകാലുകൾ ഇളക്കുവാനും സംസാരിക്കുവാനും അവൾക്കു വശമായി.

**ബലിപീഠാലങ്കാരം**

ആത്മപിതാവിന്റെ അനുവാദത്തോടെ ത്രേസ്യാ ബലിപീഠത്തിങ്കൽ പുഷ്പങ്ങൾ ചാർത്തിയിരുന്നല്ലോ. ഒരുദിവസം പുഷ്പങ്ങൾ ചാർത്തി സ്വസ്ഥാനത്തേക്കു മടങ്ങുമ്പോൾ, രണ്ടുപേർ വാളൂരിപ്പിടിച്ച് അവളെനോക്കിപ്പറഞ്ഞു: "നിനക്കു തെററിപ്പോയി. സ്ത്രീകൾക്ക് പ്രവേശ

നാന്നവാദമില്ലാത്തിടത്തു നീ കയറി. വേഗം പൊയ്ക്കൊൾക.'' ഈ വിവരങ്ങൾ ത്രേസ്യാ ആത്മപിതാവിനെ അറിയിച്ചു. അതു പിശാചിൻെറ ചതിയാണെന്നും ഒട്ടും വിഷാദിക്കേണ്ടതില്ലെന്നും അദ്ദേഹം പറഞ്ഞു. മേലിൽ പുഷ്പങ്ങൾ ചാർത്തിയാൽ മാത്രം പോരെന്നും ദിവസേന ബലിപീഠം അടിച്ചു വൃത്തിയാക്കണമെന്നും അദ്ദേഹം കല്പിച്ചു. മേയ്മാസം തുടങ്ങിയപ്പോൾ ദിവസന്തോറും പുഷ്പങ്ങൾ ചാർത്തിക്കൊണ്ടിരുന്നു. ഒരു ദിവസം തമ്പേലരിൽ പുഷ്പങ്ങൾ വയ്ക്കുമ്പോൾ ഒരെണ്ണം നിലത്തു വീണു തകൎന്നു. അതിനെപ്പററി അവൾ വിഷാദിച്ചു നില്ക്കുമ്പോൾ തകൎന്ന തമ്പേലർ മുറികൂടി.

ഒരു ദിവസം പൂക്കൾ വയ്ക്കാൻ ത്രേസ്യാ ചെന്നപ്പോൾ കൎത്താവു സക്രാരിക്കുപുറമേ നില്ക്കുന്നതു കണ്ടു. "പൂക്കൾ എന്നെ ഏല്പിക്കുക,'' കൎത്താവ് അവളോടരുൾ ചെയ്തു. അവൾ മുട്ടുകുത്തി പുഷ്പം കൎത്താവിൻെറ കൈയ്യിൽ കൊടുത്തു. കൎത്താവ് ആ പൂക്കൾ ഒരു തമ്പേലരിൽ വയ്ക്കുകയും ത്രേസ്യയോടു ക്രമപ്പെടുത്താൻ കല്പിക്കുകയും ചെയ്തു.

**അന്യരുടെ സഹനങ്ങൾ പൂൎണ്ണമായി ഏറെറടുക്കണ്ടാ**

അക്കാലത്തു കരാഞ്ചിറ ഇടവക ആലപ്പാട്ടു ലോനയുടെ മകൾ ത്രേസ്യാ, ഉദ്ദേശം ഇരുപതു വയസ്സ്, വാതുറക്കാൻ പാടില്ലാത്ത സ്ഥിതിയിൽ ആയിത്തീൎന്നു. അവൾക്കു വി. കുർബ്ബാന സ്വീകരിക്കുവാൻ അതിയായ ആഗ്രഹമുണ്ടായിരുന്നു. അതു സാദ്ധ്യമാകുന്നതിനു ത്രേസ്യയെക്കൊണ്ടു പ്രാൎത്ഥിപ്പിക്കണമെന്ന് അവളുടെ പിതാവു ത്രേസ്യയുടെ ആത്മപിതാവിനോടാവശ്യപ്പെട്ടു. ആത്മ

പിതാവു് അക്കാര്യം ത്രേസ്യയെ ഏല്പിച്ചു. ഈ കുട്ടിയോടു ത്രേസ്യയ്ക്കു വളരെ അലിവു തോന്നി. അവൾക്കു് വേണ്ടി ഏതു കഷ്ടതയെങ്കിലും അയച്ചുകൊടുത്തുകൊള്ളുകയെന്നു ത്രേസ്യാ കർത്താവിനോടു പ്രാർത്ഥിച്ചു. മേയ് 14ാംനു- ഞായറാഴ്ച ആയപ്പോൾ ത്രേസ്യയുടെ ഇടതുവശം മുഴുവനും സ്വാധീനമില്ലാതായി, ഇടതു കൈയ്യും കാലും ഇളക്കാൻ പോലും അവൾക്കു കഴിഞ്ഞില്ല. ആ വശം മുഴുവനും വേദനയുമുണ്ടായിരുന്നു. ഇവളെ തിരിച്ചു കിടത്തുന്നതിനു രണ്ടു മൂന്നു് ആളുകളുടെ സഹായം ആവശ്യമായിരുന്നു. ഇങ്ങനെയുള്ള സഹായം നല്കിയിരുന്നതു ത്രേസ്യയുടെ കൂട്ടുകാരികളാണു്.

ആ ചൊവ്വാഴ്ച രാത്രി കർത്താവു ത്രേസ്യയ്ക്കു കാണപ്പെട്ടു പറഞ്ഞു. “എനിക്കു സഹിക്കവയ്യ; എന്നെ ആശ്വസിപ്പിക്കാൻ ആരുമില്ല. ഇന്നു് ഇന്നയാൾ കഠിനമായി ദൈവത്തെ ദ്രോഹിച്ചിരിക്കുന്നു”. കർത്താവേ, എന്തു പരിഹാരമെങ്കിലും ഞാൻ ചെയ്തുകൊള്ളാം” എന്നു തളർന്നു കിടക്കുന്ന ത്രേസ്യാ മറുപടി പറഞ്ഞു. ഉടനെ ഇടതുവശത്തെ വേദന ഒന്നുകൂടി വർദ്ധിച്ചു. മേയ് 20ാംനു- ശനിയാഴ്ചവരെ അനുസ്യൂതം ഈ വേദന നീണ്ടുനിന്നെങ്കിലും ഒരു പുഞ്ചിരിയല്ലാതെ ഒരാവലാതിയും അവളിൽ നിന്നുണ്ടായില്ല. ഇതാണു് ഈ നൂററാണ്ടിനു മനസ്സിലാക്കാൻ കഴിയാത്ത ത്യാഗവും ക്ഷമയും എത്ര സഹോദരിമാർക്കു് ത്രേസ്യയെ ഇക്കാര്യത്തിൽ അനുകരിക്കാൻ കഴിയും?

ശനിയാഴ്ച എട്ടുമണിമുതൽ ദൈവമാതാവു ത്രേസ്യയെ തലോടുന്നതായി അവൾക്കുതോന്നി. ഞായ



ബ. മറിയം ത്രേസ്യാ ഉപയോഗിച്ചിരുന്ന തലയണ —
ഞെരിഞ്ഞലിന്റെ മുള്ളുകൾ എത്തിനോക്കുന്നു.



രോമച്ചട്ട — മുള്ളുപോലെ കമ്പികൾ തയിച്ചുവച്ചിരിക്കുന്നതു കാണാം.



ബ. മറിയം ത്രേസ്യാ ഉപയോഗിച്ചിരുന്ന ചട്ട —
വിലാവിലെ മുറിവിൽനിന്നുള്ള രക്തം ദൃശ്യം.



ബ. മറിയം ത്രേസ്യായുടെ വേറൊരു ചട്ട — രക്തം ദൃശ്യം.

റാഴ്ച കൈകാലുകൾക്കു സ്വാധീനത കിട്ടി; അവൾ പള്ളിയിലേക്കു പോകുകയും ചെയ്തു. മേലിൽ ആർക്കും വേണ്ടി എന്തും സഹിച്ചുകൊള്ളാമെന്നു് അപേക്ഷിക്കാതെ സഹനത്തിന്റെ ഒരോഹരിമാത്രം ചോദിച്ചാൽ മതിയെന്നു ദൈവമാതാവു ത്രേസ്യയെ ധരിപ്പിച്ചു.

**അന്നു ത്രേസ്യയ്ക്കു് അനുവദിച്ചിരുന്ന പ്രായശ്ചിത്തങ്ങൾ**

ത്രേസ്യയ്ക്കു് അന്നു ചെയ്യാൻ ആത്മപിതാവു് അനുവദിച്ചിരുന്ന പ്രായശ്ചിത്തങ്ങൾ കേട്ടുകൊള്ളുക: 1. സദാ മുള്ളരഞ്ഞാണം കെട്ടുക. 2. പായുടെ കീഴിൽ കല്ലു വിരിച്ചു കിടക്കുക. 3. ആഴ്ചയിൽ നാലു പ്രാവശ്യം ഉപവസിക്കുക. 4. ഭക്ഷണങ്ങൾ കയ്പു ചേർത്തു കഴിക്കുക. 5. ദിനംപ്രതി സ്വന്തംശരീരത്തിൽ ചമ്മട്ടികൊണ്ടടിക്കുക. 6. ചരലിൽ മുട്ടുകുത്തി പ്രാർത്ഥിക്കുക. 7. ഉള്ളംകൈയിൽ മുട്ടുകുത്തുക. 8. കൈ വിരിച്ചു പ്രാർത്ഥിക്കുക 9. രോമച്ചട്ട ധരിക്കുക.

ഈദൃശ പ്രായശ്ചിത്തങ്ങൾ ശ്രദ്ധനിയോഗത്തോടെ നിർവ്വഹിക്കുന്ന ഒരാൾക്കു ദൈവമാതാവും ഈശോയും യൗസേപ്പും സദാ കൂട്ടുകാരും പിശാചുക്കൾ ബദ്ധവൈരികളുമാകുന്നെങ്കിൽ എന്തു വിസ്മയം? മേല്പറഞ്ഞ പ്രായശ്ചിത്തങ്ങൾക്കു സമ്മാനമായിരിക്കയില്ലേ ജൂൺ മാസത്തിലെ അവളുടെ ചില അനുഭവങ്ങൾ? ആദ്യവെള്ളിയാഴ്ച ഒരു മാലാഖാ അവൾക്കു വി. കുർബ്ബാന കൊടുത്തു. അതിനു ശേഷം കർത്താവു കുറേനേരം അവളുടെ അരികേ നിന്നു. 100 വർഷം ശുദ്ധീകരസ്ഥലത്തിൽ കിടന്നിരുന്ന ഒരാത്മാവു് ഇവൾക്കു്കാണപ്പെട്ടു പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടിരുന്നു. ആറുമാസത്തേ ഇളവു കിട്ടിയ ആ

ത്മാവ് ആ വെള്ളിയാഴ്ച സ്വർഗ്ഗത്തിലേക്കു പോകുമ്പോഠം ത്രേസ്യയെ കണ്ടു യാത്ര പറഞ്ഞു.

**പാപികളെ മരണത്തിനൊരുക്കുന്നു.**

പുത്തഞ്ചിറ ഇടവകയിൽത്തന്നെ ഒരു വൃദ്ധൻ മരിക്കത്തക്ക സ്ഥിതിയിലെത്തിയിരിക്കയായിരുന്നു. ത്രേസ്യാ ദിനംപ്രതി വൃദ്ധനെ സന്ദർശിച്ചു ശുശ്രൂഷിച്ചുപോന്നു. പിശാചുക്കഠം അയാളെ നശിപ്പിക്കാനും പണിപ്പെട്ടുകൊണ്ടിരുന്നു. മരിക്കുന്നതിൻെറ തലേദിവസം ത്രേസ്യാ ചെന്നപ്പോഠം രോഗിക്കു പൂർണ്ണബോധമില്ലായിരുന്നു. പിശാചുക്കഠം രോഗിയുടെ അരികെനിന്നു് അയാളുടെ പാപങ്ങഠം പൊക്കിപ്പിടിച്ചു നിരാശപ്പെടുത്തിക്കൊണ്ടിരുന്നു. മാലാഖാമാർ പാപങ്ങളെക്കുറിച്ചു മനസ്തപിക്കാനും ശരണപ്പെടാനും ഉപദേശിച്ചുകൊണ്ടിരുന്നു. രോഗി പിശാചുക്കളെയാണു കൂടുതൽ ശ്രദ്ധിച്ചിരുന്നതു്. തന്നിമിത്തം പിറേറദിവസം ഉച്ചകഴിഞ്ഞു രോഗി മരിക്കുന്നതുവരെ ത്രേസ്യാ രോഗിയുടെ അരികെ ഇരുന്നു; ഈശോയോടും പരിശുദ്ധ കന്യകാമറിയത്തോടും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഇതിനിടയ്ക്കു രോഗിക്കു സുബോധമില്ലെങ്കിലും, ത്രേസ്യയോടു രോഷഭാവമാണു കാണിച്ചിരുന്നതു്. പിശാചുക്കഠം ഇവളെ ദൂഷണം പറഞ്ഞുകൊണ്ടിരുന്നു. വസൂരി രോഗികളോടു ഈ രോഗി ക്രൂരമായി വ്യാപരിച്ചിട്ടുള്ളതു പിശാചുക്കഠം അനുസ്മരിച്ചുകൊണ്ടു പറഞ്ഞു: "ഇയാഠം ഞങ്ങഠംക്കുള്ളവനാണു്. ഇയാഠം ശനിയാഴ്ചതോറും വി. കുർബ്ബാന കണ്ടിരുന്നുവെന്നു മാലാഖാ പ്രസ്താവിച്ചപ്പോഠം അതു ശുദ്ധനിയോഗത്തോടെ അല്ലായിരുന്നുവെന്നു പിശാചുക്കഠം വാദിച്ചു. ആത്മപിതാവു വന്നു മരിക്കാറായവർക്കു വേണ്ടിയുള്ള പ്രാർത്ഥന ചൊല്ലി. രോഗി മരിക്കുന്നതുവരെ

ത്രേസ്യയോട്ട് അവിടെ നില്ക്കാൻ ആത്മപിതാവു കല്പിച്ചു. പിശാചുക്കളുടെ ആനന്ദം കണ്ടു ദുഖിതയായ ത്രേസ്യാ രോഗിക്കുവേണ്ടി 153മണിജപം ചൊല്ലാൻ തുടങ്ങി. നരകശിക്ഷയ്ക്കു യോഗ്യനായ രോഗിക്കുവേണ്ടി ദൈവമാതാവു തൻെറ തിരുക്കുമാരനോട്ട് യാചിക്കുന്നതു ത്രേസ്യാ കണ്ടു. അനന്തരം രോഗിയോടു മനസ്തപിക്കാൻ മാതാവു ഉപദേശിച്ചു. രോഗി മനസ്തപിക്കുന്നതായി ത്രേസ്യാ കണ്ടു. അനന്തരം രോഗി മരിച്ചു. ഏതാനും ദിവസങ്ങൾക്കു ശേഷം ഈ ആത്മാവ് അവൾക്കു കാണപ്പെട്ടു താൻ ശുദ്ധീകരണസ്ഥലത്തിലാണെന്നും 25 വർഷം അവിടെ കിടക്കേണ്ടിവരുമെന്നും അതിനാൽ തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും ത്രേസ്യായോടു പറഞ്ഞു.

അക്കാലത്തു വസൂരി രോഗം പിടിപെട്ടു മരിച്ച ഒരു രോഗി തന്നെ ഏഴു കൊല്ലത്തേക്കു ശുദ്ധീകരസ്ഥലത്തിലേക്ക് വിധിച്ചിരിക്കുന്നുവെന്നും തൻെറ അവധി കുറയുന്നതിനു പുണ്യകൃത്യങ്ങൾ ചെയ്യുകയും ചെയ്യിക്കുകയും ചെയ്യണമെന്നും ത്രേസ്യയെ അറിയിച്ചു. രോഗത്തിൽ ത്രേസ്യാ ശുശ്രൂഷിക്കാൻ ആവശ്യപ്പെട്ടതാണ്; വസൂരി രോഗമായതുകൊണ്ട് ആത്മപിതാവ് അതു അനുവദിച്ചില്ല.

ആയിടയ്ക്കാണു വസൂരി ബാധിച്ച ഒരു ഈഴവരോഗിണി ജ്ഞാനസ്നാനത്തിനാവശ്യപ്പെട്ടതു്. ആ സ്ത്രീക്കു ജ്ഞാനസ്നാനവും വി. കുർബ്ബാനയും നല്കി. വസൂരി രോഗക്കാർ പറഞ്ഞു ആ സ്ത്രീ പിറേറ രാത്രി മരിച്ചെന്ന് അതു വ്യാജമാണെന്നു കർത്താവു ത്രേസ്യയെ അറിയിച്ചു ദൈവമാതാവു തന്നെ അവളുടെ പൊതിഞ്ഞുകെട്ടിയിരുന്ന പായകൾ അഴിച്ചുമാററുകയും വെള്ളം കൊടുക്കുകയും

ചെയ്തുവെന്നാണു ഫാദർ വിതയത്തിലിൻെറ കുറിപ്പുകഠം പറയുന്നതു്. പിറേറദിവസം ഉച്ചകഴിഞ്ഞു അഞ്ചുമണിക്കാണു് അവഠം മരിച്ചതു്. ഉടനടി അവളുടെ ആത്മാവു മാലാഖാമാരുടെ വാദ്യാഘോഷങ്ങളോടുകൂടെ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെടുന്നതു ബ. ത്രേസ്യാ കണ്ടു.

ഒരിക്കൽ ത്രേസ്യാ അമ്മവീട്ടിലേക്കു പോകുമ്പോഠം ചാലക്കുടിയിൽവച്ചു് ഒരാഠം വന്നു ത്രേസ്യയെ ഒരു രോഗിയുടെ അടുക്കലേക്കു ക്ഷണിച്ചു. ഒററക്കുരുവായിരുന്നു രോഗം. ത്രേസ്യാ പോകാൻ മടിച്ചു. ഉടനെ രോഗിയുടെ അമ്മ വന്നു പറഞ്ഞു: "എനിക്കു് ഒരു മകളേ ഉള്ളു; അവഠം മരിക്കാൻ പോകയാണു്. ഒന്നു കയറി ആശ്വസിപ്പിക്കണം"

"എനിക്കു ചികിത്സയില്ല" ത്രേസ്യാ പ്രതിവചിച്ചു എങ്കിലും അമ്മയുടെ നിർബ്ബന്ധപ്രകാരം ത്രേസ്യാ വീട്ടിൽ പോയി ഒരു 153 മണി ജപവും സകല പുണ്യവാന്മാരുടെ ലുത്തനിയായും ചൊല്ലുവാൻ പറഞ്ഞു. രോഗിക്കു് ആശ്വാസം നല്കണമേയെന്നു ത്രേസ്യയും പ്രാർത്ഥിച്ചു. ഉടനെ ശക്തിമത്തായ വേദന നിലച്ചു; രോഗി സുഖപ്പെടുകയും ചെയ്തു.

**പുതിയപരീക്ഷകഠം അനുവദിക്കുന്നു.**

ത്രേസ്യയുടെ പുണ്യജീവിതം ജോബിൻേറതുപോലെ പിശാചുക്കഠംക്കു് ഒരു വിഷമപ്രശ്നമായിരുന്നു. അവർ പുതിയ പരീക്ഷകഠംക്കുള്ള അനുവാദം ദൈവത്തിൽനിന്നു വാങ്ങി. ദൈവമാതാവു കാണപ്പെട്ടു സഹായിക്കുന്നതുകൊണ്ടാണു് അവഠം പരീക്ഷകളിൽ വിജയം വരിക്കുന്നതെന്നു പിശാചുക്കഠം ദൈവത്തെ അറിയിച്ചു. ആകയാൽ അതു നിറുത്തലാക്കണമെന്നു പിശാചുക്കഠം ആ

വശ്യപ്പെട്ടു. ദൈവം അതു് അനുവദിച്ചു. തന്നിമിത്തം കുറേ നാളത്തേക്കു ദൈവമാതാവു ത്രേസ്യയ്ക്കു കാണപ്പെട്ടു കയില്ല. ഈ സംഗതികളൊക്കെ ദൈവമാതാവു് ആത്മപിതാവുവഴി ത്രേസ്യയെ അറിയിച്ചതാണു്.

പിശാചുക്കൾക്കു പുതിയ അനുവാദം കിട്ടിയ നാൾ മുതൽ ശുദ്ധതയ്ക്കു വിരുദ്ധമായ പരീക്ഷകൾ സദാ ബോധത്തിൽ തോന്നിക്കുകയും അശുദ്ധപ്രവൃത്തികൾ അവളുടെ മുമ്പിൽ വച്ചു ചെയ്യുകയും അശുദ്ധചിത്രങ്ങൾ കാണിക്കുകയും പുരുഷന്മാരുടെ പ്രതിമ നഗ്നമായി പ്രദർശിപ്പിക്കുകയും ഭക്ഷണത്തിൽ അമേദ്ധ്യം വാരിയിടുകയും ശരണക്കേടു വരുത്താനുതകിയ സമസ്തവും ചെയ്തുകൊണ്ടിരിക്കുകയുംചെയ്തു. അപ്പനും ആങ്ങളമാരും അവൾക്കെതിരായ നിലപാടാണു പലപ്പോഴും സ്വീകരിച്ചിരുന്നതു്. ദൗർബ്ബല്യത്താൽ മനസ്സറിവും സമ്മതവും കൂടാതെ ചെയ്യുന്ന നിസ്സാരപാപങ്ങളെ ഭയന്നു ദിനംപ്രതി വി. കുർബ്ബാന സ്വീകരിക്കാൻ ത്രേസ്യാ ഭയം പ്രകടിപ്പിച്ചുതുടങ്ങി. ദിവസന്തോറും കുമ്പസാരിക്കണമെന്നു് ത്രേസ്യാ ആത്മപിതാവിനോടാവശ്യപ്പെട്ടു. „അതു വേണ്ടാ, ആഴ്ചയിലൊരിക്കൽ കുമ്പസാരിച്ചാൽ മതി'' എന്നു ജ്ഞാനപിതാവു ദൃഢമായി പ്രസ്താവിച്ചു. ആത്മപിതാവു മാത്രമായിരുന്നു ഈ ഘട്ടത്തിൽ ത്രേസ്യയ്ക്കാലംബം.

## ശുദ്ധീകരാത്മാക്കളെ സഹായിക്കുന്നു.

ത്രേസ്യയുടെ അയൽപക്കത്തു് മരിച്ച ഒരാൾ എട്ടാം ദിവസം ത്രേസ്യയ്ക്കു കാണപ്പെട്ടു പറഞ്ഞു: "നാളെ എനിക്കുവേണ്ടി ഒരു കുർബ്ബാന ചൊല്ലിച്ചാൽ നാളെത്തന്നെ ഞാൻ ശുദ്ധീകരണസ്ഥലത്തിൽ നിന്നു മോചനം

പ്രാപിക്കും.” ഈ സംഗതി ത്രേസ്യാ ആത്മപിതാവിനോടു പറഞ്ഞു. അദ്ദേഹം പിറേറ ദിവസം തന്നെ ഒരു കുർബ്ബാന സൌജന്യമായി ചൊല്ലി. കുർബ്ബാനയുടെ അവസാനത്തിൽ ഈ ആത്മാവു സന്തോഷത്തോടെ ഇവൾക്കു പ്രത്യക്ഷപ്പെട്ടു്, “ഞാൻ സ്വർഗ്ഗത്തിലേക്കു പോകുന്നു” എന്നു പറഞ്ഞു് അപ്രത്യക്ഷമായി.

കർമ്മലമാതാവിൻെറ തിരുന്നാൾ ദിവസം ഒരു പൂർണ്ണദണ്ഡവിമോചനം ശുദ്ധീകരസ്ഥലത്തിൽ പീഡകൾ സഹിക്കുന്നവർക്കുവേണ്ടി ത്രേസ്യാ കാഴ്ചവച്ചു. അന്നു് ഒരാത്മാവു ഇവൾക്കു കാണപ്പെട്ടു പറഞ്ഞു: “ഇന്നു് ആത്മപിതാവു ചൊല്ലിയ കുർബ്ബാനയുടെ ഫലവും നീ കാഴ്ചവച്ച പൂർണ്ണദണ്ഡവിമോചനവും എനിക്കു ലഭിച്ചതിനാൽ ഞാൻ സ്വർഗ്ഗത്തിലേക്കു പോകുന്നു.”

### ദൈവമാതാവു് വീണ്ടും ഇടപെടുന്നു

ഒരു വെള്ളിയാഴ്ച ദൈവമാതാവു് ഒരു മാലാഖാവഴി ആത്മപിതാവിനെ ത്രേസ്യയുടെ വീട്ടിലേക്കു വിളിപ്പിച്ചു. അന്നു വൈകുന്നേരം ആറുമണിക്കു ആത്മപിതാവു ത്രേസ്യയുടെ ഭവനത്തിലെത്തി. ത്രേസ്യക്കു ബോധമില്ലായിരുന്നു. മുറിയിലുണ്ടായിരുന്നവരെയെല്ലാം പുറത്തുവിട്ടപ്പോൾ ഒരു സ്വരം കേട്ടു. “ദൈവനാമത്തിൽ ഞാൻ ഈശോയുടെ അമ്മയാണു്.”

“എന്നെ വിളിച്ചിരുന്നല്ലൊ.”

“പിശാചുക്കൾക്കു് അനുവദിച്ചിട്ടില്ലാത്ത പല കാര്യങ്ങളും അവർ ചെയ്തുവരുന്നു. ത്രേസ്യയുടെ പുസ്തകങ്ങളും കടലാസ്സുകളും അവർ മാററി വയ്ക്കുന്നു. ഇവൾ കഴിക്കുന്ന കഞ്ഞി മുതലായ ഭക്ഷണസാധനങ്ങൾ അശുദ്ധമാക്കുന്നു

വേദനയുടെ ആധിക്യത്താൽ ഇവൾക്കു ബോധക്ഷയമു ണ്ടാകുമ്പോൾ ഇവൾ വിചാരിക്കാത്തതും പ്രവൎത്തിക്കാ ത്തതുമായ കാര്യങ്ങൾ ഇവൾ ചെയ്തുവെന്നു പറഞ്ഞുപര ത്തുന്നു. ഇതൊക്കെ അങ്ങു മുടക്കണം. "മൂത്ത ആങ്ങളയെ ക്കാൾ കൂടുതലായി ഇളയ ആങ്ങളയെ ഞാൻ സ്നേഹി ക്കുന്നു"വെന്നു് ഇവളേക്കൊണ്ടു പിശാചുക്കൾ പറയി ച്ചു. ഇവളുടെ മൂത്ത ആങ്ങള പൊറുഞ്ഞു, അച്ചനും ഞാനും പറഞ്ഞതുപോലെ വ്യാപരിക്കുന്നില്ല. മാസന്തോറും ആ ദ്യവെള്ളിയാഴ്ച വി. കുർബാന സ്വീകരിക്കാൻ അവനെ ഉ പദേശിക്കണം. ത്രേസ്യയ്ക്കു ചങ്കിലുള്ള വേദന വൎദ്ധിച്ചു വരും. കുറേനാൾ ഇവയെല്ലാം ക്ഷമയോടെ സഹിക്കുകയാ ണെങ്കിൽ ദൈവം ഇവൾക്കു് ആശ്വാസകാലം കൊടുക്കും"

കുറേ ദിവസങ്ങൾക്കുശേഷം വീണ്ടും ദൈവമാതാവു ആത്മപിതാവിനോടു പറഞ്ഞു: "അച്ചൻ ഇവളോടു പറ ഞ്ഞിരുന്നതനുസരിച്ചു് ഉണ്ടാകുന്ന സംഭവങ്ങൾ ഇവളെഴു തിക്കൊണ്ടിരിക്കുന്നുണ്ടു്. ഒരു ദിവസം ത്രേസ്യാ എഴു തിക്കൊണ്ടിരിക്കുമ്പോൾ ഇവളുടെ ആങ്ങള അറിയാതെ വന്നു കടലാസിൽ ബലമായി പിടിച്ചു വലിച്ചു. ഇവൾ കൊടുത്തില്ല. തൽസംബന്ധമായ മനോവേദന അവൾ ക്ഷമാപൂൎവ്വം സഹിച്ചു ശുദ്ധീകരാത്മാക്കൾക്കു കാഴ്ചവെച്ചു. അതു വഴി ഓരാത്മാവു രക്ഷപ്പെട്ടു. ഇവൾ കഞ്ഞി കു ടിക്കുമ്പോൾ കഞ്ഞിയിൽ മഹാദുൎഗ്ഗന്ധം പരത്തുന്നു. അ തും അവൾ ക്ഷമയോടെ കഴിച്ചു ശുദ്ധീകരാത്മാക്കൾക്കു വേണ്ടി കാഴ്ചവെയ്ക്കുന്നു.

## പരിയാരം വികാരിയുടെ സന്ദർശനം

ദൈവമാതാവിൻെറ ആജ്ഞപ്രകാരം പരിയാരം പ ള്ളിവികാരി അമ്പൂക്കൻ ബ. യോഹന്നാൻ അച്ചനെ

ത്രേസ്യയുടെ വീട്ടിലേക്ക ക്ഷണിച്ചിരുന്നു. വെള്ളിയാഴ്ചയായിരുന്നു വരാൻ നിശ്ചയിച്ചിരുന്ന ദിവസം. അദ്ദേഹം നിശ്ചിത വെള്ളിയാഴ്ച അഞ്ചുമണിക്ക് ആത്മപിതാവിനോടു കൂടെ ത്രേസ്യയുടെ വീട്ടിലെത്തി. അന്നു മലാഖയുടെ നിർദ്ദേശപ്രകാരം ത്രേസ്യ കിടന്നിരുന്നമുറി പ്രത്യേകം വെടിപ്പാക്കിയിരുന്നു. വെള്ളിയാഴ്ചദിവസങ്ങളിൽ പതിവുള്ള പങ്കുവേദന, കൈകാലുകളുടെ ഞരമ്പുവലി, ശരീരത്തിൻെറ നിശ്ചലത മുതലായ പീഡകൾ ത്രേസ്യാ ക്ഷമാപൂർവ്വം സഹിക്കുന്നതു കണ്ടു ഫാദർ അമ്പൂക്കൻ അത്ഭേയററം വിസ്മയിച്ചു. കുറേനേരം ഈ കാഴ്ച കണ്ടശേഷം അച്ചന്മാർ രണ്ടുപേരും ഒരു മുറിയിൽ പോയി വിശ്രമിച്ചു. സ്വല്പം കഴിഞ്ഞു് ത്രേസ്യാ ആത്മപിതാവിനെ വിളിപ്പിച്ചു. അദ്ദേഹം മുറിയിലുള്ളവരെയെല്ലാം പുറത്താക്കിയശേഷം ത്രേസ്യയോടു് എന്താണു പറയാനുള്ളതെന്നു ചോദിച്ചു.

"ഈശോ മറിയം യൗസേപ്പ് മൂവരും എൻെറ തലവശത്തു നില്ക്കുന്നു."

"നീ എന്താ ചെയ്യതു്?"

"ഞാൻ ഒന്നും ചെയ്തില്ല"

"നിൻെറ ഈ പാവപ്പെട്ട വീട്ടിൽവന്നതിനു് അവരോടു നന്ദിപറയുക; നിനക്കുവേണ്ട അനുഗ്രഹങ്ങൾ ചോദിക്കുക." അപ്പോഴേക്കു ത്രേസ്യയുടെ ബോധം പോയി. അപ്പോൾ ഒരു സ്വരം കേട്ടു.

"ഞാൻ ദൈവനാമത്തിൽ ഈശോയുടെ അമ്മയാകുന്നു. ഞങ്ങൾ മൂവരും ഇവിടെ വന്നിരിക്കുന്നു. ഞാൻ അച്ചനെ ഈശോയുടെ തിരുഹൃദയത്തിനു കാഴ്ചവയ്ക്കട്ടെ."

"ദൈവത്തിനു ഞാൻ എന്നും കീഴ്‌വഴക്കമുള്ളവനായിരിക്കും."

"ഞാൻ അച്ചനെ തിരുഹൃദയത്തിനു കാഴ്ചവയ്ക്കുന്നു. തിരുഹൃദയത്തിനു പ്രിയപ്പെട്ട മകനായി ജീവിക്കണം ഉപകാരസ്മരണയായി ഒരു സ്തോത്രം ചൊല്ലുക."

അനന്തരം അമ്പൂക്കൻ അച്ചനെ വിളിച്ച് എന്തോ ചില കാര്യങ്ങൾ പറഞ്ഞു. അവ ഫാദർ വിതയത്തിലിൻെറ കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ദൈവസ്തോത്രം കഴിഞ്ഞപ്പോൾ ദൈവമാതാവുതന്നെ ഒരു സുകൃതജപം മൂന്നു പ്രാവശ്യം അവക്കു ചൊല്ലിക്കൊടുത്തു:

"മറിയമേ, നിൻെറ സങ്കേതത്തിൽ
ഞങ്ങൾ വന്നു ചേരുന്നതുവരെ
ഞങ്ങളെ നീ കൈവിടല്ലേ"

അമ്പൂക്കനച്ചൻ ഈ സുകൃതജപം മരണംവരെ ചൊല്ലിയിരുന്നുവെന്നു പറയുന്നു.

അനന്തരം ദൈവമാതാവ് ആത്മപിതാവിനു ചില ഉപദേശങ്ങളും ആശീർവ്വാദവും നല്കി. താമസിയാതെ ത്രേസ്യയ്ക്കു ബോധം വന്നു.

### പിശാചിൻെറ പരീക്ഷകൾ

ത്രേസ്യയുടെ ശരണം നശിപ്പിക്കുവാൻ പിശാചുക്കൾ പല വിധത്തിൽ ഉത്സാഹിച്ചിരുന്നു. ശുദ്ധതക്കെതിരായ പരീക്ഷകളാണ് അവർ പ്രധാനമായി ആനയിച്ചിരുന്നത്. "മനുഷ്യനു ശരീരസന്തോഷങ്ങൾ അനുഭവിക്കാം. നീ അവയെ ഇഷ്ടപ്പെട്ടാൽ മതി", എന്നു പലപ്പോഴും അവളുടെ ഹൃദയത്തിൽ തോന്നിപ്പിച്ചുകൊണ്ടിരുന്നു. പീഡകൾ സഹിക്കുമ്പോൾ പിശാചുക്കൾ പറയും: "കണ്ടില്ല ദൈവത്തെ സ്നേഹിക്കുന്നവരെ ദൈവം ഞെരുക്കു

ന്നതു് ദൈവം നിന്നെ ഉപേക്ഷിച്ചിരിക്കയാണു്; നിന്നെ ഞങ്ങാംക്കു് ഏല്പിച്ചുതന്നിരിക്കുന്നു. നിൻെറ മെത്രാൻ നിനക്കും നിൻെറ ആത്മപിതാവിനും ശിക്ഷകാംകല്പിച്ചിരിക്കുന്നു." ഇങ്ങനെ തെറിയും പ്രാക്കും ദൈവദൂഷണങ്ങളും പറയുമ്പോാം ത്രേസ്യാ അവരുടെ നേക്കു ഹന്നാൻവെള്ളം തെളിക്കും. അപ്പോാം അഗ്നിരൂപത്തിൽ ആവർ പായും.

ഏകദേശം പതിനൊന്നുമണിയാറാകുമ്പോാം ഇവാം കിടക്കും. പാതിരാത്രു് എഴുന്നേററു കത്താവിൻെറ പീഡാനുഭവത്തെപ്പററി ധ്യാനിക്കും; അല്ലെങ്കിൽ പ്രാത്ഥനകാം ചൊല്ലും. ഉദ്ദേശം ആറെട്ടുനാഴിക കൈകാം കുരിശാകൃതിയിൽ വിരിച്ചു പിടിച്ചുകൊണ്ടു പ്രാർത്ഥന ചൊല്ലിയിരുന്നു. കൈ വീണുപോകുമ്പോാം കൈയിന്മേൽ കയറു കെട്ടി മുകളിൽ വലിച്ചുകെട്ടും. ഇങ്ങനെ ഏകദേശം മൂന്നു മണിക്കൂർ കഴിയ്ക്കും. പല ദിവസങ്ങളിലും ഈ സമയത്തു സ്വഗ്ഗീയകാഴ്ചകാം കാണുന്നു. രാത്രി രണ്ടുമൂന്നു നാഴിക ഉറങ്ങുന്നതിനു പിശാചുക്കാം സമ്മതിക്കയില്ല.

ദൈവമാതാവിൻേറയും മാലാഖാമാരുടേയും സഹായം നിഷേധിക്കപ്പെട്ടപ്പോാം ത്രേസ്യയുടെ സ്ഥിതി മഹാകഷ്ടത്തിലായി. പള്ളിയിൽ പോകാൻ പാടില്ലാത്ത ദിവസങ്ങളിൽ ത്രേസ്യക്കു വി. കുബ്ബാന എഴുന്നള്ളിച്ചു കൊടുക്കാൻ മലാഖാമാക്കു് അനുവാദമുണ്ടായിരുന്നു മുമ്പൊരിക്കൽ ദൈവമാതാവു അറിയിച്ചിട്ടുള്ളതുപോലെ ആത്മപിതാവുമാത്രമായിരുന്നു അവാംക്കു് ആലംബം. അച്ചനേയും ദൈവം പരീക്ഷിക്കും. മനുഷ്യരുടെ ആരോപണങ്ങളും രോഗങ്ങളും അദ്ദേഹത്തെ വേദനിപ്പിക്കുമെന്നു മാതാവുതന്നെവെളിവാക്കി.

## ശാരീരികവ്യഥകൾ

1905 ജൂലായി 16ാംനു-മുതൽ ഒക്ടോബർ 21ാംനു-വരെ വളരെയേറേ ശാരീരിക വ്യഥകൾ ത്രേസ്യാ അനുഭവിച്ചു. ഇടത്തേമാറിൽ ഒരു മുറിവുണ്ടാകുകയും ആ മുറിവിൽ നിന്നു രക്തം ചിലപ്പോൾ ധാരാളമായും ചില പ്പോൾ തുച്ഛമായും പുറപ്പെട്ടുകൊണ്ടിരുന്നു. അതിനാ ചൊവ്വം ചട്ട രക്തംകൊണ്ടു നനഞ്ഞതായി പലരും കണ്ടിട്ടുണ്ടു്. ഇവളുടെ കൂട്ടുകാരികൾ ഈ വിവരം ആത്മപിതാവിനെ പലപ്രാവശ്യം ധരിപ്പിച്ചിട്ടുള്ളതായിക്കാണുന്നു.

ത്രേസ്യയുടെ വിശ്വാസവും സ്നേഹവും പരീക്ഷിക്കാനായി ശാരീരികവ്യഥകൾ ഈ ഘട്ടത്തിൽ കണ്ടമാനം വദ്ധിച്ചു. ആപാദചൂഡം വേദനതന്നെ. തനിച്ചു് അങ്ങോട്ടുമിങ്ങോട്ടും മറിഞ്ഞുകിടക്കാൻ സാധിക്കാതിരുന്നതിനാൽ കിടന്നകിടപ്പിൽതന്നെ വേദനഅനുഭവിക്കേണ്ടിവന്നു. കാൽരണ്ടും തീ കൊണ്ടു പൊള്ളിച്ചതുപോലെ കരുവാളിച്ചിരുന്നു. കൈ രണ്ടും ഇളക്കുവാൻ പാടില്ലാതിരുന്നു. മറിയുകയും തിരിയുകയും പാടില്ലാഞ്ഞതിനാൽ പുറം പോളച്ചും രക്തമയമായും ഇരിക്കും. പള്ള രണ്ടിലും എഴുത്താണി കൊണ്ടു കുത്തുന്നതുപോലെയുള്ള വേദന തോന്നിയിരുന്നു. കുറേദിവസം കണ്ണുരണ്ടും ചിമ്മാൻ പാടില്ലാതെ തുറന്നും കുറേദിവസം കണ്ണ് തുറക്കാൻ പാടില്ലാതെ അടഞ്ഞുമിരുന്നു. അന്നേരത്തു് ഉറുമ്പോ മററു പ്രാണികളോ കണ്ണിൽ കടന്നു് ഉപദ്രവിക്കയാണെങ്കിൽ തുടച്ചുമാററാൻ വശമില്ലാതെ കുഴഞ്ഞിരുന്നു. ഉച്ച തിരിയുമ്പോൾ എല്ലാദിവസവും ഇവളുടെ പാദങ്ങൾ ഒന്നിൻെറ മീതെ ഒന്നുപിണഞ്ഞിരിക്കുകയാണു് പതിവ്. ആ സമയത്തു് ആരുപിടിച്ചാലും അകലാത്ത സ്ഥിതിയി

ലായിരുന്നു. കൈരണ്ടും ചുമരിന്മേൽ പതിഞ്ഞിരിക്കും ആരിളക്കിയാലും ഇളകുകയില്ല. ഉദ്ദേശം മൂന്നുമണിക്കാണു് ഈ സ്ഥിതി സംജാതമാകുന്നതു്. ഈ സമയം ഇവളുടെ കൈകാലുകൾ ആണികളാൽ തറയ്ക്കപ്പെട്ടപോലെയായിരുന്നു. ഞരമ്പുകൾ വലിഞ്ഞു കഠിനവേദനയ്ക്കു കാരണമാകുന്നു. ഈ വേദനകൾ കാണുമ്പോൾ ആരെങ്കിലും കരയാൻ തുടങ്ങിയാൽ ത്രേസ്യാ ഫലിതം പറഞ്ഞു് അവരെ രസിപ്പിക്കാൻ നോക്കും. തൊണ്ട നൊമ്പരവും നെഞ്ചത്തുകെട്ടും ശ്വാസം വലിയും ഭയങ്കരമായിരുന്നു. ശ്വാസം വലി വഴിയിൽ കേൾക്കാമായിരുന്നത്രേ. ഈ സംഭ്രമനേരത്തു ആത്മപിതാവിൻെറ നിബ്ബന്ധപ്രകാരം ഒഴിച്ചുകൊടുക്കുന്ന പഞ്ചസാരവെള്ളം മഹാപ്രയാസത്തോടെയാണു് ഇറക്കിയിരുന്നതു്. 1905 ജൂലായി 31ാംനു- മുതൽ യാതൊരു ഭക്ഷണവും കഴിക്കാൻ പാടില്ലാതായി എന്തുകഴിച്ചാലും ഛർദ്ദിച്ചു പോകും. പീഡകൾ അനുഭവിക്കുന്ന ദിവസങ്ങളിൽ ഒന്നരകോതമ്പപ്പവും പഞ്ചസാരവെള്ളവും പീഡകൾക്കു ശേഷം ദിവസന്തോറും ഒരപ്പവും ആത്മപിതാവിൻെറ നിർദ്ദേശാനുസാരം ഇവൾ ഭക്ഷിച്ചിരുന്നു. ഞായറാഴ്ചകളിൽ കാര്യമായ പീഡകളൊന്നുമുണ്ടായിരുന്നില്ല മററുദിവസങ്ങളിൽ അവളെസഹായിച്ചിരുന്ന കൂട്ടുകാർക്കു പോലും ഉറങ്ങാൻ പാടില്ലാത്തവിധം പിശാചുക്കൾ കല്ലും മണ്ണുമെറിഞ്ഞിരുന്നു.

ചുരുക്കം ദിവസങ്ങളിൽ കാലത്തു പള്ളിയിൽ വന്നു കുമ്പസാരിക്കാനും വി. കർബാന കാണാനും പാടുണ്ടായിരുന്നു. മററു ദിവസങ്ങളിൽ കത്താവുതന്നെ അവളുടെ മുറിയിൽ കർബാന ചൊല്ലി അവൾക്കു കർബാന കൊടുത്തിരുന്നു; അല്ലെങ്കിൽ മാലാഖാമാർ അവൾക്കു കർ

ബാന നല്കിയിരുന്നുവെന്നാണ് ഫാദർ വിതയത്തി ലിൻെറ കുറിപ്പുകൾ പറയുന്നത്.

**ശരണക്കേട്**

ശുദ്ധതക്കെതിരായ പരീക്ഷകൾ പീഡനങ്ങളുടെ ഇടയിൽക്കൂടി പിശാചു ആനയിച്ചിരുന്നു. സഹായമായി കുരിശുരൂപം കൈയിൽ പിടിക്കുകയും ഈശോയുടെ നാമം ഉച്ചരിക്കുകയും ചെയ്തിരുന്നു.

പീഡനകാലത്തു് എല്ലാ ദിവസവും ക്ഷമയോടെ സഹിക്കാനും ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങാനും ആത്മപിതാവു ത്രേസ്യയെ ഉപദേശിച്ചിരുന്നു. എന്നിട്ടും ഒരു ദിവസം വേദനയുടെ ആധിക്യത്താൽ ഇവൾക്കു സ്വല്പം ശരണക്കേടുണ്ടായി. അന്നു് ആത്മപിതാവു ത്രേസ്യയുടെ അടുക്കലെത്തിയപ്പോൾ ത്രേസ്യാ ബോധമില്ലാതെ കിടക്കയായിരുന്നു. എങ്കിലും ഒരു സ്വരം കേട്ടു.

"ദൈവനാമത്തിൽ ഞാൻ ഈശോയുടെ അമ്മയാണ്. ത്രേസ്യാ അനുഭവിച്ച ക്ലേശങ്ങൾ പാഴായേക്കാൻ പാടില്ലായ്കയില്ല. ഇന്നു് അവൾക്കു് അല്പം ശരണക്കേടുണ്ടായി. അതിനെപ്പററി അച്ചൻ ഇവളെ കുററപ്പെടുത്തുകയും ശാസിക്കുകയും വേണം. നാളെ കാലത്തു പള്ളിയിൽ വന്നു കുമ്പസാരിച്ചു വി. കുർബ്ബാന സ്വീകരിക്കട്ടെ മേലിൽ ശരണക്കേടു വരാതിരിക്കാൻ സൂക്ഷിക്കണം. അച്ചൻ നന്മനസ്സോടെ ഇവളെ സഹായിക്കണം."

**ബോധമില്ലാത്തപ്പോൾ**

ത്രേസ്യക്കു ബോധമില്ലാത്തപ്പോൾ ഇവൾവഴി ദൈവമാതാവു് ഇവളുടെ കൂട്ടുകാരികളെ കുററപ്പെടുത്തിയിരുന്നു; വാനവസ്തോത്രങ്ങൾ അവർ പാടിയിരുന്നു.

ദൈവമാതാവിൻേറയോ ത്രേസ്യാ പുണ്യവതിയുടേയോ തിരുനാളുകൾക്ക പള്ളിയിൽ പോകാൻ സാധിക്കാതെ വരുമ്പോൾ ഇവളും കൂട്ടുകാരികളും കൂടി പാട്ടുകൾ പാടിയിരുന്നു. അപ്പോൾ അവൾക്കു ബോധക്ഷയമൊന്നും ഉണ്ടായിരുന്നില്ല. എന്തു പാട്ടാണു പാടിയിരുന്നതെന്നു ആത്മപിതാവു ചോദിച്ചപ്പോൾ, "ഇപ്പോൾ എനിക്ക കിട്ടുന്നില്ല; പള്ളിയിലെ പാട്ടുപോലെയാണെന്നു തോന്നുന്നു"വെന്നു അവൾ പ്രതിവചിച്ചു.

പലദിവസങ്ങളിലും ഇവർ കൂട്ടമായി 53 മൂന്നുമണിജപം ചൊല്ലിയിരുന്നു. കടശിയാകുമ്പോഴേക്കു അവൾക്ക ബോധക്ഷയം വരുകയും തൽസമയം എല്ലാവരോടും മുട്ടുകുത്തുവാൻ നിർദ്ദേശിക്കുകയും കൈപൊക്കി ആശീർവ്വദിക്കുകയും ചെയ്തിരുന്നു.

## വെള്ളിയാഴ്ച പരിപാടി

വെള്ളിയാഴ്ചദിവസങ്ങളിൽ ഇവൾ കിടക്കുന്ന ചെറിയ മുറി പൂക്കൾ കൊണ്ടലങ്കരിക്കണമെന്നു ദൈവമാതാവു ഇവളോടു പറഞ്ഞിരുന്നു. കൂടാതെ ത്രേസ്യയ്ക്കു ബോധക്ഷയംവന്നപ്പോൾ കൂട്ടുകാരികളോടും പറയുകയുണ്ടായി. ഇക്കാര്യം ആത്മപിതാവു അറിഞ്ഞപ്പോൾ അതെന്തിനാണെന്നു അദ്ദേഹം ദൈവമാതാവിനോടു ചോദിച്ചു ദൈവമാതാവു പ്രതിവചിച്ചു: "വെള്ളിയാഴ്ച ദിവസങ്ങളിൽ കരിശുമണിക്കുമുമ്പു ഈശോ മറിയം യൗസേപ്പു ഇവിടെ എഴുന്നള്ളിവരും. അപ്പോൾ ഇവിടെ കൂട്ടമായി 53 മണിജപം ചൊല്ലുന്നവർക്കെല്ലാം ദൈവാനുഗ്രഹങ്ങൾ നല്കുന്നതാണു. മററു ദിവസങ്ങളിൽ ഇവിടെ വന്നു കൂട്ടമായി ജപമാലയും മററു പ്രാർത്ഥനകളും ചൊല്ലു

ന്നവർക്ക് ദൈവത്തിന്റെ വിശേഷാനുഗ്രഹങ്ങൾ ലഭിക്കുന്നുണ്ട്. അച്ചന് ഒഴിവുള്ളപ്പോൾ വെള്ളിയാഴ്ച ദിവസങ്ങളിൽ ഇവിടെ വന്ന് 53 മണിജപവും ദൈവസ്നേഹത്തിന്റേയും സ്തോത്രങ്ങളുടേയും പ്രാർത്ഥനകളും കൂട്ടമായി ചൊല്ലണം. ഇങ്ങനെ എല്ലാ വെള്ളിയാഴ്ചകളിലും ത്രേസ്യയുടെ ബാഹ്യപീഡകളുടെ നേരത്തു പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടിരുന്നു.

ആത്മപിതാവു പ്രാത്ഥനയ്ക്കായി വന്ന ഒന്നാമത്തെ വെള്ളിയാഴ്ച സ്വല്പനേരം കഴിഞ്ഞപ്പോൾ ത്രേസ്യക്കു ബോധക്ഷയം വന്നു. ഉടനെ ദൈവനാമത്തിൽ ഈശോ മറിയം യൗസേപ്പ് എന്നൊരു സ്വരം കേട്ടു അനന്തരം ദൈവമാതാവ് ആത്മപിതാവിനോട് ഉണ്ണിമിശിഹായുടെ കൊന്ത ചൊല്ലാൻ ആവശ്യപ്പെട്ടു. അദ്ദേഹം കൊന്ത ചൊല്ലിക്കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് ഒരാശീർവ്വാദം സിദ്ധിച്ചു.

അനന്തരം തിരികളെല്ലാം കൊളുത്തി മേല്പറഞ്ഞ പ്രാർത്ഥനകളെല്ലാം ചൊല്ലാൻ പറഞ്ഞു. പ്രാത്ഥനയുടെ അന്ത്യത്തിൽ ദൈവമാതാവു കൈപൊക്കി ആത്മപിതാവിന് ആശീർവ്വാദം നല്കി. അങ്ങനെ വെള്ളിയാഴ്ചകളിൽ ആത്മപിതാവിനു രണ്ടു പ്രാവശ്യം ആശീർവാദം കൊടുത്തിരുന്നു; മററു ദിവസങ്ങളിൽ ഒരു പ്രാവശ്യവും.

ദൈവമാതാവിന്റെ ലുത്തനിയാ ചൊല്ലുമ്പോൾ, "ഏകസ്വരൂപമായിരിക്കുന്ന പരിശുദ്ധ ത്രീത്വമേ" എന്നുവരെ ദൈവമാതാവും ചൊല്ലിയിരുന്നു. "ഈശോയുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ" എന്ന അപേക്ഷയും ത്രീത്വസ്തുതിയും ദൈവമാവു ചൊല്ലിയിരുന്നു. ഒടുവിൽ, "ഈശോമറിയം യൗസേപ്പിനു സ്തുതി" എന്നു ശേഷംപേർക്കു ദൈവമാതാവു ചൊല്ലിക്കൊടുത്തിരുന്നു.

## ത്രേസ്യമ്മ ദൈവമാതാവിൻെറ ഉപദേശം.

വെള്ളിയാഴ്ചകളിലെ പ്രാർത്ഥനകൾക്കുശേഷം ആത്മപിതാവു് ചില ഉപദേശങ്ങൾ നല്കിയിരുന്നു. ചില ദിവസങ്ങളിൽ ദൈവമാതാവും ത്രേസ്യമ്മ് ഉപദേശങ്ങൾ കൊടുത്തിരുന്നു. അവ! ഫാദർ വിതയത്തിൽ ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു:

"ത്രേസ്യാ മൗനമായി സഹിക്കണം. മരണവേദനയനുഭവിക്കുന്ന രോഗികളെ സഹായിക്കാനൊഴികെ മറെറാരു കാര്യങ്ങൾക്കും ഇവളുടെ വീടു വിട്ടു് എങ്ങും പോകാൻ ഇവളെ അനുവദിക്കരുതു്. മേലിൽ ദിവസന്തോറം ഭക്ഷണമായി ഒരപ്പം മാത്രം കഴിക്കട്ടെ. ഇനി ഇവളോടു പ്രത്യേക സന്ദർഭങ്ങളൊഴികെ ഞാൻ സംസാരിക്കയില്ല. ചിലപ്പോൾ മാലാഖ വന്നു് ഇവൾക്കു് വിശുദ്ധ കുർബ്ബാന നല്കും. വല്ലതും അറിയിക്കാനുണ്ടെങ്കിൽ മാലാഖാവഴി അറിയിക്കുന്നതായിരിക്കും. പിശാചുക്കളുടെ പരീക്ഷകൾ ശക്തിയായിട്ടുണ്ടാകും. അച്ചൻ ഇവിടെനിന്നു മാറിപ്പോകുന്നതുവരെ ഇവളുടെ കാര്യങ്ങൾ നന്നായി അന്വേഷിക്കണം. ഇവളെ അച്ചനു് ഏല്പിച്ചിരിക്കുന്നു."

1905 ജൂലായി 31-ാംനു- മുതൽ ത്രേസ്യമ്മ നിശ്ചയിച്ചിരുന്ന അപ്പമല്ലാതെ എന്തു കഴിച്ചാലും അതു ഇറങ്ങിയിരുന്നില്ല. അപ്പവും പഞ്ചസാരവെള്ളവും ഭക്ഷിക്കുന്നതിനു ത്രേസ്യാ വിമുഖയായിരുന്നു. "ഇതു സുഖമുള്ള ഭക്ഷണമല്ലയോ? ഇവ കഴിച്ചാൽ എൻെറ ശരീരം പൂണ്ണിക്കും", എന്നാണു് അവൾ പറഞ്ഞിരുന്നതു്. എങ്കിലും കീഴ്വഴക്കത്തിൻകീഴ് ത്രേസ്യാ അവ ഭക്ഷിച്ചു.

## 1905 സെപ്ററമ്പർ 6-ാം നു-ബുധനാഴ്ച

സെപ്ററമ്പർ 6-ാം നു- ലെ സംഭവങ്ങൾ ഫാദർ വിതയത്തിൽ തന്നെ വിവരിക്കട്ടെ; "അന്നു കർത്താവു് ഇവളുടെ മുറിയിൽ കുർബാന ചൊല്ലി ഇവൾക്കു കുർബാന കൊടുത്ത ശേഷം മാലാഖയോടു് ഇവളുടെ വിലാവിൽ കുന്തം കൊണ്ടു കുത്താൻ കല്പിച്ചു. ഉടനെ മാലാഖാ കുന്തം കൊണ്ടു് അവളുടെ വിലാവിൽ കുത്തി. ചോര ധാരാളമായി പ്രവഹിച്ചു. ഇവൾക്കു വേദനയും പരിഭ്രമവും ഉണ്ടായി."

## കർത്താവു ത്രേസ്യയ്ക്കു മോതിരം കൊടുക്കുന്നു

ഒരുദിവസം രാത്രി നമ്മുടെ കർത്താവു സന്തോഷത്തോടെ ത്രേസ്യയ്ക്കുകാണപ്പെട്ടു. തന്റെ കൈയ്യിലുണ്ടായിരുന്ന പൊൻ മോതിരം ഇവൾക്കു കാണിച്ചുകൊണ്ടു്, "ഈ മോതിരം നിന്റെ വിരലിന്മേൽ ഇടട്ടെ" എന്നു ചോദിച്ചു. ത്രേസ്യാ ഒന്നും പറഞ്ഞില്ല. ഒരു ദിവസം ഉണന്നപ്പോൾ തന്റെ മോതിരവിരലിൽ സാധാരണ കല്ലുവച്ച ഒരു മോതിരം കിടക്കുന്നതു ത്രേസ്യാ കണ്ടു. വിവരം ആത്മപിതാവിനോടു പറഞ്ഞു. ദൈവമാതാവു് അതിന്നിടയ്ക്കു ആത്മപിതാവിനെ ഇങ്ങനെ അറിയിച്ചു. "ഇവളുടെ വിരലിലുള്ള മോതിരം കർത്താവു് ഇട്ടുകൊടുത്തതാണ്. അതു് ആക്കും കൊടുക്കരുതെന്നു അവളോടു പറയണം." എങ്കിലും മോതിരമിട്ടു നടക്കാൻ ത്രേസ്യയ്ക്കു ലജ്ജ തോന്നി. സെപ്ററമ്പർ 16-ാം നു- രാത്രി ത്രേസ്യാ കാൺകെ തന്നെ തന്റെ വിരലിൽ ഇട്ടിരുന്ന മോതിരമെടുത്തു കർത്താവു ത്രേസ്യയുടെ വിരലിൽ ഇട്ടു.

ഏതാനും ദിവസങ്ങൾക്കു ശേഷം ഒരു രാത്രി കർത്താവു ത്രേസ്യായ്ക്കു കാണപ്പെട്ടു ഒരു പൊൻ മോതിരം കാണിച്ചു കൊണ്ടുചോദിച്ചു; "ഇതു നിനക്കു വേണമോ?

"അങ്ങയുടെ തിരുമനസ്സു പോലെ" ത്രേസ്യാ പ്രതിവചിച്ചു.

"കുറേ കഴിഞ്ഞു തരാം" കർത്താവു് അരുൾചെയ്തു.

**കള്ളക്കുമ്പസാരം**

അക്കാലത്തു് ഇടവകക്കാരിയായ ഒരു ത്രേസ്യായുടെ മുറിയിൽ നമ്മുടെ കഥാനായിക പ്രവേശിച്ചപ്പോൾ മഹാ ദുർഗ്ഗന്ധം തോന്നി. "എന്താ വിഷാദം?" ത്രേസ്യാ ആ സ്ത്രീയോടു ചോദിച്ചു. "ഞാൻ ലജ്ജ നിമിത്തം ഒരു പാപം മറച്ചു വച്ചു രണ്ടു മൂന്നു പ്രാവശ്യം കുമ്പസാരിച്ചു കഴിഞ്ഞിരിക്കുന്നു.

"കൂടപ്പിറപ്പേ, പാപം എന്നെ അറിയിക്കേണ്ടാ പോയി ഒരു നല്ല കുമ്പസാരം കഴിക്കൂ.'

"അച്ചനോടു കുമ്പസാരിക്കാൻ ലജ്ജ തോന്നുന്നു. ഈയൊരു പാപമൊഴിച്ചു ശേഷമെല്ലാം വെളിപ്പെടുത്താം."

"അതു കൊണ്ടെന്തു പ്രയോജനം? എല്ലാ പാപങ്ങളും മനസ്താപത്തോടും പ്രതിജ്ഞയോടും കുമ്പസാരിച്ചാലേ പാപപ്പൊറുതി ലഭിക്കയുള്ളൂ. കുമ്പസാരത്തിൽ വൈദികൻ കേൾക്കുന്ന പാപങ്ങൾ പരമരഹസ്യമായി പാലിക്കും. വികാരിയച്ചനോടു കുമ്പസാരിക്കാൻ ശങ്കയുണ്ടെങ്കിൽ വേറെ അച്ചന്മാരോടു കുമ്പസാരിക്കാം."

ഈ ഉപദേശം ആ സ്ത്രീയെ സ്പർശിച്ചില്ല. പിറേറ ദിവസം ഒന്നാം വെള്ളിയാഴ്ച, കള്ളക്കുമ്പസാരം കഴിക്കാൻ തന്നെ അവൾ നിശ്ചയിച്ചു. വിവരം ത്രേസ്യാ ആത്മപിതാവിനെ അറിയിച്ചു. കള്ളക്കുമ്പസാരം തടയാൻ

ത്രേസ്യാ വേണ്ടതു ചെയ്യണമെന്നു് ആത്മപിതാവു ഉപദേശിച്ചു. പിറേറ ദിവസം രാവിലെ ത്രേസ്യാ പള്ളിയിലെത്തി. ആ സ്ത്രീയും വന്നു. അവാം അടുത്തു വന്നപ്പോൾ മഹാദുർഗ്ഗന്ധം. ത്രേസ്യാ വീണ്ടും അവളെ ഉപദേശിക്കാൻ തുടങ്ങിയപ്പോൾ, "നീ നിഗളിയാണു്; കള്ളപ്പുണ്യവതിയാണു്" എന്നൊക്കെ പറഞ്ഞു ത്രേസ്യയെ ശകാരിച്ചു. ഈ സ്ത്രീ കമ്പസാരക്കൂടിനോടു്, അടുത്തപ്പോൾ ഒരു മഹാസർപ്പം ആ സ്ത്രീയുടെ ദേഹത്തിരിക്കുന്നതു ത്രേസ്യാ കണ്ടു.

അന്നു ത്രേസ്യാ അൾത്താരയിൽ പൂക്കൾ വെക്കുന്നതിനു പോയപ്പോൾ യാതൊരടിസ്ഥാനവുമില്ലാതെ ആ സ്ത്രീ ചോദിക്കയാണു്: "നീ എന്താണു് എൻെറ വസ്ത്രത്തിന്മേൽ ചവിട്ടുന്നതു്?" ഒരു തള്ളും കൊടുത്തു. പെട്ടെന്നുണ്ടായ കോപത്തെ അടക്കി സ്നേഹഭാവത്തോടെ പറഞ്ഞു. "കൂടപ്പിറപ്പേ: ഞാനറിഞ്ഞില്ല, ക്ഷമിക്കണമേ."

പിന്നീടു് ആ സ്ത്രീ മററ രണ്ടു വൈദികരോടു കമ്പസാരിച്ചു. ഓരോ പ്രാവശ്യവും ഒരു മഹാസർപ്പം അവളുടെ വായിൽക്കൂടെ ഉള്ളിലേക്കു കടന്നു പോകുന്നതു ത്രേസ്യാ കണ്ടു. ഉടനെ ത്രേസ്യാ ചെന്നു് ആ സ്ത്രീയെ പുറത്തേക്കു വിളിച്ചു. വളരെ വൈമനസ്യത്തോടെ അവാം പുറത്തു വന്നു. എളിമയോടും ക്ഷമയോടും കൂടെ ത്രേസ്യാ പറഞ്ഞു: "കൂടപ്പിറപ്പേ, ദൈവദോഷത്തോടെ നിങ്ങാം കത്താവിനെ കൈക്കൊള്ളരുതു്. നല്ല കമ്പസാരം കഴിച്ചുവേണം വി. കുർബ്ബാന കൈക്കൊള്ളാൻ."

"ഞാൻ കർബാന കൈക്കൊള്ളും. നീ എന്തു ചെയ്യും?"

"നിങ്ങാം നല്ല കമ്പസാരം കഴിക്കാതെ വി. കുർബ്ബാന ഉൾകൈക്കൊള്ളാൻ ചെന്നു മുട്ടുകുത്തിയാൽ ഞാൻ അച്ച

നോട്ട വിളിച്ചുപറയും." ദൈവദോഷം തടയാനുള്ള തീക്ഷ്ണതയാൽ ത്രേസ്യാ ഇങ്ങനെ പറഞ്ഞതാണ്. യഥാർത്ഥത്തിൽ പറയാൻ ഉദ്ദേശിച്ചിരുന്നില്ല. ആ സ്ത്രീയാകട്ടെ കോപിച്ച്, പല്ലുകടിച്ച്, പള്ളിയിൽ പ്രവേശിച്ചു.

അവസാനം ആ സ്ത്രീ ഒരു ഭക്താവേന്തയിൽ കുമ്പസാരിക്കാൻ പോയി. കുമ്പസാരക്കൂട്ടിൽ കയറി മുട്ടുകുത്തിയപ്പോൾ ഒരു കൈ അവളെ പിടിച്ചു വലിക്കുന്നതുപോലെ തോന്നി. ത്രേസ്യയുടെ പ്രാർത്ഥന ഫലിച്ചു. അവൾ നല്ല കുമ്പസാരംകഴിച്ച് വി കർബ്ബാന ഉൾക്കൊള്ളുകയും ത്രേസ്യയോട്ട ക്ഷമാപണം ചെയ്യുകയും ചെയ്തു

"എന്നോട്ട പൊരുതി പറയേണ്ടാ, ഞാൻ ചെറുപ്പമാണ്."

"അല്ല, കുമ്പസാരക്കാരൻ നിന്നോട്ട പൊരുതിപറയണമെന്നു കല്പിച്ചിട്ടുണ്ട്."

അപ്പോൾ ദുർഗ്ഗന്ധമൊക്കെ പോയി.

## പിശാചിൻെറ തന്ത്രങ്ങൾ

അസഹ്യമായ ഈ വേദനകളുടെ ഇടയിൽ ത്രേസ്യയ്ക്കുണ്ടായ പരീക്ഷകളെത്ര വിചിത്രമായിരുന്നുവെന്നു കണുക. പിശാചുക്കൾ മാലാഖായുടെ വേഷത്തിൽ വന്ന് അവൾക്ക് അപ്പവും, വീഞ്ഞും കാഴ്ചവച്ചിരുന്നു. ത്രേസ്യാ അവയെല്ലാം അറച്ചു തള്ളിയിരുന്നു.

ഒരു ദിവസം ത്രേസ്യാ പള്ളിയിലേക്ക പോകുമ്പോൾ ഒരാൾ അരികേവന്നു വീട്ടിൽ നിന്ന് ഒരു സാധനം വായ്പയായി ആവശ്യപ്പെട്ടു. അയാൾ എന്തുവാങ്ങിയാലും തിരിച്ചുകൊടുക്കുന്ന പ്രകൃതിയല്ലായിരുന്നതിനാൽ അതു വീട്ടിലില്ലെന്നു ത്രേസ്യാ മറുപടി പറഞ്ഞു.

ഒരു നുണപറഞ്ഞതല്ലോ എന്നുഭയന്നു കുമ്പസാരിച്ചിട്ടേ ത്രേസ്യാ വി. കർബ്ബാന സ്വീകരിച്ചുള്ളു. എന്നാൽ അ യാറം പിശാചായിരുന്നുവെന്നു് മാലാഖ പിന്നീട് ത്രേസ്യയെ അറിയിച്ചു.

പ്രാർത്ഥനയിൽ മന്ദതയും വെറുപ്പും ജനിപ്പിക്കാൻ പിശാചുക്കറം പാടുപോലെ പ്രവത്തിച്ചിരുന്നു. പുഷ്പ ങ്ങറം പറിക്കുന്നതിനു് കൂട്ടുകാരികളോടുകൂടെ കാട്ടിലേക്കു ചെല്ലുമ്പോറം സപ്പങ്ങറം അവളുടെനേരെ ചീറിക്കൊണ്ടു വന്നിരുന്നു. പുഷ്പങ്ങളുള്ള ചെടികളുടെ മേൽ അവ തൂ ങ്ങിക്കിടക്കുകയും ചെയ്തിരുന്നു. ആദ്യം ത്രേസ്യയ്ക്കു ഭയം തോന്നിയെങ്കിലും അവ പിശാചുക്കളാണെന്നു് ആത്മപി താവിൽനിന്നു ഗ്രഹിച്ചപ്പോറം കൂസൽകൂടാതെ കാട്ടിൽ കയറി പുഷ്പങ്ങറം പറിച്ചുകൊണ്ടിരുന്നു.

ഒക്ടോബർ 20-ാംനു- മുതൽ രാപകൽ ഇടവിടാതെ ശുദ്ധതക്കെതിരായകൃത്യങ്ങറം നഗ്നമായി കാണിക്കുകയും അശുദ്ധചിത്രങ്ങറം ബോധത്തിലേക്കു നിവേശിപ്പിക്കയും ചെയ്തിരുന്നു. ആത്മപിതാവിൻെറ നിർദ്ദേശപ്രകാരം ഈ ആഭാസികളോടു ത്രേസ്യാ സമരം ചെയ്തുകൊണ്ടിരുന്നു. ഇ വളെ ഭയപ്പെടുത്താൻ "ഞങ്ങറം നിന്നോടു അശുദ്ധമായി പ്രവത്തിച്ചുകഴിഞ്ഞല്ലോ" എന്നു പറഞ്ഞുകൊണ്ടിരുന്നു. ഇനിയും അനേകർ വന്നു അവളോടു ബലാൽസംഗം ചെ യ്യുമെന്നു് അവർ ഭീഷണിപ്പെടുത്തി.

ഇക്കാര്യങ്ങളെല്ലാം ത്രേസ്യാ ആത്മപിതാവിനെ അ റിയിച്ചു. രാപകൽ അശുദ്ധപരീക്ഷകളോടു നേരിടേണ്ടി വരുന്നതിനാൽ മററു ഭക്തകൃത്യങ്ങറംക്കു സമയമില്ലെന്നു പറഞ്ഞപ്പോറം ആ സമരം നന്നായി നടത്തിയാൽ മതി യെന്നു് ആത്മപിതാവു മറുപടി പറഞ്ഞു.

## വി. കർബ്ബാന സ്വീകരണത്തിനുശേഷം പാരവശ്യം

ത്രേസ്യാ വി. കർബ്ബാന സ്വീകരിച്ചു മുട്ടുകുത്തി നില്ക്കുമ്പോൾ പലദിവസവും അതേ നിലയിൽ സമാധിയിലമന്നിരുന്നു. മാലാഖാമാർ കർത്താവിൻെറ ഇടത്തും വലത്തും നിന്നും കർത്താവിനെ മുട്ടുകുത്തി ആരാധിക്കുന്നതും മാലാഖാമാരും വിശുദ്ധരും കർത്താവിനെ പാടിസ്തുതിക്കുന്നതും അവൾ കാണുന്നു. അവരോടുകൂടെ ത്രേസ്യയും കർത്താവിനെ സ്തുതിച്ചുകൊണ്ടിരുന്നു. ഇങ്ങനെയുള്ള സമാധികളിൽ വി. ത്രേസ്യയേയും വി. ക്ലാരയേയും അവൾ കണ്ടിരുന്നു.

തൻെറ സമാധി അപരർ ഗ്രഹിച്ചതായി ത്രേസ്യാ അറിഞ്ഞപ്പോൾ അവൾക്കു സങ്കടം തോന്നി. മേലിൽ ദൈവാലയത്തിൽ വച്ച് അങ്ങനെ സംഭവിക്കാതിരിക്കാൻ അവൾ പ്രാർത്ഥിച്ചു. വിവരം ജ്ഞാനപിതാവിനെ അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങണമെന്നും മേലിൽ അനുവാദം കൂടാതെ അങ്ങനെ പ്രാർത്ഥിക്കരുതെന്നുമാണ്.

## ത്രേസ്യയുടെ കുറിപ്പുകൾ

തിരിച്ചറിവു വന്നതിനുശേഷമുള്ള എല്ലാ കാര്യങ്ങളും കുറിച്ചിടണമെന്ന് ജ്ഞാനപിതാവ് ത്രേസ്യായോട് ആജ്ഞാപിച്ചിരുന്നല്ലോ. പലപ്പോഴും ഇതിൽനിന്നുതന്നെ ഒഴിവാക്കണമെന്ന് അവൾ ആവശ്യപ്പെട്ടിരുന്നെങ്കിലും കല്പന അനുസരിച്ചിരുന്നു.

ഒരു ദിവസം അങ്ങനെ എഴുതിയുണ്ടാക്കിയ രണ്ടു കടലാസു ജ്ഞാനപിതാവിനെ ഏല്പിക്കാൻ പുറപ്പെട്ടപ്പോൾ ആങ്ങളയും ഇളയ സഹോദരിയും വന്ന് ആ കടലാസു തട്ടിപ്പറിച്ചു. ത്രേസ്യാ പിടി വിട്ടില്ല. ഇവർ അതു

വായിച്ചെങ്കിലോ എന്ന ഭയന്നു കുത്തുതുണ്ടുകളായി കീറിക്കളഞ്ഞു. അപ്പോൾ മാലാഖാ ത്രേസ്യയോടു പറഞ്ഞു "അവർ പിശാചുക്കളായിരുന്നു; നിൻെറ സഹോദരീ സഹോദരന്മാരല്ലായിരുന്നു. കടലാസു കീറിക്കളഞ്ഞതിനെപ്പററി മാലാഖാ ത്രേസ്യയെ കുററപ്പെടുത്തി.

ഒരു ദിവസം ഇവർ എഴുതിക്കൊണ്ടിരുന്നപ്പോൾ പിശാചുക്കൾ വന്നു മഷി വാരിപ്പുരട്ടി. പിന്നീടു് മഷിയൊക്കെകളഞ്ഞു് അവളെത്തന്നെ അവ തിരിച്ചേല്പിച്ചു.

**പതിന്നാലു പിശാചുക്കൾകൂടി**

കുറെക്കാലമായി 14 പിശാചുക്കളാണു് ത്രേസ്യയെ പരീക്ഷിച്ചിരുന്നതു്. പതിന്നാലുപേരേക്കൂടെ അനുവദിക്കണമെന്നു പിശാചുക്കൾ ദൈവത്തോടാവശ്യപ്പെട്ടു. ശുദ്ധതക്കെതിരായി പരീക്ഷിക്കാനാണു് അവർ ഇങ്ങനെ അപേക്ഷിച്ചതു് അതും അനുവദിച്ചു.

ഇക്കാലത്തും രോഗീശുശ്രൂഷയ്ക്കു കുറവുവരുത്തിയിരുന്നില്ല. ചാച്ചുയുള്ള ഒരു അയൽക്കാരിക്കു് അക്കാലത്തു ചെയ്തുകൊടുത്ത ശുശ്രൂഷതന്നെ ധീരോചിതമായിരുന്നു. വളരെ ഉപദേശങ്ങൾ അവൾ രോഗിക്കു നല്കി; അവൾക്കുവേണ്ടി പ്രാർത്ഥിച്ചു. എങ്കിലും രോഗി ഒരു തിങ്കളാഴ്ച മരിച്ചു. അടുത്ത ശനിയാഴ്ച ഈ ആത്മാവു് മഹാപ്രഭയോടെ സ്വർഗ്ഗത്തിലേക്കു പോകുന്നതു് ത്രേസ്യാ കണ്ടു.

**അനുമാനങ്ങൾ**

നീണ്ട ഈ അധ്യായം വായിക്കുന്നവരിൽ ചിലർ നെററി ചുളിച്ചിട്ടുണ്ടാകും; ചിലർ ഈ കെട്ടുകഥകൾ വായിച്ചു സമയം കളയേണ്ടതില്ലെന്നു നിശ്ചയിച്ചിട്ടുണ്ടാകും. രേഖകളും സാക്ഷ്യങ്ങളും പരിഗണിക്കുമ്പോൾ ഇവ വ്യാജ

മാണെന്നു പറയുവാൻ ഈ ലേഖകനു ധൈര്യമില്ല. ചിലസംഭവങ്ങാം ഭാവനകാം സജീവമാകുന്നതാകാം; ചിലതുമിഥ്യാബോധവുമാകാം. എന്നാലും ആദ്യന്തം ദൈവശാസ്ത്രത്തിനു വിരുദ്ധമല്ലാത്ത ഒരു മനോഭാവമാണു ത്രേസ്യായിലും ഇവയൊക്കെ രേഖപ്പെടുത്തിയിരുന്ന ഫാദർ വിതയത്തിലും കാണുന്നതു്. ഫാദർ വിതയത്തിലിനെപ്പോലെയുള്ള ഒരു വൈദീകൻ ഒരു യുവതിയുടെ വാക്കുകാം സ്വർഗ്ഗവാസികളുടെ കഥനമാണെന്നു നിരന്തരം തെററിദ്ധരിക്കുമോ?

എന്തായാലും അഗാധമായ പരസ്നേഹവും ആത്മരക്ഷയിലുള്ള തീക്ഷ്ണതയും ദൈവസ്നേഹവും കത്തിക്കാളുന്നതായിരുന്നു ത്രേസ്യയുടെ ജീവിതം. അങ്ങനെയുള്ള ജീവിതത്തിൽ പാദ്രേ പിയോയ്ക്കും തെരേസാ നോയിമനും ഉണ്ടായതുപോലെ അസാധാരണാനുഭവങ്ങാം എന്തുകൊണ്ടു് പാടില്ല? അജ്ഞയായ ഈ ബാലികയിൽ കാണുന്ന ദൈവസ്നേഹം ഈശോമറിയംയൗസേപ്പിൻെറ പ്രത്യേകാംഗീകാരത്തിനു വിധേയമായെങ്കിൽ എന്തിനു വിസ്മയിക്കുന്നു?

ഈ അനുമാനങ്ങാംക്കു് അനുയോജ്യമാണു് തൃശ്ശൂരു വികാരി അപ്പസ്തോലിക്കാ മേനാച്ചേരി യോഹന്നാൻ മെത്രാനച്ചൻ ഫാദർ വിതയത്തിലിനു് അയച്ച താഴെ കാണുന്ന കത്തു്. ത്രേസ്യയുടെ ജീവിത വിശേഷങ്ങാം കാണിച്ചും ത്രേസ്യക്കു് ഒരു വീടുണ്ടാക്കി കൊടുക്കാനുള്ള അനുവാദം ചോദിച്ചും ഫാദർ വിതയത്തിൽ അയച്ചിരുന്ന എഴുത്തിനു മറുപടിയാണിതു്.

**Vicariate Apostolic**
OF
TRICHUR

Trichur, ...... 1903

To.........

My dear Father !

[illegible]

Vicariate Apostolic of Trichur

Trichur

6 July 1903

My dear Father

ഇതു ദൈവത്തിൽ നിന്നു വരുന്നതാണു്. സകലത്തിലും ദൈവചിത്തത്തിനു കീഴ്‌വഴങ്ങി സഹിക്കുവാനും—ഇതിൽ തെററാതെയിരിക്കുവാനും അമലോത്ഭവമാതാവിനും മാർയൗസേപ്പിനും അവളെ മുഴവൻ ഏല്പിച്ച് എപ്പോഴും അവരുടെ സംരക്ഷണം തേടുവാനും നമ്മുടെ പേക്കു പറഞ്ഞു കൊടുക്കണം.

ഒല്ലൂരു കന്യാസ്ത്രീകളോടാലോചിച്ച ശേഷം പ്രത്യേക കല്പന അയയ്ക്കുന്നതാണു്.

ഒപ്പ്

തൃശ്ശൂരു വികാരി അപ്പസ്തോലിക്ക

അദ്ധ്യായം 5

# തിരുക്കുടുംബ സഭാസ്ഥാപനത്തിനു ത്രേസ്യയെ ഒരുക്കുന്നു.

## മെത്രാനച്ചന്റെ സംശയം

1905 ഒക്ടോബർ 21-ാംനു- യോടുകൂടി പൈശാചിക പരീക്ഷണങ്ങൾ കുറഞ്ഞുവെങ്കിലും ദൈവൈകൃത്തിനമുമ്പുള്ള ആത്മാവിന്റെ രാത്രിയിലെ ക്ലേശങ്ങൾ തുടന്നു. ത്രേസ്യയെക്കുറിച്ചു പല ആക്ഷേപങ്ങളും പരിഹാസങ്ങളും അൽമേനികളും പട്ടക്കാരും പറഞ്ഞു പരത്തിത്തുടങ്ങി. ഈ പള്ളിയിൽ വികാരിയായിരുന്നപ്പോൾ ത്രേസ്യയെപ്പററി സ്തുതിച്ചു പറഞ്ഞിരുന്ന വൈദികൻതന്നെ ത്രേസ്യയെ അപലപിക്കാൻ തുടങ്ങി. ത്രേസ്യാ ഭക്ഷിക്കുന്നതു പാലും റൊട്ടിയും കാപ്പിയുമാണെന്നു് ഈ പരിഹാസകർ മെത്രാനച്ചനോടു പറഞ്ഞു. വീട്ടിലുള്ള സാധാരണ ഭക്ഷണമല്ലാതെ മററൊന്നും കഴിച്ചുകൂടെന്നു ത്രേസ്യയെ അറിയിക്കാൻ മെത്രാനച്ചൻ ആത്മപിതാവിനെഴുതി. 1905 ഒക്ടോബർ 24ാംനു-യാണു് അരമനയിൽ നിന്നു് ഈ എഴുത്തു് അയച്ചതു്.

ത്രേസ്യാ സന്തോഷത്തോടെ ഈ നിരോധനം സ്വീകരിച്ചു. ഒരു റൊട്ടി തിന്നുകൊള്ളണമെന്നുള്ള ആത്മപിതാവിന്റെ കല്പനയുണ്ടാകുന്നതുവരെ കഞ്ഞിയും ചോറുമല്ലാതെ യാതൊന്നും ത്രേസ്യാ ഭക്ഷിച്ചിട്ടില്ല. മുടക്കുകല്പന വന്നതിനുശേഷം മാലാഖാ അപ്പം കൊടുത്താൽപോലും ത്രേസ്യാ സ്വീകരിച്ചിരുന്നില്ല.

എന്നാൽ പുതിയഭക്ഷണം ത്രേസ്യയുടെ ഉദരംസ്വാഗതം ചെയ്തില്ല. കഷ്ടപ്പെട്ടു കുറേകഞ്ഞിവെള്ളം കുടിക്കയാണെങ്കിൽ തന്നെ അതു് ഉടനടി ഛർദ്ദിച്ചു പോകും. അങ്ങനെ ഒരുമാസം പച്ചവെള്ളം കഴിച്ചു് ത്രേസ്യാ കഴിച്ചുകൂട്ടി. വിവരം മെത്രാനച്ചനെ ധരിപ്പിച്ചു. തിരുമേനി കല്പനയ്ക്കു് അന്തരം വരുത്തിയില്ല. ത്രേസ്യയുടെ കാര്യത്തിൽ പിശാചിന്റെ ചതി കലർന്നിട്ടുണ്ടെന്നായിരുന്നു മെത്രാനച്ചന്റെ സംശയം

**ത്രേസ്യയ്ക്കു് ആലസ്യം**

ഭക്ഷണംമാററത്തോടുകൂടെ ത്രേസ്യയുടെ ആരോഗ്യം മോശമായി. 1905 നവമ്പർ 22ാംനു- മുതൽ ഇവൾ കിടപ്പായി. ഇടതുവശം തളർന്നു. തലവേദനയും വയററുവേദനയും കലശലായി രണ്ടു ദിവസം കഴിഞ്ഞു് ആത്മപിതാവു് ത്രേസ്യയെ സന്ദർശിച്ചു. ത്രേസ്യയുടെ സുഖക്കേടിനെപ്പററി സംസാരിക്കയിൽ പെട്ടന്നു ബോധം പോയി ഉടനെ ഒരു സ്വരം കേട്ടു.

“ഞാൻ ദൈവനാമത്തിൽ ഈശോയുടെ അമ്മയാണു്. ഇവൾക്കുള്ള സുഖക്കേടു് മുമ്പുണ്ടാകാറുള്ളതരമല്ല സാധാരണരോഗമാണു്. ഒരു വൈദ്യനെ വരുത്തി ചികിത്സിക്കണം. വൈദ്യൻ നിശ്ചയിക്കുന്ന ഔഷധങ്ങൾ സേവിച്ചു് തുടങ്ങുമ്പോൾ കഞ്ഞി കുടിക്കുന്നതിനു് ദൈവം തിരുമനസ്സായിട്ടുണ്ടു്. രോഗം വിട്ടുമാറുമ്പോൾ വീണ്ടും കഞ്ഞികുടിക്കാൻ പാടില്ലാതാകും”

ഇത്രയും പറഞ്ഞപ്പോഴേക്കും ത്രേസ്യയ്ക്കു ബോധം വന്നു. പിറേറദിവസം തന്നെ വൈദ്യനെ വിളിച്ചു ചികിത്സാ ആരംഭിച്ചു. അക്കാലത്താണു് അമ്പഴക്കാട്ടു കൊവേന്തയിലെ നാല്പതു മണിയാരാധന. അവളതുവരെ അ

ങ്ങനെയൊരാരാധനയിൽ പങ്കെടുത്തിട്ടില്ലാത്തതിനാൽ അതിൽ കൂടുവാൻ വളരെ ആഗ്രഹിച്ചിരുന്നു. അതിനു സംഗതിയാക്കണമെയെന്നു് അവരം വിപരീതമായി അത്യുത്സാഹത്തോടെ പ്രാർത്ഥിച്ചു. ആരാധന തുടങ്ങുന്നതിൻെറ തലേരാത്രി മുഴുവനും ദൈവമാതാവിനോടു അതിനായി വാവിട്ടു കരഞ്ഞുകൊണ്ടു് അപേക്ഷിച്ചു. ആരാധനയുടെ ആരംഭദിവസം കാവൽമാലാഖ വന്നു് "ഇന്നു് കാലത്തു് ഒമ്പതു മണിക്കു് നിനക്കു് ആരാധനയ്ക്കു പോകാറാകും", എന്നു ത്രേസ്യയെ അറിയിച്ചു. കാലത്തുതന്നെ ജ്ഞാനപിതാവിനെ ത്രേസ്യാ വിളിപ്പിച്ചു. എട്ടുമണിക്കു ജ്ഞാനപിതാവു ത്രേസ്യയുടെ വീട്ടിലെത്തി. ഉടനെ ത്രേസ്യയ്ക്കു ബോധക്ഷയം വന്നു. ദൈവമാതാവു സംസാരിച്ചു: "ഇവിടെയുള്ള ഒരു കൂട്ടുകാരത്തിയോടുകൂടെ ഇവരം ആരാധനയ്ക്കു പോകട്ടെ". താമസിയാതെ ത്രേസ്യാ എഴുന്നേററു് ഒരുകൂട്ടുകാരിയോടുകൂടെ ഒരു മണിക്കൂർ നടന്നു് അമ്പഴക്കാട്ടു കൊവേന്തയിലെത്തി. മൂന്നുദിവസവും ആരാധനയിൽ ഭാഗഭാക്കായി; കാലത്തുപോയി ഉച്ചതിരിഞ്ഞു മടങ്ങുകയാണു് ചെയ്തതു്. ഒരു രാത്രി ആത്മപിതാവിൻെറ അനുവാദത്തോടുകൂടെ അവിടെ താമസിച്ചു.

ആരാധനനാളുകളിൽ ഒരു ദിവസം ത്രേസ്യാ വി. കുർബ്ബാന സ്വീകരിക്കുവാൻ മുട്ടുകുത്തിയിരുന്ന സമയത്തു് അടുത്തൊരാരം വി. കുർബ്ബാന സ്വീകരിക്കുമ്പോരം കാത്താവു തിരുവോസ്തിയിലിരുന്നു, "ഇപ്രകാരം എന്നെ സങ്കടപ്പെടുത്തുന്നോ?" എന്നു ചോദിക്കുന്നതു ത്രേസ്യാ കേട്ടു.

ആരാധനകഴിഞ്ഞു പിറെറ ദിവസമായിരുന്നു അമലോത്ഭവ തിരുനാരം. അന്നു് ഉച്ചവരെ ത്രേസ്യാ ഇടവകപ്പള്ളിയിൽ കഴിച്ചുകൂട്ടി. ഉച്ചകഴിഞ്ഞു തളച്ച്യും പൂർവ്വ ആലസ്യങ്ങളുമൊക്കെ വന്നുതുടങ്ങി. തിരുന്നാരം

ദിവസം രാത്രിമുഴവനും ഈശോ മറിയം യൗസേപ്പ് എന്നീ മൂവ്വരും ത്രേസ്യയുടെ അടുക്കൽനിന്നു് ഓരോനല്ല കാര്യങ്ങൾ പറഞ്ഞുകൊടുത്തു് ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. രോഗം മാറുന്നതുവരെ മാലാഖാവന്നു ത്രേസ്യയ്ക്കു വി. കുർബാന കൊടുത്തുകൊണ്ടിരുന്നു. ഞായറാഴ്ച ദിവസങ്ങളിൽ ഇവരാംകിടന്നിരുന്ന മുറിയിൽ കത്താവു വി. കുർബാന ചൊല്ലി അവറാംക്കു കുർബാനയും കൊടുത്തിരുന്നു.

ത്രേസ്യയുടെ ആലസ്യത്തെ വീട്ടുകാർ അത്ര ഗൗനിച്ചിരുന്നില്ല. പൈശാചിക ഞെരുക്കങ്ങളെന്നപോലെ ഈ ആലസ്യവും മാറുമെന്നായിരുന്നു അവരുടെ വിചാരം തന്നിമിത്തം ത്രേസ്യയ്ക്കു ക്രമപ്രകാരം ഔഷധങ്ങൾ നല്കിയിരുന്നില്ല. അതിനാൽ നീരു ദേഹം മുഴവനും വ്യാപിച്ചു; വയററിലേ നീരു് വളരെ അധികമായി. ഈ രോഗത്തിൽ നിന്നു സുഖം പ്രാപിക്കുക ദുഷ്കരമാണെന്നു കരുതി ത്രേസ്യാ അന്ത്യ കൂദാശകൾ ആവശ്യപ്പെട്ടു; എങ്കിലും കൊടുത്തില്ല

അന്നാളുകളിൽ പുത്തഞ്ചിറ ഇടവകയിൽ ഒരു മഹോദരരോഗി മരിക്കാറായി കിടപ്പുണ്ടായിരുന്നു. രോഗിയെ ശുശ്രൂഷിക്കാൻ സാധിക്കാത്തതിൽ അവരം കണ്ഠിതപ്പെട്ടു. എങ്കിലും തന്റെ രോഗശയ്യയിൽനിന്നു് ത്രേസ്യാ ആരോഗിക്കുവേണ്ടി പ്രാത്ഥിച്ചു. രോഗിമരിക്കുന്നതിന്റെ തലേദിവസം ആത്മപിതാവിനോടു രോഗിയെസന്ദശിച്ചാശ്വസിപ്പിക്കണമെന്നു് അഭ്യത്ഥിച്ചു. രോഗിയുടെ ജ്യേഷ്ഠൻ യാക്കോബായ മെത്രാനിൽനിന്നു് പട്ടമേററവനാകയാൽ വിപത്തു കൂടുതലുണ്ടെന്നുള്ള കാര്യം ആത്മപിതാവിനെ ഗ്രഹിപ്പിച്ചു. ആത്മപിതാവു രോഗിയുടെ അടുക്കൽ ചെന്നപ്പോഠം അയാരം അദ്ദേഹത്തിന്റെ ക

നത്തടിച്ചു. സമ ചിത്തനയോടെ അദ്ദേഹം കൂടെയുള്ള വരൊരുമിച്ചു രണ്ടു മണിക്കൂർ പ്രാത്ഥിച്ചു. ജപമാലയും സകല പുണ്യവാന്മാരുടെ ലുത്തനിയായും മററു പല ജപങ്ങളും അവർ ചൊല്ലി. അനന്തരം ആത്മപിതാവു പള്ളിയിലേക്കു മടങ്ങി. അപ്പോഴും രോഗി അസംബന്ധം പറയുന്നുണ്ടായിരുന്നെങ്കിലും ഇടക്കിടയ്ക്കു ഈശോ മറിയം യൗസേപ്പ് എന്നു ചൊല്ലിയിരുന്നു. കുറേക്കഴിഞ്ഞു രോഗി അനക്കമില്ലാതെ തടിപോലെ കിടപ്പായി. പിറേറ ദിവസം ആത്മപിതാവു സ്വന്തം നാട്ടിലേക്കു പോയതിനാൽ ത്രേസ്യതന്നെ രോഗിയെ ആശ്വസിപ്പിക്കണമെന്നു ദൈവമാതാവിൻെറ നിർദ്ദേശമുണ്ടായി. നടക്കാൻ വഹിയാതെ കിടന്നിരുന്ന ത്രേസ്യാ എഴുന്നേററു രോഗിയുടെ അടുക്കലേക്കുചെന്നു. രോഗി ബോധമില്ലാതെ കിടക്കുന്നതും പിശാചുക്കൾ രോഗിയെ പ്രകോപിപ്പിക്കത്തക്ക കാര്യങ്ങൾ പറയുന്നതും രോഗിക്കു ശരണക്കേടുവരുത്തിക്കൊണ്ടിരിക്കുന്നതും ത്രേസ്യാ കണ്ടു. ത്രേസ്യാ കൂട്ടമായി ജപമാലയും മററു ചില പ്രാത്ഥനകളും ചൊല്ലി; ജപമാല തീൎന്നപ്പോഴേക്കും പിശാചുക്കൾ സ്ഥലം വിട്ടു. മാലാഖാ വന്നു രോഗിയെ ഉപദേശിച്ചുകൊണ്ടിരുന്നു "ഞാൻ ഈ വേദന എങ്ങനെ സഹിക്കും?" എന്നു രോഗി മാലാഖായോടു പറയുന്നതു് അടുത്തു നില്ക്കുന്നവൎക്കു കേൾക്കാൻ പാടില്ലെങ്കിലും എന്തോ രോഗി സംസാരിച്ചുവെന്നു് അവൎക്കു തോന്നി. ഉടനെ രോഗി കണ്ണുതുറന്നു് ഈശോ എന്ന തിരുനാമം ഉച്ചരിച്ചു. മാലാഖാ രോഗിയെ ആശ്വസിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവമാതാവു വരികയും രോഗി മരിക്കുകയും ചെയ്തു. ശുദ്ധീകരസ്ഥലത്തേക്കാണു അയാൾ വിധിക്കപ്പെട്ടതെന്നു ത്രേസ്യാ മനസ്സിലാക്കി.

തിരുഹൃദയസഭാംഗമായ ഒരു രോഗിയുടെ മരണത്തിലും രോഗിണിയായ ത്രേസ്യാ ശുശ്രൂഷകൾ നടത്തി. അന്ത്യകൂദാശകൾ സ്വീകരിക്കാതെ മരിക്കുമോ എന്ന് ഭയപ്പെട്ടിരുന്ന രോഗിണിയെ ത്രേസ്യാ ആശ്വസിപ്പിച്ചു. ഒരു മാലാഖാ രോഗിക്കു വി. കർബാന നല്കി. ഈശോ മറിയം യൗസേപ്പ് മൂവരും മരണക്കട്ടിലിലെത്തി. തിരുഹൃദയഭക്തിയുടെ സമ്മാനമാണതെന്നു ത്രേസ്യാ ഗ്രഹിച്ചു. ഭർത്താവിൽ നിന്നു് ഈ സ്ത്രീയ്ക്കുണ്ടായിരുന്ന ഞെരുക്കങ്ങൾ ഏറെക്കുറെ അവളുടെ പാപങ്ങളുടെ പരിഹാരമായി. എന്നാൽ ചില ദിവസങ്ങളിൽ പ്രദർശിപ്പിച്ചിരുന്ന അക്ഷമയ്ക്കു് ശിക്ഷയായി 15 ദിവസം ശുദ്ധീകരണസ്ഥലത്തിൽ കിടക്കേണ്ടിവരുമെന്നു ദൈവമാതാവു ത്രേസ്യയെ അറിയിച്ചു. മരിച്ചിട്ടു 15-ാം ദിവസം ആ ആത്മാവു സ്വർഗ്ഗത്തിലേക്കു പോകുന്നതു ത്രേസ്യാ കണ്ടു.

ക്രിസ്തുമസ്സു ദിവസം കത്താവു ത്രേസ്യയുടെ മുറിയിൽ കുർബ്ബാന ചൊല്ലി കർബാനയും കൊടുത്തു. വിഭവസമൃദ്ധമായ ഒരു വിരുന്നു് അന്നു തയ്യാറാക്കിയിരുന്നു. അതു ഭക്ഷിക്കാമോ എന്നു് ത്രേസ്യാ ആത്മപിതാവിനു് എഴുതിച്ചോദിച്ചു. "ഇന്നു് ഒരു വിശേഷദിവസമാണു്. മനുഷ്യരെല്ലാം വിശേഷ ഭക്ഷണങ്ങൾ കഴിക്കുക സാധാരണമാണു്. നീയും അങ്ങനെ ചെയ്തുകൊള്ളുക". ത്രേസ്യാ അതു ഭക്ഷിച്ചു. ഭക്ഷണനേരത്തു കത്താവു ജ്ഞാനസംഭാഷണങ്ങൾ നടത്തിക്കൊണ്ടിരുന്നുവെന്നു ത്രേസ്യാ പറയുന്നു.

ഒരു ദിവസം മാലാഖാ വി. കർബാന എഴുന്നള്ളിച്ചു് ഇവർക്കു കൊടുക്കാൻ കൊണ്ടുവന്നു നിന്നു. ഒരു കൂട്ടുകാരിയോടു് ആത്മപിതാവിനെ വിളിക്കാൻ ആവശ്യ

പ്പെട്ടു. അദ്ദേഹം ഉച്ച കഴിഞ്ഞു വരാമെന്നു പറഞ്ഞു. ഉച്ച കഴിഞ്ഞു ആത്മപിതാവു ചെന്നപ്പോൾ ത്രേസ്യാ വിവരങ്ങൾ പറയുകയും മാലാഖാ വി. കുർബാന കൊട്ടകന്നതു ആത്മപിതാവും കൂടി കാണാനാണു് അദ്ദേഹത്തെ വിളിച്ചതെന്നു് അവൾ വിശദമാക്കുകയും ചെയ്തു.

1906 ജാനുവരി 9-ാംനു- ത്രേസ്യയുടെ സുഖക്കേടുകൾ മാറി. അന്നുമുതൽ സാധാരണ ഭക്ഷണം കഴിക്കാൻ പാടില്ലാതാകയും ചെയ്തു. വൈദ്യൻ നിശ്ചയിച്ച കാച്ചിയ നെയ്യു കഞ്ഞിവെള്ളത്തിൽ കലക്കിക്കുടിക്കുന്നതിനു പാടുണ്ടായിരുന്നു.

**ത്രേസ്യ വി. കുർബാനയുടെ മുമ്പിൽ**

ത്രേസ്യാ അക്കാലത്തു നമ്മുടെ കർത്താവിൻെറ പീഡാനുഭവത്തെപ്പററി ധ്യാനിച്ചാണു വി. കുർബാന കണ്ടിരുന്നതു്. കുർബാന കുറെയാകുമ്പോൾ സങ്കടം നിമിത്തം കണ്ണുനീരൊഴുകാനും നെടുവീർപ്പിടാനും തുടങ്ങും. ഇതു് അന്യരുടെ ശ്രദ്ധയെ ആകർഷിക്കുമെന്നു ഭയന്നു പ്രാർത്ഥനപ്പുസ്തകത്തിൽ നിന്നു വി. കുർബാന കാണുന്ന വിധമെടുത്തു വായിക്കും. ഇക്കാര്യം ആത്മപിതാവിനെ അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. "മേലിൽ വി. കുർബാനയുടെ സമയത്തു പുസ്തകം വായിക്കേണ്ടാ, പ്രാർത്ഥനകൾ ചൊല്ലേണ്ടാ; നമ്മുടെ കർത്താവിൻെറ പീഡാനുഭവത്തെപ്പററി ധ്യാനിച്ചാൽ മതി.

കുർബാന കൂദാശ ചെയ്തു് ഉയർത്തുന്ന സമയത്തു തിരുവോസ്തിയിൽ ദിവ്യരക്ഷിതാവു് ഉണ്ണിയായിട്ടും മാലാഖമാർ രണ്ടു വശവും നിന്നു തിരുവോസ്തി പിടിച്ചിരിക്കുന്നതായിട്ടും പരിശുദ്ധദൈവമാതാവും മാർ യൗസേപ്പും മുട്ടുകുത്തി നില്ക്കുന്നതായിട്ടും ത്രേസ്യാ കണ്ടിരുന്നു. 1906

ഫെബ്രുവരി മുതൽ ദൈവമാതാവു് ഇവൾക്കു നേരിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. കർത്താവും ഗബ്രിയേൽ ദൈവദൂതനും കാവൽ മാലാഖായുമാണു് ഓരോ സംഗതി അവളെ അറിയിച്ചിരുന്നതു്. മരണമടുക്കുമ്പോളേ മാതാവു പ്രത്യക്ഷപ്പെടുകയുള്ളുവെന്നു കർത്താവു് അവളോടരുൾചെയ്തു.

ത്രേസ്യാ വി. കുർബാന സ്വീകരിച്ചു കഴിയുമ്പോളുടനെ ജ്ഞാനപരവശമുണ്ടാകുന്നു. കൈകൂപ്പിപ്പിടിച്ചിരിക്കയായിരിക്കും. മുഖത്തു മഹാപ്രകാശമുണ്ടായിരുന്നു. കൂട്ടുകാർ വെള്ളം കൊണ്ടുവന്നു തട്ടിവിളിച്ചാലും ഇളകുകയില്ല. ഒന്നുരണ്ടു നാഴിക നിശ്ചലമായങ്ങനെ നില്ക്കും.

വി. കുർബാന സ്വീകരിക്കുമ്പോൾ സാധാരണമായി തിരുവോസ്തിയിൽ ഉണ്ണീശോയെ കാണുന്നു. മാലാഖാമാർ ചുററുമുണ്ടായിരിക്കും. മാടപ്രാവുകൾ പറക്കുന്നതും അവൾ കണ്ടിരുന്നു. അവിടെ നിന്നെഴുന്നേററു സ്വന്തം സ്ഥലത്തുവരുന്നതുവരെ പരവശമൊന്നുമില്ല. പിന്നീടു കർത്താവു് ഒരു സിംഹാസനത്തിലിരിക്കുന്നതായും മാലാഖാമാർ ചുററും നിന്നും ആരാധിക്കുന്നതായും അവൾ കാണുന്നു. ചില ദിവസങ്ങളിൽ ത്രേസ്യാപുണ്യവതി അടുത്തു വന്നു് അപേക്ഷിക്കേണ്ടതെങ്ങനെയെന്നു പറഞ്ഞുകൊടുത്തിരുന്നു.

**പീഡാനുഭവ ദർശനം**

1906 ഫെബ്രുവരി 10-ാംനു- ശനിയാഴ്ച രാത്രി കർത്താവു ഭാരമേറിയ ഒരു കുരിശു വഹിച്ചും വളരെയേറെ പീഡകൾ അനുഭവിച്ചുംകൊണ്ടു ത്രേസ്യയ്ക്കു കാണപ്പെട്ടു. തൻെറ പാപങ്ങൾ നിമിത്തമാണു കർത്താവു സങ്കടപ്പെടുന്നതെന്നു വിചാരിച്ചു ത്രേസ്യാ കരയുവാൻ തുടങ്ങി.

അപ്പോൾ കർത്താവ്, "നിന്റെ പാപമല്ല ഇതിനു കാരണം.; ലോകത്തിൽ മനുഷ്യർ ചെയ്യുന്ന പാപങ്ങളത്രേ കാരണം," എന്നു് അരുൾ ചെയ്തു.

"കർത്താവേ, അങ്ങു ചുമക്കുന്ന കുരിശു ഞാൻ ചുമന്നു കൊള്ളാം" ത്രേസ്യാ പറഞ്ഞു.

"നീ ചുമക്കുവാൻ മനസ്സാകുന്നോ? ആവലാതി കൂടാതെ ഞാൻ തരുന്ന ഈ കുരിശു ചുമക്കുമോ?"

"ഞാൻ ചുമന്നുകൊള്ളാം; കുരിശു തരിക".

"എന്നാൽ നീ ചുമന്നു് എന്റെ ഭാരം കുറയ്ക്കുക."

ഉടനെ അവളുടെ ചങ്കു രണ്ടായി പിളന്നപോലെ തോന്നി. മഹാ വേദനയും സംഭ്രമവും ഉണ്ടായി. കർത്താവു വീണ്ടും കൂടുതൽ സങ്കടത്തോടെ കുരിശു ചുമന്നു നില്ക്കുന്നതായി ത്രേസ്യാ കണ്ടു.

"മതി, കർത്താവേ, മതി; ഈ കാഴ്ച എനിക്കു കാണേണ്ടാ. ഞാൻ കുരിശു ചുമന്നുകൊള്ളാം. നിന്റെ സഹായമുണ്ടായാൽ മതി". എന്നു് ഇവൾ ഉറക്കെ നിലവിളിച്ചു. അപ്പോൾ അവൾ കതകടച്ചു് ഏകാന്തതയിൽ ഇരിക്കയായിരുന്നു. ഈ നിലവിളി മുറിയുടെ പുറമേ നിന്നിരുന്ന കൂട്ടുകാർ കേട്ടു. ഉടനെ ഒരു മാലാഖാ വന്നു് ഒരു കുന്തം കൊണ്ടു് അവളുടെ ഇടത്തേ വിലാവിൽ കുത്തി. കുന്തം വലതുപള്ളവരെ എത്തിയെന്നു ത്രേസ്യക്കു തോന്നി രക്തം ധാരയായി ഒഴുകി; അവൾക്കു ബോധക്ഷയം വന്നു. അതിനിടയ്ക്കു ചട്ട രക്തംകൊണ്ടു നനഞ്ഞു. കൂട്ടുകാർ കടന്നുചെന്നു. അപ്പോൾ അവൾ പറഞ്ഞു. "ഒരു കരുക്കു തരിക. എന്നെ പുറത്തേക്കെടുത്തു് ഇറയത്തു കിടത്തുക. കാററു കൊള്ളട്ടെ, തലയിൽ വെള്ളം ഒഴിക്കണം"

കൂട്ടുകാരികൾ അങ്ങനെ ചെയ്തു. കുന്തം കൊണ്ടു കുത്തു കഴിഞ്ഞശേഷം, കർത്താവു കുരിശു കൂടാതേയും സുഖമുള്ളവനായും സന്തോഷത്തോടെ നില്ക്കുന്നതു് ത്രേസ്യാ കണ്ടു. കുന്തം കൊണ്ടു കുത്തിയ സ്ഥലത്തു നിന്നു് ചോരയും വെള്ളവും ഒഴുകിക്കൊണ്ടിരുന്നു. ചങ്കിലെ വേദന ഭയങ്കരമായി; എന്നല്ല, ആപാദചൂഡം വേദനതന്നെ. ഉച്ചതിരിഞ്ഞു വേദന ഒന്നുകൂടെ വൎദ്ധിച്ചിരുന്നു. കൈപ്പത്തികളും പാദങ്ങളും ഉള്ളിലേക്കു വളയുകയും കൈകാലുകളിൽ ആണികൾ തറയ്ക്കുന്നതു പോലെയും അവൾക്കു തോന്നി. ത്രേസ്യയുടെ സങ്കടങ്ങൾ കണ്ടു് സഹോദരിമാരും കൂട്ടുകാരികളും ദുഃഖിച്ചു കരയുമ്പോൾ ഇവൾ അവരെ ആശ്വസിപ്പിച്ചിരുന്നു. "നാമെല്ലാവരും കർത്താവിൻെറ കുരിശു ചുമക്കണം" എന്നായിരുന്നു ത്രേസ്യയുടെ പല്ലവി.

പതിവായി തിങ്കൾ ബുധൻ എന്നീ ദിവസങ്ങളിൽ ഇവളുടെ ഇടത്തേ വിലാവിൽ നിന്നു കുറേശ്ശേ രക്തവും വെള്ളവും വന്നിരുന്നു. ഒരു തിങ്കളാഴ്ച ധാരാളം രക്തം വരികയും ചട്ടയുടെ ആ വശം നനയുകയും ചെയ്തു. അന്നു് ആത്മപിതാവു് ത്രേസ്യയെ സന്ദർശിച്ചപ്പോൾ ഈ രക്തം കണ്ടു.

**പഞ്ചക്ഷത**

1906 ഫെബ്രുവരി 14-ാംനു- ബുധനാഴ്ച, ഒരു മാലാഖാ ഇവളുടെ നെഞ്ചിൽ കുന്തം കൊണ്ടു കുത്തി. തീനിറമായിരുന്ന കുന്തത്തിൻെറ അററത്തു കുറച്ചു മാംസം പററിയിരുന്നു. നെഞ്ചിൽ നിന്നു മാംസമെടുത്തതു് എന്തിനാണെന്നു് സംശയം തോന്നി. വിവരം ആത്മപിതാവിനെ അറിയിച്ചു. "ദൈവഹിതത്തിനു വഴങ്ങുക" എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. ഇതിനെപ്പററി

ആത്മപിതാവു കർത്താവിനോടു ചോദിച്ചപ്പോൾ "അതു ദൈവസ്നേഹത്തിൻെറ അടയാളമാണെന്നും സ്നേഹത്തിൽ നിലനില്ക്കുകയാണെങ്കിൽ രണ്ടു പ്രാവശ്യവും കൂടെ ഇങ്ങനെ ഉണ്ടാകു"മെന്നു കർത്താവു പറഞ്ഞു. മുറിവിൽ നിന്നു വരുന്ന ചോര കൊണ്ടു ചട്ട നനയാതിരിക്കാൻ മുറിവിൻെറ മീതെ ഒരു തുണി കെട്ടാൻ നിർദ്ദേശമുണ്ടായി

പീഡാനുഭവദർശനത്തെപ്പററി പുത്തഞ്ചിറ പള്ളി കപ്പ്യാരു ലോനപ്പൻെറ സാക്ഷ്യം ഇവിടെ ചേർക്കാം.: "അന്നെനിക്കു പന്ത്രണ്ടു വയസ്സുണ്ടു". ഞാൻ വികാരിയച്ചൻെറ മുറിയിൽ നില്ക്കുവേ ഒരാൾ ഓടിവന്നു മങ്കടിയാൻ ത്രേസ്യയ്ക്കു സുഖക്കേടു കൂടതലാകയാൽ അച്ചൻ ഉടനെ അവളെ ചെന്നുകാണണമെന്നു പറഞ്ഞു. ഞാനും വികാരിയച്ചനും കൂടെ വീട്ടിലെത്തിയപ്പോൾ കണ്ടതു കുരിശിൽമിശിഹായെ എന്നപോലെ ത്രേസ്യാ ചുമരിൽ പതിക്കപ്പെട്ടിരിക്കുന്നതാണ്. കാലുകൾ നിലത്തു സ്പർശിച്ചിരുന്നില്ല. കുറച്ചു സമയം ഞങ്ങൾ നോക്കി നിന്നു. അല്പം ചലനമുണ്ടെന്നു് എനിക്കു തോന്നി; എന്നാൽ കൈകാലുകൾ പൂർവ്വസ്ഥിതിയിൽ നിന്നു് ഇളകിയിരുന്നില്ല. ആ സന്നമരണയെന്നപോലെ വലിക്കുന്നുണ്ടായിരുന്നു. സ്വല്പംനേരം കഴിഞ്ഞു് അവിടെ ഉണ്ടായിരുന്നവർ ത്രേസ്യയെകട്ടിലിൽ കിടത്തി. അവൾ മരിച്ചുവെന്നു വിചാരിച്ച് ഞാൻ സ്ഥലം വിട്ടു."

## പിശാചിൻെറ കുസൃതികൾ

പിശാചുക്കളുടെ ശല്യം തുടന്നു. ഏതാനും ദിവസങ്ങൾക്കു മുമ്പു് അവർ അവളുടെ നേരെ എറിഞ്ഞ കല്ലു് തിരിയെ കിട്ടണമെന്നു് അവർ ആവശ്യപ്പെട്ടു. "കല്ലു് ആത്മപിതാവിനെ ഏല്പിച്ചു" എന്നു ത്രേസ്യാ മറുപടി

നല്കി. ഉടനെ മഹാ കോപത്തോടെ, "നീ ഇതുംകൊണ്ടുകൊള്ളു" എന്നു പറഞ്ഞു് ഒരു ഉരുളൻ കല്ല് ഇവളുടെ ചങ്കിനു നേരെ ശക്തിയോടെ എറിഞ്ഞു. നല്ല വേദനയുണ്ടായി. ആ കല്ലും ആത്മപിതാവിനെ ഏല്പിച്ചു.

പിശാചുക്കൾ ത്രേസ്യയുടെ മുറിയിൽ തീക്കനൽ വിരിച്ചും അവളെ പേടിപ്പിച്ചു. ദൂഷണങ്ങളങ്ങനെ ശത വർഷം. തന്നിമിത്തം അവൾ ആത്മപിതാവിനോടു പറഞ്ഞു: "അവർ എന്നെ എന്തെങ്കിലും ചെയ്തുകൊള്ളട്ടെ. ദൂഷണങ്ങൾ പറയാതിരുന്നാൽമതി. അതു പിതാവു മുടക്കിയിരുന്നെങ്കിൽ വലിയ ഒരു കാര്യമായിരുന്നു.

**വി. കുർബാന സ്വീകരണത്തിനു ശേഷമുണ്ടായ ഒരനുഭവം**

വി. കുർബാന സ്വീകരണത്തിനു ശേഷമുണ്ടാകുന്ന പാരവശ്യം പലരുടെ ശ്രദ്ധയ്ക്കു വിഷയമാകുന്നതും അവർ തന്നെ സ്തുതിക്കുന്നതും ത്രേസ്യയ്ക്കു് ഇഷ്ടപ്പെട്ടില്ല. അവൾ ഈ പാരവശ്യം നിവൃത്തിക്കളയാൻ കർത്താവിനോടു പ്രാർത്ഥിച്ചു. അതിനാൽ മൂന്നുനാലു ദിവസത്തേക്കു ജ്ഞാനപരവശമുണ്ടായില്ല. ക്രമേണ ഉപകാരസ്മരണ ചെയ്വാൻപോലും ത്രേസ്യാ മറന്നുതുടങ്ങി. വി. കുർബാനയെപ്പററി ഒരു ചിന്തയുമില്ലാതായി. വി. കുർബാന കൈക്കൊള്ളാതിരിക്കാൻ പോലും അവളാഗ്രഹിച്ചു. വിവരം ആത്മപിതാവിനെ അറിയിച്ചു: ആത്മപിതാവു പറഞ്ഞു: "നീ ദൈവതിരുമനസ്സിനു വിരുദ്ധമായി അപേക്ഷിച്ചു. കർത്താവിനോടു മാപ്പു ചോദിക്കുക. അവിടത്തേ ഹിതം നിറവേറട്ടെ എന്നു് അപേക്ഷിക്കുക." ത്രേസ്യാ അങ്ങനെ ചെയ്തു. പണ്ടത്തേപ്പോലെ വി. കുർബാന സ്വീകരണത്തിനു ശേഷമുള്ള ജ്ഞാനപാരവശ്യം തുടർന്നു.

ഒരു ദിവസം പാരവശ്യനേരത്തു് ഇവൾ മുട്ടുകുത്തിയിരുന്നതു കർത്താവിരുന്നിരുന്ന സ്ഥലത്തു നിന്നു വളരെ അകലെയാണു്. കർത്താവിങ്കലേക്കു് അടുക്കുന്നതിനു അവൾക്കു ഭയം തോന്നിയിരുന്നു. കർത്താവിൻെറ നേരെ നോക്കാൻ പോലും ത്രേസ്യക്കു ധൈര്യമുണ്ടായിരുന്നില്ല. കർത്താവു ത്രേസ്യയെ വിളിച്ചു. അവൾ അടുത്തു് ചെന്നു മുട്ടുകുത്തി ഭയത്തോടും വിറയലോടും കൂടെ കർത്താവിനെ ആരാധിച്ചു. "നീ എന്തിനു ഭയപ്പെടുന്നു? ഞാൻ ശിക്ഷിക്കാനല്ല അനുഗ്രഹിക്കാനാണ വന്നിരിക്കുന്നതു്. നീ ഭയപ്പെടുകയാണെങ്കിൽ എന്നെ കാണുകയില്ല" എന്നു കർത്താവു് അരുൾ ചെയ്തു

**രോഗീശുശ്രൂഷ തുടരുന്നു**

പിശാചിൻെറ കെണികളിൽപ്പെട്ടു നിരാശപ്പെട്ടിരുന്ന രോഗികളെ ത്രേസ്യാ ക്ഷമാപൂർവ്വം ശുശ്രൂഷിച്ചു കൊണ്ടിരുന്നു. "ഇവളെന്തിനു വരുന്നു? ഇവളൊരു കന്യാസ്ത്രീ! നിഗളി! തട്ടിപ്പുകാരത്തി"! എന്നിങ്ങനെ ത്രേസ്യയെ ചില രോഗികൾ പുച്ഛിച്ചിരുന്നു. ചിലർ ത്രേസ്യയെ തല്ലിയിരുന്നു. എന്നിട്ടും പല രോഗികളുടെയും കട്ടിലിൻെറ അരികെ ചെന്നു് അവരെ കുമ്പസാരത്തിനു് ഒരുക്കിയിരുന്നു.രസമുള്ള ഒരു കേസു സ്വല്പം വിവരിക്കാം.

ഒരു ചെറുപ്പക്കാരി കാലിൽ നീരും വേദനയുമായി കിടപ്പാൻ പാടില്ലാതെ, രാപ്പകൽ നിലവിളിക്കയായിരുന്നു. ഒരു കുറുപ്പു വന്നു മന്ത്രവാദം കൊണ്ടു് ഈ രോഗം സുഖപ്പെടുത്താമെന്നു പറഞ്ഞു. രോഗിയും കാരണവന്മാരും അതിനു സമ്മതിച്ചു; എന്നാൽ മന്ത്രവാദം കൊണ്ടു ഫലമൊന്നുമുണ്ടായില്ല. മാത്രമല്ല അവൾ ബോധരഹിതയായി അസംബന്ധങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. നല്ലകാര്യങ്ങൾ പറഞ്ഞാലുടനെ രോഗി ദൂഷണംപറയും.

ത്രേസ്യാ ഇതു കേട്ടു രോഗിയുടെ അടുക്കൽ ചെന്നു് ഉപദേശിച്ചു. കുമ്പസാരിച്ചു വി. കർബാന സ്വീകരിക്കാൻ അവരം അഭ്യർത്ഥിച്ചു. രോഗി ത്രേസ്യയെ അങ്ങേയററം എതിർത്തു. അവളെ തള്ളുകയും തുപ്പുകയും ചെയ്തു. ത്രേസ്യാ മടുക്കാതെ ഉപദേശിച്ചു. പിറേറ ദിവസം രോഗിയെ കുമ്പസാരിപ്പിക്കാൻ ആത്മപിതാവിനെ വിളിപ്പിച്ചു. ആത്മപിതാവിൻെറ നിർദ്ദേശാനുസാരം രോഗിയെ ഒരുക്കാൻ ത്രേസ്യാ കാലേക്കൂട്ടി അവിടെയെത്തി. ഈശോയുടെ തിരുനാമം രോഗി ഉച്ചരിക്കയില്ല. ത്രേസ്യയെ രോഗി ശകാരിച്ചുകൊണ്ടിരുന്നു. ബോധം വരുമ്പോൾ രോഗിയോടു ത്രേസ്യാ കുമ്പസാരത്തെപ്പററി സംസാരിച്ചുകൊണ്ടിരിക്കും. ആത്മപിതാവു വന്നപ്പോൾ രോഗി കൂടുതൽ കലഹിക്കയാണു് ചെയ്തതു്. അദ്ദേഹം വെന്തിങ്ങവെള്ളം തെളിച്ചു രോഗിയെ ഒന്നുരണ്ടു പ്രാവശ്യം ആശീർവ്വദിച്ചു. രോഗിക്കു ബോധം വന്നു. പിശാചുക്കൾ സ്ഥലം വിട്ടു. രോഗി കുമ്പസാരിച്ചു. താമസിയാതെ മരിച്ചു. ശുദ്ധീകരസ്ഥലത്തേക്കു പോയി. മരിച്ചു ഈ രോഗി ത്രേസ്യക്കു കാണപ്പെട്ടു പറഞ്ഞു: "ഞാൻ ശുദ്ധീകരസ്ഥലത്തു കഷ്ടപ്പെടുന്നു. എനിക്കുവേണ്ടി കർബാന ചൊല്ലിക്കാനും പ്രാർത്ഥിക്കാനും എൻെറ മകളോടു് പറയുക."

**അമ്പതു നോമ്പു്**

അമ്പതു നോമ്പു് ആരംഭിച്ചതോടുകൂടെ ത്രേസ്യയുടെ വേദനകൾ വർദ്ധിച്ചു. തിങ്കൾ, ബുധൻ, വെള്ളി, എന്നീ ദിവസങ്ങളിൽ ഉച്ചതൊട്ടു ദേഹമാസകലം വേദനാശക്തിപ്പെടുകയും ഞരമ്പുകൾ വലിഞ്ഞു കൂടുകയും ഉദ്ദേശം മൂന്നു മണിയാകുമ്പോൾ കൈ രണ്ടും ചുമരിൽ പതിക്കപ്പെടുകയും കാൽ രണ്ടും വിറങ്ങലിച്ചു് ഉള്ളിലോട്ടു വള

യുകയും ചെയ്യുന്നു. ആ സമയം മുതൽ അസ്തമയം വരെ യാതൊരുത്തൻെറയും സഹായം കൂടാതെ ഈ ദുരന്തവേദനകൾ ത്രേസ്യാ സഹിക്കുന്നു. ദാഹം കൊണ്ടു നാക്കു വാറിയാലും വെള്ളം ലഭിച്ചിരുന്നില്ല. ആ സമയത്തു് ആത്മപിതാവല്ലാതെ ആരു വന്നു വാതിലിൽ പിടിച്ചു വലിച്ചാലും വാതിൽ തുറക്കുകയില്ല. ആത്മപിതാവു വാതിൽ തുറന്നു നോക്കുമ്പോൾ കൈകൾ രണ്ടും ചുമരിൽ വച്ചു തറയ്ക്കപ്പെട്ടിരിക്കുന്ന ഭാവം കണ്ടു കൈ പിടിച്ചു് ഇളക്കി നോക്കിയിട്ടുണ്ടു്. ഫലമൊന്നുമില്ല. പിശാചുക്കൾ ദൂഷണവും പറഞ്ഞിരുന്നു: “നിൻെറ ദൈവമെവിടെ? ഞങ്ങൾ പറയുന്നതു പോലെ നീ കേട്ടാൽ നിനക്കു് ആശ്വാസം തരാം”. എന്തു വേദനയുണ്ടായിരുന്നാലും കൂട്ടുകാരികളെക്കൊണ്ടു തിരുമ്മിച്ചിരുന്നില്ല. ആത്മപിതാവിനെക്കൊണ്ടു് അതു വിലക്കിച്ചിരുന്നു. എല്ലാം ക്ഷമയോടെ സഹിച്ചു പോന്നു.

നോമ്പു പിടിച്ചതു മുതൽ ദിവസേന ഉച്ചയ്ക്കു കൈപ്പുള്ള ഇലകൾ കടിച്ചു് അതിൻെറ നീരു കുടിച്ചു വന്നിരുന്നു. പുളി ചേർത്ത ഒരു കറി കുറേശ്ശെ അനുഭവിച്ചു പോന്നിരുന്നു.

കുരിശിൻെറ വഴി കഴിക്കുമ്പോൾ ത്രേസ്യാ ഓരോ സ്ഥലത്തും മുട്ടുകുത്തി ആ സ്ഥലത്തെപ്പററി ധ്യാനിക്കുന്നു. ഉടനെ ത്രേസ്യയ്ക്കു പരവശമുണ്ടാകുന്നു. അമ്പതുനോമ്പിലൊരുദിവസം, ഉച്ചകഴിഞ്ഞു മൂന്നുമണിക്കു്, കൂട്ടുകാരികളോടുകൂടെ കുരിശിൻെറ വഴി കഴിച്ചു ദൈവാലയത്തിൻെറ മദ്ധ്യത്തിൽ വന്നു ത്രേസ്യാ മുട്ടു കുത്തി. ഉടനെ അവൾക്കു ജ്ഞാനപരവശമുണ്ടായി. അവൾ ഒരഗ്നികുണ്ഡത്തിൻെറ അരികേ നില്ക്കുന്നതുപോലെ അവൾക്കു തോ

ന്നി. കടലിലെ തിരമാലകൾ പോലെയാണ് അഗ്നി ജ്വാലകൾ പൊളുത്തുകൊണ്ടിരുന്നതു്. ആ ജ്വാലകളുടെ ഇടയിൽ തലകൾ മറയുന്നതും തിരിയുന്നതും അവൾ കണ്ടു. എല്ലാവരും ദൈവദൂഷണം പറയുന്നു. പാമ്പു,തേൾ, തവള, പുഴുക്കൾ മുതലായവ അവരെ കടിക്കുന്നു. "നിങ്ങൾക്കു ദാഹിക്കുന്നുണ്ടോ," എന്നു ചോദിച്ചുകൊണ്ടു പിശാചുക്കൾ ആ ആത്മാക്കൾക്കു് അഗ്നിജലം ഒഴിച്ചു കൊടുക്കുന്നു. ചൂടിൻെറ ശക്തിയാൽ ത്രേസ്യയ്ക്കു അവിടെ നില്ക്കാൻ നന്നേ പ്രയാസം തോന്നി; അപ്പോൾ രണ്ടു മാലാഖാമാർ അവളെ താങ്ങിപ്പിടിച്ചു.

ഈ കാഴ്ച കഴിഞ്ഞശേഷം ഇവൾ കർത്താവിൻെറ മുമ്പിൽ നിറുത്തപ്പെട്ടു. അവിടുന്നു് അരുൾചെയ്തു: "നീ ആ സ്ഥലത്തു നില്ക്കാൻ തുടങ്ങിയിട്ടു അരയ്ക്കാൽ നാഴികയായില്ല. നിനക്കു് അനേകം നാളുകൾപോലെ തോന്നനല്ലോ." ഈ പരവശം അസ്തമിച്ചു് ഏഴുമണിവരെയുണ്ടായി. ആറു മണിക്കു പള്ളിയിൽനിന്നു മടങ്ങിയപ്പോൾ അവൾക്കു ബോധമുണ്ടായിരുന്നില്ല. ജ്ഞാനപരവശം അവസാനിച്ചതു് ഏഴുമണിക്കാണു്; അപ്പോൾ അവൾക്കു മനസ്സിലായി താൻ കിടക്കുന്നതു സ്വന്തം മുറിയിലെ കട്ടിലിന്മേലാണെന്നു്.

ഈ കാഴ്ച കണ്ടതിനുശേഷം ത്രേസ്യയ്ക്കു ലൗകികാഭാടങ്ങളോടുള്ള വെറുപ്പു വളരെ വദ്ധിച്ചു; കർത്താവിനെ പ്രതി പീഡകൾസഹിക്കാനുള്ള ധീരതയും ശക്തിയും ബ്യഹത്തായി പീഡകൾ അനുഭവിക്കുന്ന നേരത്തു് അവൾ ഇങ്ങനെ പറഞ്ഞിരുന്നു: "കർത്താവിനാശ്വാസമുണ്ടാകട്ടെ; എനിക്കാശ്വാസംവേണ്ടാ. കർത്താവേ, കൂടെക്കൂടെ

നിൻെറ കഷ്ടതകൾ എനിക്കു തരണമേ. ഞാൻ അനുഭവിച്ചുകൊള്ളാം എൻെറ മനസ്സല്ല നിൻെറ തിരുമനസ്സു പോലെയാകട്ടെ."

അമ്പതു നോമ്പിൻെറ അഞ്ചാം വെള്ളിയാഴ്ച, ഉച്ചയ്ക്കു തന്നെ രണ്ടു കൈകളും ചുമരിൽ തറയ്ക്കപ്പെട്ടു. അസ്തമനസമയത്ത് ആത്മപിതാവ് അവളെ ആശ്വസിപ്പിക്കാൻ ചെന്നപ്പോൾ അവൾ സുബോധത്തോടെ പറയുന്നു. "ഇതാ കർത്താവും മാലാഖായും വന്നു നില്ക്കുന്നു. മാലാഖായുടെ കൈയിൽ ചുററികയും ആണികളുമുണ്ട്. ഇതാ എൻെറ കൈകളിലും കാലുകളിലും ആണികൾ വച്ചു മാലാഖാ ചുററിക കൊണ്ട് അടിക്കുന്നു. വേദന കഠിനം തന്നെ. എൻെറ ഞരമ്പുകൾ വലിഞ്ഞു കൂടിയിരിക്കുന്നു. ചങ്കു പിളന്നു പോകുന്നു. ഇതാ കർത്താവു മാറിപ്പോയി .... മാലാഖായും പോയി".

അക്കാലത്താണു ത്രേസ്യാ ചട്ട തയിച്ചു സാധുക്കൾക്കു ഇടാനായി കൊടുത്തു തുടങ്ങിയതു്. പലപ്പോഴും ചട്ടയ്ക്കുള്ള തുണി ആരോ അവളുടെ പെട്ടിയിൽ വച്ചിരുന്നതായി ത്രേസ്യാ പറയുന്നുണ്ട്.

ഓശാനാശനിയാഴ്ച മുതൽ വേദന വളരെ വദ്ധിച്ചു. എന്നിട്ടും വലിയ ആഴ്ചയിൽഎല്ലാ ദിവസവും ഒരുനേരം നോക്കി. അതേ സമയം പള്ളിയിൽ പോകാതെ നടന്നിരുന്നവരെ കമ്പസാരിക്കുന്നതിനു് ഒരുക്കുവാൻ അവൾ പ്രയാസപ്പെട്ടു കൊണ്ടേയിരുന്നു.

**പെസഹാവ്യാഴാഴ്ച**

1906ഏപ്രിൽ 12-ാംനു- പെസഹാവ്യാഴാഴ്ച കാൽ കഴുന്നതിനു ശ്ലീഹാന്മാരുടെ സ്ഥാനത്തിരുന്നിരുന്ന 12 കു

ട്ടികൾക്ക് പലഹാരവിരുന്നു ത്രേസ്യയാണു നടത്തിയത്. കാലു കഴുകലിനു ശേഷം ത്രേസ്യാ ആ പലഹാരങ്ങൾ ഭാഗിച്ചു കൊടുത്തു. വ്യാഴാഴ്ച രാത്രി പത്തുമണിയാകുന്നതുവരെ കർത്താവും ദൈവമാതാവും യൗസേപ്പുപിതാവും ഇവളോടുകൂടെ ഉണ്ടായിരുന്നു; എന്നാൽ മാതാവിനെ ഇവൾക്കു കാണാൻ പാടുണ്ടായിരുന്നില്ല.

പെസഹാവ്യാഴാഴ്ച രാത്രി 9മണിവരെ വി. കർബാന ആരാധിക്കുന്നതിന് ആത്മപിതാവു ഇവൾക്ക് അനുവദിച്ചിരുന്നു. തന്നിമിത്തം ഒമ്പതുമണിക്കാണു ത്രേസ്യാ വീട്ടിലേക്കു മടങ്ങിയത്. 10മണിമുതൽ വേദന കഠിനമായി. കൈകാലുകൾ ഇളക്കാനും കൂടി അവൾക്കു വശമില്ലാതായി.

### ദുഃഖ വെള്ളിയാഴ്ച

കാലത്തുതന്നെ പള്ളിയിൽപോയി ത്രേസ്യാ വി. കർബാനയുടെ ആരാധന ആരംഭിച്ചു. തിരുക്കർമ്മങ്ങൾ കഴിഞ്ഞു പ്രസംഗം ആരംഭിച്ചപ്പോൾ മണി പത്തരയായി. അപ്പോഴേക്കു വേദന ശക്തിപ്പെട്ടതിനാൽ ത്രേസ്യാ സ്വഭവനത്തിലേക്കു മടങ്ങി. ശ്വാസംമുട്ടലും വേദനയും പ്രകടമായിക്കാണാമായിരുന്നു. കണ്ണു വട്ടംപിടിച്ചിരുന്നു. മിണ്ടാൻ പാടില്ലായിരുന്നു. ആരു കണ്ടാലും ത്രേസ്യാ ഇപ്പോൾ മരിക്കുമെന്നു തോന്നും. എല്ലാം ക്ഷമയോടെ അവൾ സഹിച്ചു.

മൂന്നുമണിക്ക് ആത്മപിതാവ് അവളുടെ മുറിയിലെത്തി. വിനയത്തോടും സങ്കടത്തോടും കൂടെ അവൾ ആത്മപിതാവിൻെറ നേരെ നോക്കി. അന്ത്യകൂദാശകൾ ആവശ്യപ്പെടുകയായിരിക്കുമെന്നു കരുതി, "കൂദാശകൾ

വേണമോ" എന്നു് അദ്ദേഹം ചോദിച്ചു. വേണമെന്നു് തലകൊണ്ടു് ആംഗ്യം കാണിച്ചു.

ഈ വേദനയുടെ നേരത്തു മുമ്പു 2 പ്രാവശ്യം ചെയ്തതുപോലെ കുന്തംകൊണ്ടു് വിലാവിൽ കുത്തി ചങ്കിൽ നിന്നു് ഒരു മാംസക്കഷണം എടുത്തുകൊണ്ടുപോയി. അപ്പോഴത്തേ വേദന അത്ര ദുഃസ്സഹമായിരുന്നെങ്കിലും കർത്താവിൽ ശരണപ്പെട്ടു ക്ഷമയോടെ ആ വേദന സഹിച്ചു ഇതുകഴിഞ്ഞു് ഏകദേശം രാവിലെ മൂന്നു മണിയായപ്പോഠം വട്ടംപിടിച്ചിരുന്ന കണ്ണു് അടഞ്ഞുപോയി. ദുഃഖശനിയാഴ്ച പാതിരാവരെ ഇങ്ങനെതന്നെ കിടന്നു. ഉള്ളിൽ കുറേശ്ശെ ബോധമുണ്ടായിരുന്നു. വേദനയ്ക്കു യാതൊരു കുറവുമുണ്ടായിരുന്നില്ല. അതിനിടയ്ക്കു രണ്ടു പ്രാവശ്യം ആത്മപിതാവു ത്രേസ്യയെ സന്ദർശിച്ചു ശരണസംവർദ്ധകമായ ഉപദേശങ്ങഠം പറഞ്ഞുകൊണ്ടിരുന്നു അവഠം ആത്മപിതാവിനോടു് ഇങ്ങനെ പറഞ്ഞു:

പിതാവേ, എനിക്കു കുമ്പസാരിക്കണം. ഞാൻമരിച്ചുപോകും. ദൈവം തിരുമനസ്സാകുന്നെങ്കിൽ ഇതിലധികം ശക്തിയുള്ള വേദനകഠം ദൈവാനുഗ്രഹത്തിൽ ശരണപ്പെട്ടു ഞാൻ സഹിച്ചുകൊള്ളാം. പിതാവേ, എനിക്കു സഹിക്കാൻ വഹിയാത്തതു് ഈ നേരത്തു പിശാചുക്കഠം പറയുന്ന ആക്ഷേപങ്ങളും ദൂഷണങ്ങളുമാണു്."

അടഞ്ഞകണ്ണുകളിൽ നിന്നു് ചിലപ്പോഠം വെള്ളം പുറപ്പെട്ടിരുന്നു ഇതിൻെറ കാരണമെന്തെന്നു് ആ പിതാവു ചോദിച്ചു. "മറെറാന്നുമല്ല കാരണം. എൻെറ മുമ്പിൽ നാട്ടപ്പെട്ടിരിക്കുന്ന കുരിശു കണ്ടിട്ടാണു്". ത്രേസ്യ പ്രതിവചിച്ചു. വലിയ വെള്ളിയാഴ്ച രാത്രി കർത്താവിനെ തറച്ചിരുന്ന ഭാരമേറിയ ഒരു കുരിശുരൂപം അവളു

ടെ മുമ്പിൽ നാട്ടിയിരുന്നു. സർവ്വാംഗം ക്ഷതമായിരുന്നു കർത്താവിൻെറ ശരീരം. ശനിയാഴ്ച പാതിരാവരെ ഈ കുരിശു അവൾക്കു കാണാമായിരുന്നു.

ശനിയാഴ്ച പാതിരാ കഴിഞ്ഞപ്പോൾ ത്രേസ്യയ്ക്കു എഴുന്നേല്ക്കാനും സംസാരിക്കാനും പാടായി.

**പരീക്ഷകളും പ്രായശ്ചിത്തങ്ങളും**

ഇതുവരെ ത്രേസ്യയ്ക്കുണ്ടായിരുന്ന പൈശാചിക പരീക്ഷകൾ മിക്കതും ബാഹ്യമായിരുന്നു. ഇക്കാലത്തു് അദൃശമായ പരീക്ഷകളാരംഭിച്ചു. വിശ്വാസവിരുദ്ധമായ വിചാരങ്ങളും പ്രാർത്ഥനയിൽ വിരസതയും വന്നുകൊണ്ടിരുന്നു ഇവയെല്ലാം ദൈവസഹായത്തോടെ അവൾ ജയിച്ചുകൊണ്ടിരുന്നു. ഏഴുദിവസത്തേക്കു സർവ്വവിധത്തിലും ശുദ്ധതയ്ക്കെതിരായി ത്രേസ്യയെ പരീക്ഷിക്കാൻ പിശാചുക്കൾ ദൈവത്തിൽനിന്നു് അനുവാദം വാങ്ങി. അഞ്ചുദിവസത്തെ പരിശ്രമങ്ങൾ പരാജയപ്പെടുന്നുവെന്നു കണ്ടപ്പോൾ കൂടുതൽ തീവ്രമായി ശേഷം രണ്ടുദിവസം പരീക്ഷിക്കാൻ പിശാചുക്കൾ അനുമതിനേടി. ആ രണ്ടു ദിവസത്തെ പരീക്ഷകൾ വർണ്ണിക്കുക അസാദ്ധ്യമാണെന്നു് അവൾ പറഞ്ഞു. ദൈവസഹായത്താൽ അവൾ പരീക്ഷകളെയെല്ലാം ചെറുത്തുനിന്നു കടശി പിശാചുക്കൾ തോററു മടങ്ങി. കർത്താവു ത്രേസ്യയെ മടിയിലിരുത്തി ഏറിയ നേരം ആശ്വസിപ്പിച്ചു. ഈ പരീക്ഷകളുടെ നേരത്തു് "ഈശോ" എന്ന തിരുനാമം വാകൊകൊണ്ടും അതിനു സാധിക്കാതെവരുമ്പോൾ ഹൃദയംകൊണ്ടും ചൊല്ലിയിരുന്നു. ഈ ഏഴു ദിവസവും ദിവസം പ്രതി രണ്ടു പ്രാവശ്യം ആത്മപിതാവു ത്രേസ്യയെ സന്ദർശിച്ചു് ധൈര്യപ്പെടുത്തിയിരുന്നു. അശുദ്ധ

പാപത്തോടുള്ള വെറുപ്പും തൽസംബന്ധമായ സംശയങ്ങളും നിമിത്തം അവർ പലപ്പോഴും കമ്പസാരിക്കുവാൻ ആവശ്യപ്പെട്ടിരുന്നു; പലപ്പോഴും കമ്പസാരിപ്പിക്കുകയും ചെയ്തിരുന്നു. വെറുപ്പും മുതൽ ഇവർ സ്നേഹിച്ചിരുന്ന പുണ്യമാണു ശുദ്ധത.

കഠിനമായ ശാരീരിക വേദനകളുടെ ഇടയ്ക്കും പല പ്രായശ്ചിത്തങ്ങൾ ചെയ്യാനുള്ള അനുവാദം ത്രേസ്യാ ആത്മപിതാവിനോടാവശ്യപ്പെട്ടിരുന്നു. കുറെയൊക്കെ അനുവദിച്ചിരുന്നു. അരയിൽ മുള്ളരഞ്ഞാണം സദാ കെട്ടിയിരുന്നതിനാൽ അവിടെ വ്രണങ്ങളുണ്ടാകുകയും പുഴുക്കൾ കാണപ്പെടുകയും ചെയ്തിരുന്നു. വലിയ സുഖക്കേടുകൾ വരുമ്പോൾ ആത്മപിതാവിൻെറ കല്പനപ്രകാരം മേൽപറഞ്ഞ തരത്തിലുള്ള പ്രായശ്ചിത്തങ്ങൾ മുടക്കിയിരുന്നു; എങ്കിലും ധൃതിയായിരുന്നു പുനരാരംഭിക്കുവാൻ.

**ഒററക്കരു, ഇരട്ടക്കരുക്കൾ**

1906ൽ അമ്പതു നോമ്പു കഴിഞ്ഞു് ഒരു പ്രാവശ്യം ഒററക്കരുവും പല പ്രാവശ്യം വയററിൽ വ്യാധിയുടെ ശല്യവുമുണ്ടായി. ഈ സുഖക്കേടുകൾ വളരെ ദിവസം അന്യരിൽനിന്നു മറച്ചു വച്ചിരുന്നതിനാൽ ത്രേസ്യക്കു വളരെയേറെ സഹിക്കേണ്ടിവന്നു. അത്ഭുതകരമായ രീതിയിലാണു ഫാദർ വിതയത്തിൽ രോഗശമനം വിവരിച്ചിരിക്കുന്നതു്. അത്ഭുതം സ്വീകരിക്കാമെങ്കിലും സുഖപ്പെടുത്തിയ രീതി ഫാദർ വിതയത്തിൽ വിവരിച്ചിരിക്കുന്ന രൂപത്തിൽ ഈ ഗ്രന്ഥകാരനു സ്വീകാര്യമല്ല.

ഇക്കാലത്തു ത്രേസ്യാ ആത്മപിതാവിന് എഴുതിയ ഒരു കത്ത് അതേ പടി ഇവിടെ ഉദ്ധരിക്കുന്നു.

"എൻെറ ബ. പിതാവേ, എൻെറ കീഴ്വയററിലുള്ള കുരുവിന്മേൽ മൂന്നു മുഖമുള്ളതായിക്കാണുന്നു. ആയതിനാൽ ഇന്നു വേദന എപ്രകാരമെന്നു പറയാൻ വശമല്ല. ഇതെല്ലാം ദൈവത്തിന്റെ കാഴ്ച്ച വയ്ക്കുന്നു. ദൈവം കഴിഞ്ഞാൽ പിതാവിനോടല്ലാതെ എൻെറ സങ്കടവും ആവലാതിയും ആരോടു പറയും? എൻെറ സ്ഥിതിയും മററും പിതാവിനു നല്ലപോലെ അറിയാമല്ലോ! ദൈവം പിതാവിനു തന്ന ഒരു കുരിശെന്നോർത്തു നല്ല മനസ്സോടെ ചുമക്കണമേ. ആരുംപോരുമില്ലാത്തവരെ സഹായിച്ചാൽ തരുന്ന കൂലി എത്രമാത്രമെന്ന് ആർക്കും അറിയാൻമേല. ഞാൻ കാരണം പിതാവിനു വളരെ ബുദ്ധിമുട്ടു തന്നെ. എനിക്കു ബുദ്ധിമുട്ടിക്കുന്നതിനു മനസ്സില്ല. സമാധാനം കിട്ടുന്നതിനു പിതാവിൻെറ അടുക്കൽ വരണം. അല്ലാതെ ഒരു വഴിയും കാണുന്നില്ല. പിന്നെ എന്തു ചെയ്യും? ബുദ്ധിമുട്ടിനു ദൈവം സമ്മാനം തരും. എനിക്ക് എൻെറ ഉള്ള മുഴുവൻ വേദന തന്നെ. ഞാൻ പള്ളിയിൽ നിന്നു പോന്നതിൽപ്പിന്നെ യാതൊരാശ്വാസമില്ലാതെ വേദന തിന്നു കിടക്കയാണ്. ക്ഷമയില്ലാതെ വാവിട്ടു പോകുന്നു. ഈ പാപിയായ എൻെറ നേരെ വെറുപ്പു തോന്നല്ലേ. ദൈവത്തെക്കുറിച്ചു ബുദ്ധിമുട്ടിയാൽ പിതാവിന് ഒടുക്കത്തോളമുള്ള നിലനില്പും ദീർഘായുസ്സും ദേഹസുഖവും തരും".†

**വീണ്ടും ത്രേസ്യാ എഴുതി**

"എൻെറ പിതാവേ, എനിക്കു പാടില്ല. ദൈവം കഴിഞ്ഞാൽ പിതാവിനോടല്ലാതെ ഒരു വാക്കു പാ

യാൻ കൂടി എനിക്കാതമില്ലാത്തതു പോലെ തോന്നുന്നു. ഒരു സ്ഥലത്തു ഞാൻ കിടക്കുന്നുവെന്നു മാത്രം. അതു ദൈവതിരുമനസ്സ്. പിതാവിനു ഞാൻ ഒരു ഭാരമായി ത്തീൎന്നു. പണച്ചിലവും ശരീരബുദ്ധിമുട്ടും വളരെ വ രെ എന്നു് എനിക്കു ധാരാളം മനസ്സിലാകുന്നുണ്ടു്. ഞാൻ എന്തു ചെയ്യും? ഏതു നേരവും ഇടവിടാതെ ദൈവത്തോടു പിതാവിനു വേണ്ടി പറയുന്നു. പരലോ കത്തിലും ഈ ലോകത്തിലും ഇടവിടാതെ ദൈവാനുഗ്ര ണം കിട്ടുന്നതിനു ഞാൻ പ്രാൎത്ഥിക്കുന്നു. അതല്ലാതെ എന്നെക്കൊണ്ടു് ഒരു വശവുമില്ല. എൻെറ സുഖക്കേ ടിനെപ്പററി വിവരമുണ്ടല്ലോ. കുരു ഉള്ള സ്ഥലത്തു നൂൽ പോലെ വിള്ളൽ തുടങ്ങിയിരിക്കുന്നു. വേദന ഇ ന്ന വിധമെന്നു പറയേണ്ടല്ലോ. അര മുഴുവനും ഈരുള്ളി പോലെ തന്നെ. തുടയ്ക്കു വളരെ നീരുണ്ടു്. ഈ വിവ രം പിതാവിനോടു പറയാൻ എനിക്കു ദുഃഖം തോന്നുന്നു. പിന്നെ എന്തു ചെയ്യും? എൻെറ സ്വഭാവം എന്തു വേ ദന വന്നാലും എന്നിലല്ലാത്തതു പോലെ മുന്നോട്ടു പോ കും. ഇതു് ഉടുപ്പിൽ കറതം പോലെ ആയിത്തീൎന്നു. എൻെറ ആത്തളേ, എനിക്കു സഹിക്കാൻ വശം കിട്ടി യാൽ മതി. ഇതു പോലെ ഒരു ദീനം വന്നിട്ടില്ല. എ നിക്കു വേണ്ടി അപേക്ഷിക്കണമേ. ദൈവ തിരുമനസ്സു പോലെയാകട്ടെ. ഇതു് എൻെറ ബ. പിതാവു ബോധി പ്പാൻ, അങ്ങേ ജ്ഞാനമകൾ, ത്രേസ്യാ †

**പഞ്ചക്ഷതം**

ത്രേസ്യയ്ക്കു ലഭിച്ച പഞ്ചക്ഷതങ്ങളെപ്പററി മൂന്നു പ്രാവശ്യം വിവരിച്ചിട്ടുള്ളതാണു്. ഇവളുടെ ഇടത്തേ

വിലാവിൽ പുറമേ കാണത്തക്ക ഒരു കരിശുണ്ടു്. 1906 ഒക്ടോബർ മുതൽ ഞായറാഴ്ചകളിലും ദൈവമാതാവിൻെറ കടമുള്ള തിരുനാളുകളിൽ ഭക്ഷിക്കാറുള്ള ആഹാരങ്ങൾ കൂടെ കഴിക്കാൻ പാടില്ലാതായി. വെള്ളിയാഴ്ച ഉച്ച കഴിഞ്ഞു മൂന്നു മണിമുതൽ ദേഹം മുഴുവൻ വേദനയാണു്. ചങ്കിലേ വേദന ഭയങ്കരമായിരിക്കും. കാലു നിലത്തു തൊടാതെ കൈ രണ്ടും ചുമരിൽ വിരിച്ചു കിടക്കയായിരിക്കും. കൈകാലുകൾ ആണികൾ കൊണ്ടു തറക്കപ്പെട്ട പോലെയാണു്. ആണിപ്പഴുതുകളിൽ നിന്നു രക്തം പ്രവഹിക്കുന്നു. ശനിയാഴ്ച പുലച്ചവരെ ചുമരിൽ ഇങ്ങനെ കിടക്കും. ആ സമയം മുഴുവനും ഞരമ്പുകളുടെ വലിയും വേദനയും കലശൽ തന്നെ. പിറേറ ദിവസം കൈകാലുകളിൽ നീരുണ്ടാകും.

1906 ഒക്ടോബർ 23ാംനു- വെള്ളിയാഴ്ച ഉച്ച കഴിഞ്ഞു് മൂന്നുമണിക്കു് ഇവൾക്കു കത്താവിൻെറ മുൾമുടി നല്കപ്പെട്ടു. തലേ ദിവസം മുൾമുടി കൊണ്ടു കത്താവു് ഇവൾക്കു കാണപ്പെട്ടുവെന്നുള്ളതു് ഇവിടെ സ്മരണീയമാണു്. രണ്ടു മാലാഖമാർ മുൾമുടി കൊണ്ടു വന്നു് ഇവളുടെ തലയിൽ വച്ചു വടി കൊണ്ടു് അടിച്ചു താഴ്ത്തി. രക്തം ധാരാളം പ്രവഹിച്ചു. അപ്പോൾ കണ്ണു് അടഞ്ഞിരിക്കയായിരുന്നു. വേദനയുടെ ആധിക്യത്താൽ അല്പനേരം ബോധക്ഷയമുണ്ടായി. ആസമയത്തു ദൈവമാതാവു വന്നു് ഇവളുടെ ശിരസ്സു താങ്ങിയിരുന്നു. രക്തം നിലത്തു വീഴാതിരിക്കാൻ ഒരു കിണ്ണം തലയ്ക്കു താഴെ പിടിച്ചിരുന്നു. ത്രേസ്യാ ആത്മപിതാവിനെ വിളിപ്പിച്ചു. അദ്ദേഹം വന്നപ്പോൾ വാതിൽ അടച്ചിരിക്കയായിരുന്നു.

വാതിൽ തുറന്നു് അദ്ദേഹം അകത്തു കടന്നു. അപ്പോൾ തല പൊക്കിപ്പിടിച്ചിരിക്കുന്നതും തലയിൽ നിന്നു തളികയിലേക്കു് രക്തം ഇററ വീണിരിക്കുന്നതും അദ്ദേഹം കണ്ടു ത്രേസ്യയ്ക്കു ബോധമുണ്ടായിരുന്നില്ല. ആത്മപിതാവു തളിക വാങ്ങിപ്പിടിച്ചു സ്വല്പം കഴിഞ്ഞപ്പോൾ രക്തപ്രവാഹം നിന്നു. ദൈവമാതാവിൻെറ നിർദ്ദേശപ്രകാരം രക്തം ഇവളെ കാണിക്കാതെ കളഞ്ഞു. ഇവൾക്കു' ആവശ്യമുള്ള ഉപദേശങ്ങൾ കൊടുത്തു ആത്മപിതാവു പള്ളിയിലേക്കു പോയി. വേദനയുടെ ആധിക്യത്തിൽ വിഷമം തോന്നിയെങ്കിലും ക്ഷമയോടെ സമസ്തവും സഹിച്ചു.

തിരുക്കുടുംബ സഭാംഗമായ സിസ്റ്റർ ബക്കുമാൻസ് (ഞാറയ്ക്കൽ ശങ്കരിക്കൽ ചെറിയാൻ മകൾ ഏലിക്കുട്ടി.) എനിക്കു് എഴുതിത്തന്ന കുറിപ്പിൽ നിന്നു് ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം: പുത്തഞ്ചിറ മഠത്തിനു പിരിവെടുക്കാൻ ബ. അമ്മ എൻെറ വീട്ടിൽ വരുകയുണ്ടായി. ഒരു മുറിയും ചട്ടയും ശിരോവസ്ത്രവുമാണു് അമ്മ ധരിച്ചിരുന്നതു്. ബ. അമ്മയെ കാണാൻ ധാരാളംപേർ തടിച്ചുകൂടി" ഞാൻ തിക്കിക്കയറി ചെന്നപ്പോൾ ചേച്ചി ചോദിച്ചു: എവിടേക്കാണു, പെണ്ണേ, തിക്കിത്തിരക്കി പോകുന്നതു്?" ഞാൻ പതുക്കെപ്പറഞ്ഞു: "ഈ കന്യാസ്ത്രിക്കു് അഞ്ചുമുറിവുണ്ടെന്നു കേട്ടല്ലോ. എനിക്കു് ഒന്നു കാണണം." രണ്ടു കൈകളിലും കാലുകളിലും മുറിവുണങ്ങി പൊററ പൊളിഞ്ഞുപോയ പാടു ഞാൻ കണ്ടു. അന്നു പിതൃസഹോദരൻെറ ഭവനത്തിൽ, അതായതു്, നമ്മുടെ ബ. മർഗ്ഗരീത്താമ്മയുടെ ഭവനത്തിലാണു ബ. അമ്മ താമസിച്ചതു്. അന്നു നോമ്പിലെ ദുഃഖവെള്ളിയാഴ്ചയായിരുന്നു. അമ്മയ്ക്കു് എന്തോ അസുഖംപോലെ തോന്നി. മയ

ങ്ങിക്കിടന്നിരുന്ന അമ്മയുടെ ശിരസ്സിൽ മുൾമുടിയുടെ ആകൃതിയിൽ ചോരപൊടിഞ്ഞിരിക്കുന്നതായി വല്യമ്മ കണ്ടു. അന്നു മുതൽ ബ. അമ്മ ഒരു പഞ്ചക്ഷതയാണെന്നാണെൻെറ ബോധ്യം.

## മെത്രാനച്ചൻെറ സംശയവും കല്പനയും

ത്രേസ്യയെ സംബന്ധിക്കുന്ന വിവരങ്ങൾ മെത്രാനച്ചനെ ഫാദർ വിതയത്തിലും അപരരും അറിയിച്ചിരുന്നു. ലോകത്തിൽ തലമുണ്ടു് അണിഞ്ഞു ജീവിക്കുവാൻ ത്രേസ്യയ്ക്കു് അനുവാദം നല്കിയ മെത്രാനച്ചൻ 1906 ജാനുവരി 31-ാംനു- ത്രേസ്യയ്ക്കു് ഇങ്ങനെ എഴുതി.

ത്രേസ്യാ,

നിൻെറ എഴുത്തുവായിച്ചു. കാര്യമെന്തെന്നു നല്ലവണ്ണം തിരിയുന്നില്ല. സൗഖ്യക്കേടിനു വൈദ്യന്മാരെ കാണിച്ചു് അവർ പറയുന്ന മരുന്നും യാവനയും കഴിക്കാം. ഇതിനെക്കുറിച്ചുണ്ടായ മുടക്കം നീക്കിയിരിക്കുന്നു.

പിശാചു വെളിവിൻെറ മാലാഖായുടെ വേഷമെടുത്തു നിന്നെ പരീക്ഷിക്കുന്നുവെന്നാണ നമ്മുടെ അഭിപ്രായം. ആയതിനാൽ എളിമയും സാധാരണജീവിതവും നടപടിയും നല്ലതെന്നുതോന്നുന്നു. നീ കാണിക്കുകയും പറയുകയും ചെയ്യുന്നതു് ഒരു പ്രകാരത്തിലും വല്ലതുമാണെന്നു തോന്നുന്നില്ല.

തൃശ്ശൂരു വികാരി അപ്പസ്തോലിക്കാ

(ഒപ്പ്)

ഇവളുടെ കാഴ്ചപ്പാടുകളും വ്യാപാരങ്ങളും പിശാചിൻെറ തന്ത്രമാണൊന്നായിരുന്നല്ലൊ മെത്രാനച്ചൻെറ നി

ഗമനം. തന്നിമിത്തം പിശാചുക്കൾക്കെതിരായി ഒരു കല്പന എഴുതി ആത്മപിതാവിനെ ഏല്പിച്ചു. പ്രസ്തുത കല്പന ത്രേസ്യാ കിടക്കുന്നമുറിയിൽ പതിപ്പിക്കണമെന്നായിരുന്നു മെത്രാനച്ചന്റെ നിർദ്ദേശം. അതോടൊപ്പം ദിനംപ്രതിയുള്ള വി. കർബാന സ്വീകരണം മെത്രാനച്ചൻ മുടക്കി. ആഴ്ചയിൽ ഒരു പ്രാവശ്യം വി. കർബാന സ്വീകരിച്ചാൽ മതിയെന്നു് അദ്ദേഹം കല്പിച്ചു. ആത്മപിതാവു ആ കല്പന അവളെ വായിച്ചു കേൾപ്പിച്ചു. ഉടനെ ത്രേസ്യാ ആ കല്പനവാങ്ങി സന്തോഷപൂർവ്വം ചുംബിച്ചു. "ഇതു ഭാഗ്യപ്പെട്ട ഒരു സമ്മാനമാണു്" എന്നത്രേ അവൾ പറഞ്ഞതു്. കല്പന ത്രേസ്യയുടെ തലയ്ക്കു മീതെ ചുമരിൽ പതിച്ചു. കല്പന വായിക്കുന്നവരെല്ലാം ഇവളെ ആക്ഷേപിക്കാൻ തുടങ്ങി. ആ ആക്ഷേപങ്ങൾ ഇവൾക്കു ആമോദകരമായിത്തോന്നി. ഈ കല്പന ഞായറാഴ്ച ജനങ്ങൾ പള്ളിയിൽ കൂടുമ്പോൾ വായിക്കണമെന്നും ഒരു പ്രതി പള്ളിയുടെ പ്രധാന വാതിൽക്കൽ പതിക്കണമെന്നും ത്രേസ്യാ ആത്മപിതാവിനോടു് അഭ്യർത്ഥിച്ചു. ആത്മപിതാവു് അതിനു സമ്മതിച്ചില്ല.

ഈ കല്പന പതിച്ചതിനു ശേഷവും പിശാചുക്കളുടെ പരീക്ഷയ്ക്കു് ഒരു കുറവുമുണ്ടായില്ല. മാത്രമല്ല, പിശാചുക്കളുടെയെന്നപോലെ കർത്താവിന്റേയും മാലാഖമാരുടേയും കാഴ്ചകൾ വളരെയേറേ വർദ്ധിച്ചു. ഒരു വർഷത്തോളം ആഴ്ചയിൽ ഒരു കുർബ്ബാന സ്വീകരണംകൊണ്ടു തൃപ്തിപ്പെട്ടു. അരുപിക്കടുത്തവിധം ഇവൾ ഇടവിടാതെ വി. കുർബ്ബാന സ്വീകരിച്ചുകൊണ്ടിരുന്നു.

ഒരു വർഷം കഴിഞ്ഞപ്പോൾ അനുദിനദിവ്യകാരുണ്യ സ്വീകരണം വീണ്ടും അനുവദിച്ചു. ചുമരിൽ പതി

ച്ചിരുന്ന കല്ലുന പാററ നക്കിയും മററും കേട്ടുവന്നിരിക്കു ന്നുവെന്നു് അമ്പഴക്കാട്ടു കർമ്മലീത്താ മഠത്തിൽ വച്ചു ത്രേസ്യാ മെത്രാനച്ചനോടു നേരിൽ പറഞ്ഞു. "പിതാവേ, പിതാവേ, എനിക്കു തന്നിട്ടുള്ള ആ സമ്മാനം കേട്ടുവന്നുപോയി. അതിനാൽ അതുപോലെ വേറൊന്നു തരുമാറാകണമേ" എന്നു ത്രേസ്യാ മുട്ടുകുത്തി വിനയപൂർവ്വം അപേക്ഷിച്ചു. "അതിനാവശ്യമില്ല," തിരുമേനി മറുപടി നല്കി.

ത്രേസ്യാ മെത്രാനച്ചനോടു് തൻെറ ആത്മസ്ഥിതി വിവരിച്ചു പറഞ്ഞു. അന്നു ഇവിടെ സ്ഥാപിതമായിട്ടുള്ള ക്ലാര സഭയിൽ ചേരാൻ ദൈവം തിരുമനസ്സായിട്ടുണ്ടോ എന്നു മനസ്സിലാക്കിത്തരണമേയെന്നു വി. കുർബാനയുടെ മുമ്പിൽപോയി പ്രാർത്ഥിക്കുവാൻ തിരുമേനി കല്പിച്ചു. അവൾ വി. കുർബാനയുടെ മുമ്പിൽ പ്രാർത്ഥിക്കുമ്പോൾ തലേദിവസം വെള്ളത്തിൽ പോയി മരിച്ച ഒരു സന്യാസ വിദ്യാർത്ഥിയുടെ ആത്മാവു കാണപ്പെട്ടു പറഞ്ഞു.: "ദൈവമാതാവിൻെറ അനുഗ്രഹത്താൽ ഉത്തമമനസ്താപത്തോടെ മരിച്ചു ഞാൻ രക്ഷപ്പെട്ടിരിക്കുന്നു. ഈ വിവരം മെത്രാനച്ചനെ അറിയിക്കുവാൻ ദൈവം തിരുമനസ്സായിരിക്കുന്നു."

മെത്രാനച്ചൻ വീണ്ടും കുമ്പസാരക്കൂട്ടിൽ വന്നപ്പോൾ ത്രേസ്യാ ചെന്നു മുട്ടുകുത്തി. "പ്രാർത്ഥനയുടെ ഫലം എന്താണു്?" മെത്രാനച്ചൻ ചോദിച്ചു. "ഒന്നും അറിയാൻ കഴിഞ്ഞില്ല." ത്രേസ്യാ മറുപടി പറഞ്ഞു. കുട്ടിയുടെ കാഴ്ച അവൾ വിവരിച്ചു. ചില ഉപദേശങ്ങൾ നല്കിയശേഷം മെത്രാനച്ചൻ ത്രേസ്യയെ അനുഗ്രഹിച്ചു. അവൾ സ്വഗൃഹത്തിലേക്കു മടങ്ങി.

## ത്രേസ്യയുടെ മഹോദരം

പൈശാചിക ഞെരുക്കങ്ങരം ഒന്നിനൊന്നു വദ്ധിക്കയെല്ലാതെ കുറഞ്ഞില്ല. പിശാചുക്കരം ഏഴുദിവസം രാത്രിപത്തുമണി കഴിയുമ്പോരം ഇവളെ അവിടേക്കും ഇവിടേക്കും ആനയിച്ചുകൊണ്ടിരുന്നു. മൂന്നു ദിവസം പാറകളിലും കാട്ടുകളിലും രണ്ടുദിവസം മലയിലും കൊണ്ടുപോയി സിംഹങ്ങളുടെ ഗുഹയിലിടുകയും ചെയ്തു. സിംഹങ്ങരം അലറി നേരേ പാഞ്ഞുചെന്നിരുന്നെങ്കിലും ഒരിക്കലും ദ്രോഹിച്ചിരുന്നില്ല. പരീക്ഷണങ്ങരം കുറേ കഴിഞ്ഞപ്പോരം ത്രേസ്യക്കു മഹോദരം പിടിപ്പെട്ടു. വെള്ളം എത്ര കുടിച്ചാലും തൃപ്തി വരാതായി. ആത്മപിതാവു വെള്ളം പൂണ്ണമായി നിരോധിച്ചു. വയറു് അങ്ങനെ വീത്തുവന്നു. വയറിൽ കുത്തിയാൽ പാറമേൽ കുത്തുന്നതുപോലെയായിരുന്നു. ഇരിക്കാനും നടക്കാനും കിടക്കാനും പാടില്ലാത്ത നിലയായി. എങ്കിലും ദിവസന്തോറും പള്ളിയിൽപോയി വി. കുബ്ബാന സ്വീകരിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം അവരം ആത്മപിതാവിനെ വിളിപ്പിച്ചു. അദ്ദേഹം ഉപദേശങ്ങരം പറഞ്ഞു ത്രേസ്യയെ ആശ്വസിപ്പിച്ചുകൊണ്ടിരിക്കുമ്പോരം ഉണ്ണീശോ കാണപ്പെട്ടു സന്തോഷത്തോടെ വയറിൽ കുരിശടയാളം വരച്ചു. ആ ക്ഷണത്തിൽത്തന്നെ അവളുടെ വയറു പൊട്ടി പൂവ്വസ്ഥിതിയിലായി.

പിശാചുക്കരംക്കു ദേഹോപദ്രവം ചെയ്യാനുള്ള അനുവാദം തീന്നപ്പോരം വീണ്ടും ഒമ്പതു ദിവസത്തേക്കുകൂടി അവളെ മദ്ദിക്കാനുള്ള അനുവാദം ആവശ്യപ്പെട്ടു. ഏതാനും നാളുകരംക്കുശേഷം ആ അനുമതിയും പിശാചുക്കരംക്കു ലഭിച്ചു. ഈ ഒമ്പതു ദിവസവും കാലത്തു വി.

കുർബാന കാണുകയും കൈക്കൊള്ളുകയും ചെയ്യുന്ന സമയമൊഴിച്ചു രാപകൽ പിശാചുക്കൾ അവളുടെ ശരീരത്തെ ഞെരുക്കിയിരുന്നു. കഴുത്തു മുതൽ കണ്ണങ്കാലു വരെ കയറുകൊണ്ട് വരിഞ്ഞു കെട്ടുക, ശരീരത്തിൻെറ ഏപ്പുകൾ വേർപെടുത്തിക്കൊണ്ടിരിക്കുക, മേശപ്പലക ദേഹത്തു വച്ചു പലകയുടെ മേൽ കല്ലേററി വയ്ക്കുക മുതലായവ പിശാചിൻെറ ക്രീഡകളായിരുന്നു. ഇങ്ങനെ ഇടവിടാതെ 9 ദിവസം ചെയ്തെങ്കിലും ത്രേസ്യാ ക്ഷമ വിടാതെ ദൈവതിരുമനസ്സിനു കീഴ്പ്പെട്ടിരുന്നു.

വിശ്വാസം ശരണം സ്നേഹം എന്നീ പുണ്യങ്ങൾക്കെതിരായി ഒരു മാസം തുടച്ചയായി പരീക്ഷിക്കാനുള്ള അനുവാദവും പിശാചുക്കൾ വാങ്ങി. ഇടവിടാതെ അവർ പരീക്ഷിച്ചു. പരീക്ഷയുടെ ശക്തിയാൽ ഭ്രാന്തന്മാരെപ്പോലെ സുബോധമില്ലാതെ സംസാരിച്ചിരുന്നു. ബോധം വരുമ്പോൾ ദൈവാനുഗ്രഹത്താൽ പരീക്ഷകൾ അവൾ ചെറുത്തു നിന്നു

ഇക്കാലത്തായിരിക്കണം ത്രേസ്യാ തൻെറ ആത്മപിതാവിന് ഇങ്ങനെ എഴുതിയതു്:

"എൻെറ പിതാവേ, എനിക്ക് ഇന്നലെ വളരെ അരിശവും ദേഷ്യവും ദുഃഖവുമുണ്ടായി. കുറേയധികം എന്നു തോന്നുന്നു. തള്ളിക്കളഞ്ഞുവെങ്കിലും കർബാന കൈക്കൊള്ളുവാൻ വ്യസനം ഇതുവരേയും കഴിഞ്ഞില്ല. എന്തു വേണം; പിതാവേ, സമാധാനം അപേക്ഷിക്കുന്നു. സുഖക്കേട് അധികമാകുമ്പോൾ ആളെ പിതാവിൻെറ അടുക്കലേക്കു വിടരുതു് എന്ന് എന്നോടു പറഞ്ഞതിനെക്കുറിച്ചു ഞാൻ അടങ്ങുന്നു. അങ്ങേ ജ്ഞാനമകളായ ത്രേസ്യാ" †

## വെള്ളിയാഴ്ചയിലേ പീഡകഠം

പഞ്ചക്ഷതത്തോട് ബന്ധപ്പെട്ടതാണു പീഡാനുഭവംപഷ്ടകഠം. തെറേസാനോയിമൻ വെള്ളിയാഴ്ചകളിൽ കത്താവിൻെറ പീഡാനുഭവത്തിൻെറ വിവിധരംഗങ്ങളിൽക്കൂടെ കടന്നുപോയിരുന്നു. മറിയംത്രേസ്യയും ഏതാണ്ട് അതുപോലെതന്നെയാണു്. 1909 ആയപ്പോഠം ഈ പീഡാനുഭവങ്ങഠം തിങ്കഠം, ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിലും പ്രത്യക്ഷമായിരുന്നു. മിക്ക ദിവസങ്ങളിലും പകൽ പന്ത്രണ്ടു മണി തുടങ്ങി ആറുമണിവരെയും രാത്രി പത്തുമണിമുതൽ പുലച്ച്വരെയും കൈകാലുകഠം ആണികളാൽ തറക്കപ്പെട്ട പോലെയാണു കിടന്നിരുന്നതു്. സാധാരണമായി തിങ്കഠം, വെള്ളി എന്നീ ദിവസങ്ങളിൽ നിലത്തു പതിക്കപ്പെട്ടതായും ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ ച്വമരിന്മേലും തുലാത്തിന്മേലും തൂക്കപ്പെട്ടതായും കിടന്നിരുന്നു. കൈകാലുകളിൽ നിന്നും ശിരസ്സിൽ നിന്നും പ്രത്യേകിച്ചു ചങ്കിൽ നിന്നുമൊഴുകുന്ന രക്തംകൊണ്ടു നിലം നനഞ്ഞിരുന്നു. രക്തം മുഖത്തിൽക്കൂടെ ഒഴുകിയിരുന്നതിനാൽ കണ്ണടഞ്ഞാണു് ഇരുന്നിരുന്നതു്. ചെവികളിലും കവിളുകളിലും രക്തം ഉണങ്ങി ഇരിക്കയും ചെയ്തിരുന്നു. കൈയ്യും കാലും അനക്കാൻ പാടില്ലാതിരിക്കേ ഉറുമ്പു വന്നു് അവളുടെ കണ്ണിൽപ്പോലും കടിച്ചിരുന്നു. ഈ കഷ്ടതകളെല്ലാം ത്രേസ്യാ ക്ഷമയോടെ സഹിച്ചിരുന്നു.

ഈ നേരത്തു ത്രേസ്യാ കിടക്കുന്ന മുറിയുടെ വാതിലും ജനലും തന്നെത്താൻ അടഞ്ഞാണു് കിടന്നിരുന്നതു് ആത്മപിതാവൊഴികെ ആരുതന്നെ വാതിൽ പിടിച്ചു

വലിച്ചാലും തുറന്നിരുന്നില്ല. ഇവരം കിടന്നിരുന്ന മുറി പനമ്പുകൊണ്ടു മറച്ചതായിരുന്നു. പനമ്പിൽ വിടവുകളും ദ്വാരങ്ങളും ഉണ്ടായിരുന്നു അവയിൽക്കൂടെ അകത്തോട്ടു നോക്കുന്നവർക്ക് യാതൊന്നും കാണാൻ കഴിഞ്ഞിരുന്നില്ല. ആത്മപിതാവല്ലാതെ ആരും ത്രേസ്യയുടെ പീഡാനുഭവം കാണാൻ തിരുമനസ്സായില്ലെന്ന് അദ്ദേഹത്തിൻെറ കുറിപ്പുകരം തന്നെ പറയുന്നു.

1909 ജാനുവരി 27ാംനു- ബുധനാഴ്ച പാതിരാകഴിഞ്ഞുള്ള ധ്യാനസമയത്ത് കർത്താവിൻെറ അഞ്ചുതിരുമുറിവുകളും അവരം ദർശിച്ചു. കൈകാലുകളിൽ ഇരുവശത്തുമുള്ള മുറിവുകളും തിരുവിലാവിലെ മുറിവും അവരംകണ്ടു. കൈകളിൽ തറച്ചിരുന്ന ആണികളിലൊന്നു താഴത്തുവീഴുകയുംത്രേസ്യാ അതെടുത്ത് ആത്മപിതാവിനെ കാണിച്ചുകൊടുക്കുകയും ചെയ്തു. കാലുകളിൽ തറച്ച ആണികരം കാലുകളിൽത്തന്നെ ഇരിപ്പുണ്ടു്. മുറിവുകളിൽക്കൂടി ചിലപ്പോരം രക്തം ഒഴുകുകയും ചിലപ്പോരം പൊടിയുകയും ചെയ്യുന്നു.

**1909 ലേ വസൂരി**

1909 ജാനുവരിയിൽ പുത്തഞ്ചിറ ഇടവകയിൽ വസൂരി ഭയങ്കരമായി.; ക്രിസ്ത്യാനികരം തന്നെ അറുപതുപേർ മരിച്ചു. എല്ലാവരും പ്രാർത്ഥനയിൽ അഭയം തേടി. ത്രേസ്യാ വളരെയേറെ പ്രാർത്ഥിച്ചു. കർത്താവ് അവരംക്കു കാണപ്പെട്ടുപറഞ്ഞു: "മനുഷ്യരുടെ തിന്മകരം അസഹനീയമായിരിക്കുന്നു. എൻെറ നീതിപ്രകാരം ഞാൻ ശിക്ഷിക്കുന്നില്ല. എൻെറ ദുഃഖത്തിനും പീഡാനുഭവങ്ങരംക്കും കാരണമായ പാപങ്ങരംക്ക് ആരു പരിഹാരം ചെയ്യും?." "ദൈവം തിരുമനസ്സാകുന്നെങ്കിൽ ഞാൻ ചെയ്തുകൊള്ളാം," ത്രേസ്യാപ്രതിവചിച്ചു. "ശി

ക്ഷയ്ക്കു നിശ്ചയിച്ചിട്ടുള്ള 19 ദിവസങ്ങളും കൂടിയുണ്ടു്. ആ 19 ദിവസവും രാവും പകലും നീ വേദനയനുഭവിക്കേണ്ടിവരും," കർത്താവു് അരുളു ചെയ്തു. ത്രേസ്യയ്ക്കു് ആ ദിവസങ്ങളിൽ ലഭിച്ച വിശേഷകരിശുകൾ അവൾ ക്ഷമയോടെ വഹിച്ചു. പുതുതായി ആർക്കും ഗുരുതരമായ രോഗമുണ്ടായില്ല. ത്രേസ്യയ്ക്കു രോഗികളെ ശുശ്രൂഷിക്കവാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും ആത്മപിതാവു് അനുവദിച്ചില്ല. അവസാനം ഇവൾക്കു ദീനമുണ്ടായി. എന്നാൽ ആത്മപിതാവുമാത്രമേ അതറിഞ്ഞുള്ളൂ. പ്രത്യേക ചികിത്സ കൂടാതെതന്നെ അതുമാറി.

വസൂരി മാറിയ ഉടനെ അതിനേക്കാൾ ഭയങ്കരമായ വസൂരി ശുദ്ധതയ്ക്കെതിരായ പരീക്ഷകൾ ഒരു മാസത്തേക്കു പ്രത്യേകാനുവാദപ്രകാരം പിശാചുക്കൾ നടത്തി. അവൾ അത്യധികം സഹിച്ചു. അപ്പോഴേക്കു് ഒരു ഭാഗം തളന്നു. എന്നാൽ വി. കർബാന കാണാനും കൈകൊള്ളാനും അതു തടസ്സമായില്ല. ആരുടേയും സഹായം കൂടാതെ അവൾക്കു പള്ളിയിൽ പോകാമായിരുന്നു. വീട്ടിലെത്തിക്കഴിയുമ്പോൾ പൂർവ്വസ്ഥിതിയിലാകുകയും ചെയ്യും. കുറേദിവസങ്ങളങ്ങനെ കഷ്ടപ്പെട്ടശേഷം അവളുടെ പ്രാർത്ഥനകൊണ്ടുതന്നെ തളച്ചമാറി. അപ്പോൾ കർത്താവനുഭവിച്ച വേദനകൾ അധികമായി ഇവൾ അനുഭവിച്ചുതുടങ്ങി. കർത്താവിനെപ്പോലെ ത്രേസ്യാ ചമ്മട്ടികൊണ്ടു് അടിക്കപ്പെടുന്നു; കരിശുചുമക്കുന്നു; കരിശിനോടുകൂടെ വീഴുന്നു, അരയിൽ കയർകെട്ടി ആരോ വലിക്കുന്നു; രക്തം ഒഴുകുന്നു; കരിശിൽ തറയ്ക്കപ്പെടുന്നു. അങ്ങനെ തെറേസാനോയിമൻെറ സൽസ്വരൂപമായി മറിയം ത്രേസ്യാ.

**1910 ഏപ്രിൽ 16-ാംനു-**

അന്നു മൂന്നാം സഭയിലെ വ്രതവാഗ്ദാനം ആത്മപിതാവിൻെറ മുമ്പാകെ വച്ചു ചെയ്തു. അന്നും പൈശാചിക പരീക്ഷകൾ പൂർവ്വസ്ഥിതിയിൽ തുടൎന്നിരുന്നു. ശരണക്കേടിൽപ്പെട്ട ഒരു നാല്പതുകാരിയെ സ്നേഹപൂർവ്വകമായ ശുശ്രൂഷയും ഉപദേശവും വഴി ത്രേസ്യാ നേർവഴിയിലേക്കു തിരിച്ചു.

ഇങ്ങനെ പിശാചിൻെറ ഞെരുക്കങ്ങളോടും രോഗങ്ങളോടും മല്ലിട്ടും രോഗികളെ ശുശ്രൂഷിച്ചും കർത്താവിനോടുകൂടെ പീഡകൾ സഹിച്ചും ത്രേസ്യാ തൻെറ ഭവനത്തിൽത്തന്നെ താമസിച്ചു പ്രേഷിതവൃത്തി നിർവ്വഹിച്ചുകൊണ്ടിരുന്നു. എട്ടു കൊല്ലത്തെ അജ്ഞാതവാസകാലമെന്ന് ത്രേസ്യയുടെ ഈ ജീവിത ഘട്ടത്തെ നാമകരണം ചെയ്യാം

അദ്ധ്യായം 6

# ത്രേസ്യയുടെ എഴുത്തുകൾ.

ത്രേസ്യാ സ്വഭവനത്തിൽ ജീവിച്ചിരുന്ന കാലത്തു ആത്മപിതാവിൻെറ നിർദ്ദേശപ്രകാരം പല കുറിപ്പുകളും എഴുത്തുകളും എഴുതിയിട്ടുണ്ടു്. അവയെ അടിസ്ഥാനപ്പെടുത്തിയാണു ഫാദർ വിതയത്തിൽ തൻെറ കുറിപ്പുകൾക്കു രൂപം കൊടുത്തിട്ടുള്ളതു്. ത്രേസ്യയുടെ ഈ എഴുത്തുകൾ സാഹിത്യമല്ലെങ്കിലും ഈ ജീവചരിത്രത്തിനു് ഭൂഷണമായിരിക്കുമെന്നു് തോന്നുന്നു. ഇവയുടെ സന്ദർഭം സ്പഷ്ടമല്ലാത്തതിനാൽ യഥാക്രമം അതാതു സ്ഥാനത്തു ചേർക്കാൻ കഴിഞ്ഞില്ല. 1902 നും 1913 നും മദ്ധ്യേ ആത്മപിതാവിനു് എഴുതിയിട്ടുള്ള കത്തുകളിൽ ചിലതു കീഴെ ചേർക്കുന്നു എഴുത്തുകളിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല. എല്ലാ എഴുത്തും മുഴുവനായി ചേർക്കുന്നില്ല; എന്നാൽ ചേർക്കുന്ന ഭാഗം ത്രേസ്യയുടെ വാക്കുകളിൽത്തന്നെയായിരിക്കും. വ്യാകരണത്തെറ്റുകൾ പോലും തിരുത്തുന്നില്ല. ത്രേസ്യയുടെ എളിമയും ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കവും ജീവിതവിശുദ്ധിയും ആത്മപിതാവിനോടുള്ള വാത്സല്യവും ഇവയിൽ തെളിഞ്ഞുകാണാം.

"എൻെറ ബ. പിതാവേ, എന്നോട്ട് എന്തുണ്ടായാലും വ്യസനിക്കരുതെന്നു പറഞ്ഞതന്നതോർത്തു വ്യസനം അടക്കിപ്പോകുന്നു. പിശാചു് എൻെറ ശരീരം മുഴുവനും പെരുമാറുന്നതുപോലെ തോന്നി. അതുപോരാ

ഞ്ഞിട്ട് ഇപ്പോൾ മുഖത്തും കൂടി പെരുമാറുന്നു ....ഇങ്ങനെ ചെയ്താൽ എങ്ങനെയാണു വ്യസനവും ബുദ്ധിമുട്ടും ഇല്ലാതിരിക്കുന്നതെന്നു പിതാവുതന്നെ ഒന്ന് ഓർത്തുനോക്കി എന്നോടു സാമാധാനം പറഞ്ഞുതന്നാൽ മതി ഞാൻ തോററു. എനിക്കു വളരെ ബുദ്ധിമുട്ടു തോന്നുന്നു. ദൈവത്തോടപേക്ഷിക്കുന്നു. പിതാവിൻെറ ബുദ്ധിമുട്ടിനു ദൈവം കുറവൊന്നും തരുന്നില്ല. ദൈവത്തിനു സ്തുതിയായിരിക്കട്ടെ."

x x x x x x x x

എൻെറ പിതാവേ, എൻെറ സുഖക്കേടു പതിവുവിട്ടു വളരെ അധികരിച്ചു കാണുന്നതിനാൽ വ്യസനം തോന്നുന്നു. അതു നന്മനസ്സോടെ ക്ഷമിക്കുന്നതിനുവേണ്ടി ദൈവത്തോടപേക്ഷിക്കണമേ. പിതാവു വന്ന് ആശ്വാസം പറഞ്ഞുതരുന്നതാവശ്യം തന്നെ. അതിനും ഇന്നു തരമില്ല. തന്നെത്താൻ ക്ഷമിക്കാൻ അപേക്ഷിച്ചാൽ മതി.......ഇന്നു കാലത്ത് പള്ളിയിൽ വച്ച് എൻെറ പുസ്തകം കാണാതെയായതാണ്. ആ വിവരം പിതാവിനോട് പറയുന്നതിന് തരം വന്നില്ല. ആരെടുത്തുകൊണ്ടു പോയെന്ന് എനിക്കറിവില്ല. സുഖക്കേടിനാൽ വേറെ ഒന്നും എഴുതുന്നില്ല.†

x x x x x x x x

പിതാവ് ഇന്ന് ഏറിയനേരവും ഇവിടെത്തന്നെ വേണമെന്നാണു ദൈവതിരുമനസ്സ്. ആയതിനു കഴിവില്ലാത്തപക്ഷം 2 മണിക്കും 5 മണിക്കും വന്ന് ആശ്വസിപ്പിക്ക. മൂന്നു ദിവസത്തെ പാട് എന്തെന്നു തിരിയുമല്ലോ. ബ. തോമാച്ചനെ ഈ നേരത്തിന് കുമ്പസാരത്തിന് ഏല്പിക്ക. ബ. അച്ചന് അറിയിപ്പ്

കാവൽമാലാഖ †

ബ പിതാവേ, ഇന്നത്തേ പാടുകഠം വളരെ ഭാരം പോലെ തോന്നുന്നു. ഏപ്പുകളിൽ ആണികഠം മേടുന്ന തുപോലെയും തലയുടെ ഉഠംവശം കീഴ്പ്പോട്ടു ശക്തിയായി വലിക്കയും ചെയ്യുന്നു. നില്ലുന്നതിനോ കിടക്കുന്നതിനോ ഇരിക്കുന്നതിനോ ഒരു വശത്താലെയും പാടാകുന്നില്ല. ദൈവതിരുമനസ്സു പോലെയാകട്ടെ. എന്നോട് എത്ര വേദനകളും സങ്കടങ്ങളും ആയാലും എൻെറ മനസ്സാലെ പിതാവിനു് ആളെ വിടരുതെന്നും ആ സമയം കരിശു വരയ്ക്കുന്നവർ പിതാവിനു് ആളെ വിടുമെന്നും പറയുന്നു. ഇപ്പോഠം ചട്ടയ്ക്കുള്ളിൽ കെട്ടുണ്ടു്. ദൈവം ശക്തിതരും. എനിക്കു ക്ഷമയുണ്ടാകുന്നതിനും ദൈവതിരുമനസ്സും എൻെറ മനസ്സും ഒന്നാകുന്നതിനുവേണ്ടി അപേക്ഷിക്കണമേ പിതാവേ †

x x x x x x x x

പ്രിയ ബ. പിതാവേ, കുറേ ദിവസമായി പിതാവിനു വളരെ ദുഃഖംപോലെ എനിക്കു തോന്നുന്നു. ആയതിൻെറ കാരണം ദൈവവാക്കിനു് അന്തരം വരാൻ പാടില്ലല്ലോ എന്നോർത്തായിരിക്കാം. അതു ദൈവംതന്നെ നടത്തും വേറെയൊന്നും കരുതണ്ടാ. ദൈവം അപ്പോഠം തരാഞ്ഞതു് ഇതിനാലെ പിതാവിനു വലുതായ ഒരു ഗുണം കണ്ടെത്തിയതുകൊണ്ടായിരിക്കാം. ഇതിനെപ്പററി പിതാവിനു യാതൊരു വിഷാദവും തോന്നല്ലേ, എനിക്കു ഈ സംഗതിയെപ്പററി വളരെ ദുഃഖം തന്നെ. അതു് എന്നെ കുറിച്ചല്ല. ഞാൻ കാരണം പിതാവിനു വല്ല പോരായ്കകളോ മററോ ഉണ്ടാകുമോ എന്നോർത്തു ഞാൻ വളരെ വ്യസനിക്കുന്നു. അങ്ങനെ വല്ലകാരണമുണ്ടെങ്കിൽ ദൈവത്തെക്കുറിച്ചു് എന്നോടു ക്ഷമിക്കണമെ. ഇനി ദൈവം

താമസം കൂടാതെ നടത്തിത്തരുമെന്നാണ് എൻെറ ശരണം. പിതാവിനെ ദൈവം വളരെ പരീക്ഷിച്ചുനോക്കുമെന്നു് എനിക്കു് തോന്നുന്നു. ഈ എഴുത്തിൽ വല്ല അതിവാചകങ്ങളോ തെററുകളോ ഉണ്ടെങ്കിൽ അതു് എൻെറ അറിവില്ലായ്മ എന്നോർത്തു ക്ഷമിക്കണമേ, ക്ഷമിക്കണമേ, പിതാവേ.†

x x x x x x x x

എൻെറ പിതാവേ, പിതാവിൻെറ പെങ്ങൾക്കു സുഖക്കേടു കുറേ അധികമെന്നറിഞ്ഞുവെന്നുവരികിലും ദൈവത്തിൽ ശരണപ്പെടുന്നു ഞാൻ മാതാവിൻെറ സഹായം അപേക്ഷിക്കുന്നു. രോഗിയെ മാതാവിനു കാഴ്ച കൊടുക്കണമെന്നാണു് എൻെറ താൽപര്യം. ഇനി ദൈവതിരുമനസ്സുപോലെ ഇരിക്കട്ടെ. പിതാവു് ഇന്നു പോകുമല്ലോ. ഞാൻ എന്തു ചെയ്യണമെന്നു പറഞ്ഞുതരണമേ.†

x x x x x x x x

എൻെറ പിതാവേ, മരിച്ചവരെ മറക്കല്ലേ. ഇന്നലത്തെ കുർബ്ബാന മാതാവു പിതാവിൻെറ മുൻ മരിച്ച പെങ്ങൾക്കു കൊടുത്തു. ഞാൻ ദോഷപ്പൊറുതി തിരിച്ചു കാഴ്ചവച്ചില്ല; എന്നിട്ടും മാതാവു് ആ ആൾക്കു കൊടുത്തു. ദരിദ്രരുടെ മേൽ പിതാവിനുള്ള സ്നേഹം കൊണ്ടു് ഈ ഉപകാരം കിട്ടി. †

x x x x x x x x

ദൈവതിരുമനസ്സ ! കുരിശു പലതരം കെല്പുക്ഷയത്താൽ പ്രയാസം തോന്നുന്നു. കർത്താവിൻെറ കുരിശു് എന്നോടു കൂടെ ഇരിക്കട്ടെ. ഇതു ബ. പിതാവു ബോധിപ്പൻ †

x x x x x x x x

പിതാവിനു വല്ല കാരണത്താൽ വ്യസനമോ പേടിയോ തോന്നുന്നുണ്ടെങ്കിൽ ദൈവത്തെക്കുറിച്ചു വേഗം തള്ളിക്കളെയുക. നമ്മുടെ ദൈവം നമുക്കു ശരണം.

x x x x x x x x

ഇന്നു മനുഷ്യരുടെ തിന്മയെക്കുറിച്ചു ഒരു പ്രസംഗം പറഞ്ഞാൽ വളരെ ഉപകാരമുണ്ടാകുമെന്നു കർത്താവു്

x x x x x x x x

**ബ. പിതാവേ,**

പിതാവിനു ഞാൻ കാരണം വല്ല ദുഃഖമോ സങ്കടമോ ഉണ്ടെങ്കിൽ ദൈവത്തെക്കുറിച്ചു ക്ഷമിക്കണമേ. ഒരു പാപിയെ മനസ്സു തിരിച്ചു നല്ലവഴിക്കു് ആക്കുന്നവൎക്കും ആരുമോരുമില്ലാത്തവരെ സഹായിക്കുന്നവൎക്കും ദൈവം എന്നെന്നേയ്ക്കുമുള്ള നിത്യസമ്മാനം കൊടുക്കും. അവരേയും അവരുടെ കുടുംബത്തേയും ദൈവം ആശീൎവ്വദിക്കുകയും ചെയ്യുമെന്നുതന്നെ എന്റെ ശരണം. പിതാവേ, ദൈവം എനിക്കു വളരെ വളരെ ദുഃഖസങ്കടങ്ങൾ യാത്രയാക്കുന്നുവെങ്കിലും വ്യസനമില്ല. വേദന ഭയങ്കരം എന്റെ വ്യസനം ഓർത്തു് എന്നിലുള്ള കുററങ്ങളെ ഒഴിവുചെയ്യല്ലേ. പിതാവേ, ദയതോന്നി പിതാവിനു തോന്നുന്ന ശിക്ഷ എനിക്കു കല്പിച്ചു തരണമേ. എന്റെ വേദന കുറെ ഭയങ്കരം. എനിക്കുവേണ്ടി അപേക്ഷിക്കണമേ. മറന്നുപോകല്ലേ. തെററുകളെ ക്ഷമിക്കണമേ; ക്ഷമിക്കണമേ.†

x x x x x x x x

ബ. പിതാവേ, ഞാൻ ഈ പരീക്ഷയിൽ വളരെ വ്യസനിക്കുന്നു. ഞാൻ എന്തു ചെയ്യും? അതിക്രമംതന്നെതോന്നുന്നു. പിതാവിന്റെ ബുദ്ധിമുട്ടിനു് ഒരാശ്വാ

## ബ. മറിയം ത്രേസ്യായുടെ ഒരെഴുത്തിലെ ഏതാനും വരികൾ

(സ്വന്തം കൈപ്പട)

ബ. പിതാവെ ഞാൻ ഈ പരീക്ഷകളിൽ വളരെ വെ
ശനിക്കുന്നു ഞാൻ എന്തു ചെയ്യും എന്നതിക്കുഴം ത
ന്നതൊന്നുന്നു പിതാവ് എൻറെ പ്രീകൂട്ടു ന്' ഒ
രു ആശ്വാസം ഇല്ലല്ലൊ ദൈവം തന്നെ ആശ്വസി
പ്പിക്കട്ടെ ഈ പരീക്ഷകളിൽ ദൈവം തന്നെ ജയി
ക്കണം ഇനിക്കിഷ്ടമൊത്തു എന്റെ ഇഷ്ടം ഉള്ള ദൈ
വതിരുമനസ്സും എന്റെ മനസ്സും ഒന്നാകുന്നതിന്ന് ഞാ
ൻ വളരെ ആഗ്രഹിക്കുന്നു.

സവുമില്ലല്ലോ. ദൈവംതന്നെ ആശ്വസിപ്പിക്കട്ടെ. ഈ പരീക്ഷയിൽ ദൈവംതന്നെ ജയിക്കണം. എനിക്കു യാതൊരറിവുമില്ല. ദൈവതിരുമനസ്സും എൻെറ മനസ്സും ഒന്നാകുന്നതിനു ഞാൻ വളരെ ആഗ്രഹിക്കുന്നു. ഇപ്പോഠം തുടങ്ങി പരീക്ഷ എന്നെ വളരെ ഒലയ്ക്കുന്നു. ഞാൻ ഇങ്ങനെ ഒരുപരീക്ഷയിൽ അകപ്പെട്ടിട്ടില്ല. പിതാവിൻെറവാക്കു ഞാൻ വിശ്വസിക്കുന്നു. ഈ സംഗതി എന്താണെന്നു് അറിഞ്ഞുകൂടാ. ദൈവംതന്നെ അറിയട്ടെ. ഇതു് ഒരു സമുദ്രംതന്നെ. എൻെറ പിതാവിൻെറ ബുദ്ധിമുട്ടിനു ദൈവം ദൈവമാണെങ്കിൽ തക്കസെമ്മാനം തരും. പിതാവിനു ഞാൻ വളരെ ഉപകാരം പറയുന്നു. +

x x x x x x x x

എൻെറ പ്രി. ബ. പിതാവേ, പിതാവിൻെറ ബുദ്ധിമുട്ടിനാലും ഗുണദോഷത്താലും ഞാൻ വളരെ സമാധാനം പ്രാപിക്കുന്നു. ദൈവത്തിനു സ്തുതി. ഞാൻ ഇന്നലെ പറഞ്ഞ കാര്യം തന്നെ എല്ലാനേരവും തോന്നുന്നു. എന്നിൽ യാതൊരു നന്മയുമില്ലല്ലോ പിതാവേ, പിതാവിനു് അറിവുണ്ടല്ലോ. പിന്നെ ഇങ്ങനെ വരുവാനുള്ള കാരണമെന്തു? യാതൊരു നന്മയും എന്നിലുള്ളതായി എനിക്കു തോന്നുന്നില്ല. ദൈവം ഇങ്ങനെ തിരുമനസ്സായി. ഞിൻ നിഗളിച്ചു പോകുമോ പിതാവേ. ഇതിന്മേൽ വ്യസനം. ഈ പാപിയായ ഞാൻ കാരണം പിതാവിനു വളരെ ബുദ്ധിമുട്ടുണ്ടു്. ആയതിനു് ദൈവം പിതാവിനു ശരീരസ്വസ്ഥാനവും ആത്മശക്തിയും തരും. പിതാവനേയും പിതാവിൻെറ കുടുംബത്തേയും ആശീർവ്വദിക്കട്ടെയെന്നു് അയോഗ്യപാപിയായ ഞാൻ അപേക്ഷിക്കുന്നു. ആയതല്ലാതെ ഒരുപകാരം പറയുന്ന

തിൻകൂടി ത്രാണിയില്ലാത്ത ഒരു മഹാപാപി എഴുതുന്നതു്. എനിക്കുള്ള വ്യസനം ഒരു കാര്യത്തിൽ മാത്രം. +

x x x x x x x x

എൻെറ പിതാവേ, നീചപാപിയായ ഞാൻ കാരണം പിതാവിനെ എത്ര പേരു് ഏതെല്ലാം വിധം പറഞ്ഞുവരുന്നു? അതു ഞാൻ അറിയുന്ന സമയം എൻെറ ചങ്കിൽ കുത്തുന്നതുപോലെ തോന്നുന്നു. ദൈവം പാട്ടപെട്ട സംഗതിയോർക്കുമ്പോൾ സന്തോഷവും വരുന്നുണ്ടു്. ദൈവം ദൈവമല്ലേ? പിന്നെ പാപികളായ നമുക്കു് ആവലാതി പറവാൻ പാടില്ലല്ലോ! ദൈവതിരുമനസ്സു് എല്ലാററിലും ഒന്നായിരിക്കട്ടെ. ഞാൻ ധ്യാനിക്കുന്ന സമയം എന്തൊരു കാഴ്ചയാണു കാണുന്നതു്? എന്തൊരു വിചാരമാണു വരുന്നതു്? പിതാവിനോടു് ഇന്നവിധമെന്നു പറയുവാൻ എനിക്കു സാധിക്കുന്നില്ല. എന്നിലുള്ള കുററം പറഞ്ഞുതരാത്തതെന്തുകൊണ്ടാണു്? എനിക്കു വ്യസനമില്ല. എൻെറ വ്യസനം ദൈവസഹായത്താൽ തീൎന്നുപോയി. ഇനി പറഞ്ഞുതരണമേ. പാപിയായ ഞാൻ കാരണം ഈ വക പോരായ്കകളെല്ലാം വന്നു. ദൈവം തന്നെ തീൎത്തുതരട്ടെ. ആ സംഗതിയിന്മേൽ എനിക്കു വളരെ വ്യസനമുണ്ടു്. എന്തു ചെയ്യും? എൻെറ മനസ്സറിഞ്ഞു് ഒന്നും ചെയ്തതായി അറിവില്ല. അങ്ങനെ വല്ലതും വന്നുപോയെങ്കിൽ, ദൈവം വേറെ ആരോടും ചോദിക്കാതെ എന്നോടു തന്നെ ചോദിക്കുന്നതിനു ദൈവത്തോടപേക്ഷിക്കുന്നു. പിതാവിനു് ഇതിനേപ്പററി ഒരല്പമായ കുററംപോലുമില്ലായെന്നു തന്നെ എൻെറ വിശ്വാസം. പിതാവിനു് ഒടുക്കത്തോളം നിലനില്പും ദൈവേഷ്ടപ്രസാദവും ദീൎഘായു

സ്സും ദൈവം തരട്ടെ. എനിക്കുവേണ്ടി പിതാവു കഴിക്കുന്ന ബുദ്ധിമുട്ടിനു വാക്കാൽക്കൂടിയും നന്ദിപറയുന്നതിനു വശമില്ലാത്ത ഒരു മഹാപാപി ഞാൻ. ദൈവം എല്ലാത്തിനും സമ്മാനം തരട്ടെ. എൻെറ അറിവുകേടുകൊണ്ടു വന്നുപോയിട്ടുള്ള തെററുകൾ ദൈവത്തെക്കുറിച്ചു പൊറുക്കണമെ +

x x x x x x x x

ബ. എൻെറ പിതാവേ, ഇന്നത്തേ തിരുനാൾ വളരെ സന്തോഷമായി വിചാരിക്കുന്നു. തിരുനാൾ സന്തോഷത്തിനായി എൻെറ കൈവേലയിൽ വല്ലൊരു സാധനം തരുന്നതിനു വളരെ ആഗ്രഹമുണ്ടെങ്കിലും ഒന്നും തന്നെ വശമില്ലാത്തതിനാൽ ആഗ്രഹം വഴിയായി അങ്ങനെയുള്ള സാധനം ഞാൻ തന്നിരിക്കുന്നു. പിതാവു കൈക്കൊള്ളണമേ. വിശേഷാൽ ഇന്നത്തേ ശുദ്ധ. കുർബ്ബാന കൈക്കൊള്ളപ്പാടു പിതാവിനായി ഉണ്ണിയുടെ കൈയ്യിൽ കൊടുക്കണമെന്നു വളരെ ആഗ്രഹമുണ്ടായി. എങ്കിലും യോഹന്നാനച്ചൻെറ സുഖക്കേടു് ഈണംതന്നെയെന്നു് രഹസ്യമായും പരസ്യമായും അറിഞ്ഞതിനാൽ ആയതിനായി കൊടുത്തുപോയി. ശേഷമുള്ളതു പിതാവിനു തന്നിരിക്കുന്നു. ഇന്നത്തേ ബുദ്ധിമുട്ടിനെക്കുറിച്ചു വല്ല സുഖക്കേടുമുണ്ടെങ്കിൽ അറിയിക്കണമേ. •ഇതു് എൻെറ പിതാവു സന്തോഷത്തോടെ ബോധിപ്പാൻ എഴുതിയതു്

അങ്ങേ ജ്ഞാനമകളായ ത്രേസ്യാ+

x x x x. x x x x

എ. ബ. പിതാവേ, ഈ നാട്ടിൽത്തന്നെ ദൈവത്തിനിഷ്ടക്കേടായി വളരെ കൂട്ടങ്ങൾ നടന്നു വരുന്നു. ആയതു് ഇന്നതാണെന്നു് അറിയാൻ പാടില്ലല്ലോ. ഓ

രോരോ തഴക്കം മാററാതെ ഇരുന്നാൽ വരുന്ന നാശത്തെ ക്കുറിച്ചു പ്രസംഗത്തിൽ പറഞ്ഞറിയിച്ചു കൊടുക്കണം. അപ്പോൾ ദൈവം അതിനുള്ള ശക്തിയും ബോധവും തരും. ഇന്നു തിരുഹൃദയത്തെ സങ്കടപ്പെടുത്താതിരിക്കുന്ന തിനു വേണ്ടി ഒരുപദേശം കുർബാനയ്ക്കു മുമ്പിൽ പൊതുവേ പറഞ്ഞു കൊടുക്കണമെന്നു പാപിയായ ഞാൻ പിതാവിനോടപേക്ഷിക്കുന്നു. ഇനി ദൈവതിരുമനസ്സും പിതാവിൻെറ മനസ്സുംപോലെ. പ്രിയ എ. ബ. പിതാവേ, ഈ മഹാപാപിയായ ഞാൻ എഴുതിയതിനെക്കുറിച്ച് എൻെറ നേരെ യാതൊരു റിമ്മട്ടവും തോന്നല്ലേ. പിതാവേ, ഇതിൽ വല്ല അതിവാചകങ്ങളോ തെററുകളോ ഉണ്ടെങ്കിൽ അറിവില്ലാത്ത ഒരു നീചപാപി എന്നോർത്തു ദൈവത്തെക്കുറിച്ചു ക്ഷമിക്കണമേ, പിതാവേ. ഇതിനെക്കുറിച്ചു വല്ല പ്രായശ്ചിത്തമോ കുററപ്പാടോ ഉണ്ടെങ്കിൽ ആയതു കൈക്കൊള്ളുന്നതിനു ഞാൻ ആയത്തമായിരിക്കുന്നു. തോന്നുന്നതു പോലെ പിതാവിനോടു പറയുന്നതിനു ധൈര്യമില്ല. എഴുതിയതു വശം മാറിപ്പോയി. ക്ഷമിക്കണം.

എൻെറ ബ. പിതാവേ, നമ്മൾ ഈ ലോകത്തിൽ ജനിക്കുന്നതു് ഒരു ശ്വാസത്തിനു മാത്രമെന്നു ഞാനും വിശ്വസിക്കുന്നു. പിന്നെ നമ്മൾ ഈ ലോക കാര്യങ്ങളെപ്പററി പ്രയാസപ്പെടുന്നതു ഭ്രാന്തല്ലയോ? പിതാവേ, നമ്മൾ എത്ര പണം സൂക്ഷിച്ചാലും അവസാനം എല്ലാം ഉപേക്ഷിച്ചു പോകും. നമ്മുടെ ഹൃദയം കണ്ണാടി പോലെ ഇരുന്നാൽ ആസ്തു് ഒരുത്തരും കൊണ്ടുപോകുന്നതല്ല. അവസാനം നമ്മൾ ദൈവത്തിൻ പക്കൽ ദീപം പോലെ ഇരിക്കും. ഇത്ര വലിയ നിക്ഷേപം എങ്ങാനും ഉണ്ടോ

പിതാവു് ഒഴിവുള്ള ദിവസം മൂന്നു മണിക്കു നമസ്കാരവും പ്രായശ്ചിത്തവും മററും കഴിക്കുന്നതായി എനിക്കു തോന്നുന്നു. രാത്രി ഏററിയ നേരവും അങ്ങനെ തന്നെ എന്നാണു് തോന്നുന്നതു്. ആയതു വദ്ധിച്ചു വരുന്നതിനു വേണ്ടി പാപിയായ ഞാൻ അപേക്ഷിക്കുന്നു. പട്ടക്കാരുടെ പണം വീട്ടുകാർക്കു കൊള്ളുകയില്ല. ദൈവം പിതാവിനു് ഏല്പിച്ച മക്കളെ പിതാവിൻെറ ഉപദേശം കൊണ്ടും ബുദ്ധിമുട്ടു കൊണ്ടും നല്ലവരായിത്തീരുന്നതിനു ദൈവം വളരെ ആശിക്കുന്നു. ദൈവം പിതാവിനെ ഉയത്തി ഉയത്തി വരുന്നു. ദൈവം വിളിക്കുന്നു. നാം ആയത്തമാകണം. മനസ്സു ദൈവം ചോദിക്കുന്നു. ദൈവത്തിനു കൊടുക്കണം ദൈവതിരുമനസ്സു്.†

x x x x x x x x

എ. ബ. പിതാവേ, എനിക്കു ബ. പിതാക്കന്മാരെ അപമാനിക്കണം വല്ല പോരായ്കകൾ വരുത്തണം എന്നു് എൻെറ നിരൂപണയാലോ വചനത്താലോ പ്രവൃത്തിയാലോ, ഉണ്ടായതായി എനിക്കു യാതൊരറിവുമില്ല. ഇതിനെപ്പററി പിതാവിനു വല്ല അറിവുമുണ്ടെങ്കിൽ എന്നിൽ നിന്നു് അതു വേരോടെ പറിച്ചു കളയിക്കണമേ. എനിക്കു ലോകബഹുമാനം കൊണ്ടാവശ്യമില്ല. പരലോക ബഹുമാനം കിട്ടണമെന്നു വളരെ കൊതി. ദൈവസൃഷ്ടികൾ ഒക്കെയും എന്നെ വെറുത്തുപേക്ഷിക്കണമെന്നു് ദൈവത്തോടു ഞാൻ വളരെ വളരെ അപേക്ഷിക്കുന്നു. ഇതല്ലാതെ വേറൊന്നും എനിക്കറിഞ്ഞുകൂടാ ഇതാണോ നിഗളം? ഏതു സംഗതിയിലാണെന്നു് എനിക്കു അറിയാൻ മേലാ. ബ. പിതാവു തന്നെ പറഞ്ഞു

തരണമേ. ജനനങ്ങളേയും കൂടപ്പിറപ്പുകളേയും നിന്ദിക്കണമെന്നു് എനിക്കു് ഒരു വിചാരം തോന്നുന്നില്ല. ദൈവതീരുമാനം എന്നെക്കൊണ്ടു് ഇല്ലാത്ത കുററങ്ങൾ പറയുന്നതിന്നായിരിക്കാം. അതിനു ഞാൻ മിണ്ടടങ്ങുന്നു. പട്ടക്കാരുടെ ശാപം കിട്ടുന്നതു് എനിക്കു വളരെ ദുഃഖമാണു്. അവൎക്കു ദൈവം കൊടുത്ത വലുപ്പം ഓൎത്താണു ശാപത്തിന്മേൽ പേടി തോന്നുന്നതു്. എനിക്കുള്ള കലക്കങ്ങളും വിഷാദങ്ങളും പിതാവിനോടല്ലാതെ ആരോടറിയിക്കും? വേറെ ഒരാത്മപിതാവിനെ ദൈവം എനിക്കു തന്നിട്ടില്ല. പിതാവിനെക്കൊണ്ടുതന്നെ ഈ ബുദ്ധിമുട്ടു കഴിപ്പിക്കണമെന്നായിരിക്കും ദൈവതിരുമനസ്സു്. അതോൎത്തു പിതാവിനു വേണ്ടി പാപിയായ ഞാൻ ദൈവത്തോടു വളരെ വളരെ അപേക്ഷിക്കുന്നു. എനിക്കു് ഈ ലോകത്തിൽ നിഗളത്തിന്നായി ഒന്നും കാണാനില്ല. പാപത്തിന്റെ കഷ്ടതയാണെങ്കിൽ എന്നെപ്പോലെ ദൈവമക്കളിലാരുമില്ല. ദാരിദ്ര്യമാണെങ്കിൽ അതു വലിയതു തന്നെ. രോഗമാണെങ്കിൽ അതു പലതരം. ഇങ്ങനെയുള്ളവൎക്കു നിഗളം തോന്നുമോ? ഇതെല്ലാം എന്റെ തിന്മകൊണ്ടു ദൈവം തന്നതു്. ആവലാതിഒന്നും ഇല്ല ദൈവത്തിനു സ്തുതിയായിരിക്കട്ടെ. എന്റെ അമ്മായി ഒരെഴുത്തു് അയച്ചു. അതിൽ പറയുന്നതു് എനിക്കു വയററിലുണ്ടെന്നു്. എഴുതുന്നതിനു സാധിക്കയില്ല. പാപിയായ ഞാൻ പിതാവിന്റെ പക്കൽ വന്നു ബോധിപ്പിച്ചുകൊള്ളാം. ഒരു പാപിയെ നല്ലവഴിക്കു ആക്കുകയും ആരു പോരുമില്ലാത്തവരേയും ദരിദ്രരേയും സഹായിക്കുന്നവൎക്കു ദൈവം ഒടുക്കത്തോളമുള്ള നിലനില്പും ആത്മശക്തിയും

ശരീരസ്വാസ്ഥ്യവും അവക്കും അവരുടെ കുടുംബങ്ങൾക്കും ദൈവമനോഗ്രഹവും ആശീവ്വാദവും കൊടുക്കുമെന്നു തന്നെ എൻെറ ശരണം. ദൈവമേ, അവരുടെ മേൽ കൃപ തോന്നണമേ, കൃപ തോന്നണമേ. ദൈവത്തിനു സ്തുതി ആയിരിക്കട്ടെ. ദൈവമനോഗ്രഹം മേൽക്കുമേൽ വദ്ധിക്കട്ടെ. എഴുത്തിൽ വല്ല തെററുമുണ്ടെങ്കിൽ എന്നോടുക്ഷമിക്കണമേ. എനിക്കു വേണ്ടുന്ന ഗുണദോഷങ്ങൾ പറഞ്ഞു തന്നു വിഷാദം നീക്കിത്തരണം. +

x x x x x x x x

ബ. പിതാവേ, ഞാൻ ഒരു വലിയ യോഗ്യത്തിൽ ഇരിക്കുന്നതുപോലെ തോന്നുന്നു. എന്നെ ദൈവം കൈവിട്ടോ എന്നു് സംശയം തോന്നുന്നു. പിതാവിൻെറ ഗുണദോഷം മറന്നുപോകുന്നു. നോക്കിയാൽ നോട്ടമെത്താത്ത കുഴിയിൽ എന്നെ ഇട്ടന്നതുപോലെ തോന്നുന്നു. വേറെ പല ശരണക്കേട്ടുമുണ്ടു്. നല്ല വിചാരം വരുന്നില്ലല്ലോ പിതാവെ.+

x x x x x x x x

ഈ. മ. യ

എൻെറ ശരീരം ദൈവം തന്നതാകുന്നു. അതുപോലെതന്നെ ഞാനും എൻെറ ആത്മാവും ശരീരവും മനസ്സും ദൈവത്തിനു കൊടുത്തിരിക്കുന്നു. എന്നാൽ എനിക്കു് എന്തോ ഈ വിധം സംഭവിക്കാനുള്ള കാരണം അറിഞ്ഞു കൂടാ. എൻെറ ദുഷ്ടതകൊണ്ടു തന്നെ ഏറിയ പാപികളെയും ദൈവം ശിക്ഷിക്കുമെന്നു് എനിക്കു നല്ല ശരണമുണ്ടു്. അതുപോലെ എന്നെയും രക്ഷിക്കുമെന്നുള്ള ശരണം ഞാൻ പാത്തിരിക്കുന്നു. എൻെറ ആത്മസമാധാനത്തിൻെറ നിക്ഷേപമേ, എനിക്കുള്ള കാരണം എങ്ങനെ പറഞ്ഞറിയിക്കും പിതാവേ, എനിക്കു് അറിഞ്ഞു

കൂടല്ലോ. പിതാവിന്റെ ബുദ്ധിമുട്ട്; എനിക്കു വളരെ ദുഃഖം. പിന്നെ ഞാനെങ്ങനെ കാര്യം മനസ്സിലാക്കും. എന്റെ ശരീരം മുഴുവൻ പിശാചു പെരുമാറുന്നു, ഒരാളോട് അങ്ങനെ ചെയ്യുന്നതു് ദൈവത്തിന് അറിയാമല്ലോ? പിന്നെ അങ്ങനെചെയ്യുന്നതെന്താണാവോ? ദൈവത്തിനറിയാം എന്റെ സുഖക്കേടുമാറി ഇപ്പോഴും വിശക്കുന്ന സമയം ഒരു കെതപ്പും ചെവിയിലൊരു ഊതലും. ആ സമയത്തു് എനിക്കു നടക്കാനും പാടില്ല. എനിക്ക് ഒരു മുറിയും ചട്ടയും കിട്ടുന്നതിന് വളരെ തിടുക്കമുണ്ടു്. ആയതു് എന്റെ അപ്പനോടു് ചോദിച്ചുതുടങ്ങിയിട്ട് കുറേ ദിവസമായി. ഇതുവരെയും തരുന്നതു കാണുന്നില്ല. ഇനിയെന്തുവേണ്ടുവെന്നു വിചാരിക്കുന്നു. പിതാവിന്റെ ഗുണദോഷവും ദൈവസഹായവും ഞാൻ ഉറപ്പായി പിടിച്ചിരിക്കുന്നു. ഒരാളുടെ നേരെ എനിക്കു വേണ്ടാത്ത വിചാരം തോന്നി. അതു തള്ളിക്കളഞ്ഞിട്ടു വീണ്ടും അതു തന്നെ വരുന്നു. ആയതിനാൽ പിതാവിനെ കാണുന്നതിനു തിടുക്കം.

x x x x x x x x

ഈ. മ. യ

പ്രിയ ബ. പിതാവേ, എനിക്ക് ഇന്നു ദൈവം തന്ന പാടുകളെക്കുറിച്ചു പള്ളിയിൽ വരുന്നതിനു പാടായില്ല. എന്താ എന്റെ തലയ്ക്കു് ഒരു വിവരമില്ലാത്തതുപോലെ ഇരിക്കുന്നു.....എനിക്കു ഭ്രാന്തായോ?.....എനിക്കു 3ണ. ആവശ്യം തന്നെ. പിതാവു കുറേ തുണി തന്നെങ്കിൽ എനിക്കു വല്ല തയ്യും ചെയ്യാമായിരുന്നു. രാത്രി പള്ളിയിൽ പോകട്ടെ പിതാവേ? വിഷാദത്തിനു യാതൊരു കുറവുമില്ല.+

x x x x x x x x

എൻെറ ബ. പിതാവേ, എൻെറ മനോതൃപ്തിയും സന്തോഷവുമെത്രത്തോളമെന്നു പറയേണ്ടു. എൻെറ ഓർമ്മ,ബുദ്ധി, മനസ്സുമുഴുവനും കുറഞ്ഞുപോയി. 1. എനിക്കു ശരീര സുഖമില്ല. 2. മനുഷ്യരും അപ്പനും ശേഷമുള്ളകൂടപ്പിറപ്പുകളും വളരെ കുറപ്പാടുകൾ തരുന്നുണ്ടു്. ആയതു സന്തോഷമില്ലാതെ സഹിക്കുന്നു. 3. എൻെറ അപ്പൻേറയും ആങ്ങളയുടേയും ജീവിതം ഓർത്താൽ എങ്ങനെയായാലും സന്തോഷമല്ലയോ പിതാവേ! എൻെറ സന്തോഷമെല്ലാം ദൈവത്തിൽ മുഴുവനായി കാഴ്ചവച്ചിരിക്കുന്നു. ആ നിയോഗത്തിനു കൂടെയും ഇടയില്ലാതെ ഇപ്പോൾ ദൈവം തിരുമനസ്സായിരിക്കുന്നു. ഈശോയുടെ കുരിശിനെ ഞാൻതന്നെ ചുമക്കണമെന്നാണു് എൻെറ മനസ്സ്. ആയതുപോരാ, പിതാവു കൂടെ ചുമക്കണമെന്നാകുന്നു ഈശോയുടെ തിരുമനസ്സ്. പിതാവേ, ഞാൻ കാരണം പിതാവിനു യാതൊരു വെറുപ്പും തോന്നല്ലേ. പകപ്പിൻെറ കാലമാകുന്നു. എനിക്കു പകപ്പുതന്നെ ഞാൻ എന്തുവേണ്ടൂ, പിതാവേ? കരകാണാതെ ഞാൻ നീന്തിത്തുടിക്കുന്നു. എനിക്കു് എൻെറ പകപ്പും വ്യസനവും വഴിപോലെ പിതാവിനെ ബോധിപ്പിക്കുന്നതിനു് അറിവും ഇല്ല. ദുഃഖവും തോന്നുന്നു. ഞാൻ പിന്നെ എന്തു ചെയ്യും? എന്തൊരു കഥ? പിതാവു തന്നെ പറഞ്ഞുതരണമേ. ഇതു് എൻെറ പിതാവു ബോധിപ്പാൻ എഴുതിയതു ജ്ഞാനമകളായ മറിയത്തിൻെറ ത്രേസ്യാ +

x x x x x x x x

ഇന്നു ബ. പിതാവു് ഇവിടെ വരുന്നതിനു വളരെ ആവശ്യം തോന്നുന്നില്ല. ആയതിനുള്ള കാരണമെന്തെന്നാൽ എല്ലാ വെള്ളിയാഴ്ചയും ഉണ്ടാകുന്നതുപോലെ ഉ

ള്ള സുഖക്കേടില്ല. ഏതാനും ഉണ്ടെന്നുമാത്രം. അല്ലാതെ വലുതായ സുഖക്കേടില്ല. എൻെറ പിതാവിൻെറ സുഖക്കേടും ബുദ്ധിമുട്ടും ഞാൻഓർത്തു. അല്ലാതെവേറൊന്നും അല്ല; പിതാവു് ഇവിടെ വന്നാൽ എനിക്കു വളരെ സമാധാനം കിട്ടുന്നതാകുന്നു പിതാവിനെ വിളിക്കാനായി പിശാചുക്കൾ എന്നെ വളരെ ശല്യപ്പെടുത്തുന്നു. എനിക്കു സമാധാനം കിട്ടുമെന്നും പിതാവിനോടു് ഒരു കാര്യം പറയണമെന്നുമാണു് അവർ പറയുന്നതു്. അതു് എങ്ങനെ വേണം പിതാവേ?

x x x x x x x x .

ഏ. പ്രി. ബ. എൻെറ പിതാവേ, എൻെറ തിന്മ വർദ്ധിച്ചു വരുന്തോറും എനിക്കു് ഒന്നു് അനങ്ങുന്നതിനു കൂടി വശക്കേടു തോന്നുന്നു. ആയതുകൊണ്ടു് ഇനിത്തന്നെയെങ്കിലും എൻെറ തെററിനെ പറഞ്ഞുതന്നു അതിനുള്ള പ്രായശ്ചിത്തം ചെയ്യിക്കണമേ. സുഖക്കേടു കൂടുന്നതുകൊണ്ടു പല ആവലാതികൾ തോന്നുന്നു. തള്ളിക്കളയുന്നു. എനിക്കു ചട്ടയിടുന്നതിനും തലയിൽ തലയിണവയ്ക്കാനും അനുവാദം തരണമേ. ഞാൻ കിടന്നു് ഇത്രയുമെഴുതി. ഇനി പാടില്ല. തീരെ വശക്കേടായ എനിക്കുള്ള ആദായം ഇതു തന്നെ. പിതാവിനെ കാണുന്നതിനാവശ്യം. സുഖംപോലെ.

x x x x x x x x

കർത്താവു് ഇന്നലെ പിതാവിൻെറ സംഗതിയെക്കുറിച്ചു പറഞ്ഞതായതു: നാലു കൊല്ലത്തോളമായി എൻെറ മകൻ എന്നെക്കുറിച്ചു വളരെ ബുദ്ധിമുട്ടുന്നു. വിശ്വാസക്കുറവിനായി ഇതേവരയും പെരുമാററസംഗതിയിൽ ഒന്നും കാണുന്നില്ലല്ലോ. എൻെറ മകനു വലുതാ

യ ശരണക്കേട്ട തോന്നാത്തതു ഭാഗ്യം. ഏതൊരു സംഗതിയിലും വിവേകത്തോടു കൂടി പെരുമാറണം

x x x x x x x x

എ. പ്രി. ബ. പിതാവേ, നമ്മാം അപേക്ഷിക്കുന്ന കാര്യം സാധിക്കാതിരിക്കുന്നതിനുവേണ്ടി പിശാചു വളരെ ഉപായം നോക്കി വരുന്നു. ആയതിനുള്ള കാരണമെന്തെന്നാൽ, ഞാൻ പറയുന്നതെല്ലാം കളവാകുന്നതിനും പിതാവിൻെറ മനസ്സു മടുത്തുപോകുന്നതിനും വേണ്ടിയാണു്. എനിക്കു് ഇതിനെപ്പററി അല്പംപോലും വിഷാദമില്ല. ഞാൻ ദൈവത്തോടു പറയുന്നതെന്തെന്നാൽ എൻെറ സ്രാഷ്ടാവേ, രക്ഷിതാവേ, നിൻെറ മക്കാംക്കവേണ്ടി വിലമതിക്കപ്പെടാത്ത മാണിക്യമായ രക്തം ചിന്തിയ ഒലിയുറവാകുന്നാ അന്വേഷിക്കുന്നതു്. വേറെ ഒന്നും അല്ല. എൻെറ അയോഗ്യതകൊണ്ടു നാവിനാൽ ചോദിക്കുന്നതിനും മനസ്സുകൊണ്ടപേക്ഷിക്കുന്നതിനും വളരെ ഭയം. ഭയപ്പെടേണ്ടാ, എൻെറ പക്കൽ വന്നു പാപികളേ വിളിക്കുന്നതോർത്തു കത്താവിൻെറ അറുതിയില്ലാത്ത അനുഗ്രഹത്തിന്മേൽ ശരണപ്പെട്ടുകൊണ്ടു് അപേക്ഷിക്കുന്നതായതു്. എനിക്കുവേണ്ടി കുരിശിൻെറ അട്ടക്കൽ അമ്മയായി തരപ്പെട്ട പരിശുദ്ധ കന്യാസ്ത്രീമറിയമേ, നിൻെറ ദാസരായ മക്കളുടെ മേൽ കരുണ തോന്നണമേ. നിൻെറ തിരുകുമാരനോടപേക്ഷിക്കണമേ. ദൈവത്തിൽനിന്നു വിശേഷവരം പ്രാപിച്ചവനായ യൗസേപ്പുപിതാവേ, പാപികളായ ഞങ്ങളുടെമേൽ ദയ തോന്നി നിൻെറ വളർത്തുപുത്രനോടപേക്ഷിക്കണമേ. പിതാവു വിചാരിക്കുന്ന കാര്യം എനിക്കു വളരെ ഉപകാരമുള്ളതുതന്നെ. ദൈവം ഒരു കൊല്ലത്തിനകം നടത്തിത്ത

രുന്നതാകുന്നു. പിതാവിൻെറ ജോലി പിതാവിനുതന്നെ കിട്ടട്ടെ. നമ്മൾ അപേക്ഷിക്കുന്ന കാര്യത്തിനു വേണ്ടി യാതൊരു മടിപ്പും കൂടാതെ അപേക്ഷിക്കണമേ. വേഗത്തിൽ ദൈവം തരുന്നതാണല്ലോ.

x x x x x x x x

എൻെറ ബ. പിതാവേ, എനിക്കു കഴിഞ്ഞ രാത്രിയൽ വല്ലാതായ ശ്വാസംമുട്ടലും ചങ്കിൽവേദനയും അധികമായി. അതോടുകൂടി മോഹാലസ്യം ഉണ്ടാകുകയും ചെയ്തു കൈയ്യിന്മേലുള്ള കുരു കൂടിയതിനാലാണൊ് നേരത്തെ ഉള്ള കാരണത്താലോ എന്തെന്നു തിരിയുന്നില്ല ഇപ്പഴും ഏതു നേരത്തും സംഭ്രമവും വേദനയും തന്നെ. ദൈവം തരുന്ന കുരിശു നല്ല മനസ്സോടെ ചുമപ്പാൻ, എനിക്കു നല്ലമനസ്സു തന്നെയെങ്കിലും കിട്ടിയെങ്കിൽ! ചില സമയങ്ങളിൽ ശരണക്കേടും ആവലാതിയും തോന്നുന്നു. പിശാചുക്കൾ എൻെറ വസ്ത്രം മാററുകയും ദേഹത്തിൽ തൊടുകയും ചെയ്യുന്നു. അതിനെക്കുറിച്ചു വളരെ വളരെ ദുഃഖം തന്നെ. എൻെറ ശക്തികൊണ്ടു വളരെ കുഴപ്പം. പച്ചവെള്ളം ദാഹംപോലെ കുടിക്കുന്നതിനുകൂടി പാടില്ലല്ലോ. എൻെറ ഉള്ളിൽ ഒരു നെടിയ കുന്തം ഇരിക്കുന്നപോലെ തോന്നുന്നു. ഒന്നു കുനിയുന്നതിനുകൂടി പാടില്ല പിതാവിൻെറ ഗുണദോഷങ്ങൾ ഓർത്തടങ്ങുന്നു. കഞ്ഞിയും വെള്ളവും ഇല്ലാത്ത എനിക്കു യാതൊരു ക്ഷീണവും ഇല്ലല്ലോ. അതിനു എന്തുവേണമെന്നു പറഞ്ഞു തരണമേ. ശരീരം ക്ഷീണിച്ചാൽ വളരെ ഉപകാരമുണ്ടു പിതാവിൻെറ ബുദ്ധിമുട്ടുകൾക്കു നന്ദിപറയുന്നു. വിസീത്ത എഴുതിയ കടലാസിൻെറ ഒടുവിൽ നോക്കണമേ: മത്രീത്തെത്തിരു സ്തുതി.

x x x x x x x x

ഇന്നു പിതാവിനോടു മാലാഖായ്ക്കു പറയാനുള്ള കാര്യം: എ. ബ. പിതാവേ, എനിക്കു പാടില്ല. എന്താണെന്നു് എന്നോടു ചോദിച്ചാൽ ഇന്ന സുഖക്കേടെന്നു പറയുവാൻ എനിക്കറിഞ്ഞുകൂടാ. എൻെറ വയററിൽ കത്തിയെരിച്ചലും സംഭ്രമവും. വയററിലും പള്ളരണ്ടിലും വേദന. പിന്നത്തെ സുഖക്കേടു പറയണമെന്നില്ലല്ലോ. എന്തുതന്നെയായിരുന്നാലും ദൈവത്തിൽത്തന്നെ ശരണം. ദൈവതിരുമനസ്സ് എങ്ങനെയോ അതുപോലെ എൻെറ മനസ്സും ചായുന്നതിൻവേണ്ടി അപേക്ഷിക്കണമേ. ഞാൻ കാരണം പിതാവിനു വളരെ ആക്ഷേപങ്ങളും ബുദ്ധിമുട്ടും ഉണ്ടു്. അതോക്കുമ്പോളെനിക്കു ദുഃഖം. ഞാനെന്തുചെയ്യും?. ദൈവത്തോടപേക്ഷിക്കുന്നു. എല്ലാം കൂടി ഒരു ദിവസം ദൈവം സമ്മാനംതരും. ഇന്നുതന്നെ ഞാൻ മരിച്ചുപോയാലും എന്നെ പിതാവു മറക്കല്ലേ. ഇതിൻപകാരം പറയുന്നതിനു കൂടി ത്രാണിയില്ലാത്ത ഒരു മഹാപാപിയാണു് ഞാൻ. എങ്കിലും ദൈവം നിത്യസമ്മാനം തരും പിതാവേ. എന്നിലുള്ള ഏറക്കുറവുകളും വീഴ്ചകളും ദൈവത്തെക്കുറിച്ചു് എന്നോടു പൊറുക്കണമെന്നു പാപിയായ ഞാൻ വീണ്ടും വീണ്ടും അപേക്ഷിക്കുന്നു. പിതാവിനെ ഇന്നു് എനിക്കു കാണുന്നതിനാവശ്യം ഒഴിവുപോലെ+

x x x x x x x x

എ. ബ. പിതാവേ, എനിക്കു് ഉണ്ണിമിശിഹായുടെ വരവിനു് എൻെറ വശംപോലെ ബുദ്ധിമുട്ടും പ്രയാസവും ഉണ്ണിയെക്കുറിച്ചു് എന്തുവേലയെങ്കിലും എടുക്കണമെന്നായിരുന്നു എൻെറ ശരണം. ആകുന്നിടത്തോളം ഹൃദയ സമാധാനത്തോടെ ഉണ്ണിയെ കൈക്കൊള്ളണ

മെന്നു ഞാൻ വളരെ വളരെ ആഗ്രഹിച്ചിരുന്നു. ഇപ്പോഠം ദൈവതിരുമനസ്സ് ഈ വിധമാണെങ്കിൽ ഞാൻ ആയതിനെ വളരെ സന്തോഷത്തോടും തൃപ്തിയോടും കൂടെ കൈക്കൊള്ളുന്നു. ദൈവം ശക്തിക്കു മീതെ യാതൊന്നും വെക്കുന്നതല്ലെന്നു് എനിക്കു നല്ല വിശ്വാസമുണ്ടു്. എൻെറ കെല്പക്ഷയം കൊണ്ടു് ഈ വേദനയും സംഭ്രമവും സഹിക്കരുതാത്തതായി എനിക്കു തോന്നുന്നു. വിശേഷ ദിവസം അടുക്കുമ്പോഠം എനിക്കു വല്ല സുഖക്കേടും വരുന്നതു പതിവാണല്ലോ.........പിതാവേ, എനിക്കു ശുദ്ധതയ്ക്കെതിരായ പരീക്ഷ വളരെ കഠിനമാണല്ലോ. ആയതുകൊണ്ടു് എനിക്കു വളരെ പേടിയും കലക്കവും തോന്നുന്നു. ........പിതാവിൻെറ ഒഴിവു പോലെയും സുഖം പോലെയും വന്നാൽ കൊള്ളാം എന്നു പാപിയായ ഞാൻ അപേക്ഷിക്കുന്നു +

x x x x x x x x

എ. ബ. പിതാവേ, എനിക്കുള്ള വേദന ഇന്ന വിധമാണെന്നും ഇന്നസ്ഥലത്താണെന്നും പറഞ്ഞറിയിക്കുന്നതിനു് എനിക്കറിഞ്ഞുകൂടാ. ഒരു വിധം പറഞ്ഞാൽ കടൽ ഇളകിയാൽ എന്തായിരിക്കും? അതു പോലെത്തന്നെ എൻെറ വേദന. ദൈവം എനിക്കു് ഈ വിധം തിരുമനസ്സായി. ഞാൻ ഇതിനെ ദൈവസഹായത്താൽ നല്ല മനസ്സോടും തൃപ്തിയോടും സന്തോഷത്തോടും കൂടെ കൈക്കൊണ്ടിരിക്കുന്നു. പിതാവിൻെറ ഗുണദോഷമോർത്തു ഞാൻ വളരെ സമാധാനം പ്രാപിക്കയും ചെയ്യുന്നു. ഇതിനെപ്പററി എൻെറ മനസ്സറിവോടുകൂടെ യാതൊരാവലാതിയുമില്ല. ഒരു ദുഃഖം ഉണ്ടു്. അതെന്തെന്നാൽ പാപിയായ ഞാൻ കാരണം പിതാവിൻെറയും കൂടപ്പിറപ്പുകളുടേയും ബുദ്ധിമുട്ടോർത്തു ഞാൻ വളരെ ദുഃ

ഖിക്കുന്നു. വേറൊരു ന്യായമോർത്തു എന്റെ മനസ്സു തൃപ്തിപ്പെടുന്നു. അതെന്തെന്നാൽ ഒരു പാപിയെക്കുറിച്ചു വേല ചെയ്താൽ ദൈവം അതിനുള്ള സമ്മാനം കൊടുക്കുമെന്നോർത്തു സന്തോഷിക്കുന്നു. പിതാവു് ഈ ബുദ്ധിമുട്ടു ഒന്നു രണ്ടു ദിവസമല്ല കഴിക്കുന്നതു്; ഏറിയ നാളായി. ഇതു വേറെ വല്ലവർക്കുമായിരുന്നെങ്കിൽ അവർ പിതാവിനുവേണ്ടി എന്തുമാത്രം ബുദ്ധിമുട്ടുകയും സഹായിക്കുകയും ചെയ്യുന്നു. എന്നെക്കൊണ്ടും എന്റെ കുടുംബത്തിലുള്ളവരെക്കൊണ്ടും ഒരുപകാരം പറയുന്നതിനു കൂടി ത്രാണിയില്ലാത്തവരാകുന്നു ഞങ്ങൾ. സഹായങ്ങൾ ചെയ്യുക എന്നുള്ളതു ലോകത്തിലെ ഒരു ചട്ടമാകുന്നു. അതൊന്നും പിതാവിനാവശ്യമില്ലെന്നുള്ള വിചാരത്തോടുകൂടെ പിതാവു ദൈവത്തെക്കുറിച്ചു വേല ചെയ്യുന്നു. ആയതിനു പ്രതിസമ്മാനമായി പിതാവിനു ദൈവം ഒടുക്കത്തോളമുള്ള നിലനില്പും ദൈവേഷ്ടപ്രസാദവും ശരീരസ്വാസ്ഥ്യവും ആത്മശക്തിയും ദൈവാശീർവ്വാദവും പിതാവിന്റെ മേൽ ദിവസന്തോറും എല്ലാ നേരവും ദൈവം തരുമെന്നു ദൈവത്തിൽ ഞാൻ ശരണപ്പെടുന്നു. അങ്ങനെ തന്നെ മേൽക്കുമേൽ വർദ്ധിച്ചു വരുന്നതിനുവേണ്ടി പാപിയായ ഞാൻ പ്രത്യേകം ദൈവത്തോടപേക്ഷിക്കുന്നു. പിതാവിനു തിരുഹൃദയത്തിന്റെ നോവേന കഴിക്കുന്നതിനു ദൈവം തോന്നിച്ചതു തന്നെ. അക്കാര്യം സാധിക്കുന്നതിനുവേണ്ടി അയോഗ്യപാപിയായ ഞാനും അപേക്ഷിക്കുന്നു. പിതാവു് ഇവിടെ വരുന്ന സമയം എന്റെ പെരുമാററം ആങ്ങളപെങ്ങമ്മാർ പെരുമാറുന്നതുപോലെതന്നെ. പിതാവാണെന്നുള്ള വിചാരം അല്പംപോലും എന്നില്ല. പിതാവിന്റെ ബുദ്ധിമുട്ടിനെക്കുറിച്ചു ദൈവത്തെ സ്തുതിക്കുകയും പിതാവിനു നന്ദി പറയുകയും ചെയ്യുന്നു.+

x x x x x x x x

എ. പ്രി. ബ. പിതാവേ, പിതാവിൻെറ അപ്പനെ യാതൊരു സുഖവുമില്ലെന്നു ഞാനറിഞ്ഞു. ആയതിനാൽ ഞാൻ എൻെറ വശംപോലെ ധാരാളം അപേക്ഷിക്കുന്നു. പിതാവിനു വല്ല സുഖക്കേടും ഉണ്ടോ ഇല്ലയോ എന്നോർത്തു ഞാൻ വ്യസനിക്കുന്നു. പിതാവിൻെറ അപ്പൻ പലകാര്യങ്ങൾ നടത്തിവന്ന ആളാണു്. അതിനെപ്പററി ചില കാര്യങ്ങൾ ചോദിച്ചറിയുന്നതിനും പുരാതലകൾ അന്വേഷിക്കുന്നതിനും ഇപ്പോൾ ദൈവം നല്ല സമയം തന്നിരിക്കുന്നു. രോഗിയെ അസഹ്യപ്പെടുത്താതിരിക്കാൻ വേണ്ടി ഒന്നും ചോദിക്കാതിരിക്കല്ലേ.

x x x x x x x x

എ. പ്രി. ബ. പിതാവേ, എനിക്കു പിതാവിനോടു സ്നേഹവും നന്ദിയും കാണിക്കുന്നതിനു വശവും ത്രാണിയുമില്ലെന്നു പിതാവിനു നല്ലപോലെ അറിയാമല്ലോ. ദൈവം തന്നെ ഇതിനെല്ലാത്തിനും നിലനിന്ന സമ്മാനം തരട്ടെ. തരുന്നതിനുവേണ്ടി അപേക്ഷിക്കുന്നുണ്ടു്. പിതാവേ, എൻെറ ആഗ്രഹംകൊണ്ടു് എൻെറ കൈവേലയാൽ രണ്ടു തൂവാല തരുന്നതിൽത്തൃപ്തിക്കേടു കാണിക്കല്ലേ. ആയതു വെളിയിൽ കൊണ്ടുനടക്കുന്നതിനു ചേരുകയില്ല. ഗാഗുൽത്താമലയിൽ പോകുമ്പോൾ കൈയിൽ പിടിക്കുന്നതിനാണു്. പിതാവു കുർബ്ബാന ചൊല്ലാൻ പോകുമ്പോൾ പെരുമാറണമേ. പിതാവിൻെറ ബുദ്ധിമുട്ടുകൾക്കു് ഉപകാരവും നന്ദിയും പറയുന്നു. +

കൈയിൽ കിട്ടിയ എഴുത്തുകളിൽ അഞ്ചോ ആറോ ഒഴിച്ചു ബാക്കിയെല്ലാമാണു മേൽചേർത്തിട്ടുള്ളതു്. ഭാഷാസ്ഖലിതങ്ങൾ ഒഴിച്ചുവച്ചു പരിഗണിക്കയാണെങ്കിൽ ഈ എഴുത്തുകളിൽ പ്രകടമാകുന്ന വിവേകവും ദൈവസ്നേഹവും ധീരമല്ലെന്നു് ആരു പറയും? സർവ്വത്ര ദൈവത്തിലുള്ള ശരണവും ആത്മപിതാവിലുള്ള വിശ്വാസവും തെളിഞ്ഞു നില്ക്കുന്നു.



പുത്തഞ്ചിറ പള്ളി പ്രധാന ബലിപീഠം.



ബ. മറിയം ത്രേസ്യാ കിടന്നിരുന്ന മുറി (പുത്തഞ്ചിറ മഠത്തിൽ)



റവ. സിസ്റ്റർ സിമ്പ്രോസ്
C. M. C.



റവ. സിസ്റ്റർ മേരി ളൂയിസാ
C. M. C.



റവ. സിസ്റ്റർ ഇഗ്നേഷ്യ
C. M. C.

അധ്യായം 7

# ത്രേസ്യാ ഒല്ലൂര മഠത്തിൽ

ത്രേസ്യയുടെ ആദ്ധ്യാത്മിക ജീവിതത്തിനു സ്വഭവനത്തിലെ അന്തരീക്ഷം ഒട്ടും യോജിച്ചിരുന്നില്ല. മദ്യപാനിയായ മൂത്തആങ്ങളയിൽനിന്നും സ്നേഹമില്ലാത്ത അപ്പച്ചനിൽനിന്നും ത്രേസ്യക്കു കൂടുതൽ കരിശുകളാണു ലഭിച്ചിരുന്നതു്. വയസ്സു 36 കഴിഞ്ഞു. ആത്മപിതാവിനോടു് ഒരു വീടുണ്ടാക്കിക്കൊടുക്കാൻ ആവശ്യപ്പെട്ടിരുന്നു. അദ്ദേഹം അവളുടെ ആഗ്രഹം മെത്രാനച്ചനെ അറിയിക്കയും ചെയ്തിരുന്നു. എന്നാൽ അദ്ദേഹത്തിനു് അതു് ഇഷ്ടപ്പെട്ടില്ല. ത്രേസ്യാ പിന്നെയും പിന്നെയും തൻെറ ആഗ്രഹം തിരുമേനിയെ ഉണർത്തിച്ചുകൊണ്ടിരുന്നു. തിരുമേനിക്കു ത്രേസ്യയുടെ പരിശുദ്ധിയെപ്പററി ബോധ്യപ്പെട്ടിട്ടില്ലാഞ്ഞതിനാൽ പലപ്പോഴും അവളെ ശകാരിച്ചു മടക്കി അയയ്ക്കുകയാണു ചെയ്തതു്. അങ്ങനെയിരിക്കേ അഭിവന്ദ്യതിരുമേനിക്കു അമ്പഴക്കാട്ടുമഠം സന്ദർശിക്കാനിടയായി. ത്രേസ്യാ തൻെറ കൂട്ടുകാരിയായ മറിയവുമൊത്തു് അവിടെയെത്തി മെത്രാനച്ചനെ കണ്ടു. തിരുമേനി അവളുടെ ജീവിതചര്യയെപ്പററി പലതും സാകൂതം ചോദിച്ചറിഞ്ഞു. ദൈവമാതാവിൽനിന്നു തിരുമേനിക്കു പ്രത്യേകനിർദ്ദേശമൊന്നും ലഭിച്ചിട്ടില്ലായിരുന്നെങ്കിലും അവളുടെ ക്ഷമയും സഹനവും അദ്ദേഹത്തിൻെറ മനസ്സിനു് അല്പം മാററം വരുത്തി. "നീ ഒല്ലൂർ കർമ്മലീത്താമഠത്തിൽ കുറച്ചുനാൾ താമസിക്കു. ദൈവഹിതമറിയാൻ

നീ ആ ദിവസങ്ങളിൽ പ്രത്യേകം പ്രാർത്ഥിക്കണം," തിരുമേനി ആജ്ഞാപിച്ചു. അങ്ങനെതന്നെ ചെയ്യാം, പിതാവേ, ത്രേസ്യാ മറുപടി പറഞ്ഞു. ത്രേസ്യാ സന്തുഷ്ടയായി സ്വഗൃഹത്തിലേക്കു മടങ്ങി.

ത്രേസ്യാ ഈ സന്തോഷവാർത്ത ആത്മപിതാവിനെയും കുടുംബാംഗങ്ങളേയും അറിയിച്ചു. അവരുടെ അനുഗ്രഹാശിസ്സുകളോടെ 1912 നവമ്പർ 26-ാംനു- ത്രേസ്യാ ഒല്ലൂരു മഠത്തിലേക്കു പുറപ്പെട്ടു. അവിടെ എത്രയും ഹൃദ്യമായ ഒരു സ്വീകരണമാണു ത്രേസ്യക്കു ലഭിച്ചതു്. അവർ അവളോടു് അതീവ സ്നേഹത്തോടെ വ്യാപരിച്ചു. വസ്ത്രധാരണത്തിൽ ചില മാററങ്ങൾ വരുത്തി. എങ്കിലും അഭിവന്ദ്യമെത്രാനച്ചൻ തിരുമേനിയുടെ കല്പനപ്രകാരം ബ. സഹോദരിമാർ ത്രേസ്യയെ പലവിധത്തിൽ പരീക്ഷിച്ചു.

ഒല്ലൂരു മഠത്തിൽവച്ചും പിശാചുക്കളിൽനിന്നുള്ള ഞെരുക്കങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഒരു ദിവസം ഇവൾ കിടന്നിരുന്നസ്ഥലത്തു കാണായ്കയാൽ കന്യാസ്ത്രികൾ അവളെ അന്വേഷിക്കയിൽ അടുത്ത മുറിയിൽ കിടന്നിരുന്ന നെല്ലിൽ ഇവളെ പിശാചുക്കൾ കുഴിച്ചിട്ടിരിക്കുന്നതായിക്കണ്ടു. തലമാത്രം പുറത്തുകാണാനുണ്ടായിരുന്നു. വെള്ളിയാഴ്ചകളിലും മററു ദിവസങ്ങളിലും പതിവായി ദൈവം അയച്ചിരുന്ന കുരിശുകൾ ഒല്ലൂരുവച്ചും അവൾക്കു ലഭിച്ചിരുന്നു.

അക്കാലത്തു് ഒല്ലൂരുമഠത്തിൽ താമസിച്ചിരുന്ന രണ്ടു് അർത്ഥിനികളോടു് ഈ ഗ്രന്ഥകാരൻ സംസാരിച്ചു. അവരിലൊരാളാണു കമ്മലീത്താമദർ ജനറലായിരുന്ന സിസ്റ്റർ ഇഗ്നേഷ്യാ. അപരയാണു് ഇരുപത്തഞ്ചുകൊല്ലം

തൃശ്ശൂരുസക്കാർ ആശുപത്രിയിൽ നേഴ്സുജോലിചെയ്തിട്ടുള്ള സിസ്റ്റർ മരിയാ ളൂയിസും. അവർ രണ്ടുപേരും ത്രേസ്യയുടെ പക്ഷത്തിൽ വിശ്വസിക്കുന്നവരാണു്. അവർ നല്കിയിട്ടുള്ള വിവരണം മേൽ ചേർത്തിട്ടുള്ളതുകൊണ്ടു് ഇവിടെ ആവർത്തിക്കുന്നില്ല. പൈശാചികാക്രമങ്ങൾക്കു വിധേയയായിരുന്ന സിസ്റ്റർ എവുപ്രാസിയാ അവരുടെ സതീർത്ഥ്യയായിരുന്നതുകൊണ്ടു് മറിയം ത്രേസ്യാ അനുഭവിച്ചിരുന്ന പൈശാചിക ഞെരുക്കൾ അസാധാരണമായി അവർക്കു തോന്നുന്നില്ല. സർവ്വഥാവിവേകമതികളും വൃദ്ധമാനനീരുമായ ഈരണ്ടുസഹോദരിമാരും ത്രേസ്യാ പിശാചിൽനിന്നു വളരെയേറെ കഷ്ടപ്പാടുകൾ സഹിച്ചിട്ടുണ്ടെന്നാണു് അഭിപ്രായപ്പെടുന്നതു്. അർത്ഥിനികളുടെ മിസ്ട്രസ്സായിരുന്ന സഹോദരി ത്രേസ്യയുടെ ജീവിതപ്രത്യേകതകളെപ്പററിപലതും തങ്ങളോടു പറഞ്ഞിട്ടുണ്ടെന്നു അവർ പ്രസ്താവിച്ചു. അവയൊക്കെ മുൻ അധ്യായങ്ങളിൽ വിവരിച്ചിട്ടുള്ളവയാണു്.

ഒല്ലൂരു മഠത്തിൽ വന്നു് ഒരാഴ്ച കഴിഞ്ഞ ശേഷം ആത്മപിതാവിനു് ഇങ്ങനെ എഴുതി. "എ. പ്രി. ബ. എന്റെ പിതാവേ, ഒരാഴ്ച തികച്ചും പിതാവിന്റെ അടുക്കൽ വരാതിരിക്കുന്നതു് വളരെ പ്രയാസമായി തോന്നുന്നു. ഇതു് എന്റെ സ്വന്തം മനസ്സെന്നു കരുതി തള്ളിക്കളയുന്നതിനു പ്രയാസപ്പെട്ടപ്പോൾ മനഃസ്സാക്ഷിക്കു ഭാരം. എന്തു ചെയ്യാം? ദൈവതിരുമനസ്സല്ലാതെ വേറെ ഒന്നും അല്ലെന്നോർത്തു ശരണപ്പെടുന്നു. എന്റെ പിതാവേ, മുൻപറഞ്ഞ കാര്യത്തിനു് ഇതുവരെ യാതൊരു തീർച്ചയും ആയില്ല. നമ്മുടെ എ. പെ. പെ. ബ. പിതാവു എന്നോടു് ചോദിച്ച ഒരു ചോദ്യം: നിങ്ങളിങ്ങോട്ടു പോന്നപ്പോൾ രണ്ടു പുത്തന്റെ സാമാനങ്ങൾ അല്ലേ ഉണ്ടാ

യിരുന്നതു്:. ആയതു് അമ്മയുടെ വീട്ടിൽ പോയി സാധിച്ചു നീ പോന്നപ്പോൾ അവിടത്തുകാർ ആരും വിരോധിച്ചില്ലല്ലോ? പിന്നെ ആ ശരണം എന്തു്?" എന്നു ചോദിച്ചു. ഞാൻ മിണ്ടടങ്ങി. പിതാവിനോടു ചോദിച്ചിട്ടു് ഉത്തരം പറയാം എന്നു കരുതിയിരിക്കുന്നു. പിതാവു് എന്നെ വിളിച്ച പേരു തന്നെ എ. പെ. ബ. പിതാവു് എന്നെ വിളിച്ചിരിക്കുന്നു. എൻെറ കാലിൽ ചെരിപ്പു ഇടുന്നതിനു കല്പിച്ചു. കൊന്ത അരയിൽ ഇടുന്നതിനും. പിന്നെ പലതും ഉണ്ടു്. ആയതു ഇവിടെ വരുമ്പോളാകാം. ഇവിടെ ബ. അമ്മമാരുടെ എല്ലാവരുടേയും താൽപര്യം വേഗം മഠത്തിൽ കൂട്ടുന്നതിനാണു്. അതുതന്നെ ഇപ്പോൾ പിതാവിൻെറയും ഇഷ്ടം. കാനോനനമസ്സാരം, മിൻ ഉമ്ക്കാ എന്നീ രണ്ടു നമസ്കാരങ്ങളും പഠിപ്പിക്കുന്നതിനു് ഇവരോടു കല്പിച്ചിരിക്കുന്നു. കല്പനയെ ഞാൻ മിണ്ടടങ്ങി കീഴ്വഴങ്ങുന്നു. പിതാവു് അങ്ങേ അയോഗ്യകളായ എന്നെ നടത്തിക്കൊണ്ടുപോന്നതു് ഇപ്പോൾ ഓരോ കാരണങ്ങൾ നേരിടുമ്പോൾ എത്രമാത്രം ഉപകാരമുള്ളതാണെന്നാണു് അങ്ങയെ ഞാൻ ബോധിപ്പിക്കേണ്ടതു്. വല്ല സംഗതിയിലും പിതാവിനെ ഞാൻ മറന്നുപോകുമെന്നുള്ള വിചാരം പിതാവിനുണ്ടോ? സുഖക്കേടിനെപ്പററി ഞാൻ വ്യസനിക്കുന്നു. ഇതിനുവേണ്ടിയാണു് ആളെ വിടുന്നതു്. എനിക്കു സുഖം തന്നെ. പിതാവിൻെറയും വീട്ടുകാരുടേയും സുഖവിവരത്തിനു ഒരു മറുപടി അയച്ചുതരണമേ. +

ഈ എഴുത്തിൽ പറയുന്നതുപോലെ നമസ്കാരങ്ങൾ പഠിപ്പിച്ചതു ബ. സിസ്റ്റർ എവുപ്രാസിയാ ആണെന്നു തോന്നുന്നു. സിസ്റ്ററിൻെറ ഒരു ചെറിയ പുസ്തകത്തിൽ "റാഹെം അലയിൻ" "മിൻ ഉമ്ക്കാ" എന്ന സങ്കീർത്തനങ്ങൾ മലയാള അക്ഷരത്തിൽ എഴുതി കൊടുത്തതായി

കാണുന്നുണ്ടു്. വിശ്വാസത്തിൻെറയും ശരണത്തിൻെറയും സ്നേഹത്തിൻെറയു കൊന്തകൂടി എഴുതിക്കൊട്ടുത്തിരുന്നു

സ്നേഹകൊന്ത

കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.

(ചെറിയ മണിക്കു്)

കർത്താവേ, എനിക്കു അധികം സ്നേഹം നല്കണമേ.

(വലിയ മണിക്കു്)

ശരണകൊന്ത

കർത്താവേ, ഞാൻ നിൻെറ മേൽ ശരണം വയ്ക്കുന്നു.

(ചെറിയ മണിക്കു്)

കർത്താവേ, എന്നെ കൈവിടല്ലേ,

(വലിയ മണിക്കു്)

വിശ്വാസകൊന്ത

കർത്താവേ, ഞാൻ നിന്നെവിശ്വസിക്കുന്നു.

(ചെറിയ മണിക്കു്)

കർത്താവേ, എൻെറ വിശ്വാസത്തെ അധികരിപ്പിക്കണമേ.

(വലിയമണിക്കു്)

പ്രാർത്ഥനപ്പുസ്തകത്തിൻെറ അവസാനത്തിൽ സിസ്റ്റർ എവുപ്രാസിയാ മറിയം ത്രേസ്യയ്ക്കു് ഒരു കൊച്ചെഴുത്തു് എഴുതിയിട്ടുണ്ടു്. നന്മരണത്തിനായി ത്രേസ്യയുടെപ്രാർത്ഥന സഹോദരി യാചിക്കുകയാണു്. എവുപ്രാസ്യാ സഹോദരിക്കു മറിയം ത്രേസ്യയോടുണ്ടായിരുന്ന സ്നേഹപൂർവ്വകമായ ബഹുമാനം ത്രേസ്യയുടെ ജീവിത വിശുദ്ധിക്കു ലക്ഷ്യമായി സ്വീകരിക്കാവുന്നതാണു്.

ത്രേസ്യയുടെ വിനയാന്വിതമായ പെരുമാററം ഒല്ലൂരു മാഠാധിപയ്ക്കും ഇതരസഹോദരിമാർക്കും സമ്പൂർണ്ണസം

തൃപ്തി നല്കി. ത്രേസ്യയെ പത്രമേനി കൂടാതെ മഠത്തിൽ സ്വീകരിച്ചുകൊള്ളാമെന്നും അവളുടെ സകല ചെലവുകളും മഠത്തിൽ നിന്നുതന്നെ വഹിച്ചുകൊള്ളാമെന്നും കമ്മലീത്താ സഹോദരിമാർ മെത്രാനച്ചനെ അറിയിച്ചു അവരുടെ ആഗ്രഹപ്രകാരം ചെയ്യാമെന്നും എങ്കിലും കുറച്ചു ദിവസങ്ങൾ കഴിഞ്ഞു ചേർത്താൽ മതിയെന്നും തിരുമേനി കല്പിച്ചു. അതിനിടയ്ക്കു് ആത്മപിതാവിനെ കാണണമെന്നു് ആവശ്യപ്പെട്ടു ത്രേസ്യാ ഒന്നു രണ്ടു കത്തു എഴുതി. അവ കീഴെ ചേക്കുന്നു.

ഈ. മ. യ.

ഒല്ലൂരു മഠത്തിൽ നിന്നും
1913 മകരം 16-ാംനു-

എ. സ്നേഹപിതാവേ, ഈ പാപിക്കു പിതാവു അയച്ച എഴുത്തു കിട്ടി. മഹാപ്രലാപത്തോടും ദുഃഖത്തോടുംകൂടെ വായിച്ചറിഞ്ഞു. ഇതിനുള്ള കാരണം എന്തെന്നോർത്തിട്ടു മനസ്സിലാകുന്നില്ല. ഞാൻ മഠത്തിൽ പോരണമെന്നു പിതാവിനോടു പറഞ്ഞോ? ഇല്ല. പിതാവു് എന്നോടെന്തു കല്പിക്കുന്നുവോ അതുപോലെ എല്ലാററിനും കീഴ്‌വഴങ്ങിയിരുന്നുവെന്നാണു് എൻെറ വിശ്വാസം ആയിരുന്നതു്. ഈ എഴുത്തു വഴി തോന്നുന്നു തീരെ മറിച്ചാണു നടന്നിരുന്നതെന്നു്. എന്തു ചെയ്യാം? തെററിപ്പോയി, തെററി. ക്ഷമിക്കണമേ, ക്ഷമിക്കണമേ. ഇനി മേലിൽത്തന്നെയെങ്കിലും ഈ തെററിൽ നിന്നൊഴിഞ്ഞു് ഒരു നല്ല ജീവിതം കഴിക്കുന്നതിനു വേണ്ടി ദൈവത്തോടപേക്ഷിക്കണമേ. ഈ അയോഗ്യപാപിയുടെ തെററു് അറിയിച്ചു തരുന്നതിനു വേണ്ടി പലപ്പോഴും പിതാവിൻെറ അടുക്കൽ അപേക്ഷ ഉണ്ടായിരുന്നല്ലോ. എ

ന്തെ അറിയിച്ച തരാഞ്ഞതെന്നോർത്തു വ്യസനിക്കുന്നു. ഇപ്പോഠംത്തന്നെയെങ്കിലും കിട്ടിയതിനെക്കുറിച്ച നന്ദി പറയുന്നു.+

എൻെറ സ്നേഹ ആങ്ങളേ, ഞാൻ അവിടം വിട്ട പോന്നിട്ടു് ഒന്നര മാസത്തോളമായല്ലോ. ഇനി എന്താണു കരുതിയിരിക്കുന്നതു്? എന്നോടു പറഞ്ഞ സംഗതികഠം മറന്നുപോയോ? ഞാൻ മറക്കുന്നില്ല. അവിടുന്നു പോരുന്നതിനു ദുഃഖം കാണിച്ചപ്പോഠം, നീ ഒന്നുകൊണ്ടും വ്യസനിക്കണ്ട; തലവന്മാരുടെ കല്പനയ്ക്കു കീഴ്വഴങ്ങുക എന്നു പറഞ്ഞുവിട്ടു. എനിക്കു മഠത്തിൻെറ ക്രമം എങ്ങനെയാണെന്നു് ഇതുവരേയും യാതൊരു വിവരവുമില്ല. എന്നോടു് ഒരു മുറിയിൽ താമസിക്കുന്നതിനു കല്പിച്ചു. അതുപ്രകാരം ഞാൻ താമസിക്കുന്നു. അടക്കത്തിനായി എന്നെ ഒരുടുപ്പു് ഇടിയിച്ചു. കാലിൻെറ സുഖക്കേടുകൊണ്ടു് ചെരിപ്പിടണമെന്നു് കല്പിച്ചു. അതും ചെയ്യുന്നു. നമസ്കാരം പഠിച്ചില്ല. നമ്മുടെ എ. പെ. പെ. ബ. പിതാവിനു യാതൊരു പ്രകാരത്താലെയും സമാധാനമില്ലാത്ത സമയമാണു് ഇപ്പോഠം വന്നിരിക്കുന്നതു്. ആയതുകൊണ്ടു ഞാൻ സമയംനോക്കി ആലോചിച്ചു വരുന്നതേയുള്ളു. എന്നോടു നീ ഒന്നുകൊണ്ടും വ്യസനിക്കണ്ടാ എന്നു പലപ്പോഴും ഗുണദോഷം തരുന്നു. എന്നോടു പറഞ്ഞുപോയ പ്രകാരം ഞാൻ ഉറപ്പായി കരുതിയിരുന്നു. ആയതു തീരെ മറിച്ചുവരാനുള്ള കാരണം ഞാൻ അന്വേഷിച്ചതിൽ കാണുന്നില്ല. ഈ പിടിത്തവും വലിസങ്കടം ഞാൻ സഹിക്കുന്നതിനു ദൈവം തിരുമനസ്സുണ്ടായിരുന്നു. ആയതും കഴിയട്ടെ. ഇതെല്ലാം ഞാൻ സഹിച്ചുകൊള്ളാം. എനിക്കു് എത്രത്തോളം ബുദ്ധിയും ത്രാണി

യ്യം ഉണ്ടെന്നുള്ളതു പിതാവിന്ന് അറിയാമല്ലോ. എന്നോട്ട ഈവിധം ചെയ്യുമെന്ന് അല്പം വിചാരംപോലും ഉണ്ടായിരുന്നില്ല എനിക്കു പിതാവിനെ ഒന്നു കണ്ടാൽ മതി; എഴുതുന്നതിനു പലതും ഉണ്ട്. ദുഃഖംകൊണ്ടുവശമാകുന്നില്ല. പിതാവിന്റെ ഗുണദോഷവും വാഴ്‌വും അപേക്ഷിച്ചു നിറുത്തുന്നു. എന്ന് അങ്ങേ ജ്ഞാനമകളായ ത്രേസ്യാ. ഇവനു കൂലി കൊടുക്കണമേ. എനിക്ക് എല്ലാംകൊണ്ടും സുഖംതന്നെ എന്നു നല്ലപോലെ വിവരം ഉണ്ടല്ലോ. പിതാവിന്റെ സുഖവിവരത്തിനും മററം ഒരു മറുപടി അയച്ചുതരണമേ. +

ഈ എഴുത്തുവായിച്ചാൽ കാണാം ത്രേസ്യാ കർമ്മലീത്താമഠത്തിൽ ചേരുന്നതിനു ഫാദർ വിതയത്തിൽ അനുകൂലിയായിരുന്നില്ലെന്ന്. ഇടവകക്കാർക്കും ത്രേസ്യയുടെ വിരഹം വിഷമമായിതോന്നി. തന്നിമിത്തം വിതയത്തിലച്ചനും ഇടവകക്കാരും ത്രേസ്യയെ സ്വന്തം ഇടവകയ്ക്കുതന്നെ വിട്ടുതരണമെന്നു പലപ്രാവശ്യം അപേക്ഷിച്ചു. അതാണു ത്രേസ്യാ എഴുത്തിൽ സൂചിപ്പിക്കുന്ന പിടായും വലിയും. അതുകൊണ്ടു തന്നെയായിരിക്കണം ത്രേസ്യയെ ഉടനടി കർമ്മലീത്താ മഠത്തിൽ ചേർക്കേണ്ടതില്ലെന്നു മെത്രാനച്ചൻ നിർദ്ദേശിച്ചതു്.

ത്രേസ്യയുടെ ക്ഷണനപ്രകാരം ഫാദർ വിതയത്തിൽ ഒരു ദിവസം മഠത്തിൽ ചെന്നു ത്രേസ്യയെ കണ്ടു സ്ഥിതിഗതികൾ മനസ്സിലാക്കി. "മഠത്തിൽ ചേർന്നു ജീവിക്കാൻ നിനക്കു മനസ്സുണ്ടോ?" എന്ന് അവളോടു ചോദിച്ചു. "എനിക്ക് ഈ മഠത്തിൽ ചേരാൻ യാതൊരു മനസ്സുംതോന്നുന്നില്ല; ആഗ്രഹവുമില്ല;" എന്ന് അവൾ പറ

ഞ്ഞു. ആത്മപിതാവു് ഈ വിവരം മെത്രാനച്ചനെ അറിയിച്ചു. ദൈവതിരുമനസ്സ് എന്തെന്നു തനിക്കു കാണിച്ചു തരുന്നതിനു ദൈവത്തോടപേക്ഷിക്കാൻ മെത്രാനച്ചൻ ത്രേസ്യയോടാജ്ഞാപിച്ചു. ത്രേസ്യാ പ്രാൎത്ഥനയാരംഭിച്ചു. ഒരു ദിവസം മെത്രാനച്ചൻ ഇവളോടു പറഞ്ഞു: "നീ മഠത്തിൽ താമസിക്കാനല്ല ദൈവം തിരുമനസ്സായിരിക്കുന്നതു്. അതുകൊണ്ടു് നിനക്കു നിന്റെ നാട്ടിൽ പോകാൻ അനുവദിച്ചിരിക്കുന്നു. നിന്റെ ആത്മപിതാവു നിനക്കു് ഒരു വീടു പണിയിച്ചു തരും."

ത്രേസ്യാ ഒല്ലൂരു മഠം വിടാൻ പോകുന്നുവെന്ന വാൎത്ത കന്യാസ്ത്രീകൾക്കും കപ്ലോനച്ചനും ദുഃഖകാരണമായിരുന്നു. വെള്ളിയാഴ്ച ത്രേസ്യയ്ക്കുണ്ടാകുന്ന പീഡാനുഭവങ്ങൾ അവിടെവച്ചു പല വൈദികരും ചെന്നു കാണുകയുണ്ടായി. പ്രസിദ്ധ വൈദ്യനായ അരണാട്ടുകര ചിറമേൽ അന്തോണി തരകനും ഈ കാഴ്ചകൾ കണ്ടു വിസ്മയിച്ചുപോയി.

1913 ജനുവരി 27-ാംനു- ത്രേസ്യാ ഒല്ലൂരു മഠത്തിൽ നിന്നു സ്വഭവനത്തിലേക്കു തിരിച്ചു.

അദ്ധ്യായം 8

# ത്രേസ്യയുടെ പ്രത്യേകമന്ദിരം

ത്രേസ്യാ ഒല്ലൂരു മഠത്തിൽനിന്നു പോന്ന ശേഷം ഒരു മാസത്തേക്കു യാതൊരു ഭക്ഷണവും കഴിച്ചില്ല. ഒരു മാസം കഴിഞ്ഞപ്പോറം ശരീരം മുഴവനും തളന്നു. അക്കാലത്തു അവറംക്കു ഭക്ഷണം കഴിക്കാമായിരുന്നു; എന്നാൽ ചുമതലപ്പെട്ടവർ സമയത്തിനു ഭക്ഷണം കൊടുത്തിരുന്നില്ല. മാലാഖ ഇവറംക്കു് അപ്പവും പാലും കൊടുത്തുപോന്നു എന്നാണു് ഫാദർ വിതയത്തിലിൻെറ കുറിപ്പുകറം പറയുന്നതു്.

അക്കാലത്തു് ത്രേസ്യാ അനുഭവിച്ച പീഡകറം കണ്ടു പല വൈദികരും സങ്കടപ്പെട്ടിരുന്നു. ഒരു വൈദികൻ അവളുടെ ഉള്ളം കൈയുടെ ദ്വാരത്തിൽ നിന്നു പുറപ്പെട്ട രക്തത്തെ ഒരു തുവാലകൊണ്ടു തുടച്ചെടുത്തു. ത്രേസ്യാ നമ്മുടെ കത്താവിൻെറ പീഡാനുഭവത്തെപ്പററി ധ്യാനിക്കുന്ന ചില സമയങ്ങളിൽ കത്താവു മുറംമുടി ധരിപ്പിക്കപ്പെടുന്നതും കുരിശുചുമക്കുന്നതും കുരിശിൽ തറക്കപ്പെടുന്നതും അഞ്ചു തിരുമുറിവുകളിൽനിന്നു രക്തം ഒഴുകുന്നതും ജെർമ്മനിയിലെ തെരേസാ നോയിമനെപ്പോലെ മറിയം ത്രേസ്യയും കണ്ടുകൊണ്ടാണിരുന്നതു്. തദവസരങ്ങളിൽ ഈശോ ത്രേസ്യയോടു പറഞ്ഞ വാക്കുകറം പല വിശുദ്ധന്മാരോടും അവിടന്നു് അരുറംചെയ്തിട്ടുള്ളവതന്നെയാണു്: "ഞാൻ പാപികളാൽ ഇങ്ങനെ പീഡിപ്പി

ക്കപ്പെടുന്നു. ഈ പാട്ടപീഡകർക്കു നീ ആശ്വാസം വരുത്തിത്തരുമോ?" "കർത്താവേ, നീ തിരുമനസ്സാകുന്നെങ്കിൽ നീ അനുഭവിക്കുന്ന പീഡകളെല്ലാം ഞാൻ അനുഭവിക്കുന്നതിനു് എനിക്കു തരിക"; ത്രേസ്യാ കർത്താവിനോടപേക്ഷിച്ചു.

അപ്പോൾ മാലാഖാമാർ വന്നു് ഇവളെ പിടിച്ചു ചുമരിനോടു ചേർത്തു് കൈകൾ രണ്ടും നീർത്തി ചുമരിന്മേൽ വച്ചു ചുററികകൊണ്ടു് ആണി തറയ്ക്കുകയും പാദങ്ങൾ ഒന്നിനുമേൽ ഒന്നുവച്ചു് ആണി അടിക്കുകയും പെരുവിരൽമാത്രം നിലത്തു വച്ചിട്ടുള്ള മരക്കഷണത്തിന്മേൽ ഊന്നിവിറപ്പിക്കുകയും ദേഹത്തിൽ മൂന്നോനാലോ സ്ഥലങ്ങളിൽ കയറുകൊണ്ടു കെട്ടുകയും കഴുത്തിൽ ഭാരമുള്ള ഒരു മരക്കഷണം ഏററി വയ്ക്കുകയും തലയിൽ ഇരുമ്പുകൊണ്ടു മുൾമുടി വെച്ചടിക്കുകയും ചമ്മട്ടികൊണ്ടു് അടിക്കുകയും ചെയ്തിരുന്നു. ഈ സ്ഥിതിയിൽ മൂന്നോ നാലോ അഞ്ചോ മണിക്കൂറുകൾ അവൾ ചില ദിവസങ്ങളിൽ കിടക്കുന്നു.

അനേകരുടെ സാക്ഷ്യങ്ങൾകൊണ്ടു സ്ഥിരീകൃതമായിരിക്കുന്ന ഈ വസ്തുതകൾ നിഷേധിക്കുന്നതു വിവേകമാണെന്നു തോന്നുന്നില്ല. സമുന്നതവരങ്ങൾ ലഭിക്കുന്നവർക്കു ഭയങ്കരസഹനങ്ങളുണ്ടാകുമെന്നു സ്പഷ്ടം.

ശുദ്ധീകരാത്മാക്കളോടുള്ള ഭക്തി ഇക്കാലത്തും തുടർന്നുപോന്നു. വേദനയനുഭവിക്കുന്ന പല ആത്മാക്കളും ത്രേസ്യയ്ക്കു കാണപ്പെട്ടു സഹായം അപേക്ഷിച്ചിരുന്നു. 1913 ഫെബ്രുവരി 2-ാംനു- മരിച്ച ഒരു യുവവൈദികൻ ശുദ്ധീകരസ്ഥലത്തിലേക്കു വിധിക്കപ്പെട്ടതായും ആത്മാവു ബന്ധിതമായിരിക്കുന്നതായും ത്രേസ്യക്കു് കാണപ്പെട്ടു. ത്രേസ്യാ അത്യന്തം ഭയം പ്രകടിപ്പിച്ചു. തദവ

സരത്തിൽ അരികെ ഉണ്ടായിരുന്ന ആത്മപിതാവു 'എന്തേ, ഇപ്രകാരം ഭയപ്പെടുന്നതു്?", എന്നു ചോദിച്ചു. "പിതാവേ, ഈ കാഴ്ച കാണാൻ വശമില്ല. ഇന്ന അച്ചൻെറ ആത്മാവു ശുദ്ധീകരസ്ഥലത്തിൽ നിന്നു വന്നു എൻെറ അരികേ നില്ക്കുന്നു," ത്രേസ്യാ പ്രതിവചിച്ചു. "നീ ഒട്ടും വ്യസനിക്കേണ്ടാ, വന്ന സംഗതിയെന്തെന്നു നീ ചോദിക്കുക," ആത്മപിതാവു പറഞ്ഞു.

"അഞ്ചുകൊല്ലം ശുദ്ധീകര സ്ഥലത്തിൽ പരിഹാരം ചെയ്യാൻ ദൈവം എന്നെ വിധിച്ചിരിക്കുന്നു. എൻെറ വേദനകൾക്കു് ആശ്വാസം ലഭിക്കുന്നതിനും എൻെറ കാലാവധി കുറഞ്ഞു മോക്ഷം പ്രാപിക്കുന്നതിനും നീ കൂടപ്പിറപ്പു സ്നേഹത്തെ ഓർമ്മിച്ചു എനിക്കുവേണ്ടി വേല ചെയ്യണം."

കണ്ണുനീരോടെ അവൾ പറഞ്ഞു: "എൻെറ പ്രിയപ്പെട്ട അച്ചാ, എനിക്കു് ഇപ്രകാരം അച്ചൻ ഇനി കാണപ്പെടരുല്ല. എൻെറ വശംപോലെ അച്ചനുവേണ്ടി ചെയ്തുകൊള്ളാം."

പിന്നീടും ഒന്നുരണ്ടു പ്രാവശ്യം ആ ആത്മാവു് ഈ വിധത്തിൽ കാണപ്പെട്ടു. ഒടുവിൽ കാണപ്പെട്ടപ്പോൾ ചങ്ങലയുണ്ടായിരുന്നില്ല. അന്നു് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "നീ എനിക്കുവേണ്ടി കാഴ്ചവച്ച മുഴുവൻ ദോഷപൊറുതി നിമിത്തം ഇന്നു മുഴുവനും യാതൊരു വേദനയുമില്ല. എൻെറ അവധി കുറഞ്ഞിരിക്കുന്നു. അടുത്ത മാർച്ചു 19-ാംനു- ഞാൻ ശുദ്ധീകരസ്ഥലംവിട്ടു മോക്ഷത്തിലേക്കു പോകും,"

ഇതിനിടയ്ക്കു ത്രേസ്യയ്ക്കു സ്വന്തമായി ഒരു ഭവനമുണ്ടാക്കുന്നതിനെപ്പറ്റി ആരോപണപ്രത്യാരോപണങ്ങൾ മുറയ്ക്കു നടന്നു. എങ്കിലും, ത്രേസ്യയ്ക്കായി ഒരു ഭവ

നം നിർമ്മിക്കാൻ ഫാദർ വിതയത്തിൽ നിശ്ചയിച്ചു. തിരുക്കുടുംബസഭസ്ഥാപനത്തിന്നു ത്രേസ്യയെ ഒരുക്കി ക്കൊണ്ടിരുന്ന ദൈവം ഒരു സ്നേഹലക്ഷ്യം കാണിച്ചു. നവഭവനനിർമ്മാണത്തിനു വേണ്ട പറമ്പു പുത്തഞ്ചിറ ഇടവക മാളിയക്കൽ കൂനൻ കുഞ്ഞുവറിയ്തു ഇട്ടൂപ്പ് എന്ന മാന്യൻ സൗജന്യമായി നല്കി. എന്നാൽ വീടു പണിയുന്നതിന് ബ. ഔസേപ്പച്ചന്റെ കൈയിൽ ഒരു കാശു പോലും ഉണ്ടായിരുന്നില്ല. സ്വന്തം പണം ഉപ യോഗിച്ച് അദ്ദേഹം വീടുപണി ആരംഭിച്ചു. ഇടവകക്കാ രുടെ സഹായസഹകരണത്താൽ വീടുപണി കട്ടിള പ്പൊക്കംവരെ എത്തി. അതിനുശേഷം പണിപൂർത്തി യാക്കാൻ വശമില്ലാതെ ബ. ഔസേപ്പച്ചൻ വല്ലാതെ കുഴങ്ങി. ഇതു കണ്ടു ത്രേസ്യാ താൻ ഭിക്ഷാടനം നടത്തി യെങ്കിലും പണി പൂർത്തിയാക്കാമെന്നു പറഞ്ഞു് ആത്മ പിതാവിനെ ആശ്വസിപ്പിച്ചു. ആ കന്യകയെ സ ഹായഭ്യർത്ഥനയ്ക്കായി പറഞ്ഞയയ്ക്കാൻ യൗസേപ്പച്ചനു വൈമനസ്യം തോന്നി. കാര്യനിർവ്വഹണത്തിന് ഇതരമാ ർഗ്ഗമില്ലാഞ്ഞതിനാൽ ഒടുവിൽ അദ്ദേഹം അതിനു സമ്മ തിച്ചു. ത്രേസ്യയും ഒരു കൂട്ടുകാരിയും കൂടി ഞാറയ്ക്കൽ പള്ളിപ്പുറം, ചക്കരക്കടവ് മുതലായ സ്ഥലങ്ങളിൽ പോയി സഹായം അഭ്യർത്ഥിക്കുകയും കുറേസംഖ്യ പിരി ഞ്ഞുകിട്ടുകയും ചെയ്തു. അന്യനാട്ടുകാരായ് പലവൈദി കരും മാന്യന്മാരും സഹായിച്ചു. അങ്ങനെ 47 കോൽ ചുററളവിൽ ഒരു രണ്ടുനിലക്കെട്ടിടം ഭംഗിയായി പ ണിതീർന്നു.

ഭവന നിർമ്മാണം കഴിഞ്ഞശേഷം വെഞ്ചിരിപ്പി നുള്ള അനുമതി വാങ്ങിക്കൊണ്ടുവരാൻ ത്രേസ്യയെത്ത

ന്നെ മെത്രാനച്ചൻെറ അടുക്കലേക്കു വിട്ടു. ഫാദർ വിതയത്തിലിനു തൃശ്ശൂരു വരെ യാത്രചെയ്യാനുള്ള സുഖം അന്നില്ലായിരുന്നു. ഒരു അസംതൃപ്തമനോഭാവമാണു ത്രേസ്യാ മെത്രാനച്ചനിൽ ദശിച്ചതു്. അദ്ദേഹം ത്രേസ്യക്കു് അനുകൂലമറുപടി നല്കിയില്ല. എങ്കിലും ത്രേസ്യാ പ്രസന്നവദനയായിട്ടാണു മടങ്ങിയതു്. അവൾ സ്വയം പറഞ്ഞു.: "എൻെറ ദൈവമേ, നീ എന്താഗ്രഹിക്കുന്നുവോ അതുമാത്രം മതി. അങ്ങയുടെ തിരുവിഷ്ടം നിറവേറട്ടെ."

ത്രേസ്യയുടെ സങ്കടം നീണ്ടുനിന്നില്ല. യാതൊരു മുന്നറിയിപ്പും കൂടാതെ ഒരു ദിവസം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ഏകാന്തഭവനവെഞ്ചെരിപ്പിനു തൻെറ സെക്രട്ടറി ഊക്കൻ ബ. യോഹന്നാൻ അച്ചനെ അയച്ചു. 1913 ഒക്ടോബർ 7-ാംനു- ഒരു മഹാജനാവലിയുടെയും പല വൈദികരുടേയും സാന്നിദ്ധ്യത്തിൽ സെക്രട്ടറിയച്ചൻ വെഞ്ചരിപ്പു നടത്തി. അന്നു മുതൽ ത്രേസ്യാ അവിടെ താമസമുറപ്പിച്ചു. പകൽ സമയത്തു ത്രേസ്യയോടു കൂടെ അവളുടെ ഉററമിത്രങ്ങൾ കരുമാലിക്കൽ മറിയം, മാളിയക്കൽ മറിയം, ത്രേസ്യാ എന്നിവർ താമസിച്ചിരുന്നു. മുമ്പത്തെപ്പോലെതന്നെ രോഗികളെ ശുശ്രൂഷിക്കുന്നതിലും ദുഃഖിതരെ ആശ്വസിപ്പിക്കുന്നതിലും അവർ വ്യാപൃതരായിരുന്നു. ഈദൃശസഹായം ലഭിക്കുമെന്നു കരുതിയിട്ടാണല്ലോ നാട്ടുകാർ ത്രേസ്യയെ കർമ്മലീത്താമഠത്തിൽ താമസിക്കുവാൻ അനുവദിക്കാതിരുന്നതു്.

പരിപൂർണ്ണഏകാന്തത്തിൽ ജീവിക്കാൻ ഒരവസരം ലഭിച്ചതിൽ ത്രേസ്യാ എത്രയും സന്തുഷ്ടയായി.

സ്യയുടെ ഈ ഏകാന്തഭവനം പരിശുദ്ധിയുടെ നികേതനമായി.

ഏകാന്ത ഭവനത്തിൽ താമസം തുടങ്ങിയ ഒക്ടോബർ മാസത്തിലെ ഒരു വെള്ളിയാഴ്ച നടന്ന കാര്യങ്ങൾ പ്രത്യേകം സ്മരണീയമാണ്. ജപമാലഭക്തയായ ത്രേസ്യാ കൂട്ടുകാരിമാരോടുകൂടി കൊന്ത ചൊല്ലിക്കൊണ്ടിരിക്കയായിരുന്നു. അവശയായിരുന്ന ത്രേസ്യാ ജപമാല കഴിഞ്ഞു കൂട്ടുകാരികളോടു പറഞ്ഞു: "എന്റെ നാമകാരിണിയായ ആവിലായിലെ വി. ത്രേസ്യയുടെ തിരുനാളിനുള്ള നൊവേന നടത്തണം. നിങ്ങൾ ആ ജപങ്ങൾ ചൊല്ലാമോ? വി. ത്രേസ്യയിൽനിന്നു് എനിക്കു ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾ നിരവധിയാണ്." അവർ നവനാൾജപം ചൊല്ലി; അവസാനത്തിൽ ത്രേസ്യാ സുമധുരമായ ഒരു ഗാനം ആലപിച്ചു. ഗാനം സ്വർഗ്ഗീയമാധുര്യം വഴിയുന്നതാണെന്നു് അവർക്കു തോന്നി. ത്രേസ്യാ പാരവശ്യത്തിൽ ലയിച്ചു. ആ സമയത്തു് ആത്മപിതാവു് അവിടെയെത്തി. "ദൈവനാമത്തിൽ ഞാൻ കന്യകാമറിയമാണ്." എന്നു് ഒരു സ്വരംകേട്ടു. ആ സ്വരം തുടർന്നു: "മേലിൽ വെള്ളിയാഴ്ച ദിവസങ്ങളിൽ ഈ മുറി പുഷ്പങ്ങൾകൊണ്ടു് അലങ്കരിക്കണം. അന്നു കരിശുമണിക്കു മുമ്പു് തിരുക്കുടുംബത്തിന്റെ സാന്നിദ്ധ്യം ഇവിടെയുണ്ടാകും. അന്നു് അവിടെക്കൂടി അമ്പത്തുമൂന്നുമണിജപം ചൊല്ലുന്നവർക്കു വിശേഷാനുഗ്രഹങ്ങൾ സിദ്ധിക്കും. അച്ചനും ഒഴിവുപോലെ ഇതിൽ സംബന്ധിക്കണം." 1914മേയ് 14-ാംനു- വരെ എല്ലാ വെള്ളിയാഴ്ചകളിലും മേല്പറഞ്ഞ നിർദ്ദേശം അനുവർത്തിച്ചുപോന്നു.

അധ്യായം 9

# തിരുക്കുടുംബസഭാസ്ഥാപനം

•

1902ൽ ഫാദർ വിതയത്തിൽ മറിയം ത്രേസ്യയെ പരിചയപ്പെട്ടു. താമസിയാതെ അവർക്കു് ഒരു ഏകാന്തമന്ദിരം പണിതു കൊടുക്കണമെന്നു് അദ്ദേഹം അന്നത്തെ മെത്രാനച്ചനോടു് ആവശ്യപ്പെടുകയുണ്ടായി. ഇരുപത്താറു വയസ്സുള്ള ഒരു സ്ത്രീ തനിച്ചു താമസിക്കുന്നതു തിരുമേനിക്കു ചിന്തിക്കാൻ കഴിഞ്ഞില്ല. ഒരു പ്രത്യേക സന്യാസസഭയുടെ ലക്ഷ്യം ഫാദർ വിതയത്തിലിനു് ഉണ്ടായിരുന്നുവെന്നാണു് എല്ലാ സാഹചര്യങ്ങളും വിശദമാക്കുന്നതു്.

അഭിവന്ദ്യതിരുമേനി ഫാദർ വിതയത്തിലിൻെറ അപേക്ഷകളും ത്രേസ്യയുടെ ആവലാതികളും പലപ്രാവശ്യം തിരസ്കരിച്ചെങ്കിലും 1905ൽ ത്രേസ്യയെ മൂന്നാം സഭയിൽ ചേർക്കാൻ അനുമതി കൊടുത്തപ്പോൾ അവർക്കു തലമുണ്ടുകൂടി അനുവദിച്ചു. കൂട്ടജീവിതം കഴിക്കുന്ന മൂന്നാം സഭാംഗങ്ങൾക്കേ തലമുണ്ടു കൊടുക്കാറുള്ളൂ. ഈ അനുവാദം ഒരു സന്യാസസഭയുടെ സ്ഥാപനത്തിനു നാന്ദിയായെന്നാണു് ഈ ഗ്രന്ഥകാരനു തോന്നുന്നതു്.

എങ്കിലും തിരുമേനിക്കു് ഉറപ്പു വരുന്നില്ല. അതിനാലാണു ത്രേസ്യയോടു ഒല്ലൂരു് കർമ്മലീത്താ മഠത്തിൽ താമസിക്കാൻ നിർദ്ദേശിച്ചതു്. കർമ്മലീത്താ മഠത്തിൽ ചേരുന്നതു നാട്ടുകാർക്കും ഫാദർ വിതയത്തിലിനും ഇഷ്ട

മായിരുന്നില്ല. ആത്മപിതാവിൻെറ അഭിപ്രായം വിട്ടു മറെറാന്നും ചെയ്യാൻ ത്രേസ്യ തയ്യാറായിരുന്നുമില്ല. ഒരു പുതിയ മഠം അനുവദിക്കാൻ മെത്രാനച്ചനു ധൈര്യം തോന്നിയില്ല. എങ്കിലും ത്രേസ്യയ്ക്കു തനിച്ചു താമസിക്കാൻ അനുമതി കൊടുത്തു. ആ ഏകാന്തജീവിതം വിശുദ്ധിയിൽ തഴച്ചുവളരുകയാണെങ്കിൽ നവമായ ഒരു സന്യാസഭ സ്ഥാപിക്കാമെന്നു മെത്രാനച്ചൻ വിചാരിച്ചിരുന്നിരിക്കണം.

അന്നു ത്രേസ്യയ്ക്കു 37 വയസ്സുണ്ടു്. ഒരു മന്ദിരത്തിലെ ഒരു വഷത്തെ ഏകാന്ത ജീവിതത്തിൻെറ വിശുദ്ധി അസൂയാലുക്കൾക്കു താറടിക്കാൻ കഴിഞ്ഞില്ലെന്നുള്ളതിൻെറ ലക്ഷ്യമാണു മെത്രാനച്ചൻ 1914ൽ പെട്ടന്നു ചെയ്ത ചില തീരുമാനങ്ങൾ. സാധാരണമായി ത്രേസ്യയേയും ഫാദർ വിതയത്തിലിനേയും എതിർത്തു കൊണ്ടിരുന്ന മെത്രാനച്ചൻ 1914 മേയ് 13ാംനു- ത്രേസ്യാ താമസിച്ചിരുന്ന വീടു സന്ദർശിച്ചു. ഭവനസന്ദർശനത്തിനു ശേഷം തിരുമേനി ഫാദർ വിതയത്തിലിനെ അഭിവാദ്യം ചെയ്തു പറഞ്ഞു: „അച്ചാ, ത്രേസ്യയുടെ ഏകാന്തഭവനം ഒരാശ്രമമാക്കണമെന്നാണെൻെറ ആഗ്രഹം അച്ചനെന്തു തോന്നുന്നു.?"

"പിതാവിൻെറ ഇഷ്ടംപോലെ. അതു് ഒരാശ്രമമാക്കുന്നതാണു് ഉത്തമമെന്നു് എനിക്കും തോന്നാറുണ്ടു്.'

"അങ്ങനെയെങ്കിൽ അവിടെ ഏതു സഭയാണു് ആരംഭിക്കേണ്ടതു്?"

"പരിശുദ്ധ കന്യകാമറിയത്തിൻെറ സഭയാക്കിയാൽ കൊള്ളാം"

"നമ്മുടെ രൂപതയിൽ ദൈവമാതാവിൻെറ പേരിൽ പല മഠങ്ങളുണ്ടല്ലോ". ആകയാൽ ഇതു തിരുക്കുടുംബസഭയായിരിക്കട്ടെ. എന്താ?"

"അങ്ങയുടെ നിശ്ചയം ദൈവഹിതമായി ഞാൻ കരുതുന്നു. ദൈവത്തിനു സ്തുതിയായിരിക്കട്ടെ".

"കഷ്ടതകളുടെയും പരീക്ഷണങ്ങളുടേയും പാതയിൽ കൂടി ദൈവം ത്രേസ്യയെ നയിച്ചതു് ഈ നാട്ടിൽ തിരുക്കുടുംബത്തിൻെറ നാമത്തിൽ നവമായ ഒരു സന്യാസിനീസഭ സ്ഥാപിക്കാനാണെന്നു് എനിക്കു ബോധ്യം വന്നിരിക്കുന്നു. നാളെത്തന്നെ ത്രേസ്യയുടെ വ്രതവാഗ്ദാനം നടത്താം; തിരുക്കുടുംബസന്യാസസഭ സ്ഥാപിക്കുകയും ചെയ്യാം."

ത്രേസ്യയുടെ പൈശാചിക പരീക്ഷണങ്ങളും കാഴ്ചപ്പാടുകളും അങ്ങേയററം അവിശ്വസിച്ചു ഭക്ഷണക്കൊതിയത്തിയായി മുദ്രകുത്തിയ മെത്രാനച്ചൻ പന്ത്രണ്ടു കൊല്ലത്തെ പരീക്ഷണങ്ങൾക്കു ശേഷം, മൂന്നു മാസം കമ്മലീത്താ സഹോദരിമാരുടെ മേൽ നോട്ടത്തിൽ താമസിപ്പിച്ചു് അവരുടെ റിപ്പോർട്ടുകൂടെ വാങ്ങിയശേഷം എടുത്ത ഈ തീരുമാനം ത്രേസ്യയുടെ ജീവിതവിശുദ്ധിക്കും ഫാദർ വിതയത്തിലിൻെറ നിഗമനങ്ങളുടെ സത്യാവസ്ഥയ്ക്കും ലക്ഷ്യമായി നിലകൊള്ളുന്നു. പിശാചുക്കൾ അന്നു ലജ്ജിച്ചു കാണും.; മാലാഖമാർ അന്നു ഗാനങ്ങൾ പാടിയിരുന്നിരിക്കണം. ത്രേസ്യയ്ക്കു തുടർച്ചയായി പ്രത്യക്ഷപ്പെട്ടിരുന്ന ഈശോയുടേയും മറിയത്തിൻേറയും യൗസേപ്പിൻേറയും ഉദ്ദേശങ്ങൾ നിറവേറി. അങ്ങനെയല്ലാതെ സംഭവിക്കുമോ?

മെത്രാനച്ചൻെറ തീരുമാനം അതിവേഗം പുത്തഞ്ചിറ ഇടവക മുഴവനും പരന്നു. എവരും സംതൃപ്തി പ്രകാശിപ്പിച്ചു. ത്രേസ്യയും കൂട്ടുകാരും അതീവസന്തോഷ

ത്തോടെ ഒരുക്കങ്ങൾ തുടങ്ങി. അവരെ സഹായിക്കുവാനായി അഭിവന്ദ്യതിരുമേനി തന്നെ രണ്ടു കർമ്മലീത്താ സഹോദരിമാരെ നിയോഗിച്ചു.

1914 മേയ് 14-ാംനു- സുപ്രഭാതം. സ്ഥാനവസ്ത്ര വിഭൂഷിതനായി തൃശ്ശൂരു വികാരി അപ്പസ്തോലിക്കാ ഡോക്ടർ യോഹന്നാൻ മേനാച്ചേരി പുത്തൻചിറ ഇടവക ദൈവാലയത്തിലേക്കു പ്രവേശിച്ചു. വളരെയേറെ ഇടവകക്കാർ ദൈവാലയത്തിൽ ഇതിനകം തിങ്ങിക്കൂടിയിരുന്നു. അവരോടു തിരുമേനി പറഞ്ഞു: "ഒരു സന്തോഷവാർത്ത: ത്രേസ്യയ്ക്കും ത്രേസ്യയെപ്പോലുള്ളവർക്കുമായി ഒരു പുതിയ സന്യാസിനീസഭ സ്ഥാപിക്കുകയാണ് തിരുക്കുടുംബ സന്യാസസഭ."

സഭാവസ്ത്രം കരത്തിലേന്തി ത്രേസ്യാ മന്ദംമന്ദം മുന്നോട്ടു നീങ്ങി; പിറകിൽ ശിരോവസ്ത്രമായി അവളുടെ മൂന്നു കൂട്ടുകാരികളുമുണ്ടായിരുന്നു. പതിവുള്ള കർമ്മങ്ങളനുസരിച്ചു ത്രേസ്യയ്ക്കു സഭാവസ്ത്രം നല്കി; മറിയം ത്രേസ്യാ എന്ന നാമധേയം അവൾ സ്ഥിരീകരിച്ചു; നിത്യവ്രതവാഗ്ദാനവും ചെയ്തു. മെത്രാനച്ചൻ ത്രേസ്യയെ മഠാധിപയായി നിയമിച്ചു. കൂട്ടുകാരികളിൽ മറിയത്തിനു വെറോനിക്കയെന്നും കൊച്ചുമറിയത്തിന് ആഗ്നസ്സെന്നും താണ്ടയ്ക്കു ക്ലാരയെന്നും സന്യാസനാമധേയം നല്കി. വിതയത്തിൽ ബ. യൗസേപ്പ് അച്ചൻ കപ്ലോനായി നിയമിക്കപ്പെട്ടു. നിത്യവ്രതവാഗ്ദാനസമയത്ത് ത്രേസ്യയ്ക്ക് ഈശോ മറിയം യൗസേപ്പ് പ്രത്യക്ഷപ്പെട്ടു ജ്ഞാനസംഭാഷണം നടത്തി. അന്നത്തെ ചടങ്ങുകളിൽ 8 വൈദികരും 14 കർമ്മലീത്താ സഹോദരിമാരും പങ്കെടുത്തു. മെത്രാനച്ചൻ തന്നെ പുതിയ സഭയ്ക്കു നിയമങ്ങൾ എഴുതി

രുത്തികൊടുത്തു. ജാഫ്നായിലെ മെത്രാൻവഴി തിരു കുടുംബ സഭാംഗങ്ങളുടെ നിയമസംഹിത വരുത്തി തമിഴിൽ നിന്നു മലയാളത്തിലേക്കു പരിഭാഷപ്പെടുത്തു കയാണു് ചെയ്തതു്. "തിരുക്കുടുംബസഭയും അതി ൻെറ കുറിമാനവും" എന്നാണു് നിയമസംഹിതയ്ക്കു് പരിഭാഷകർ പേരിട്ടതു്. പ്രസ്തുത നിയമസംഹിതയിലെ ചില ഖണ്ഡികകൾ മൂലത്തിൽ നിന്നു് അതേപടി ഇവി ടെ ചേർക്കുന്നു.

"1. തിരുക്കുടുംബ സഭയുടെ കുറിമാനം പ്രധാനമാ യിട്ടു രണ്ടായിരിക്കുന്നു. ഒന്നാമതു്: സന്യാസ ജീവിത ത്തെ ചെറിയ പെൺകുട്ടികളോടു പറഞ്ഞറിയിച്ചു് സർവ്വേ ശ്വരനാൽ ഈ അന്തസ്സിനു വിളിക്കപ്പെട്ടിരുന്ന സകലരേ യും ഈ സഭയിൽ പറയപ്പെട്ടിരിക്കുന്ന ക്രമമായി അ വരെ കൈക്കൊള്ളുന്നതിലേക്കു വേണ്ട പോംവഴികൾ നോക്കുന്നതത്രേ ഒന്നാമത്തെ കുറിമാനം. ഈലാക്കു സ ഫലമായി തികയപ്പെടുത്തുന്നതിനായി എറോപ്പ മുതലാ യ നാടുകളിലെ തിരുക്കുടുംബ സഭക്കാർ പുണ്യത്തിൽ ഏതു പ്രകാരം പ്രകാശിക്കുന്നുവോ അതേ പ്രകാരം നിങ്ങ ളും പ്രകാശിക്കുന്നതിനു് ഉത്സാഹിക്കണം. അതായതു് അ വരിൽ കാണുന്ന വിശേഷ പുണ്യങ്ങളെല്ലാം നിങ്ങളിലും ഉണ്ടാകുകയും വലിയ പുണ്യസാംഗോപാംഗം തേടണമെ ന്ന ലാക്കോടെ, നിങ്ങൾക്കുള്ള ക്രമങ്ങളിൽ ഒന്നും ഉപേ ക്ഷിക്കാതെയിരിക്കുന്നതിനു പ്രയാസപ്പെടുകയും വേണം.

"നിങ്ങളുടെ സഭ തിരുക്കുടുംബമായിരിക്കുന്ന തായി മരം തന്നെ ആയിരിക്കയാൽ പുണ്യങ്ങളായിരിക്കുന്ന പു ഷ്പങ്ങളും പഴങ്ങളും അതിന്മേൽ ധാരാളം ഉണ്ടായിരിക്കേ ണ്ടതാകുന്നു".

"രണ്ടാമത്തേ കറിമാനമായതു്: നമ്മുടെ നാട്ടിലേ ചെറിയ പെൺകുട്ടികളെ പഠിപ്പിക്കുന്നതാകുന്നു. ആയതിനാൽ ഈ സഭയിലേ കന്യാസ്ത്രീകൾ കുട്ടികളെ പഠിപ്പിക്കുന്നതിനും സ്കൂളുകളേയും മഠങ്ങളേയും നോക്കി നടത്തുന്നതിനും പെൺകുട്ടികൾക്കു പ്രത്യേകം ആവശ്യമായിരിക്കുന്ന തയ്യൽ മുതലായ വേലകളെ തഴക്കുന്നതിനും ആവശ്യമാകുന്നു."

"രോഗവിചാരണക്കാരായ സഹോദരിമാർ രോഗികളെ ചെന്നുകണ്ടു് അവരെ കുമ്പസാരം മുതലായ ദിവ്യകൂദാശകൾക്കു വേണ്ടപ്രകാരമൊക്കെ ആസ്ഥമാക്കുന്നതിലേക്കു പാട്ടുപോലെ പഠിക്കുന്നവരായ സ്കൂൾ സഹോദരികളും ചേന്നു് സഹായിക്കുകയും വേണം.

"ശരിക്കു പറയുന്നതായിരുന്നാൽ തിരുകുടുംബസഭക്കാൎക്കു തുണസഹോദരികളില്ല. ഏതേതു ജോലിക്കാരായ കന്യാസ്ത്രീകളായിരുന്നാലും എല്ലാവൎക്കും ഒരേ മാതിരിയുള്ള യാവനകളും ഉടുപ്പുകളുമായിരിക്കേണ്ടതാകുന്നു. ക്ലാസുകൾ നടത്തുന്ന സഹോദരികൾക്കു സഭയിലെ ജോലികൾ കൊടുക്കപ്പെടുന്നതാകുന്നു."

"ജോസഫ്നാ തിരുക്കുടുംബസഭയിൽ പ്രചാരത്തിലായിരുന്ന ജ്ഞാനവാക്യമാണു്: "മറിയം വഴി എല്ലാ സ്തുതിയും ദൈവത്തിനുള്ളതായിരിക്കുന്നു." പ്രാൎത്ഥനകളുടെ ആരംഭത്തിലും അവസാനത്തിലും ഭക്ഷണനേരത്തും ജ്ഞാനവായനയ്ക്കും സ്വതന്ത്രസമയങ്ങളിലും ഉല്ലാസത്തിൻെറ ആരംഭത്തിലും ഈ ജ്ഞാനവാക്യം ഒരു നിശ്ചിതസഹോദരി ഉറക്കെ ചൊല്ലണമെന്നു നിശ്ചയിച്ചിരിക്കുന്നു.

"കന്യാസ്ത്രീകൾ പുറത്തു പോകുമ്പോൾ തങ്ങളുടെ വീട്ടുകാരേയും അറിവും പരിചയവുമുള്ളവരേയും വഴി

യിൽ കണ്ടുമുട്ടുകയാണെങ്കിൽ അവരോടു സംസാരിക്കാതെ ഒരു സ്നേഹ ആചാരോപചാരം മാത്രം കാണിച്ചു പോകയും ചെയ്യുന്നു."

"തങ്ങളുടെ പഠനംനിറുത്തി വീട്ടിൽ നില്ക്കുന്ന കുട്ടികൾ പള്ളിയിൽ വരുന്നുണ്ടോ എന്നു് അന്വേഷിക്കാൻ കന്യാസ്ത്രീകൾക്കു ചുമതല ഉണ്ടായിരിക്കുന്നു. എന്നാൽ അവരുടെ വീട്ടിൽ കയറിക്കൂടാ. വീടിന്റെ മുററത്തോ ബ്രാന്തയിലോ ചെന്നു കാര്യം നടത്തി പോരുകയുമാം. ഇങ്ങനെ പോകുന്ന സമയം മൂന്നു പേരായിട്ടു പോകയും വേണം.

"കുട്ടികളുടെ കാര്യത്തെ അന്വേഷിക്കാനായി പോകുമ്പോഴൊക്കെയും തങ്ങളുടെ കുട്ടികൾക്കോ തങ്ങളുടെ അന്വേഷണത്തിനുള്ള രോഗികൾക്കോ ആയി അമ്പത്തിമൂന്നുമണിജപം എത്തിക്കാൻ മറക്കരുതു്."

"കീഴ്‌വഴക്കത്താൽ നമ്മൾ ചെയ്‌തിരിക്കുന്ന സ്ഥലത്തുള്ള ബ. പട്ടക്കാർക്കു സഹായം ചെയ്യേണ്ടി വരികയിൽ; റേഗുളാന്യായപ്രമാണത്തിനു വിരുദ്ധമല്ലാത്ത കാര്യങ്ങളിൽ അവരെ സഹായിക്കുന്നതിനും ആചാരോപചാരത്തോടും പെരുമാറുന്നതിനും കടമായിരിക്കയാണു്."

"ക്രാത്തയിലും സ്കൂളിലും ബ. അച്ചന്റെ മുറിയിലും ബ്രാന്തയിലും പരസ്യസ്ഥലങ്ങളിലുമല്ലാതെ ബ അച്ചന്മാരോടും സംസാരിപ്പാൻ പാടില്ലാത്തതാകുന്നു. ഇങ്ങനെ സംസാരിക്കുമ്പോൾ കൂടെയും രണ്ടുപേരായി ഇരിക്കയും വേണം."

1914 ജൂലായി 22-ാംനു- നിയമസംഹിതയിൽ മേനാച്ചേരി മെത്രാനച്ചൻ ഒപ്പുവച്ചിരിക്കുന്നതായി കാണുന്നു. രണ്ടുമാസം കൊണ്ടു നിയമം പരിഭാഷപ്പെടുത്തി നടപ്പിലാക്കിയതിൽ നിന്നു് എത്ര ഉത്സാഹത്തോടെയാണു് ഇക്കാര്യങ്ങൾ വിവേകമതിയായ തിരുമേനി നിവ്വ

ഹിച്ചിരുന്നതെന്നു് ഊഹിക്കാമല്ലോ. ഇവിടെയും ദൈവത്തിൻെറ പരിപാലന തെളിഞ്ഞു കാണാം.

**സഭയുടെ വളർച്ച**

ത്രേസ്യയുടെ ഏകാന്തമന്ദിരത്തിനു് ഒരു മഠത്തിനാവശ്യമുള്ള വലിപ്പം ഇല്ലായിരുന്നു. തന്നിമിത്തം മഠത്തിൻെറ തെക്കുവശത്തു മഠത്തോടുചേർത്തു ഏകദേശം 24 കോൽ നീളത്തിൽ ഒരു കെട്ടിടം തീർത്തു. പിന്നീട മഠത്തിൻെറ തെക്കുവശത്തും പടിഞ്ഞാറവശത്തും ഓരോ ചെറിയ കെട്ടിടം ഉണ്ടാക്കി. ത്രേസ്യയുടെ അമ്മവീട്ടുകാർ അവർക്കു് കുറേസംഖ്യ നല്കി. അതുകൊണ്ടു മഠത്തോടു തൊട്ടടുത്തു കിടന്നിരുന്ന ഒരുപറമ്പു സഭയ്ക്കായി തീറുവാങ്ങി. ഇങ്ങനെ എല്ലാം നിർവഹിച്ചിരുന്നതു് മറിയം ത്രേസ്യയ്ക്കു ലഭിച്ചിരുന്ന ധർമ്മസഹായങ്ങൾകൊണ്ടും ഫാദർ വിതയത്തിലിൻെറ സ്വകീയവും അല്ലാതെയുമുള്ള സംഭാവനകൾ കൊണ്ടുമാണു്.

ഈ നാട്ടിൽ സ്ത്രീവിദ്യാഭ്യാസത്തിനു് ഒരു പെൺപള്ളിക്കൂടമില്ലാതിരുന്നതിനാൽ അത്തരം ഒരു സ്ഥാപനം തുടങ്ങണമെന്നു ബ. ത്രേസ്യയും കപ്ലോനും കൂടെ ആലോചിച്ചു മെത്രാനച്ചനെ ബോധിപ്പിച്ചു് അനുമതി വാങ്ങി. ഗവമ്മെൻറിലേക്കു് അപേക്ഷയുമയച്ചു. വേറെ സ്കൂൾകെട്ടിടം ഇല്ലാതിരുന്നതുകൊണ്ടു്, മഠത്തിൻെറ തെക്കുവശത്തുള്ള കെട്ടിടത്തിൽ വച്ചു് 1915 മേയ് മാസത്തിൽ ഒന്നും രണ്ടും ക്ലാസ്സുകൾ ആരംഭിച്ചു. അധ്യാപികമാരെ ലഭിക്കുക ദുർല്ലഭമായിരുന്നതിനാൽ മെത്രാനച്ചൻെറ അനുമതിയോടുകൂടെ രണ്ടു കർമ്മലീത്താ സഹോദരിമാരെ വരുത്തി. തിരുക്കുടുംബ മഠത്തിൽ ചേരാൻ വന്നിരുന്ന ഞാറക്കൽ ശങ്കുരിക്കൽ പൗലോസിൻെറ മകൾ

മര്ഗ്ഗരീത്തായേയും അദ്ധ്യാപികമാരായി നിയോഗിച്ചു. ഇവരം ഒരു കൊല്ലം പഠിപ്പിച്ചു; എന്നാൽ അവരുടെ നിയമനം ഗവർമ്മെൻറ് അംഗീകരിക്കയുണ്ടായില്ല. കർമ്മലീത്താ സഹോദരിമാർ രണ്ടുപേരും മടങ്ങി. പകരം കോഴിക്കോട്ടു നിന്നു് മിസ്സ് ടീസാ മെൻറസായും കോട്ടയത്തു നിന്നു പി. ടി. ഏലീശായും നിയമിതയായി. ഏലീശായുടെ നിയമനം ഗവർമ്മെൻറ് അംഗീകരിച്ചു. മഠംവക പറമ്പിൽ ഒരു പ്രൈമറിസ്കൂൾ പണിതീർത്തു. സ്കൂളിൻെറ അംഗീകാരത്തിനു കോട്ടയത്തെ മൂലപ്പറമ്പിൽ അലക്സാൻറർ മെത്രാൻ കൂടെ സഹായിച്ചിട്ടുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്. തിരുമേനിയും ചങ്ങനാശ്ശേരിയിലെ കുര്യാളശ്ശേരി മെത്രാനച്ചനും ഡോക്ടർ മേനാച്ചേരിയും ഒരുമിച്ചു 1915 മേയ് 30-ാംനു- ത്രേസ്യയുടെ മഠം സന്ദർശിച്ചുവെന്നുള്ളതു് ഈ കൊച്ചുസന്യാസസഭയുടെ ഒരനുഗ്രഹം തന്നെയാണു്.

1918 മേയ് തൃശ്ശൂരു് ഒരു സ്ഥലം വാടകയ്ക്കെടുത്തു് ഇംഗ്ലീഷു പഠിക്കുന്നതിനു കുറേ സഹോദരിമാരേയും ബോർഡിങ്ങ് വിദ്യാർത്ഥികളേയും അങ്ങോട്ടു് അയച്ചു വലിയ വിദ്യാഭ്യാസമില്ലാത്ത ബ. ത്രേസ്യാ ഇത്ര പുരോഗമനപരമായ തീരുമാനങ്ങളെടുത്തതു് ആശ്ചര്യജനകമാണു്. ഇംഗ്ലീഷു വിദ്യാഭ്യാസം കൂടാതെ സഹോദരിമാർക്കു വിദ്യാഭ്യാസരംഗത്തു് പ്രവർത്തിക്കാൻ സാധിക്കയില്ലെന്നു പുത്തഞ്ചിറ പ്രൈമറി സ്കൂളിലേക്കു് അദ്ധ്യാപികമാരെ അന്വേഷിച്ചപ്പോൾ ത്രേസ്യക്കു മനസ്സിലായി. അതിനു ശേഷം വിദ്യാഭ്യാസരംഗത്തു ബ. ത്രേസ്യാ ഉത്സാഹപൂർവ്വം പ്രവർത്തിക്കാൻ തുടങ്ങി. ഇങ്ങനെ ആരംഭിച്ച വാടകക്കെട്ടിടത്തിലെ ബോർഡിങ്ങാണു് തൃശ്ശൂരു ചെമ്പുക്കാവിലുള്ള തിരുക്കുടുംബമഠമായി പരിലസിക്കുന്നതു്.

പുത്തഞ്ചിറ മഠത്തിൽ പത്തോ പന്ത്രണ്ടോ സഹോദരിമാർക്ക താമസിക്കാനുള്ള സൗകര്യമേ ഉണ്ടായിരുന്നുള്ളു. അതിനാൽ വളൎന്നുകൊണ്ടിരുന്ന സഭയ്ക്കു പുതിയ ശാഖകൾ അത്യന്താപേക്ഷിതമാണെന്നു സ്പഷ്ടമായി. എന്നാൽ ത്രേസ്യാ എന്തുചെയ്യും? ഇങ്ങനെയിരിക്കെ, പുത്തഞ്ചിറഇടവകക്കാരൻതന്നെയായ അമ്പൂക്കൻ വലിയ യോഹന്നാനച്ചൻ ഒരു ദിവസം മഠത്തിൽ വന്നു മഠത്തിൽനിന്നു് രണ്ടു നാഴിക കിഴക്കു് കൊച്ചിശ്ശീമയിൽപ്പെട്ട കുഴിക്കാട്ടുശ്ശേരിയിലുള്ള എട്ടു ഏക്കർ സ്ഥലവും 1000രൂപായും ദാനമായിക്കൊടുക്കാമെന്നു സമ്മതിച്ചു. താമസിയാതെ കുഴിക്കാട്ടുശ്ശേരി മഠം സമാരംഭിക്കാനുള്ള അനുവാദം മെത്രാനച്ചൻെറ അടുക്കൽനിന്നു കിട്ടി.

ഭയങ്കരമായ ഒന്നാം ലോകമഹായുദ്ധത്തിൻെറ കാലത്താണു യോഹന്നാൻ അച്ചൻെറ ഈ ദാനം. ക്ഷാമംഎവിടെയും കളിയാടിയിരുന്നതിനാൽ കെട്ടിടംപണിയുന്നതിനുള്ള പണത്തിനു് ഒരു മാൎഗ്ഗവുമില്ലായിരുന്നു. 6100 ക. സലയായി ഒരു കുറിവച്ചു. കൊച്ചിമഹാരാജാവുഎൺപതു് കണ്ടി തേക്ക മഠത്തിനു സമ്മാനിച്ചു 1917സെപ്റ്റമ്പർ 2-ാംനു- മെത്രാനച്ചൻ കുഴിക്കാട്ടുശ്ശേരി മഠത്തിൻെറ ശിലാസ്ഥാപനം നടത്തി. എന്നാൽ മഠത്തിൻെറ പണി 1922ലേ കഴിഞ്ഞുള്ളു. 1918ൽ പുത്തഞ്ചിറ ഇടവകക്കാരനായ പഴയാററിൽ ബ.പത്രോസു അച്ചൻെറ പരിശ്രമംവഴി ഒരു ഷെഡുണ്ടാക്കി പ്രൈമറി സ്കൂൾ സ്ഥാപിച്ചു. 1922ൽ അദ്ദേഹം ആ പ്രൈമറി സ്കൂൾ മഠത്തിനു വിട്ടുകൊടുത്തു; വിതയത്തിലച്ചൻ അതിൻെറ മാനേജരുമായി. അതോടനുബന്ധിച്ചു് മേയ് മാസത്തിൽ ഒരു ലോവർ സെക്കൻെററി സ്കൂളമാരംഭിച്ചു.

മഠത്തിന്റെ പണികഠം നടത്തിയതു ബ. കപ്പോൻ ബ. മറിയംത്രേസ്യയുമാണു്. കാലത്തുതന്നെ വി. കർബാന കണ്ടു വി. കർബാന സ്വീകരിക്കുകയും പഴയ മഠത്തിൽ നിന്നു രണ്ടു നാഴിക നടന്നു കുഴിക്കാട്ടുശ്ശേരിയിലെത്തി പണികഠം നിർവ്വഹിക്കുകയും ചെയ്തുകൊണ്ടിരുന്നു. പറമ്പിൽ പല ആരാമ്പ്ഴകളും ഉണ്ടാക്കി. ഇപ്രകാരം അഞ്ചിൽ ചിലപ്പാനം കൊല്ലം സൂര്യന്റെ ചൂടും മഴയും കൂട്ടാക്കാതേയും തനിക്കു സഹജമായ ഞെരുക്കങ്ങളും കഷ്ടതകളും അസുഖങ്ങളും അവഗണിച്ചും ബ. മറിയം ത്രേസ്യാ അധ്വാനിച്ചു. അന്യരുടെ നിന്ദാപമാനങ്ങളും സിസ്റ്റർ സഹിക്കേണ്ടതായി വന്നു. 1922 മേയ് 17-ാംനു- മെത്രാനച്ചന്റെ അനുവാദത്തോടുകൂടി ബ. സഹോദരിമാരെല്ലാവരും പഴയമഠത്തിൽനിന്നുമാറി പുതിയ മഠത്തിൽ താമസമുറപ്പിച്ചു. അന്നു് ആകെ സഹോദരിമാർ മുപ്പത്തിമൂന്നും അനാഥക്കുട്ടികഠം പത്തുമായിരുന്നു

1917 സെപ്റ്റംബർ 2-ാംനു- കുഴിക്കാട്ടുശ്ശേരി കുന്നമ്പറമ്പിൽ മഠത്തിനു കല്ലിട്ട അവസരത്തിൽ വെളിയനാട്ട് ഇടവക തെക്കേക്കര പറോക്കാരൻ ലോന കുഞ്ഞുവറിയ്ത്തു് തുമ്പൂരു് ഒരുമഠത്തിനുവേണ്ടസ്ഥലം സൗജന്യമായി നല്ലാമെന്നും മററു സഹായങ്ങഠം ചെയ്തുകൊടുക്കാമെന്നും ബ. ത്രേസ്യയോടു വാഗ്ദാനം ചെയ്തെങ്കിലും പ്രതിബന്ധങ്ങഠം നിമിത്തം 1924 വരെ അക്കാര്യത്തിൽ ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. 1924 നവമ്പർ 29-ാംനു- രൂപതാദ്ധ്യക്ഷൻ ഡോക്ടർ ഫ്രാൻസിസു വാഴപ്പിള്ളി സ്ഥലത്തെത്തി മഠത്തിനു ശിലാസ്ഥാപനം നിർവ്വഹിച്ചു. ശ്രീ കുഞ്ഞുവറിയതിന്റെ അശ്രാന്തപരിശ്രമത്താലും നാട്ടുകാരുടെ സഹകരണത്താലും മഠംപണിവേഗം പൂർത്തിയായി. 1923

മേയ് 10-ാംനു ത്രേസ്യാ മരിക്കുന്നതിന്ന് ഏതാനും ദിവസങ്ങൾക്കുമുമ്പ് വാഴപ്പിള്ളി മെത്രാനച്ചൻ തുമ്പൂരു മഠത്തിൻെറ വെഞ്ചരിപ്പു കർമ്മം നടത്തി.

പ്രഥമലോകമഹായുദ്ധത്തിൻെറ ആരംഭത്തിൽ സമാരംഭിച്ച തിരുക്കുടുംബസന്യാസിനീസഭ പണത്തിന് ഏററവും മുട്ടുണ്ടായിരുന്ന ആ ഒരയിൽ പന്ത്രണ്ടുവർഷത്തിനിടയ്ക്കു് നാലു ശാഖാമഠങ്ങൾ സ്ഥാപിച്ചതും രണ്ടു സ്കൂളുകൾ ആരംഭിച്ചതും വിസ്മയാവഹമായ പുരോഗമനമാണെന്നു് അന്നത്തെ സാഹചര്യങ്ങൾ നിശ്ചയമില്ലാത്തവർക്കു ബോധ്യം വരികയില്ല. ത്രേസ്യയുടെ സ്വർഗ്ഗീയ കാവല്ക്കാരുടെ പിന്തുണ ഈ പുരോഗമനത്തിൽ തികച്ചും ദൃശ്യമാണു്. അല്പജ്ഞയും ദുർബ്ബലയുമായ ഒരു സാധാരണസ്ത്രീ ഇത്രവലിയ നേട്ടങ്ങൾ നേടിയതു് ദൈവാനുഗ്രഹത്താലല്ലാതെ മററുവിധത്തിലൊന്നും വ്യാഖ്യാനിക്കാവുന്നതല്ല. ആകയാൽ ത്രേസ്യയുടെ സ്വർഗ്ഗീയബന്ധവും പൈശാചികമർദ്ദനങ്ങളുംചൂടപിടിച്ചദൈവസ്നേഹാലംകൃതമായഒരാത്മാവിന്റ്ദിവാസ്വപ്നങ്ങളോ, മായാദർശനങ്ങളോ, ചിത്തഭ്രമമോ, അപസ്മാരചേഷ്ടകളോ, വ്യാജപ്രചരണങ്ങളോ ആയിതള്ളാവുന്നതല്ല. ത്രേസ്യയൊരുമിച്ചു ജീവിച്ചിട്ടുള്ള തിരുക്കുടുംബസഭാജനറൽ ജോസഫീന, കർമ്മലീത്താ മദർജനറൽ ഇഗ്നേഷ്യയാ, നേഴ്സ് സിസ്റ്റർ മരിയാ ലൂയിസാ. ബ. അമ്മയുടെ അനുജത്തിയുടെ മകൾ സി. കൊച്ചുത്രേസ്യാ തുണസഹോദരിയായി കൂടെ താമസിച്ചിരുന്ന സി. അഗസ്സാ, വിതയത്തിലച്ചൻെറ ഭാഗിനേയിയായ മദർ ജനറൽഅന്ന എന്നിവരോടു് ഈ ഗ്രന്ഥകാരൻ നേരിട്ടു് ഇക്കാര്യങ്ങൾ സംബന്ധിച്ചു് ചർച്ചകൾ നടത്തിയിട്ടുണ്ടു്. അവർക്കു സംഭവങ്ങളുടെ വാസ്ത

വികതയെ സംബന്ധിച്ച് സംശയമൊന്നുമുള്ളതായിക്കാണുന്നില്ല. അവരും കേട്ടു ബോദ്ധ്യപ്പെട്ടിട്ടുള്ള ചില അസാധാരണ സംഭവങ്ങളാണ് ഇനി വിവരിക്കാൻ പോകുന്നതു്. അവ ഏതാണ്ടു ഫാദർ വിതയത്തിലിൻെറ ഭാഷയിൽത്തന്നെ കീഴെ ചേക്കുന്നു.

**സ്വഭാവേതര സംഭവങ്ങൾ**

"സഭയ്ക്കു വിശേഷധനമില്ലെങ്കിലും എല്ലാവക്കും ത്രേസ്യാ തന്നെ യാവന അന്വേഷിച്ചു കൊടുത്തിരുന്നു. ധർമ്മം വാങ്ങി പണികൾ നടത്തിപ്പോന്നു. യാവനയ്ക്കും മററും തീരെ മുട്ടായി മററാരുടേയും സഹായമില്ലാതെ വരുമ്പോൾ ദൈവത്തോടു മുട്ടിപ്പായി അപേക്ഷിക്കുകയും ദൈവം ആവശ്യം നടത്തിക്കൊടുക്കുകയും ചെയ്തിരുന്നു. ചിലപ്പോൾ ഇവളുടെ പെട്ടിയിൽ, ചിലപ്പോൾ ഇവൾ കിടക്കുന്ന പായുടെ അടിയിൽ, ചിലപ്പോൾ ഇവളുടെ കൈയിൽ ആവശ്യത്തിനുള്ള പണം മാർയൗസേപ്പു പിതാവു നിക്ഷേപിച്ചിരുന്നു.

"ഇവളോടുകൂടെ ആദ്യം ജീവിച്ചിരുന്ന കൂട്ടുകാരികളിൽ 2 പേരുടെ സ്വഭാവം നന്നായിരുന്നില്ല. പലപ്പോഴും അവർ ബ. ത്രേസ്യക്കെതിരെ പിറുപിറുത്തിരുന്നു. അവ ക്ഷമിച്ചു അവക്കുവേണ്ട ഉപദേശങ്ങൾ ത്രേസ്യാ പറഞ്ഞു കൊടുത്തിരുന്നു. അവരോടു് എളിമയോടെ പൊറുതി അപേക്ഷിക്കയും ചെയ്തിരുന്നു. ശ്രേഷ്ഠസ്ഥാനം തന്നിൽനിന്നു് എടുത്തുകളയാൻ അവൾ പല പ്രാവശ്യം കപ്പോനച്ചനോടു് ആവശ്യപ്പെട്ടുകൊണ്ടിരുന്നു എങ്കിലും ദേഹസുഖങ്ങളും പിശാചിൻെറ പരീക്ഷകളും ദൈവം അയച്ചിരുന്ന മററു കുരിശുകളുമെല്ലാം ക്ഷമയോ

ടെ സഹിച്ചു തൻെറ ജോലി വീഴ്ചകൂടാതെ അവറ്റ നട
ത്തിക്കൊണ്ടുപോന്നു.

"പരിശുദ്ധമാതാവിൻെറയും നമ്മുടെ കത്താവി
ൻെറയും പ്രധാന തിരുനാളുകളുടെ നൊവേനദിവസങ്ങ
ളിൽ ദൈവാനുവാദപ്രകാരം പിശാചുക്കറ്റ ഇവളെ തല്ലി
യും ഇടിച്ചും വെട്ടിയും കുത്തിയും ഇവളുടെ ദേഹത്തെ ക
ഠിനമായി പാടുപെടുത്തിയിരുന്നു.

"1914ലെ അമലോത്ഭവമാതാവിൻെറ നൊവേന
ദിവസങ്ങളിലൊരു ദിവസം പിശാച് ഇവളുടെ കഴുത്ത്
അറുത്തു കണ്ടിച്ചു ഒരു കോളാമ്പിയുടെ മേൽ എടുത്തുവ
ച്ചു. ഉടനെ മാലാഖാ വന്ന് തലയെടുത്തു കഴുത്തോടു
ചേൎത്തു വച്ചു. നൊവേനദിവസങ്ങറ്റ കഴിയുന്നതുവരെ
ആ മുറിവ് എല്ലാവൎക്കും കാണത്തക്ക സ്ഥിതിയിൽ പൊ
റുക്കാതെ ഇരുന്നു. വെള്ളം, ആഹാരം മുതലായത് ഇറ
ക്കുന്നതിന്നു വളരെ പ്രയാസമായിരുന്നു. നൊവേന അ
വസാനിച്ചപ്പോറ്റ ആ മുറിവ് പൊറുത്തുവെങ്കിലും പി
ശാച് കത്തികൊണ്ട് കഴുത്തിൽ വെട്ടിയ പാടു എപ്പോ
ഴും ഉണ്ടായിരുന്നു. ആ പാട് ആൎക്കും കാണാമായിരുന്നു

"ശുദ്ധതയ്ക്കു വിരുദ്ധമായ പരീക്ഷകറ്റ ചിലപ്പോറ്റ
മഹാ ശക്തിയായും ചിലപ്പോറ്റ കുറഞ്ഞതോതിലും ഇ
വറ്റക്കുണ്ടായിരുന്നു. പിശാചുക്കറ്റ പ്രത്യക്ഷപ്പെട്ടുത
ന്നെ അവളെ പരീക്ഷിച്ചിരുന്നു. അതുപോലെ വിശ്വാ
സത്തിന്നും ശരണത്തിന്നും എതിരായി ഇവറ്റ പരീക്ഷി
ക്കപ്പെട്ടിരുന്നു. ഇവയോട് ഇവറ്റ എല്ലായ്പോഴും യുദ്ധം
ചെയ്യുകയും ദൈവത്തിൽ ജയിക്കുകയും ചെയ്തിരുന്നു.

"സഭാവസ്ത്രധാരണത്തിനും നിത്യവ്രതവാഗ്ദാനത്തി
ന്നുംശേഷവും വെള്ളിയാഴ്ചകളിലും മററു പല ദിവസങ്ങളി

ലും മൂന്നാണികളാൽ തറയ്ക്കപ്പെട്ടതുപ്പോലെ മുറിക്കകെത്തു ച്ചുമരിന്മേൽ തൂങ്ങിക്കിടന്നിരുന്നു. ഉള്ളംകൈയിൽനിന്നും പാദങ്ങളിൽനിന്നും വിലാവിൽനിന്നും രക്തം പുറപ്പെട്ടിരുന്നു. ഒരു വാക്കിൽ പറയുകയാണെങ്കിൽ ശരീരപീഡകളില്ലാത്ത ഒരു നാഴിക ഇവൾക്കുണ്ടായിരുന്നില്ല.

"കുഴിക്കാട്ടുശ്ശേരിക്കുന്നുപറമ്പിൽ മഠം പണി ആരംഭിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പു ത്രേസ്യയ്ക്കു ഒരു കാഴ്ചയുണ്ടായി. തരിശായി കിടന്നിരുന്ന ഒരു പറമ്പിൽ ഒരു മാലാഖാ തുമ്പകൊണ്ടു കിളയ്ക്കുന്നതായികണ്ടു. വിവരം ആത്മപിതാവിനെ അറിയിച്ചു. അമ്പൂക്കനെച്ചൻ ഇനാം തരുന്ന സ്ഥലത്തു് ഒരു മഠം സ്ഥാപിക്കണമെന്നാണു ദൈവപിത്തമെന്നു ആത്മപിതാവും ത്രേസ്യയും കൂടെ നിശ്ചയിച്ചു. അങ്ങനെയാണ് കുഴിക്കാട്ടുശ്ശേരി മഠം സമാരബ്ധമായതു്"

## ബ. മറിയം ത്രേസ്യയുടെ ഉപദേശങ്ങൾ.

ബ. മറിയം ത്രേസ്യാ സഹോദരിമാക്കു നല്കിയിരുന്ന ഉപദേശങ്ങളിൽ ചിലതു ബ. യോഹന്നായും ബ. ഫ്രൻസിസ്കയും എഴുതിവച്ചിട്ടുണ്ടു. അവരുടെ കുറിപ്പുകൾ ഏറെക്കുറെ അതേ വിധം കീഴെ ചേക്കുന്നു:

## 1 കുർബാനകാണുന്നവിധം

സ്വഭവനത്തിൽ താമസിക്കുമ്പോൾ തന്നെ അജ്ഞയായ ത്രേസ്യാ വിജ്ഞനായ ഒരു വിശുദ്ധനെപ്പോലെയാണ് ദൃവ്യബലിയിൽ പങ്കെടുത്തിരുന്നതു്. താൻ കുബ്ബാന കാണുന്നവിധം അവൾതന്നെ വിവരിച്ചിട്ടുണ്ടു്. അതു് ആദ്യമായി ഇവിടെ ചേക്കാം:

വീട്ടിൽ നിന്നു പുറപ്പെടുമ്പോൾ ഗാഗുൽത്താമലയിൽ ക്രൂശതിനായ തൻെറ കത്താവിൻെറ ബലി കാണാൻ പോകുന്നുവെന്നു ചിന്തിച്ചുകൊണ്ടു പള്ളിയിലേക്കു

നടക്കുന്നു. പള്ളിയിൽ പ്രവേശിക്കുമ്പോൾ ഹന്നാൻ വെള്ളം തൊട്ടു കുരിശു വരയ്ക്കുന്നു. അനന്തരം മുട്ടുകുത്തികുമ്പിട്ടു ദൈവസഹായം അപേക്ഷിക്കുകയും കുർബ്ബാനയ്ക്കു പാത്തിരിക്കയും ചെയ്യുന്നു. മെഴുകുതിരി കത്തിക്കുമ്പോൾ ഹൃദയത്തിൽ ദൈവസ്നേഹവും മനസ്താപവും ഉണ്ടാകണമെന്നാണപേക്ഷ. "ഈശോമിശിഹായുടെ പീഢാനുഭവവും കുരിശുമരണവും എന്റെ ഹൃദയത്തിൻ പതിച്ചരുളണമേ" എന്ന സുകൃതജപത്തോടൊപ്പം ഒരു പ്രാവശ്യം 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന ജപം ചൊല്ലുന്നു.

പട്ടക്കാരൻ പാദപീഠത്തിൽനിന്നു് ബലിപീഠത്തിൽ കയറി മുത്തുമ്പോൾ ത്രേസ്യയുടെ ചിന്ത യൂദാസു കർത്താവിനെ ചുംബിക്കുന്നതും ദുഷ്ടജനം ഈശോയെ പിടിച്ചു കെട്ടുന്നതും ചവിട്ടുന്നതുമാണു്. പീഡാനുഭവസുകൃതജപം ആവർത്തിക്കുന്നു.

സുവിശേഷം വായിക്കുന്നതുവരെ ഹന്നാസിന്റെയും കായ്ഫാസിന്റെയും അരികെയുള്ള വിചാരണയായിരുന്നു ത്രേസ്യയുടെ ധ്യാനവിഷയം.

സുവിശേഷം വായിക്കാൻ തുടങ്ങുമ്പോൾ ത്രേസ്യാ നെററിയിലും വായിലും നെഞ്ചിലും കുരിശുവരച്ചുകൊണ്ടു തിരുവചനംപോലെ നടക്കാൻ സഹായം അപേക്ഷിക്കുന്നു.

വൈദികനോടുകൂടെ ത്രേസ്യാ വിശ്വാസപ്രമാണം ചൊല്ലുന്നു. കുരിശുചുമന്നതും മൂന്നുപ്രാവശ്യം കുരിശോടുകൂടെ കവിഴ്ന്നുവീണതുമാണു ത്രേസ്യയുടെ അടുത്ത ധ്യാനവിഷയം. പിന്നീടു പീഡാനുഭവസുകൃതജപം ചൊല്ലുകയും കാഴ്ചവയ്പുസമയത്തു പട്ടക്കാരന്റെ നിയോഗത്തോടു യോജിച്ചു് ജീവിച്ചിരിക്കുന്നവർക്കും മരിച്ച

വർക്കും പ്രത്യേകിച്ച് പാപികൾക്കുംവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വൈദികൻ ഇരുവശത്തേക്കു തിരിഞ്ഞു് "എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" എന്നു പറയുമ്പോൾ ത്രേസ്യാ ധ്യാനനിരതയായി പ്രാർത്ഥിക്കുന്നു.

ഇടമണി കിലുക്കം ത്രേസ്യയ്ക്കു ഈശോയുടെ കൈകാലുകളിൽ ആണികൾവച്ച് ചുറ്റികകൊണ്ടുള്ള അടിയാണു്. തന്റെ കൈകാലുകളും ആ കുരിശിൽചേർത്തു അടിച്ചാലെന്നപോലെ ത്രേസ്യാ തന്റെ പാപത്തെപ്രതി കരയുന്നു.

വി. കർബാന കൂദാശചെയ്തു് ഉയർത്തുമ്പോൾ ഈശോയുടെ കുരിശുയത്തി ഗാഗുൽത്തായിൽ നാട്ടിയതാണു ത്രേസ്യയുടെ ചിന്ത. അതേസമയം നെററി നിലത്തു തൊടത്തക്കവിധം കുമ്പിട്ടുകൊണ്ടു് ത്രേസ്യാ പറയുന്നു: "എനിക്കുവേണ്ടി കുരിശിൽ തൂക്കപ്പെട്ട രക്ഷിതാവേ, നിന്റെ ശരീരത്തെ കുമ്പിട്ടാരാധിക്കുന്നു. എന്റെ പാപങ്ങൾ പൊറുക്കണമേ, ക്ഷമിക്കണമേ."

കൂദാശചെയ്തു വീഞ്ഞു് ഉയർത്തുമ്പോൾ ത്രേസ്യാ ഇങ്ങനെ അപേക്ഷിക്കുന്നു: "എനിക്കുവേണ്ടി ചിന്തപ്പെട്ട ചുടുചോരയേ, എന്റെ പാപങ്ങൾ കഴുകി ശുദ്ധീകരിക്കണമെ. എന്റെ ദാഹം തീർക്കണമേ. എന്റെ കുടുംബത്തിനുവേണ്ടുന്ന മനോഗുണം ചിന്തണമേ. ഞങ്ങളെ രക്ഷിക്കണമേ."

കാർമ്മീകനോടുകൂടെ ത്രേസ്യയും പിഴഏറ്റുപറയുന്നു. കാർമ്മികൻ തന്റെ അയോഗ്യത ഏറ്റുപറഞ്ഞു വീണ്ടും പിഴ ഇടിക്കുമ്പോൾ ത്രേസ്യാ ചൊല്ലുന്നു. "കർത്താവേ,

നീ എൻെറ ഉള്ളിൽ എഴുന്നെള്ളിവരാൻ ഞാൻ യോഗ്യയല്ല; നിൻെറ തിരുവചനത്താൽ ഞാൻ രക്ഷപ്പെടും. നിന്നെ കൈക്കൊള്ളുവാൻ എന്നെ യോഗ്യയാക്കണമേ"

വൈദികൻ വി. കർബ്ബാന സ്വീകരിക്കുമ്പോൾ ത്രേസ്യാ അരൂപിക്കടുത്തവിധം വി. കർബ്ബാന സ്വീകരിക്കുന്നു.

പിന്നീട് ഈ കർബ്ബാന കാണുന്നതിനും കൈക്കൊള്ളുന്നതിനും ഭാഗ്യംലഭിച്ചതിനു കർത്താവിനോടുനന്ദി പറയുകയായി. കാർമ്മികനോടും ശുശ്രൂഷകനോടും കൂടെ ത്രേസ്യയും "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന ജപം ചൊല്ലുന്നു. പട്ടക്കാരൻ ആശീർവ്വദിക്കുമ്പോൾ "ബാവായ്ക്കും പുത്രനും റൂഹാദക്കുദശായ്ക്കും സ്തുതിയായിരിക്കട്ടെ" എന്നുചൊല്ലി കരിശു വരയ്ക്കുന്നു. മാർപ്പാപ്പായുടെ നിയോഗാർത്ഥം തിരുസഭയ്ക്കുവേണ്ടി അപേക്ഷിക്കുന്നു.

ഇത്ര ശാസ്ത്രീയമായി വി. കുർബ്ബാനകണ്ടു പരിശീലിച്ചിട്ടുള്ള ത്രേസ്യാ തൻെറ സഹോദരിമാർക്കു നല്കിയ ഉപദേശം കേൾക്കുക:—

"എൻെറ മക്കളേ, നിങ്ങൾ നല്ലവരായിത്തീരുന്നതിന് ഒന്നാമതായി നിങ്ങളുടെ ഹൃദയത്തെ കർത്താവിനു കൊടുക്കുക. കർത്താവിൻെറ ഹൃദയം തരണമേയെന്നു യാചിക്കുക. ഹാ എൻെറ ഹൃദയം മുഴുവനും കർത്താവിനു ഞാൻ കൊടുത്തിരിക്കുന്നു. എനിക്കു കർത്താവല്ലാതെ ലോകത്തിൽ യാതൊന്നും വേണ്ടാ. കർത്താവു നമുക്കുവേണ്ടി സഹിച്ചിട്ടുള്ളതും പാടുപെട്ടിട്ടുള്ളതും ഓർത്താൽ നമ്മൾ ചെയ്യുന്ന പാപങ്ങളെക്കുറിച്ചു ഹൃദയം ഉരുകി പൊറുതി അപേക്ഷിക്കുകയും നമ്മുടെ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതിനു ഉത്സാഹിക്കുകയും വേണം.

"ഇതാ എൻെറ കൈകഠം നോക്കുക. ഈ അവയവംകൊണ്ടു് ഏതെല്ലാം തരത്തിലുള്ള പാപങ്ങളാണു് ഞാൻ ചെയ്തിട്ടുള്ളതു്. ഈ കയ്യിൽ ഒരു മുള്ളോ മറേറാ കൊണ്ടാൽ നമുക്കു് അതിൻെറ വേദന സഹിക്കാൻ നിവൃത്തിയില്ല. അതു് ഒടുവിൽ പഴുത്തു ചീഞ്ഞു നാറിത്തുടങ്ങും. പിന്നീടു് അതിൻെറ ദുർഗന്ധംകൊണ്ടു് അടുക്കാനും നിവൃത്തിയില്ല. നമ്മുടെ രക്ഷിതാവായ കർത്താവിൻെറ കൈ നോക്കുക. നന്മയുടെ ഉറവായിരിക്കുന്ന കർത്താവു് നമ്മുടെ രക്ഷയ്ക്കുവേണ്ടി കൈകഠം രണ്ടും വലിച്ചുനീട്ടി രണ്ടു ആണികൊണ്ടു് തറയ്ക്കപ്പെട്ടിരിക്കുന്നു. ഇതുകൊണ്ടും ഞരമ്പിൻെറ വലിവുകൊണ്ടും എന്തൊരു വേദന അവിടുന്നു് അനുഭവിക്കുന്നു. ഹാ ദൈവമേ, എൻെറ ഈ ദുഷ്ടകരം എത്ര അറയ്ക്കത്തക്കതാണു! കർത്താവിൻെറ രക്തം കിട്ടിയാൽ എത്ര സന്തോഷത്തോടെ ഞാൻ കുടിക്കും. നമ്മുടെ നിരൂപണവചനങ്ങഠം കൊണ്ടു് ഏതെല്ലാം തരത്തിലുള്ള പാപങ്ങളാണു് നാം ചെയ്യുന്നതു്? കർത്താവിനെ നോക്കുക. അവിടുന്നു നമ്മുടെ പാപങ്ങഠംക്കു പരിഹാരമായി തൻെറ തലയിൽ 72 മുള്ളുകളുള്ള ഒരു മുടി ധരിക്കുകയല്ലേ ചെയ്തതു്? അതു് അമത്തിപ്പിടിച്ചുകൊണ്ടു് ഓരോന്നും ചുററികകൊണ്ടു് തല്ലിത്തറയ്ക്കുന്നു. ആ സമയം അവിടുന്നു വേദനകൊണ്ടു പുളയുന്നു. അവിടുത്തെ ദൃഷ്ടികഠം മിഴിച്ചു മറിച്ചു മയങ്ങിപ്പോന്നു. എത്ര ദയനീയമായ കരച്ചിൽ!

"നാം നടന്നുകൊണ്ടുചെയ്ത പാപങ്ങഠംക്കു് ഈശോ അനുഭവിക്കുന്ന വേദന കാണുക. അവിടുത്തെ കാലുകഠം വലിച്ചുനീട്ടി വലിയ ആണികഠം തറയ്ക്കുന്നു. ഈ അവയവംവഴി നമ്മഠം ചെയ്ത പാപങ്ങളോർത്തു മനസ്താപപ്പെടുക.

"ഒടുവിൽ തിരുഹൃദയം കുത്തിത്തുറന്നിരിക്കുന്നതു കാണുക. നമ്മളോടുള്ള സ്നേഹത്തെപ്രതി മാത്രമാണ് ഹൃദയം പിളക്കപ്പെട്ടതു്.

"ഈശോയെ കുരിശിൽ കിടത്തി കൈകൾ തറയ്ക്കാൻ ശ്രമിച്ചപ്പോൾ അവ ആണിപ്പഴുതുകൾവരെ എത്തിയില്ല. അവർ കുരിശിൽ കയറിയിരുന്നു ശക്തിയോടെ കൈകൾ വലിച്ചുനീട്ടി ആണികൾ വച്ചു ചുററികകൊണ്ടു് അടിച്ചുകയററി.

"അന്നേരം ഈശോ അനുഭവിച്ച വേദനകളോർത്തു് നമ്മുടെ പാപങ്ങളെപ്രതി കരയുക. മേലിൽ പാപം ചെയ്യുകയില്ലെന്നു പ്രതിജ്ഞ ചെയ്യുക. എല്ലാം ചിന്തിക്കുക. നമ്മുടെ ദുഷ്ടശരീരമാണു് അവിടുത്തെ തല്ലിയതും അടിച്ചതും. നമ്മുടെ ശരീരത്തെ നിയന്ത്രിക്കുക.

"എൻെറ മക്കളേ, ഇവയൊക്കെ പരിശോധിച്ച ശേഷം നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യണം. നിങ്ങൾ ജോസഫാത്തിൽവച്ചു് എന്നെ നാണിപ്പിക്കാതിരിക്കാൻ ശ്രമിക്കണം ഞാൻ ഈ പറയുന്നതെല്ലാം ദൈവസ്നേഹഭ്രാന്താണു്; വെറും ഭ്രാന്തല്ല. നമ്മൾ പിറന്നപ്പോൾ ലോകത്തിലേക്കു് ഒന്നും കൊണ്ടുവന്നിട്ടില്ല; മരണത്തിലും ഒന്നും കൊണ്ടുപോകയുമില്ല."

**ക്രിസ്മസ്സിനൊരുക്കം**

"ഇന്നത്തെ സുവിശേഷത്തിൽനിന്നു പലതും കേട്ടമനസ്സിലായതുകൊണ്ടു്. അധികം പറയണമെന്നില്ലല്ലോ. അടുത്തമാസം എല്ലാവർക്കും പ്രത്യേകം സന്യാസിനികൾക്കും കന്യാസ്ത്രീകൾക്കും ഏററം സന്തോഷമുള്ള ഒരു മാസമാണു്. നമ്മുടെ രക്ഷിതാവായ ഈശോമിശിഹാ പുൽക്കൂട്ടിൽ ജനിച്ച മാസം! സന്യാസിനികൾക്കു് എത്ര ആനന്ദകരമായ മാസമാണിതു്! ഈശോയുടെ ആഗമനത്തോടുകൂടി നമ്മളെല്ലാവരും ഒരു പുതിയ ജീവിതമാ

രംഭിക്കണം. പുതിയ മനുഷ്യരായിത്തീരാൻ ശ്രമിക്കണം. ലോകത്തെ മുഴുവനായി വെറുക്കുക. ഉണ്ണീശോയുടെ എളിയപിറവിയെക്കുറിച്ചു സദാ ധ്യാനിക്കുകയും അവിടുന്നു വരുമ്പോൾ കൊടുക്കാനുള്ള സമ്മാനം ഒരുക്കുകയും ചെയ്യുക. എല്ലാററിലും മിതമായ സന്തോഷവും സന്താപവും ഉള്ളവരായിരിക്കുക. ഉണ്ണീശോ ഏററവും ആഗ്രഹിക്കുന്ന പരിശുദ്ധത, എളിമ, കീഴ്വഴക്കം, ഉപവി, സമനില മുതലായ പുണ്യങ്ങൾ അഭ്യസിക്കുന്നതിന്ന് ഉത്സാഹിക്കുക. മരണനേരം ഭയങ്കരമാണല്ലോ. എല്ലാ പ്രവൃത്തികളിലും സദുദ്ദേശമുണ്ടായിരിക്കുക. മരണശേഷം ഉടപ്പില്ലാതെ കൊണ്ടുപോകുന്നതിനായി യാതൊന്നുമില്ല. നഗ്നയായി പിറന്നു; നഗ്നയായി പോകുന്നു. ഓ മരണ സമയം എത്ര ഭയങ്കരം! എന്തു പരിഭ്രമമായിരിക്കും ആ നേരത്തു്!

"ഒരു കന്യാസ്ത്രീ എല്ലാവരുടേയും ബഹുമാനപാത്രമാണെന്ന ഉദ്ദേശത്തോടെ ജീവിതകാലം മുഴുവൻ സ്വപ്രകാശ്ചക്കും മതിപ്പിനുംവേണ്ടി കഴിച്ചുകൂട്ടി. മരണസമയത്തു പിശാചു ഭയങ്കരരൂപത്തിൽ കാണപ്പെട്ടു് അവളെ ഭയവിഹ്വലയാക്കി. ഇങ്ങനെ പരിഭ്രാന്തയായി മരണശയ്യയിൽ കിടന്നു ഞെട്ടിവിറയ്ക്കുമ്പോൾ മാലാഖാ കാണപ്പെട്ടു സമാധാനപ്പെടുത്തുകയും മററും ചെയ്തിരുന്നുവെങ്കിലും പിശാചിൻെറ തട്ടിപ്പുകളിൽ കുടുങ്ങി അശക്തയായി പരിഭ്രമിക്കുകയിൽ മാലാഖാ ഇവളെ സഹായിക്കണമെന്നു് അവൾ ചേർന്നിരുന്ന സഭയുടെ നാമത്തിൽ മാതാവിനോടപേക്ഷിച്ചു. മാതാവു് അവളെ ആശ്വസിപ്പിച്ചു. ഇതു് ഓർമ്മിക്കുവിൻ. തമ്മിൽത്തമ്മിൽ സ്നേഹിക്കുവിൻ. ഇങ്ങനെ ആവർത്തിച്ചു പറയുന്നതു കൊണ്ടു് ഇവയെ സാരം വയ്ക്കാതിരിക്കരുതു്."

ശുദ്ധീകരസ്ഥലം

"പ്രിയ മക്കളെ, ശുദ്ധീകരാത്മാക്കളുടെ മാസത്തിൽ മരണത്തെപ്പററി രണ്ടു വാക്കു പറയട്ടേ. മരണം കള്ളനെപ്പോലെ നമ്മളെ പിടികൂടും. എന്നു്, എപ്പോൾ, എന്നുള്ളതു് ആക്കും നിശ്ചയമില്ല. മരണശേഷം നമുക്കു് ഒന്നും ശേഷിക്കയില്ല. നാഴികകളും മിനിററുകളും ക്ഷണത്തിൽ കടന്നുപോകുന്നുവെന്നു് ഓക്കുക.

"ഈ സഭ ദൈവത്തിൻെറ പ്രത്യേകാനുഗ്രഹത്താൽ സ്ഥാപിതമാണു്. ഇതിലെ അംഗങ്ങൾ തമ്മിൽ യാതൊരു സ്വാതന്ത്ര്യക്കേടും ഉണ്ടാകുന്നതിന്നു് ഒരിക്കലും അനുവദിക്കയില്ലെന്നും ഇതിൻെറമേൽ പ്രത്യേകാനുഗ്രഹം ഉണ്ടാകുന്നതാണെന്നും, വത്സല മക്കളേ, ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ഈ മാസത്തിൽ ശുദ്ധീകരാത്മാക്കളെ പ്രത്യേകം ഓർത്തു് അപേക്ഷിക്കേണ്ടതാണു്. അവിടത്തെ വേദനയോടു തുല്യപ്പെടുത്താവുന്ന ഒന്നും ലോകത്തിലില്ലെന്നു നിശ്ചയമായി ഞാൻ നിങ്ങളോടു പറയുന്നു. എത്ര കഠിനമായ വേദന! എത്ര മഹാവേദനേ! ഇവിടത്തെ വേദനയൊന്നും സാരമില്ല. അവിടത്തെ വേദനയെപ്പററി ഒരു മിനിററു ചിന്തിക്കുന്നതുപോലും ദുസ്സഹമാണു്.

"കന്യകാ ജീവിതം വളരെ മഹത്തായ ഒന്നാണു് കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കണമെന്നുണ്ടെങ്കിൽ കന്യകാത്വം പാലിച്ചു ജീവിക്കുക. നിങ്ങൾക്കു സ്വന്തമായൊന്നുമില്ല. നിങ്ങളെ ഏല്പിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ ശരിക്കു ചെയ്യുക; അല്ലാതെ വേറെ യാതൊന്നും ഓർക്കുന്നതിനും ആലോചിക്കുന്നതിനും നിങ്ങൾക്കില്ല.

‚‚നമസ്കാരത്തിൽ പ്രത്യേകം സൂക്ഷിക്കുക. കർത്താവിൻെറ ജീവിതം, മരണം എന്നിവ സദാ ഓർക്കുക. അവിട്ടത്തേ പീഡാനുഭവത്തെപ്പററി കൂടെക്കൂടെ ചിന്തിക്കുക.

‚‚തലവന്മാർക്കു നിങ്ങളുടെ ഉള്ളറിയുന്നതിനു നിങ്ങൾ പറയുന്നതല്ലാതെ മററു മാർഗ്ഗങ്ങളില്ല. ദൈവം കഴിഞ്ഞാൽ അവരെ ദൈവമായിട്ടു കീഴ്വഴങ്ങുക. നിങ്ങളുടെ എല്ലാ പ്രവൃത്തികളും ദൈവം കാണുന്നുണ്ടെന്നു് ഓർക്കുക.

‚‚നമുക്കു് ഉപകാരം ചെയ്യുന്നവർക്കുവേണ്ടി വി. കുർബാനയും വി. കുർബാനസ്വീകരണവും കാഴ്ചവച്ച് അപേക്ഷിക്കുക. സഭയുടെ വളച്ചക്കുവേണ്ടി പ്രത്യേകം അപേക്ഷിക്കുക സാധുക്കളെ സംരക്ഷിക്കുക. എനിക്കു നിങ്ങളുടെ നേരെയുള്ള സ്നേഹം കൊണ്ടു് പറഞ്ഞു തന്നതാണിവയെല്ലാം. പതിവായി പറഞ്ഞുതരുന്നതുപോലെ വിചാരിക്കരുതു്. എളിമ, ക്ഷമ, കീഴ്വഴക്കം അഗതിത്വം ഇവയെല്ലാം ശരിയായി കണക്കാക്കാത്തവർക്കു ദുരിതം. ആത്മാക്കൾക്കുവേണ്ടി അനുവാദപ്രകാരമുള്ള പുണ്യപ്രവൃത്തികൾ ചെയ്യുക. സെപ്ററമ്പർ, ഒക്ടോബർ നവമ്പർ എന്നീ മൂന്നു മാസങ്ങൾ ദുഃഖങ്ങളുടെ മാസങ്ങളാണു്. പിന്നീടു സന്തോഷത്തിൻെറമാസം വരും''.

**ഒരത്ഥിനിക്കു നല്കിയ ഉപദേശം**

‚‚എൻെറ മകളേ, നിനക്കു് ഉടുപ്പിനു് തലമുണ്ടു തരാൻ നിശ്ചയിച്ചിരിക്കുന്നു. സഭയിൽചേരുന്നതിനു മുഖ്യമായി വേണ്ടതു് എളിമയാണെന്നും നിന്നിൽത്തന്നെ യാതൊന്നും ഇല്ലായെന്നും നീ എല്ലാവരിലും താണവളാണെന്നും ധരിച്ചു കൊള്ളുക. നീ എല്ലാവരിലും എളിയവളാണെന്നു കരുതി എളിമ അഭ്യസിക്കാൻ ശ്രമിക്കുക.

"എൻെറമകളേ, നിഗളംഎന്ന ഒരൊററകുററത്തിന്ന മാലാഖമാർപോലുംശിക്ഷിക്കപ്പെട്ടു. ആകയാൽ അക്കാര്യത്തിൽ സൂക്ഷിക്കുക. നിന്നെക്കൊണ്ടു യാതൊന്നും സാധ്യമല്ല. എല്ലാം സർവ്വശക്തനായ ദൈവത്തിൻേറതാണെന്നും അവിടുന്നു തന്നതേ നിനക്കുള്ളുവെന്നും ധരിച്ചു കൊണ്ടു ദൈവത്തോടു പ്രത്യേകം പ്രാർത്ഥിക്കുക. ഞാൻ മററുള്ളവരെപ്പോലെ ആരെയും സ്നേഹിക്കയില്ല. നമ്മുടെ കപ്ലോനച്ചൻ ഈ സഭയ്ക്കും എനിക്കും വേണ്ടി എന്തു മാത്രം ബുദ്ധിമുട്ടുന്നുണ്ട്. എന്നാലും എൻെറ അച്ഛനല്ലേ എന്ന വിചാരം എനിക്കു കൂടുതലായിട്ടില്ല: ദൈവസ്നേഹത്തെപ്രതി മാത്രം ഞാൻ അച്ഛനെ സ്നേഹിക്കുന്നു. ഈസഭയ്ക്കു് തന്നെക്കൊണ്ടു വല്ല ഉപകാരവുമുണ്ടായേക്കാം അതു നിവർത്തിക്കുന്നതിന്ന ദൈവത്തെ ഭരമേല്പിച്ചു കൊള്ളുക. സഭയുടെ നിമയങ്ങളും എന്തെല്ലാം ത്യാഗങ്ങളും ആവശ്യപ്പെട്ടാലും അവ ക്ഷമയോടെസഹിക്കണം. അവനവൻെറ ശരീരത്തെ ഒരിക്കലും കാര്യമായിക്കരുതരുതു് ശരീരം ചീഞ്ഞുനാറിപ്പോകുന്നതാണ്. ശരീരത്തെ ആവുംവിധം അമർത്തി ആത്മാവിനെ പോഷിപ്പിക്കേണ്ടതാണ്. അതിനെ പുഷ്ടിപ്പെടുത്തുന്നതിന്നവേണ്ടിപ്രാർത്ഥിക്കുക.

"തലവന്മാർ എന്തുതന്നെ പറഞ്ഞാലും അതിന്ന നന്മനസ്സോടെ കീഴ്വഴങ്ങുക. നമ്മുടെ കപ്ലോനച്ചനും നിനക്കു വേണ്ട ഉപദേശങ്ങളൊക്കെ തരുന്നതാണ്. തലവന്മാക്കും കപ്ലോനച്ചനും നിൻെറ ഹൃദയം തുറന്നു കൊടുക്കണം."

എല്ലാം ജയിച്ചു നിന്നെ ഇവിടെ കൊണ്ടുവന്നാക്കിത്തന്നതു് തിരുക്കുടുംബമാണ്. നിന്നെ ഒരുകൊല്ല

കഴിഞ്ഞ മഠത്തിൽ ചേക്കാറൂ എന്നു വീട്ടുകാർ പറഞ്ഞതെന്തുകൊണ്ടാണ്? സഭയിലെ ഞെരുക്കങ്ങൾ അറിയുവാൻ പ്രാപ്തിയില്ലേ? ഇവിടെ കൂടിയശേഷം നിനക്കു വല്ലതും തോന്നിയേക്കുമെന്നുള്ള സംശയം കൊണ്ടാണോ? അവയൊക്കെ തള്ളിക്കളയുക. ഇപ്പോൾ നീ ഉറച്ചുകൊണ്ടു വിവരത്തിനു വീട്ടുകാർക്ക് ഒരു കത്തയക്കുക. മററുള്ളവർക്കു് ഇത്രയും പറഞ്ഞു കൊടുത്തിട്ടില്ലെന്നു നീ ധരിച്ചുകൊള്ളുക. നിനക്കു മാത്രം ഇത്രയും പറഞ്ഞുതന്നതു നിന്റെ മനസ്സിന്റെ ഇളക്കംകൊണ്ടാണ്. ഇവിടത്തെ മഠാധിപ ധാരാളം പറഞ്ഞു തന്നല്ലോ. ദൈവനാമത്തിൽ ഞാൻ നിന്നോടു പറയുന്നു: "എന്റെ മകളേ, ഞാൻ പരിശുദ്ധമാതാവാകുന്നു. എല്ലാക്കാര്യത്തിലും ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങിക്കൊള്ളുക."

## സഹോദരിമാക്കു് ഒരുപദേശം

"പ്രിയ സഹോദരിമാരേ, മക്കളേ, നിങ്ങൾ ഈ ദിവസം എങ്ങനെ ചെലവഴിച്ചു? മാലാഖാമാരുടെ മാസവണക്കത്തിൽ നിന്നു് എന്തെല്ലാം ഫലങ്ങളെടുത്തുവെന്നു ഓർമ്മയുണ്ടോ? ഇത്രയുംനാൾ നിങ്ങൾ ചെയ്തതെന്തെല്ലാമെന്നു കണക്കുകൂട്ടിയാൽ അവ തീരെ തുച്ഛമായി തോന്നും. പിശാചിനു കോട്ട കെട്ടിക്കൊടുക്കുക മാത്രമേ ചെയ്തുള്ളു അല്ലേ? ഈ കഴിഞ്ഞമാസം ഒരു വലിയ മാസമായിരുന്നല്ലോ. ആ മാസവും പിശാചിന്റെ തോന്നിപ്പുകൾ കൊണ്ടു നിങ്ങൾ പാഴാക്കിക്കളഞ്ഞു. വരുന്ന മാസം വിലയേറിയതാണ്. കഴിഞ്ഞതെല്ലാം കഴിഞ്ഞു. വരാനുള്ളതു സൂക്ഷിക്കുക.

ഇപ്പോളിതാ ഒരുകൂട്ടം പിശാചുക്കൾ ഇറങ്ങിയിട്ടുണ്ടു്. അവർ പലവിധത്തിൽ നിങ്ങളെ ഉപദ്രവിക്കുകയും തട്ടിക്കുകയും ചെയ്യും. മേലാൽ സൽകൃത്യങ്ങളിലും നമസ്കാരങ്ങളിലും സൂക്ഷിക്കുക: തലവന്മാരെക്കുറിച്ച യാതൊരുകുററവും പറയാതിരിക്കുക. ദൈവം കഴിഞ്ഞാൽ അവരെ ദൈവമായിട്ടു വിചാരിക്കുക. വീട്ടുകാരോടുള്ള പക്ഷം അകററുക. എല്ലാ കാര്യങ്ങളിലും സ്വമനസ്സിനെ നിഗ്രഹിക്കുക. തമ്മിൽത്തമ്മിൻ സ്വരുമയിൽ ജീവിക്കുക.

1. കന്യാസ്ത്രീകൾക്കു് അവശ്യം വേണ്ടതു് സ്വമനസ്സിൻെറ നിഗ്രഹമാണെന്നും എല്ലാക്കാര്യങ്ങളിലും സ്വമനസ്സിനെ നിഗ്രഹിക്കേണ്ടതാണെന്നും ഞാൻ പ്രത്യേകം ഓൎപ്പിക്കുന്നു.

2. ന്യായപ്രമാണങ്ങൾ സൂക്ഷത്തോടെ അനുസരിക്കണം.

3. സുഖക്കേടുകളോ സങ്കടങ്ങളോ വരുമ്പോളും സ്വന്തം ഇഷ്ടത്തിനു വിരോധമായി പറയുകയോ പ്രവൎത്തിക്കുകയോ ചെയ്യുമ്പോഴും മുഖം മാറുന്നതും കരയുന്നതും ശരിയല്ല.

4. തലവന്മാർ കുററപ്പെടുത്തുമ്പോൾ അതു് ഇന്നയാൾ നുണപറഞ്ഞുകൊടുത്തിട്ടാണെന്നും മററും പറയുന്നതു് ന്യായമല്ല.

5. തലവന്മാരോടു സംസാരിക്കാൻ എല്ലാവൎക്കും സ്വാതന്ത്ര്യമുണ്ടു് നീ പറയുക, ഞാൻ പറയുക എന്ന തൎക്കം കൊള്ളുകയില്ല. ആൎക്കെങ്കിലും വന്നു് എന്തും ചോദിക്കാം.

6. അന്യരുടെ കൈയ്യിൽ വിശേഷവസ്തുക്കൾ കാണുമ്പോൾ അതെനിക്കുവേണമെന്നു പറയരുതു്. സാമാനസാമഗ്രികൾ നഷ്ടപ്പെടുത്തരുതു്.

7. ഏതെങ്കിലും കുററം ചൂണ്ടി കാണിക്കുമ്പോൾ അതു് ഏററു പറഞ്ഞു തിരുത്തണം.

8. നിത്യം വി. കർബ്ബാന കൈക്കൊള്ളാൻദൈവ ഓമ്മകാക്കണം. ആശാപാശങ്ങളെ അടക്കണം. പൂണ്ണമായി തന്നെത്തന്നെ ദൈവത്തിനു സമപ്പിക്കണം. ദൈവസ്നേഹപ്രകരണങ്ങളും സുകൃതജപങ്ങളും ചൊല്ലണം. ഉണ്ണീശോയ്ക്കു മുടി, വള, മോതിരം, ആഭരണങ്ങൾ മുതലായവ കാഴ്ചവയ്ക്കണം.

9. കർബ്ബാനസമയത്തു് ഉറങ്ങരുതു്. അങ്ങുമിങ്ങും തിരിഞ്ഞു നോക്കരുതു്.

10. ധ്യാനസമയത്തു് ഒട്ടും ഉറങ്ങാനിടയാകരുതു്. വല്ലവക്കും ഉറക്കം വരികയാണെങ്കിൽ ദൈവാലയത്തിൻെറനടുവിൽ കൈ കുരിശുഭാഷയിൽ പിടിച്ചു നില്ക്കണം. പിന്നെയും ഉറങ്ങുന്നവർ പിശാചുക്കൾക്കു് അടിമയാണു്.

എഴുത്തുകൾ വിവേകമില്ലാതേയും സമയം നോക്കാതേയും കൊടുക്കരുതു്.

11. തലവന്മാർ കുററപ്പെടുത്തുമ്പോൾ ചിരിക്കരുതു്. ഇടയ്ക്കു കയറിപ്പറയരുതു്. മഠാധിപ ഇല്ലാത്തപ്പോൾ സഹായിയോടു് ആലോചിച്ചു പ്രവത്തിക്കുക; അവരോടു സൗമ്യമായി പെരുമാറുക.

12. ന്യായപ്രമാണം തെററിച്ചാൽ പരസ്യമായി വിളിച്ചു പറയണം.

13. നാൾവഴി കൃത്യമായി എഴുതണം.

14. ചിലരുടെ വീട്ടിൽനിന്നു പല സമ്മാനങ്ങളും വന്നേക്കാം. എല്ലാം സഭയുടേതുപോലെ കരുതണം.

15. ഓരോരുത്തനും അവനവൻെറ ആവശ്യങ്ങൾ രഹസ്യമായിതലവനെ അറിയിക്കണം. ആവശ്യം

അനുവദിച്ചില്ലെങ്കിലും സന്തോഷിക്കണം. തലവൻ ദൈവത്തിനു പകരമുള്ളവനാണ്. അവനിൽ വിശ്വാസവും സ്നേഹവും ഉണ്ടായിരിക്കണം.

16. കണ്ണടക്കവും തൊടലടക്കവും കാക്കണം

17. കുരിശിൻെറവഴി കഴിക്കുമ്പോൾ 1-ാം സ്ഥലം മുതൽ 14-ാംസ്ഥലംവരെ വ്യാകുലമാതാവിനേയും കൂടി ദർശിക്കുന്നതു നല്ലതാണ്.

18. പരിശുദ്ധ അമ്മയോടും വി. യൗസേപ്പിനോടും നിങ്ങൾക്കു പ്രത്യേകഭക്തിയുണ്ടായിരിക്കണം.

**ദിനചര്യ**

സഹോദരിയുടെ ദിനചര്യ ഫാദർ വിതയത്തിലിൻെറ കൈയ്യെഴുത്തിൽത്തന്നെ ഇന്നും ഇരിപ്പുണ്ട്. അതു് അതേപടി ഇവിടെ ചേർക്കുന്നു:

മണിക്കൂർ കാലത്തു്

6 പള്ളിയിൽ പോകുക

8. 15 വരെ പള്ളിയിൽ ദിവ്യപൂജകാണൽ കുർബ്ബാന കൈക്കൊള്ളപ്പാട്ടു മുതലായവ

9. 30-10 വരെ ഉപവിപ്രവൃത്തി

10-10. 30 വരെ ജ്ഞാനവായന—കർത്താവിൻെറ പങ്കപ്പാടിനെക്കുറിച്ചു്, വിശുദ്ധന്മാരുടെ ജീവചരിത്രം.

10. 30-11. 15 വരെ വ്യാകുലത്തിന്മേൽ ധ്യാനം

11. 15-11. 30 വരെ ജ്ഞാനാശ്വാസം

11. 30-12 വരെ കൊന്തനമസ്കാരവും അഞ്ചുമിനിട്ടു നേരം ആത്മശോധനയും

12-1 വരെ ഭക്ഷണവും ജ്ഞാനാശ്വാസവും

1-2.30 വരെ മിണ്ടടക്കത്തോടു കൂടെ ഉപവിപ്രവൃത്തി ചെയ്ക.

2. 30_3 വരെ ജ്ഞാനകാര്യങ്ങളെ ഓർത്തു് എഴുതുക.
3_3.30 വരെ ജ്ഞാന വായന (ക്രിസ്ത്വാനുകരണം)
3. 30_4. 30 വരെ പള്ളിയിൽ കുരിശിൻെറവഴി കഴിക്കുക കൊന്തനമസ്കാരങ്ങൾ മുതലായവ കഴിക്കുക.
4. 30_5 വരെ പള്ളിയകം ത്രോണോസു മുതലായവ വെടിപ്പാക്കുക, പൂക്കൾ വെക്കുക
5_6. 15 വരെ ജ്ഞാനാശ്വാസം
6.15_6. 30 വരെ ധ്യാനത്തിനു് ഒരുക്കപ്പാട്ടു്
6.30_7. 30 വരെ ധ്യാനം നിത്യസത്യങ്ങളിന്മേൽ
7. 30_8 വരെ ജ്ഞാനാശ്വാസം
8 പ്രാർത്ഥന
8. 30 ഭക്ഷണം
9. 30_10 വരെ നിത്യസത്യങ്ങളിന്മേൽ ജ്ഞാനവായന 10 മിനിട്ടു നേരം ആത്മശോധന
10_12 വരെ ഉറക്കം
12_5 വരെ കർത്താവിൻെറ പങ്കപ്പാടിന്മേൽ ധ്യാനം അനുവദിക്കപ്പെട്ട പ്രായശ്ചിത്ത പ്രവൃത്തികൾ ഒടുവിൽ 5 വിനാഴിക ആത്മശോധന.

സൂചനം

ഈ മണിക്കൂറുകൾ രോഗികളെ സഹായിക്കാൻ പോകുമ്പോഴും സുഖക്കേടുള്ളപ്പോഴും കാക്കാൻ കടപ്പെട്ടിട്ടില്ല.

അനുവദിക്കപ്പെട്ട പ്രായശ്ചിത്ത പ്രവൃത്തികൾ

ദിവസേന മുള്ളരഞ്ഞാണം കെട്ടുക. കൈത്തണ്ടയിൽ കെട്ടുക. അസ്തമിച്ചു 6 മണി മുതൽ മുൾച്ചട്ട ധരിക്കുക. മുൾമുടി തലയിൽ ധരിക്കുക. കിടക്കുമ്പോൾ മുൾച്ചട്ട ഊരിവയ്ക്കണം. തിങ്കൾ, ബുധൻ, ശനി ഈ ദിവസങ്ങളിൽ പകലും മുൾച്ചട്ട ധരിക്കാം.



ഇതു ഫാ. വിതയത്തിലിൻെറ കൈയ്യെഴുത്താണ്



പ യിൽ ചരൽ വിരിച്ചു കിടക്കുക. ഞെരി ഞ്ഞൽനിറച്ച തലയിണ ഉപയോഗിക്കുക. ദിവസേന ചമ്മട്ടികൊണ്ടു് 60 അടി വീതം അടിക്കുക. ഈ പ്രായ ശ്ചിത്തപ്രവൃത്തികൾ ഞായറാഴ്ചകളിലും കടമുള്ള തിരു നാളുകളിലും മുടക്കപ്പെട്ടിരിക്കുന്നു.

ശരീരത്തിനടുത്ത സുഖക്കേടിലും വിലക്കപ്പെട്ടന്നു

പ്രത്യേകിച്ചു കാക്കേണ്ട കൂട്ടങ്ങൾ

1 അനുവാദംകൂടാതെ വീടുകളിലോ മററു സ്ഥലങ്ങ ളിലോ പോയിക്കൂടാ. ആത്മപിതാവു് ഇല്ലാത്തപ്പോൾ പ്രത്യേകാനുവാദം കൂടാതെ ആവശ്യപ്പെട്ടാൽ രോഗികളെ സന്ദശിക്കുന്നതിനും സഹായിക്കുന്നതിനും പോകാം.

അനുവാദംകൂടാതെ യാതൊരു ദാനവും വാങ്ങു കയോ കൊടുക്കുകയോ ചെയ്തുകൂടാ.

3 ഈ ഇടവകയിൽ രോഗികളെ സന്ദശിക്കുകയും ചെയ്യുന്നം.

4 രോഗികളുടെ വീട്ടിൽ താമസിക്കുന്നതിനു് ആ വശ്യം തോന്നിയാൽ പ്രത്യേകിച്ചു ചോദിക്കണം.

5 രോഗികളുടെ വീട്ടിൽ പോകുമ്പോൾ കൂട്ടുകാരി കളിലൊരാളെങ്കിലും കൂട്ടിക്കൊണ്ടു പോകണം. ഒക്കാത്ത പക്ഷം വിശ്വാസമുള്ള ഒരു സ്ത്രീയെ കൊണ്ടുപോകണം. നന്ന അടുത്ത സ്ഥലത്താണെങ്കിൽ തനിച്ചുപോകാം.

6. അനുവാദം കൂടാതെ എഴുത്തയക്കുകയും വരുന്ന എഴുത്തുകൾ പൊട്ടിച്ചുവായിക്കുകയും ചെയ്തു കൂടാ.

7. ഈ എടവകക്കാരോടല്ലാതെ അന്യനാട്ടുകാരോ ടു് അനുവാദം കൂടാതെ മിണ്ടിക്കൂടാ: സംബന്ധക്കാരായി രുന്നാൽ സംസാരിക്കാം.

8. അനുവാദം കൂടാതെ ആരേയും ഈ ഭവനത്തിൽ കടത്തിക്കൂടാ.

'ക്രമം കാക്കുക! എന്നാൽ ക്രമം നിന്നെ കാക്കുകയും ചെയ്യും' എന്ന വാക്യത്തെ നല്ലവണ്ണം ഓർത്തു ബോധത്തിൽ പതിക്കുക

ആത്മപിതാവു , വിതയത്തിൽ യൗസേപ്പു ക. (സുറിയാനി ഒപ്പ്)

അദ്ധ്യായം 10

# മറിയം ത്രേസ്യയെപ്പററി സതീർത്ഥ്യർ

മറിയംത്രേസ്യയോടുകൂടെ താമസിച്ചിട്ടുള്ള പത്തോ പന്ത്രണ്ടോ പേരെ ഞാൻ നേരിൽ കണ്ടു സംസാരിച്ചു; കുറേപേർ അവരുടെ അഭിപ്രായങ്ങൾ എഴുതിത്തന്നിട്ടുമുണ്ട്. അവരിലാരുംതന്നെ ത്രേസ്യയിൽ പ്രത്യേകം ഒരു കുററം ആരോപിച്ചിട്ടില്ലെന്നുള്ളതു ശ്രദ്ധേയമാണ്. തെല്ല മുൻകോപമുണ്ടെന്ന് ഒരാൾ പറഞ്ഞു; എന്നാൽ അതു് ന കാരണമാണെന്ന് അവർ വിശേഷിപ്പിച്ചു. ത്രേസ്യയുടെ പൈശാചികാക്രമണങ്ങളും പഞ്ചക്ഷതവും ഉത്ഭശാ മറിയം യൗസേപ്പുമായുള്ള കൂടിക്കാഴ്ചകളും അവർ വിശ്വസിക്കുന്നതായിക്കാണുന്നുണ്ട്. എന്നാൽ അഞ്ചുമുറിവുകൾ നേരിട്ടു കണ്ടിട്ടുള്ളവർ രണ്ടോ മൂന്നോ പേരേയുള്ളൂ. സിസ്റ്റർ അന്ന (വിതയത്തിൽ വക്കി അച്ചാരുണ്ണി) പറയുന്നതു് മറിയം ത്രേസ്യാമ്മയോടുള്ള ബഹുമാനാദരങ്ങൾ നിമിത്തം ആരും ആ മുറിവുകൾ പരിശോധിക്കാൻ മുന്നിട്ടില്ലെന്നാണ്. വളരെക്കാലം മദർജനറലായിരുന്ന ഈ സഹോദരി ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള എല്ലാക്കാര്യങ്ങളും വിശ്വസിക്കുന്നതായിട്ടാണ് ചോദ്യത്തിൽ എനിക്കു മനസ്സിലായതു്; എന്നാൽ കൂടുതൽ വിവരങ്ങൾ പറയുവാൻ സഹോദരിക്കു സാധിച്ചില്ല. കൈകാലുകളിലെ മുറിവുകൾ ഉണങ്ങിയിരിക്കുന്നതായിക്കണ്ടുവെന്നു സഹോദരി പറഞ്ഞുവെങ്കിലും മുറിവിന് എത്ര നീളമുണ്ടെ

നും ഇരുവശത്തുമുണ്ടോ എന്നും പറയുവാൻ ആ സഹോദരിക്കു കഴിഞ്ഞില്ല. എന്നാൽ 1964ൽ മരിച്ച ഫ്രൻസിസ്റ്റാമ്മ (മാഞ്ഞൂരു ഇടവക മഴുവഞ്ചേരിൽ) ത്രേസ്യയുടെ കട്ടിലിൻെറ കീഴിൽ ഒളിച്ചിരുന്നകാര്യം സിസ്റ്റർ അന്നമ്മ സരസമായി വിവരിച്ചു.

ഫാദർ വിതയത്തിൽ ത്രേസ്യയുടെ പാരവശ്യനേരത്തു് അവളുടെ മുറിയിൽ ദീർഘമണിക്കൂറുകൾ കഴിച്ചിരുന്നു. മുറിയുടെ വാതിൽ അടച്ചിരുന്നതിനാൽ ആക്കും അവിടെ നടക്കുന്നതെന്താണെന്നു നിശ്ചയമില്ലായിരുന്നു. സിസ്റ്റർ ഫ്രംസിസ്റ്റ ഒരു ദിവസം ഫാദർവിതയത്തിൽ വരുന്നതിനുമുമ്പു് ത്രേസ്യയുടെ മുറിയിൽ കടന്നു കട്ടിലിൻെറ കീഴിൽ ഒളിച്ചിരുന്നു. കട്ടിലിൽ നിന്നു നീണ്ടു കിടന്നിരുന്ന വിരി കാരണം ഫാദർ വിതയത്തിൽ സിസ്റ്റർ ഫ്രംസിസ്റ്റയെ കണ്ടില്ല. ത്രേസ്യാ പാരവശ്യത്തിലായിരുന്നു. ഫാദർ വിതയത്തിൽ വന്നു കട്ടിലിൻെറ അരികേ മുട്ടുകുത്തി പ്രാത്ഥിച്ചു. സ്വല്പം കഴിഞ്ഞപ്പോൾ ബ. ത്രേസ്യാ പറഞ്ഞു. "പിച്ചി (അങ്ങനെയാണു ഫ്രംസിസ്റ്റയെ അമ്മ വിളിച്ചിരുന്നതു്) ഇതാ കട്ടിലിൻെറ കീഴിൽ ഒളിച്ചിരിക്കുന്നു." ഉടനെ ഫ്രംസിസ്റ്റാ എഴുന്നേററു മാപ്പു ചോദിച്ചുകൊണ്ടു പുറത്തേക്കു പോന്നു. ഫാദർ വിതയത്തിൽ മുറിയിലെന്തു ചെയ്യുന്നുവെന്നു് അറിയാനാണു ഫ്രംസിസ്റ്റാ ഒളിച്ചിരുന്നതു്. സഹോദരിയുടെ അനുഭവം ത്രേസ്യയുടേയും ആത്മപിതാവിൻേറയും വിശുദ്ധിക്കു സാക്ഷ്യമാണല്ലോ.

പരിയാരം കർമ്മലീത്താ മഠത്തിൽവച്ചു സിസ്റ്റർ സിംപ്രോസായോടു് (പുത്തൻചിറ കൂനൻ തോമാ കത്രീ

നാ വയസ്സ് 82) മറിയംത്രേസ്യയെപ്പററി സംസാരിച്ചു. ഓർമ്മ ശരിക്കില്ലെന്നുള്ള മുഖവുരയോടുകൂടെ സഹോദരി ഇങ്ങനെ പറഞ്ഞു. ത്രേസ്യയെ സംബന്ധിച്ച വളരെയേറെ കാര്യങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. എല്ലാം അസാധാരണമായിരുന്നു. ഒരിക്കൽ രക്തം ശിരസ്സിൽ കനിയുന്നതും തുവാല കൊണ്ടു തുടച്ചെടുക്കുന്നതും ഞാൻ കണ്ടു. കൈയിലും കാലിലും മുറിവുണ്ടായിരുന്നു. മുറിവിൻെറ സ്വഭാവം ഞാൻ ഓർമ്മിക്കുന്നില്ല. വെള്ളിയാഴ്ചകളിലെ പീഡാനുഭവത്തെപ്പററി ഞാൻ കേട്ടിട്ടുണ്ട്; കണ്ടിട്ടില്ല. മദ്യപാനിയായിരുന്ന ആങ്ങള ത്രേസ്യയെ ഭയങ്കരമായി ശകാരിച്ചിരുന്നു, ത്രേസ്യാ അസാധാരണക്ഷമയോടും പുഞ്ചിരിയോടുംകൂടെ അവ സഹിച്ചു."

മറിയംത്രേസ്യയുടെ കാലത്തെ ഒരു തുണസഹോദരിയായിരുന്ന സിസ്റ്റർ ആഗസ്റ്റാ(പരിയാരം ഇടവക പടിഞ്ഞാക്കര ചാക്കപ്പൻ മകൾ). സിസ്റ്ററിന് ഇപ്പോൾ 76 വയസ്സുണ്ട്. മറിയംത്രേസ്യയ്ക്കു വളരെയേറേ ശുശ്രൂഷകൾ ചെയ്തിട്ടുള്ള വിനീതയായ ഈ സഹോദരിയോടു ഫാദർ വിതയത്തിലിൻെറ കുറിപ്പുകളെ അടിസ്ഥാനപ്പെടുത്തി ഞാൻ ചെയ്ത ചോദ്യങ്ങൾക്കു ആ സഹോദരി ഡിസംബർ 14 ാംനു- എനിക്ക് ഇങ്ങനെ ഉത്തരം നല്കി.

അമ്മയെ ഞങ്ങൾ ഒരു വിശുദ്ധയായിട്ടാണു പരിഗണിച്ചിരുന്നത്; അതിനാൽ ഫാദർ വിതയത്തിലിനോടുള്ള അടുപ്പത്തെ ഞങ്ങളാരും തെററിദ്ധരിച്ചിരുന്നില്ല. ഒരിക്കൽ ഫ്രാൻസിസ്കാ എന്നൊരു സഹോദരി ത്രേസ്യാ കിടന്നിരുന്ന കട്ടിലിൻെറ അടിയിൽ ഒളിച്ചിരുന്നു് ഇവരെ സൂക്ഷിച്ചിട്ടുണ്ട്. സിസ്റ്ററിന്നു ദൈവമാതാവിൻെറ സ്വരമൊന്നും കേൾക്കാൻ കഴിഞ്ഞിരുന്നില്ല.

“അമ്മയുടെ ഉള്ളംകൈയിലും കാലുകളിലും മുറിവുകൾ ഉണ്ടായിരുന്നു. മുറിവിൻെറ പാട് ഇരുവശത്തും കാണാം. സാധാരണദിവസങ്ങളിൽ മുറിവ് ഉണങ്ങിയ നിലയിലാണു കാണുക. അമ്പതുനോമ്പിലെ വെള്ളിയാഴ്ചകളിൽ മുറിവുകളിൽ നിന്നു ചോര വന്നിരുന്നു നാലു മുറിവുകളും വൃത്താകൃതിയിലാണ്; ഏകദേശം ഒരു പൈസാവട്ടം കാണും. ദുഃഖവെള്ളിയാഴ്ച അമ്മ മറുഭാഷ സംസാരിക്കുന്നതു് ഞാൻ കേട്ടിട്ടുണ്ട്.

“പീഡാനുഭവം ഉച്ചകഴിഞ്ഞു തുടങ്ങും. മൂന്നുമണിക്ക് കട്ടിലിൽ പോയി കിടക്കും കൈപ്പത്തികൾ ചുമരിൽ തറച്ചമാതിരി തോന്നും. ഒരു പാദം മറേറ പാദത്തിൻെറ മീതെ വച്ചിരിക്കയായിക്കും. കാലു സ്വല്പം വിറയ്ക്കുന്നുണ്ടാകും. രക്തം നെററിയിൽ കനിയുന്നതു്. ഞാൻ കണ്ടിട്ടുണ്ട്. കപ്പൂസിലും രക്തം ദൃശ്യമായിരുന്നു.

“കരേററത്തിരുന്നാൾ അമ്മയ്ക്കു് ഏത്രയും പ്രിയപ്പെട്ട തിരുന്നാളായിരുന്നു. അതിനു പ്രത്യേകം ഒരുങ്ങിയിരുന്നു. പിശാചിനു് അതു് ഇഷ്ടപ്പെടാഞ്ഞിട്ടോ എന്തോ ഒരുകൊല്ലം അമ്മയുടെ ഇരുകൈയിലും കൈത്തണ്ടയിലും ഓരോമുറിവു ഞാൻ കണ്ടു. കൈവെട്ടിമാററിയ മാതിരിയായിരുന്നു കൈത്തണ്ടയിലെ മുറിവു്.

അമ്മ നല്ല ഭക്ഷണമാണു കഴിച്ചിരുന്നതെന്നു് ആരോപണമുണ്ടായിട്ടുണ്ട്. അമ്മ ഒരിക്കലും മാംസവും മീനും ഭക്ഷിച്ചിരുന്നില്ല. നല്ല കറികളിൽ ചിന്ന്യായം ചേർത്തു കയ്പാക്കിയാണു് മിക്കപ്പോഴും ഭക്ഷിച്ചിരുന്നതു്.

“അരയിൽ സദാ മുള്ളരഞ്ഞാണം കെട്ടിയിരുന്നു അതു് അരയിൽ മാംസത്തിൽ പൂണ്ടുകിടക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്.

"അമ്മയ്ക്കു ഹൃദയങ്ങൾ വായിക്കാൻ കഴിഞ്ഞിരുന്നു. ഞങ്ങളേതെങ്കിലും കുററം ചെയ്തശേഷംഅമ്മയുടെ അടുക്കൽ ചെന്നാൽ അമ്മ ആ കുററം സൂചിപ്പിച്ചു സംസാരിച്ചിരുന്നു. ഒരു ദിവസം ഞാനും കൂട്ടുകാരും തോട്ടത്തിൽ വച്ചു ഭക്ഷണത്തെപ്പററി കുററം പറഞ്ഞിരുന്നു. വൈകുന്നേരം അമ്മയുടെ അടുക്കലെത്തിയപ്പോൾ ചോദിക്കയാണു്: അഗസ്സായിക്കും കൂട്ടുകാക്കും ഭക്ഷണം ഇഷ്ടപ്പെട്ടുന്നില്ലല്ലേ. ഒരു ദിവസം ഞങ്ങൾ സിസ്റ്റർ അനസ്താസിയായെ കുററം പറഞ്ഞു. ഞങ്ങൾ അമ്മയുടെ അടുക്കൽ വന്നപ്പോൾ അമ്മ പറഞ്ഞു: "നിങ്ങളെന്തിനു് അനസ്താസിയാ സഹോദരിയെ കുററം പറഞ്ഞു.? നിങ്ങൾക്കു വേണ്ടതു നിങ്ങൾക്കു ചോദിച്ചു കൂടെ? എന്തിനു അനസ്താസിയാ അമ്മയേക്കൊണ്ടു ചോദിപ്പിക്കുന്നു.?"

"കുററക്കാരെക്കൊണ്ടു ശ്രേഷ്ഠ പ്രായശ്ചിത്തം ചെയ്യിച്ചിരുന്നു. കുററം പറയുന്നവരേക്കൊണ്ടു നിലത്തു 33 പ്രാവശ്യം നാവുകൊണ്ടു കുരിശു വരപ്പിച്ചിരുന്നു; കറിയിൽ ചിന്യായം ചേത്തു കഴിപ്പിച്ചിരുന്നു. ഒരാൾ കാനോനനമസ്കാരം തീരെ താണ സ്വരത്തിൽ ചൊല്ലുകയാണെങ്കിൽ അന്നു വി. കർബാന സ്വീകരിക്കേണ്ടാ എന്നു പറയും. ചിലരോടു മൂന്നു ദിവസം പൊടിയരിക്കഞ്ഞി കുടിച്ചു ജീവിക്കുവാനാണു് ആജ്ഞാപിച്ചിരുന്നതു് അല്ലെങ്കിൽ കോഴിയിറച്ചിക്കറിയിൽ മക്കിപ്പൂവു് ഇട്ടു കൊടുക്കും. ഒരിക്കൽ ഉല്ലാസസമയത്തു് എല്ലാ സഹോദരിമാരേയും വിളിച്ചു പാട്ടു പാടാൻ ആവശ്യപ്പെട്ടു. ഉടനടി പാടാത്തവക്കു പിറെറദിവസം പ്രായശ്ചിത്തം നല്കിയിരുന്നുവെന്നു സി. ബക്കുമാൻസു പറയുന്നു. കീഴ്‌വഴക്കം എത്രമാത്രമുണ്ടെന്നു് അമ്മ പരിശോധിക്കയായിരുന്നു.

"തുമ്പൂരു മഠത്തിലെ പറമ്പിലും കുന്നംപറമ്പിലും അമ്മ വളരെ അധ്വാനിച്ചിട്ടുണ്ടു്. ബോധക്ഷയം വരുന്നതുവരെ അധ്വാനിച്ചുകളയും. ഒരിക്കൽ തീ കത്തിക്കുമ്പോൾ തീ ജ്വാല മുഖത്തേക്കു വീശിയതു കൊണ്ടാണു് അമ്മയുടെ ചില ചിത്രങ്ങളിൽ മുഖം കരുവാളിച്ചമാതിരി കാണുന്നതു്. ചില ദിവസങ്ങളിൽ കാലത്തു മൂന്നുമണിക്കു് എഴുന്നേററു ധ്യാനസമയം ആകുന്നതുവരെ അമ്മ ഞങ്ങളുടെകൂടെ നെല്ലു കുത്തിയിരുന്നു. നെല്ലു കുത്തിയവർക്കു വേണ്ടി ബ. അമ്മതന്നെ പലപ്പോഴും ചൂടുവെള്ളം തിളപ്പിച്ചിരുന്നു. അമ്മയുടെ വിശ്വസ്തവേലക്കാരിയായ കൊച്ചുമറിയം പറഞ്ഞിട്ടുള്ളതാണിതു്.

"പിശാചു ഒരിക്കൽ അമ്മയുടെ കഴുത്തു വെട്ടി തല കോളാമ്പിയുടെ മേൽ വച്ചുവെന്നു ഞാനും പറഞ്ഞു കേട്ടിട്ടുണ്ടു്. ശിരസ്സു വച്ചു മുറി കൂട്ടിയതിനു ശേഷം കഴുത്തിൽകൂടെ ഭക്ഷണം പുറത്തു വരുന്നതു ഞാൻ കണ്ടിട്ടുണ്ടു്.

"പുത്തഞ്ചിറമഠം പണിയുന്ന കാലത്തു് ഒരു പാമ്പു് അമ്മയുടെ അരയിൽ ചുററി. ഉടനെ അമ്മയ്ക്കു തെല്ലു്കുളിരു തോന്നി. അമ്മ കുളിക്കാൻ മുറിയിലേക്കു കടന്നപ്പോൾപാമ്പു നിലത്തേക്കു് ഇഴഞ്ഞുപോയി. ഇതു കണ്ടുനിന്നിരുന്ന സ്രംസിസ്റ്റാഅമ്മ പാമ്പിനെ കൊല്ലാൻ വടിയെടുത്തു. കൊച്ചുമറിയം വെള്ളം കൊണ്ടുവരുമ്പോൾ പാമ്പു് അമ്മയുടെ കാലിൽ കൂടെ ഇഴഞ്ഞു താഴേക്കിറങ്ങുന്നതു കാണുകയുണ്ടായി. പാമ്പിനെ കൊല്ലരുതെന്നു് അമ്മ വിലക്കി.

"ചിലദിവസം പിശാചുക്കൾ മുളകെടുത്തു് അമ്മയുടെ കണ്ണിൽതേയ്ക്കും. നെല്ലിക്കാവെള്ളംകൊണ്ടു കൊച്ചു

മറിയം കണ്ണു കഴുകുമ്പോൾ കണ്ണിൽ നിന്നു മുളകുകുരു ലഭിച്ചിരുന്നു."

"ദൈവകാർമ്മയെപ്പററി അമ്മ എപ്പോഴും സംസാരിച്ചിരുന്നു: ഈശോയെപ്രതി സഹിക്കുവാൻ അമ്മ പലപ്പോഴും ഞങ്ങളെ ഉദ്ബോധിപ്പിച്ചിരുന്നു. "മറിയം വഴി എല്ലാ സ്തുതികളും ദൈവത്തിനുള്ളതാകുന്നു" വെന്നു് ആവർത്തിക്കണമെന്നു സഹോദരി പലപ്പോഴും പറഞ്ഞിരുന്നു.

കർമ്മലീത്താ മദർജനറൽ ഇഗ്നേഷ്യായുടേയും നേഴ്സു സിസ്റ്റർ മരിയാളൂയീസായുടേയും സാക്ഷ്യങ്ങൾ മുൻ വിവരിച്ചിട്ടുള്ളതാണല്ലോ.

ബ. മറിയംത്രേസ്യയുടെ അനുജത്തി ഇട്ട്യാനത്തിൻെറ മകൾ സിസ്റ്റർ കൊച്ചുത്രേസ്യാ, നെല്ലിമററം ഇടവക നെടുമ്പുറം വറിയതു മകൾ സി. യോഹന്നാ പുത്തമ്പള്ളി ഇടവക മേനാശ്ശേരി കൊച്ചാപ്പു മകൾ സി. മത്താ എന്നിവരൊരുമിച്ചു് എനിക്കു് എഴുതിത്തന്ന വവരണം സംക്ഷേപിച്ചു കീഴെ ചേർക്കുന്നു.

"ഞങ്ങൾ ബ. മറിയം ത്രേസ്യാമ്മയോടൊരുമിച്ചു താമസിച്ചിട്ടുള്ളവരാണു്; സിസ്റ്റർ യോഹന്നാ ബ. അമ്മയുടെ പഞ്ചക്ഷതങ്ങൾ കണ്ടിട്ടുണ്ടു്. പുറമേ ഉണങ്ങിയ രൂപത്തിലായിരുന്നു മുറിവു്. വെള്ളിയാഴ്ചകളിൽ അമ്മ പരവശാവസ്ഥയിൽ കിടക്കുന്നതു ഞങ്ങൾ കണ്ടിട്ടുണ്ടു്. ഒരുവെള്ളിയാഴ്ച ഉല്ലാസസമയത്തു തലയിൽനിന്നു് രക്തം ഒഴുകുന്നതു സി. യോഹന്നാ കണ്ടു. മരണംവരെ കൈകാലുകളിൽ മുറിവുണ്ടായിരുന്നു. ദുഃഖവെള്ളിയാഴ്ചകളിൽ പള്ളിയിലെ തിരുക്കർമ്മാദികൾ അവസാനിക്കുന്നതോടെ

അമ്മയുടെ പീഡകറം ആരംഭിക്കുന്നു. ശേഷം സമയം അമ്മ പരവശാവസ്ഥയിലായിരുന്നു.

"വി. കർബാനയുടെ നേരെ അപാരമായ ഭക്തിയാണ് അമ്മയ്ക്കുണ്ടായിരുന്നത്. ദിവ്യകാരുണ്യസന്ദർശനം കൂടെക്കൂടെ നടത്തിയിരുന്നു. എന്റെ ബോധവും ഹൃദയവും കർത്താവിലാണെന്ന് അമ്മ കൂടെക്കൂടെ പറയാറുണ്ട്. നമ്മുടെ കർത്താവിനെ ആശ്വസിപ്പിക്കണമെന്നു പറഞ്ഞു കൂടെക്കൂടെ വിസീത്താ കഴിക്കാൻ സഹോദരിമാരെ പ്രേരിപ്പിച്ചിരുന്നു. ദിവസന്തോറും രാത്രി സഹോദരിമാർ മാറിമാറി അരമണിക്കൂർ ആരാധന നടത്തണമെന്നു നിശ്ചയിച്ചിരുന്നു. പാരവശ്യമില്ലാത്ത ദിവസങ്ങളിൽ അമ്മയും ആരാധനയിൽ സംബന്ധിച്ചിരുന്നു.

"വി. കുബ്ബാനസ്വീകരണത്തിനുശേഷം അമ്മയുടെ മുഖത്തു ദിവ്യമായ ഒരു പ്രകാശം ഞങ്ങറംക്കു ദൃശ്യമായിരുന്നു. വി. കുബ്ബാനയ്ക്കു ശുശ്രൂഷിച്ചിരുന്ന ഒരു സഹോദരി ഇതു കാണാൻ തിരിഞ്ഞുനോക്കാറുണ്ടായിരുന്നു. അമ്മ അതു വിലക്കി.

"ദിവ്യകാരുണ്യം തക്ക ഭക്തിയോടെ സ്വീകരിക്കാൻ അമ്മ എപ്പോഴും ഞങ്ങളോടുപദേശിച്ചിരുന്നു.

"സഹോദരിമാരോട് മക്കളോടെന്നപോലെയാണ് അമ്മ പെരുമാറിയിരുന്നത്. ചിലപ്പോറം സഹോദരിയെപ്പോലേയും ചിലപ്പോറം കൂട്ടുകാരിയെപ്പോലെയുമായിരുന്നു അമ്മയുടെ പെരുമാററം. അമ്മയ്ക്കു ഞങ്ങളുടെ വിചാരങ്ങറം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. തന്നിമിത്തം ഭയത്തോടെയാണു ഞങ്ങറം അമ്മയെ സമീപിച്ചിരുന്നതു്. ഉപവിക്കു വിരോധമായ സംസാരം, വിചാ

രം ആകുലചിന്തകൾ, നിഗളം, ഭക്തകൃത്യങ്ങളിലുള്ള മന്ദത എന്നിവ പ്രത്യേകം എടുത്തു പറഞ്ഞിരുന്നു. നിസ്സാര കുററങ്ങൾക്കുപോലും അമ്മ ഞങ്ങളെ ശാസിക്കുകയും പ്രായശ്ചിത്തം ചെയ്യിക്കുകയും ചെയ്തിരുന്നു. ഏല്പിക്കപ്പെട്ട ജോലികൾ ശരിയായി ചെയ്യാതിരിക്കുന്നവരുടെ കഴുത്തിൽ ചൂലോ, ചാണകമോ, അടിച്ചുകൂട്ടിയ വസ്തുക്കളോ കെട്ടിത്തൂക്കിയിട്ടിരുന്നു.

“അമ്മയ്ക്കു് അല്പം മുൻകോപമുണ്ടായിരുന്നു. ആക്കെങ്കിലും ഹിസ്റ്റേറിയായുടെ സുഖക്കേടുണ്ടെന്നു് അമ്മയ്ക്കു തോന്നിയാൽ അമ്മ അവരോടു ഗൌരവത്തോടെയാണു പെരുമാറിയിരുന്നതു്. ബലം പ്രയോഗിച്ചു് അവരെ നടത്തിയിരുന്നു.

“പിറവി പീഡാനുഭവം എന്നീ വിഷയങ്ങളെപ്പററിയുള്ളധ്യാനം ഒരു പുസ്തകവും ഉപയോഗിക്കാതെതന്നെ അമ്മ പ്രസംഗിച്ചിരുന്നു. ഓരോ അവയവങ്ങളിലും ഈശോ അനുഭവിച്ച പീഡകളെ അനുസ്മരിച്ചു് ആ അവയവംവഴിനാം ചെയ്തിട്ടുള്ള പാപങ്ങളെക്കുറിച്ചു് മനസ്തപിക്കുവാൻ അമ്മ പലപ്പോഴും ഉപദേശിച്ചിട്ടുള്ളതു് ഇന്നും ഞങ്ങൾ ഓക്കുന്നുണ്ടു്.

“ഉല്ലാസം സന്തോഷപ്രദമാക്കുന്നതിനു് അമ്മ നല്ലവണ്ണം ശ്രദ്ധിച്ചിരുന്നു. സഹോദരിമാരോടുകൂടെ അമ്മയും കളിക്കുമായിരുന്നു; പ്രത്യേകിച്ചു “കിളികളി”.

“പകൽ മുഴുവനും അമ്മ അധ്വാനിക്കുകയും മററുള്ളവരെക്കൊണ്ടു് അദ്ധ്വാനിപ്പിക്കുകയും ചെയ്തശേഷം രാത്രി മുഴുവനും അമ്മ ഒരു രോഗിയായിക്കഴിയുന്നു. ചെവികുത്തു, പല്ലുവേദന, തലവേദന എന്നിവയായിരുന്നു. ആലസ്യം; പല ദിവസങ്ങളിലും പാരവശ്യവുമുണ്ടായിരുന്നു.

"ദീനാനുകമ്പ അമ്മയുടെ പ്രത്യേകതയായിരുന്നു സാധുക്കൾക്കു വസ്ത്രവും പണവും കൊടുക്കുവാൻ അമ്മ അത്യുത്സാഹം പ്രദർശിപ്പിച്ചിരുന്നു. അന്യരിൽനിന്നും കിട്ടുന്ന സമ്മാനങ്ങൾ ദരിദ്രക്കു കൊടുത്തിരുന്നുവെന്നു മാത്രമല്ല, പലപ്പോഴും ഇരന്നു സഹായം വാങ്ങിച്ചും കൊടുത്തിരുന്നു. രോഗികളെ സന്ദർശിക്കാനും ആശ്വസിപ്പിക്കാനും ശുശ്രൂഷിക്കാനും അമ്മ എപ്പോഴും ഉപദേശിച്ചിരുന്നു അനാഥ ശിശുക്കളെ സംരക്ഷിക്കുന്നതിലും അമ്മ ശ്രദ്ധപതിച്ചിരുന്നു. ഒരാശാരി സ്ത്രീയെ രോഗാവസ്ഥയിൽ ഉപദേശിച്ചു ജ്ഞാനസ്നാനം നല്കി. പ്രസ്തുതരോഗിയുടെ മരണസമയത്തു് ഈശോയും മറിയയും യൗസേപ്പും രോഗിയുടെ പാർശ്വത്തിൽനിന്നു രോഗിയെ ആശ്വസിപ്പിക്കുന്നതായി അമ്മ കണ്ടു. വേലക്കാരോടു വളരെ സ്നേഹത്തോടും ഔദാര്യത്തോടുംകൂടെയാണു് അമ്മ പെരുമാറിയിരുന്നതു്.

"പലരും അമ്മയോടു പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടിരുന്നു. അമ്മയുടെ പ്രാർത്ഥനകൊണ്ടു് ഒരു മദ്യപാനി എന്നെന്നേക്കുമായി ലഹരിപദാർത്ഥങ്ങൾ ഉപേക്ഷിച്ചു. അമ്മയുടെ പ്രാർത്ഥനവഴി കിട്ടിയ അനുഗ്രഹത്തിനു നന്ദിയായിട്ടാണു് എലഞ്ഞിക്കൽ തരിയ്ത കുഞ്ഞിത്തൊമ്മൻ അവർകളുടെ അമ്മ കുഴിക്കാട്ടുശ്ശേരി മഠത്തിനു് ഒരു അറളക്ക സമ്മാനിച്ചതു്. സന്താനങ്ങളില്ലാതിരുന്ന വിതയത്തിൽ ലോനപ്പൻ കൊച്ചുവുസേപ്പിനു് അമ്മയുടെ പ്രാർത്ഥനവഴി ഒരു കുട്ടി ജനിച്ചു.

"ഞങ്ങളിൽ ഒരാളായ കൊച്ചുത്രേസ്യായുടെ അമ്മയെ അതായതു് അനുജത്തി ഇട്ട്യാനത്തെ രോഗത്തിൽ അമ്മ ശുശ്രൂഷിച്ചു. മരണം കഴിഞ്ഞു രണ്ടാം ദിവസം അമ്മയ്ക്കു കാണപ്പെട്ടു് അവൾ അപേക്ഷിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ പല ശുദ്ധീകരാത്മാക്കളും അമ്മയ്ക്കുകാ

ണപ്പെട്ടിട്ടുണ്ടു് "പ്രിയ മക്കളേ, ശുദ്ധീകരാത്മാക്കരം തീ ളയ്ക്കുന്ന എണ്ണയിൽ കിടന്നു മറിയുന്നതു ഞാൻ പലപ്പോഴും കാണുകയുണ്ടായിട്ടുണ്ടു്" എന്നാണു് അമ്മ ഞങ്ങളോടു പറഞ്ഞിട്ടുള്ളതു്."

"കൂടുതൽ പ്രായശ്ചിത്തം ചെയ്യുന്നവരെ അമ്മ കൂടുതൽ സ്നേഹിച്ചിരുന്നു. ഉപവാസവും ആശയടക്കവും പരിത്യാഗപ്രവൃത്തികളും ചെയ്യാൻ സഹോദരിമാരെ വീണ്ടും വീണ്ടും അമ്മ ഉദ്ബോധിപ്പിച്ചിരുന്നു. ആശയടക്കത്തിലുള്ള മാത്സര്യം നിമിത്തം മഠത്തിൽ കൊണ്ടുവരുന്ന വിശിഷ്ടസാധനങ്ങരം ആരും എടുക്കാതെ അവശേഷിച്ച പല സന്ദർഭങ്ങളുണ്ടു്. മുള്ളരഞ്ഞാണവും ചമ്മട്ടിയും ഉപയോഗിക്കേണ്ട സമയം അമ്മ തന്നെ നിശ്ചയിച്ചിരുന്നു. ആരെങ്കിലും അന്യരുടെ കുററം പറയുകയാണെങ്കിൽ അക്കാര്യം പരസ്യമായി ഏററുപറയണം; അധികാരികളോടും സഹോദരികളോടും ക്ഷമാപണം ചെയ്യണം; നാവുകൊണ്ടു നിലത്തു കുരിശുവരയ്ക്കണം; എന്നാൽ ഉല്ലാസദിവസങ്ങളിലോ സമയങ്ങളിലോ എന്തുകണ്ടാലും അമ്മ കുററപ്പെടുത്തിയിരുന്നില്ല. സന്തോഷിക്കാനുള്ള ദിവസമാണല്ലോ അതു്.

"തുമ്പൂരുമഠം പണിയുമ്പോളുണ്ടായ ഒരനുഭവം സിസ്റ്റർ കൊച്ചുത്രേസ്യാ ഇങ്ങനെ വിവരിച്ചു: "ഒരു ദിവസം തുമ്പൂരുമഠം പണിയിക്കാനായി അമ്മ അദ്ധ്വാനിച്ചുകൊണ്ടിരിക്കേ എന്നോടു കുറെ വെള്ളം ചോദിച്ചു. ഞാൻ പാള അന്വേഷിച്ച് പോയപ്പോഴേക്ക് അമ്മ ഒരു പാളക്കഷണമെടുത്തു കൊള്ളരുതാത്ത കുറേ വെള്ളം കുടിച്ചു. എന്തുകൊണ്ടു് ഇങ്ങനെ ചെയ്തുവെന്നു ചോദിച്ചപ്പോരം അമ്മ പ്രതിവചിച്ചു: "ഞാൻ ധരിച്ചിരുന്ന മുള്ളരഞ്ഞാണം മാംസത്തിൽ താണുപോയി. അതു് ഇ

പ്പോഠം പുറത്തു വന്നിരിക്കുകയാണ്. തന്മൂലം വേദന ദുസ്സഹമായി തീൎന്നിരിക്കുന്നു. മരണമടുക്കുമ്പോഴാണു മുള്ളരിഞ്ഞാണം പുറത്തേക്കു വരിക.” താമസിയാതെ അമ്മ മരിക്കയാണല്ലോ ഉണ്ടായതു്.

1958മുതൽ 1967വരെ മദർ ജനറലായിരുന്ന സിസ്റ്റർ ജോസഫീനാ (കോയിത്തറ ഔസേപ്പു കുഞ്ഞന്നം) ഇങ്ങനെ എഴുതിത്തന്നിരിക്കുന്നു: “ഞാൻ മറിയം ത്രേസ്യയുടെ കൂടെ മഠത്തിൽ ചേരുന്നതിനുമുമ്പു് 9 മാസവും മഠത്തിൽ ചേൎന്നശേഷം ഒരു കൊല്ലവും ഒരു മാസവും ഒരു ദിവസവും താമസിച്ചിട്ടുണ്ടു്. ഈ നാളുകളിലെല്ലാം എനിക്കു് അമ്മയോടു് അടുത്തു പെരുമാറാൻ കഴിഞ്ഞിരുന്നു.

“ഞാൻ സഭയിൽ ചേരാൻ ഇടയായതുതന്നെ അമ്മയുടെ പ്രാർത്ഥന മൂലമാണെന്നാണു് എൻെറ വിശ്വാസം. സഭ അതിൻെറ ആരംഭദശയിലായിരുന്നതിനാലും വിദ്യാഭ്യാസത്തിൽ തീരെ പിറകിലായിരുന്നതിനാലും ഈ സഭയിൽ ചേരാൻ ഞാൻ ഉദ്ദേശിച്ചിരുന്നില്ല. ഫാദർ വിതയത്തിൽ ഞങ്ങളുടെ സംബന്ധക്കാരനായിരുന്നിട്ടും മഠത്തിൽ ചേരാനുള്ള അദ്ദേഹത്തിൻെറ ക്ഷണം ഞാൻ സ്വീകരിച്ചില്ല.

“എങ്കിലും ഒരു മാസം മഠത്തിൽ താമസിച്ചുനോക്കാമെന്നു കരുതി ഞാൻ കുഴിക്കാട്ടുശ്ശേരിയിലെത്തി. ഇവിടെത്തന്നെ നീ നില്ക്കുക, എന്നൊരു സ്വരം അന്തരംഗത്തു മാറെറാലിക്കൊള്ളുന്നതായി എനിക്കു് അനുഭവപ്പെട്ടു. പിന്നീടു് എനിക്കു് അവിടം വിടാൻ മനസ്സു വന്നില്ല. എൻെറ മനസ്സിലുണ്ടായ ഈ അന്തരം അമ്മയുടെ പ്രാർത്ഥനാഫലമായിരിക്കണം. കൂടാതെ അമ്മയുടെ മരണശേഷം മൂന്നുപ്രാവശ്യം അമ്മ സ്വപ്നത്തിൽ

എനിക്കു കാണപ്പെടുകയും സഭയിൽ ഉറച്ചു നില്ക്കാൻ ധൈര്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഒരു ഒഴിവുദിവസം അമ്മയുടെകൂടെ ഞാൻ തുമ്പൂക്കു പോയി. മദ്ധ്യാഹ്നവിശ്രമവേളയിൽ അരയിൽ എൻെറ കൈ തൊട്ടുവിച്ചുകൊണ്ടു് „വല്ലതും തടയുന്നുണ്ടോ എന്നു ചോദിച്ചു. „എന്തോ തടഞ്ഞു,'' ഞാൻ പറഞ്ഞു: „എന്തോ എൻെറ അരയിൽ താണുപോയിട്ടുണ്ടു്'' അമ്മ പ്രതിവചിച്ചു.

„മരണശേഷമാണു് ഇക്കാര്യം ഞാൻ ഓർത്തതു്. എൻെറ അനുഭവം ഞാൻ മററു സഹോദരിമാരെ അറിയിച്ചപ്പോഠം അവർ പറഞ്ഞു അമ്മയുടെ അരയിൽ താണുപോയ മുള്ളരഞ്ഞാണമാണു തടഞ്ഞതെന്നു്.

„പല പ്രാവശ്യവും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോഠം ഏതോ അദൃശ്യശക്തി അമ്മയുടെ കൈയിൽ തട്ടിക്കളയുന്നതും ഒടുവിൽ ഭക്ഷണം കഴിക്കാൻ സാധിക്കാതെ അമ്മ എഴുന്നേററുപോകുന്നതും ഞാൻ കണ്ടിട്ടുണ്ടു്. അമ്മയുമായി സംസാരിച്ചുകൊണ്ടിരുന്ന ചില സന്ദർഭങ്ങളിൽ കൈയ്യിൽ പല ഭാഗങ്ങളിലും വേദന അനുഭവപ്പെടുന്നതുപോലെ ചേഷ്ടകഠം കാണിക്കുന്നതും ഉടനെ മുറിവുകഠം പ്രത്യക്ഷപ്പെടുന്നതും രക്തം കനിയുന്നതും ഞാൻ നേരിൽ ദർശിച്ചിട്ടുണ്ടു്. അതു് 'പൈശാചികമർദ്ദനങ്ങളാണെന്നാണു മററു സഹോദരിമാർ പറഞ്ഞിരുന്നതു്. ഞാൻ അമ്മയോടു അതിനെപ്പററി ചോദിച്ചിട്ടില്ല.

„ഞാൻ മഠത്തിൽ ചേരുന്നതിനു പത്തുകൊല്ലംമുമ്പു് ഒല്ലൂരുമഠം ബോർഡിങ്ങിൽവച്ചു് അമ്മയെ കണ്ടിട്ടുണ്ടു്. പഞ്ചക്ഷതമുള്ള അമ്മയാണിതെന്നു കൂട്ടുകാർ എ

ന്നോടു പറഞ്ഞിരുന്നു. അവ കാണാൻ ഞാൻ വളരെ പണിപ്പെട്ടു. ഉടുപ്പു കൈവിരലുകളും കാൽവിരലുകളും വരെ ഇറങ്ങിക്കിടന്നിരുന്നു. കൈവിരലുകൾ സദാ ചുരുട്ടിപ്പിടിച്ചിരുന്നു. എങ്കിലും ഒരിക്കൽ കൈപ്പത്തയുടെ പുറം കാണാനിടയായി. മുറിവുണങ്ങിയ പാടു കാണാമായിരുന്നു. ഉള്ളംകൈ കാണാൻ തരപ്പെട്ടില്ല.

"ഞാൻ അമ്മയെ ഒരു വാതരോഗിയായിട്ടാണു കുഴിക്കാട്ടുശ്ശേരിയിൽ കണ്ടതു്. പകൽ വേലക്കാരൊക്കൊണ്ടു സ്നേഹപൂർവ്വം പണിയെടുപ്പിക്കും; രാത്രി രോഗപീഡയാൽ വലയും.

ബ. മറിയം ത്രേസ്യയുടെ ജീവചരിത്രം തിരുക്കുടുംബസന്യാസസഭയിലെ പല അംഗങ്ങളും എഴുതി വച്ചിട്ടുള്ളതായി ഞാൻ കണ്ടു. അവരുടെ ചില പ്രസ്താവനകൾ കൂടെ ഈ അദ്ധ്യായത്തിൽ ചേർത്തുകൊള്ളുന്നു:

അല്പജ്ഞയായ ഒരു ഗ്രാമീണകർഷകപുത്രി ഒരു പുതിയസഭയുടെ ശില്പിയും വളർത്തമ്മയുമാകുക അത്ര എളുപ്പമാണോ? ദാരിദ്ര്യം കൊടുമ്പിരികൊള്ളുന്നകാലത്തു നാലു സഭാമന്ദിരങ്ങളും രണ്ടു സ്കൂളുകളും പണിതീർത്തതും അംഗങ്ങൾക്കു ഭക്ഷണംകൊടുക്കാൻകഴിഞ്ഞതും അതോടൊപ്പം സാമുദായികപ്രവൃത്തനങ്ങൾ ഏറ്റെടുത്തു നടത്തിയതും അത്ഭുതം പോലെ തോന്നുന്നു. പ്രഥമാംഗങ്ങൾക്കു ഇതെത്രയും ദുർഗ്രഹമായിത്തോന്നിയിരുന്നു.

അമ്മയുടെ ഉപദേശങ്ങൾ മാധുര്യവും ദിവ്യചൈതന്യവും കവിഞ്ഞൊഴുകുന്നതായിരുന്നു. അവ ഹൃദയങ്ങളുടെ അഗാധങ്ങളിലേക്കു തുളച്ചു കടന്നിരുന്നു. ഗഹനങ്ങളായ വിഷയങ്ങളെപ്പറ്റി ഇത്ര ലളിതമായി സംസാരി

ക്കന്നതെങ്ങനെയെന്നു ഞങ്ങൾക്കു മനസ്സിലായിരുന്നില്ല. അമ്മ തന്നെയാണോ സംസാരിക്കുന്നതെന്നുപോലും ഞങ്ങൾക്കു തോന്നിയിരുന്നു.

1920 ജാനുവരിയിൽ പുതുകന്യാസ്ത്രീകളോടു ബ. മറിയം ത്രേസ്യാമ്മ പറഞ്ഞ ഉപദേശം ആരോ രേഖപ്പെടുത്തിവച്ചിട്ടുണ്ട്. "നിങ്ങൾ ധ്യാനം നന്നായി കഴിക്കുന്നില്ല. അല്പകാര്യങ്ങൾക്കു ചിരിക്കുന്നു. ദൈവാലയത്തിൽ വച്ചു നിങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും നോക്കുകയും ഉറക്കം തൂങ്ങുകയും മററു ആചാരക്കേടുകൾ കാണിക്കുകയും ചെയ്യുന്നു. ക്ലിപ്തസമയത്തു നിങ്ങൾ കൂട്ടത്തിലെത്തിച്ചേരുന്നില്ല. തൊടലക്കം ശരിയായി കാക്കണം. പ്രാത്ഥനാസ്ഥലവും കിടപ്പുമുറിയും ശുചിയായി സൂക്ഷിക്കണം. ഉല്ലാസസമയത്തു് അവിടവിടെ ചുററിനടക്കാതെ എല്ലാവരും കൂട്ടത്തിലുണ്ടായിരിക്കണം. എല്ലാക്കാര്യങ്ങളും ദൈവം കാണുന്നുവെങ്കിൽ അവ തലവന്മാരുടെ മുമ്പിൽ നിരത്തിവെയ്ക്കാൻ എന്തിനു ശങ്കിക്കുന്നു? കൂടെക്കൂടെ ദൈവഓമ്മ വേണം. വലിയ പ്രായശ്ചിത്തങ്ങൾ ചെയ്യാതെ ആശയടക്കം, ബോധയടക്കം, മിണ്ടടക്കം എന്നീ നിയന്ത്രണങ്ങൾ അനുഷ്ഠിക്കണം. സഭയുടെ പൊതുഗുണത്തിനുവേണ്ടി വേല ചെയ്യുക; സഭയ്ക്കു വേണ്ടി അപേക്ഷിക്കുക. നമ്മളല്ലാതെ ആരു നമ്മുടെ സഭയ്ക്കു വേണ്ടിപ്രാർത്ഥിക്കും? ഊട്ടുമുറിയിൽ ഭക്ഷണനേരത്തു പാപികൾക്കും ശുദ്ധീകരാത്മാക്കൾക്കും അവനവനും വേണ്ടി പ്രാത്ഥിക്കുക. കത്താവിൻെറ പീഡാനുഭവങ്ങളെ ഓത്തുവേണം ഭക്ഷിക്കാനും ഉല്ലസിക്കാനും. കത്താവിൻെറ പാടുപീഡകൾ ഓർത്തു സഹിക്കുക. ഭക്ഷണത്തിൻെറ രുചിനോക്കേണ്ടതില്ല. നാം പാപികളാണെങ്കിലും കത്താ

വിൻെറ മണവാട്ടികളാണു്; പല വീട്ടുകാരാണെങ്കിലും തിരുക്കുടുംബാംഗങ്ങളാണു്. എന്തു സംഭവിച്ചാലും മ്ലാന വദനരാകരുതു്. കർത്താവിൽ സന്തോഷിക്കുക.

നാം വേദോപദേശം നന്നായി പഠിക്കണം. എല്ലാ അറിവിനേക്കാളും വലിയ അറിവു ദൈവത്തെ സംബന്ധിക്കുന്നതാണു്.

നമ്മുടെ സഭ ആരംഭദശയിലാണു്. നിങ്ങളുടെ ഭക്തികൊണ്ടു് അതു വളരണം.

നിങ്ങൾ മാതാവിനെ സ്നേഹിക്കുന്നുണ്ടോ? എങ്ങനെ സ്നേഹിക്കുന്നു? നിങ്ങളുടെ ഹൃദയമൊക്കെയോടും മുഴുവൻ മനസ്സോടും മാതാവിനെ സ്നേഹിക്കുക. കർത്താവിനെ സ്വീകരിക്കാൻ തക്ക ഹൃദയ ഒരുക്കമുണ്ടോ? കർത്താവിനെ കൈക്കൊള്ളുന്നതിനായി നിങ്ങളുടെ ഹൃദയത്തെ മാതാവിനു കൊടുത്തു മാതാവിൻെറ ഹൃദയംകൊണ്ടു നിങ്ങൾ കർത്താവിനെ സ്നേഹിക്കണം. വണക്കമെ സദിവസങ്ങളിൽ പുഷ്പങ്ങൾ പീഠത്തിൽ വയ്ക്കുന്നതു മാരാവിനു് ഇഷ്ടമാണു്; എന്നാൽ യാതൊരു പാപവും ചെയ്യാതിരിക്കുന്നതു് അവിടത്തേക്കു കൂടുതൽ ഇഷ്ടം.

ഇവിടെ ഏഴു ദിവസമായി ഒരു പിശാചുവന്നു നിങ്ങളുടെ ഹൃദയം കലക്കുന്നുണ്ടു്. നിങ്ങളുടെ വിചാരങ്ങൾ എന്തെല്ലാമാണു്?. ആത്മസ്ഥിതി നിങ്ങൾ ആത്മപിതാവിനെ അറിയിക്കുന്നില്ലേ".

ഈ ദൃശമായ ഉപദേശങ്ങളോടൊപ്പം ജീവകാരുണ്യപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നുവെന്നതാണു ബ. മറിയം ത്രേസ്യയുടെ പ്രത്യേകത. അംഗങ്ങളുടെ വിശുദ്ധീകരണവും ബാഹ്യപ്രവർത്തനങ്ങളും

യോജപ്പിച്ചുകൊണ്ടുപോകാൻ കേരളത്തിൽ പ്രഥമപരിശ്രമം ചെയ്തതു് ഈ ഗ്രാമീണ കർഷക, അനഭ്യസ്ത ബാലികയാണു്. വീടുകൾ സന്ദർശിച്ചു സേവനമനുഷ്ഠിക്കുന്നതു തറവാടിത്തത്തിനു യോജിച്ചതല്ലെന്നു കരുതിയിരുന്ന കാലത്താണു് തിരുക്കുടുംബസഭ തികച്ചും വിപ്ലവാത്മകമായ ഈ ആദർശം സ്വീകരിച്ചതു്. വീടുകളിൽപോയി രോഗികളേയും മരണാസന്നരേയും ശുശ്രൂഷിക്കുന്നതിൽ സഭാംഗങ്ങൾ കാണിച്ച ഔദാര്യം ഇതരസന്യാസസഭകളുടേയും പല പ്രമാണികളുടേയും നിശിതവിമർശനത്തിനു വിധേയമായി. 1914ൽ ഒരു പാവപ്പെട്ട കന്യാസ്ത്രീയുടെ നേതൃത്വത്തിൽ ഉടലെടുത്ത സമുദായസേവനപരിപാടി രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷമാണു് എല്ലാ സന്യാസസഭകളുടേയും ഭൂഷണമായി മാറിയതു്. ഇക്കാര്യത്തിൽ തിരുക്കുടുംബസഭ കേരളത്തിലെ ഇതരസന്യാസസഭകളെയെല്ലാം തങ്ങളുടെ പിറകിലാക്കിയിരിക്കുന്നു. സഭയുടെ ധനമോ ആർഭാടങ്ങളോ അല്ല ബ. മറിയം ത്രേസ്യയുടെ ജീവിതവിശുദ്ധിയും സന്യാസലക്ഷ്യവുമാണു് അനേകം യുവതികളെ ഈ സഭയിലേക്കു് ആനയിച്ചതു്.

1942മുതൽ 1952വരെ മദർജനറലായിരുന്ന സിസ്റ്റർ ഇസബെല്ലയുടെ (അന്നൂക്കൻ കരിയപ്പൻ മറിയം) സാക്ഷ്യത്തോടുകൂടെ ഈ അദ്ധ്യായം സമാപിപ്പിക്കാം.

“ഞാൻ മറിയം ത്രേസ്യാമ്മയോടുകൂടെ താമസിച്ചിട്ടുണ്ടെങ്കിലും പഞ്ചക്ഷതങ്ങൾ കണ്ടിട്ടില്ല. പലരും കണ്ടിട്ടുള്ളതായി ഞാൻ പറഞ്ഞുകേട്ടിട്ടുണ്ടു്. അമ്പതുനോമ്പിലെ വെള്ളിയാഴ്ചകളിൽ അധികസമയവും അമ്മ കട്ടി

ലിലാണു കഴിച്ചിരുന്നതു്. അമ്മ നിവൻ കണ്ണടച്ചു കിടക്കുകയായിരിക്കും; ബോധമില്ലായിരുന്നുവെന്നുതോന്നും.

വി. കുർബ്ബാനയോടും ദൈവമാതാവിനോടുമുള്ള അമ്മയുടെ ഭക്തി അന്യാദൃശമാണു്. ദീർഘസമയം അമ്മ വി. കുർബ്ബാനയുടെ മുമ്പാകെ ചെലവഴിച്ചിരുന്നു, വി. കുർബ്ബാനയുടെ മുമ്പാകെ നില്ക്കുമ്പോൾ സ്നേഹനാഥനോടു നേരിൽ സംസാരിക്കുകയാണോ എന്നു തോന്നിപ്പോകും. വി. കുർബ്ബാന സ്വീകരണത്തിനുശേഷം അരമണിക്കൂർ നേരം നിശ്ചലമായി നില്ക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്.

അമ്മയെ എല്ലാവരും ഒരു പുണ്യവതിയായിട്ടാണു വീക്ഷിച്ചിരുന്നതു്. ഈ ലോകത്തിൽ ജീവിക്കുന്നുണ്ടായിരുന്നെങ്കിലും ചിന്തമുഴുവനും സ്വർഗ്ഗത്തിലാണെന്നു ജോലിസമയത്തും ഉല്ലാസവേളകളിലും എനിക്കു തോന്നിയിട്ടുണ്ടു്; എങ്കിലും അമ്മ എല്ലാവരോടുംചേൎന്നു് ഉല്ലസിച്ചിരുന്നു. തൊറുകൾ അതാതു ദിവസംതന്നെ അമ്മേ തിരുത്തിയിരുന്നു; എന്നാൽ അപ്പോഴത്തെ സ്വരം ഒന്നുവേറെതന്നെയായിരുന്നു. സാധുക്കളുടെ വീട്ടിൽപോയി അവരുടെ വിഷമങ്ങൾ മനസ്സിലാക്കി കഴിവുപോലെ സഹായങ്ങൾ നല്കുകയും ദേഹംകൊണ്ടു് ചെയ്യാവുന്ന ശുശ്രൂഷ സ്നേഹപൂർവ്വം നിർവ്വഹിക്കുകയും ചെയ്തിരുന്നു.

അമ്മയുടെ ധീരത ആരും വക വച്ചുകൊടുക്കാതിരിക്കയില്ല. പിശാചിന്റെ ഭയങ്കര ഞെരുക്കങ്ങളിലും രോഗങ്ങളിലും ത്രേസ്യാ തളരാതെ ദൈവത്തിൽ ശരണപ്പെട്ടും എല്ലാ കൃത്യങ്ങളും നിർവ്വഹിച്ചുകൊണ്ടിരുന്നു. തീർച്ചയായും ഒരസാധാരണ ജീവിതമായിരുന്നു ബ. അമ്മയുടേതെന്നാണു് എന്റെ അഭിപ്രായം.



**ബ. മറിയം ത്രേസ്യായോടുകൂടെ ജീവിച്ചിരുന്ന സഹോദരിമാർ**

ഇരിക്കുന്നവർ: ബ. സി. അന്നാ, ബ. ജോസഫീനാ, ബ. ആക്കെഞ്ചൽ,
ബ. ഇസബെലാ, ബ. മെററിൽഡാ.

നില്ക്കുന്നവർ: ബ. കൊച്ചുത്രേസ്യാ, ബ. യോഹന്നാ, ബ. ബെഷ്ക്കമൻസ്,
ബ. മത്താ, ബ. അഗസാ.



ബ. മറിയം ത്രേസ്യാ ശവമഞ്ചത്തിൽ — അന്നത്തെ തിരുക്കുടുംബസഭ നോക്കിനില്ക്കുന്നു.

അധ്യായം 11

## ത്രേസ്യയുടെ അന്തിമനാളുകൾ

1919 ജൂൺ 16-ാംനു- ബ. മറിയം ത്രേസ്യയുടെ പിതാവു കുഞ്ഞിത്തൊമ്മൻ കത്താവിൽ നിദ്രപ്രാപിച്ചു. തീകഞ്ഞ മദ്യപാനിയായ ഈ പിതാവിൽനിന്നും ത്രേസ്യാ വളരെ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്; എന്നാലും മകളുടെ സ്നേഹശുശ്രൂഷ അദ്ദേഹത്തിൻെറ അന്തിമനിമിഷത്തെ സൗഭാഗ്യകരമാക്കി എന്നു വിശ്വസിക്കാവുന്നതാണു്.

ഏഴുകൊല്ലവും കൂടി കഴിഞ്ഞു. പിശാചിൽനുണ്ടായ ആക്രമണങ്ങൾ നവ്യസഭയെ വളത്തിക്കൊണ്ടു വരാൻ ചെയ്ത അധ്വാനങ്ങൾ, കഠിനമായ പ്രായശ്ചിത്തങ്ങൾ മുതലായവ വാതരോഗപ്രകൃതിയായിരുന്ന ത്രേസ്യയുടെ ജീവിതത്തിൻെറ ദൈർഘ്യം വെട്ടിക്കുറച്ചു. അരയിൽ പൂണ്ടുപോയ മുള്ളരഞ്ഞാണം പഴുത്തമാംസത്തിൽ നിന്നു പുറത്തേക്കു തള്ളിവന്നു. ഒരു ദിവസം അസാധാരണമായ 'ഒരിരുട്ടു' അനുഭവപ്പെട്ടു. ഇവ രണ്ടും തൻെറ മരണത്തിൻെറ നാന്ദിയായിരിക്കുമെന്നു ബ. ത്രേസ്യാ സഹസഹോദരിമാരെ അറിയിച്ചിരുന്നു. അവരിൽ ചിലർ അതോത്തിരുന്നുവെന്നു തുണസഹോദരിയായിരുന്ന അഗസ്സായുടെ വാക്കുകൾ വിശദമാക്കുന്നുണ്ടു്. അവർ എന്നോടുതന്നെ അതിനെപ്പററി സംസാരിച്ചിട്ടുണ്ടു്.

1914 മുതൽ 1926 വരെ പന്ത്രണ്ടുകൊല്ലത്തേ അധ്വാനം ബ. ത്രേസ്യയുടെ ശക്തിക്കു് അതീതമായിരുന്നു

സ്വഭാവേതരമായസഹനങ്ങഠം അങ്ങനെ. പിശാചിൻെറ ബദ്ധശത്രുവായിരുന്നു മറിയം ത്രേസ്യാ. പൈശാചികതെരുക്കളുടെ ഇടയ്ക്കു രണ്ടു പ്രാവശ്യം ബ. ത്രേസ്യായ്ക്കു തല്ലാഘാതമുണ്ടായി; രണ്ടുപ്രാവശ്യവും ദൈവമാതാവിൻെറ സഹായത്താൽ അവ്യഠം അത്ഭുതകരമാംവണ്ണം സൗഖ്യം പ്രാപിച്ചു. പുതിയ സഭയുടെ പുരോഗമനം അത്ഭുതകരമായിരുന്നെങ്കിലും സഭാധിപയ്ക്കു ഹിസ്റ്റീറിയാ സൂഖക്കേടോ ചെകുത്താൻ സേവയോ ഉണ്ടെന്നു പറഞ്ഞ് അമ്മയെ പലരും പരിഹസിച്ചിരുന്നു. എന്നാലും ആദ്യന്തം ബ. മറിയം ത്രേസ്യയുടെ സഹനസന്നദ്ധതയും ശാലീനതയും ലളിതജീവിതവും പ്രകടമായികാണപ്പെട്ടിരുന്നു.

1926 മേയ് 10-ാംനു തിരുക്കുടുംബസഭയുടെ ചരിത്രത്തിൽ അതിപ്രധാനമായ ഒരു ദിവസമാണ്. അന്നാണ് ഡോക്ടർ ഫ്രാൻസിസ് വാഴപ്പിള്ളി തുറവൂരുമഠം ആശീർവ്വദിച്ചതും. അക്കാലത്തെ നവസന്യാസികഠംക്കു സഭാവസ്ത്രം നല്കിയതും. ജനങ്ങളുടെ തിക്കും തിരക്കും മൂലം മദ്ബഹായുടെ മുമ്പിലുള്ള അഴിക്കാൽ മറിഞ്ഞു ബ. മറിയം ത്രേസ്യയുടെ കാലിൽ വീണു; അങ്ങനെ സഹോദരിയുടെ കാലിൽ ഒരു മുറിവുണ്ടായി. അന്നത്തെ ഉല്ലാസങ്ങളുടെ ഇടയ്ക്കു് ഈ മുറിവിനു് അത്രയേറെ പ്രാധാന്യം ആരും കല്പിച്ചില്ല. ആ കൊച്ചുമുറിവു ബ. അമ്മയെ കിനാവുകളുടെ ലോകത്തിൽനിന്നു ശാശ്വതസൗഭാഗ്യനികേതനത്തിലേക്കു്, സ്വർഗ്ഗീയതിരുക്കുടുംബത്തിലേക്കു് ആനയിക്കുമെന്നു് അന്നു് ആരും കരുതിയില്ല. ഒരുദിവസംബ. അമ്മ സിസ്റ്റർമാറിൽഡായോടുകൂടെവളപ്പിൽ നടക്കുമ്പോഠംതാൻ ഇനിഅധികംനാഠം ജീവിക്കയില്ലെന്നു്

ആസഹോദരിയെ അറിയിച്ചു. സിസ്റ്റർ മററിൽഡാ പുറ കോട്ടുമാറികരഞ്ഞു. ബ. ത്രേസ്യാ സിസ്റ്ററിന്റെ കൈ യിൽപിടിച്ചു പലതും പറഞ്ഞു അവരെ ആശ്വസിപ്പിച്ചു.

മേയ് 10-ാംനു- ഉച്ചതിരിഞ്ഞു മെത്രാനച്ചൻ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ സഭയുടെ പ്രഥമ തിരിഞ്ഞെടുപ്പ് നടത്തി. ബ. ആലിസ് കുഴിക്കാട്ടുശ്ശേരി മഠത്തിന്റെ ശ്രേഷ്ഠയും ബ. അൽബത്താ തുമ്പൂരു മഠത്തിന്റെ ശ്രേഷ്ഠയുമായി നിയമിതരായി. അധികാര സ്ഥാനങ്ങളിൽ നിന്നു വിരമിക്കാൻ വെമ്പൽകൊണ്ടിരുന്ന ബ. മറിയം ത്രേസ്യാ നോവിസു ഗുരുനാഥയായി തിരിഞ്ഞെടുക്കപ്പെട്ടു. എന്നാൽ ഈ സ്ഥാനാവരോഹണം കഴിഞ്ഞു് ഒരു മാസം തികയുന്നതിനുമുമ്പു ബ. മറിയം ത്രേസ്യക്കു സ്വർഗ്ഗീയ മഠത്തിലേക്കു സ്ഥലം മാററം ലഭിച്ചു. നവസന്യാസിനികൾക്കു ബ. അമ്മയുടെ പരിശുദ്ധശിക്ഷണം ലഭിക്കാനിടയായില്ലെന്നുതന്നെ പറയാം.

തുമ്പൂരു മഠം വെഞ്ചരിപ്പു ദിവസം ത്രേസ്യക്കു ലഭിച്ച മുറിവു പഴുത്തു ദുസ്സഹമായ വേദനയുളവായി. നാട്ടുചികത്സകൾ ഫലിക്കാതായപ്പോൾ ബ. അമ്മയെ കുഴിക്കാട്ടുശ്ശേരിയിലേക്കു തിരിച്ചു കൊണ്ടുപോയി രോഗിയെ ചാലക്കുടി ആശുപത്രിയിലേക്കു നീക്കം ചെയ്യണമെന്നു് അവിടത്തെ ഡോക്ടർ അഭിപ്രായപ്പെട്ടു. അതു് വൃഥായാണെന്നും തന്റെ അന്ത്യം സമീപിച്ചിരിക്കുന്നുവെന്നും അവൾ ആത്മപിതാവിനെ അറിയിച്ചു. എന്നാൽ ഡോക്ടരുടെ അഭിപ്രായത്തെ ആദരിക്കാൻ തന്നെ അദ്ദേഹം നിശ്ചയിച്ചു.

രോഗത്തിന്റെ ഗൌരവം ഊഹിച്ചു മനസ്സിലാക്കിയ സഹോദരിമാർ വത്സലമാതാവിന്റെ അരികിൽ ച

റവുംകൂടി കണ്ണുനീർ വാർത്തു. ആർദ്രഹൃദയയായ അമ്മ അവരെ അഭിവാദ്യം ചെയ്തു; "വത്സലമക്കളേ, അല്പവിശ്വാസികളേപ്പോലെ നിങ്ങൾ ചഞ്ചലചിത്തരാകരുതു്. ഞാൻ ഈ രോഗത്തിൽ നിന്നു സൗഖ്യം പ്രാപിക്കയില്ലെന്നു് എന്നെപ്പോലെ നിങ്ങൾക്കും തോന്നുന്നില്ലേ; ഞാനിത്രവേഗം നിങ്ങളെപ്പിരിഞ്ഞു ദിവ്യമണവാളന്റെ ക്ഷണം സ്വീകരിക്കണമെന്നാണു ദൈവചിത്തമെങ്കിൽ അങ്ങിനെയാകട്ടെ. നമ്മുടെ സഭ ഒരു ശിശു മാത്രമാണു്. അതിനെ വളർത്തേണ്ടതു് നിങ്ങളുടെ കടമയാണെന്നു സദാ അനുസ്മരിക്കണം. അധികാരികളോടു പരമാർത്ഥതയോടെ പെരുമാറുക. പരസ്പരം സഹായിച്ചും സേവിച്ചും ജീവിക്കുവിൻ." ഇത്രയും പറഞ്ഞശേഷം എല്ലാ സഹോദരിമാരേയും സഭയേയും അവർ ആത്മപിതാവിനെ ഭരമേല്പിച്ചു. അവരെയെല്ലാം അമ്മ അനുഗ്രഹിച്ചു. ക്ലേശകരമായ ഒരു യാത്രയ്ക്കു ശേഷം അമ്മ ചാലക്കുടി ആശുപത്രിയിലെത്തി ഡോക്ടർ വീണ്ടും ബ്ര.ത്രേസ്യയെ സശ്രദ്ധം പരിശോധിക്കുകയും ശസ്ത്രക്രിയ അനുപേക്ഷണീയമാണെന്നു വിധിക്കുകയും ചെയ്തു. കാലിലെ പഴുപ്പു മേലോട്ടു കയറിയിട്ടുണ്ടെന്നും മൂപ്പെത്തിയ പ്രമേഹമാണു് രോഗത്തിന്റെ അടിസ്ഥാനമെന്നും ഡോക്ടർ പ്രസ്താവിച്ചു. ഉടനടി ഡോക്ടർമാർ ഒരു ശസ്ത്രക്രിയ നടത്തി; എന്നാൽ പ്രത്യാശയ്ക്കു് വകയില്ലെന്നു് അവർ അഭിപ്രായപ്പെട്ടു. 1926 ജൂൺ 6-ാംനു- ഫാദർ വിതയത്തിൽ രോഗിക്കു് അന്ത്യകൂദാശകൾ നല്കി. 7-ാംനു- രാവിലെ രോഗിയെ കുഴിക്കാട്ടുശ്ശേരി മഠത്തിലേക്കു കൊണ്ടുപോന്നു. ഇടയ്ക്കിടയ്ക്കു രോഗിക്കു ബോധക്ഷയം ഉണ്ടായിക്കൊണ്ടിരുന്നു. വിവരമ

റിഞ്ഞ നാട്ടുകാർ ബ. അമ്മയുടെ അടുക്കൽ വന്ന് ആശിസ്സു വാങ്ങിച്ചു. ജൂൺ 8-ാംനു- ഉച്ചകഴിഞ്ഞ് അല്പം ആശ്വാസം തോന്നിയപ്പോൾ അവർ തൻെറ വത്സലപുത്രിമാരെ വിളിച്ച് അന്തിമാശിസ്സു നല്കി. സന്തപ്തരായ സഹോദരിമാർ ബ. അമ്മയുടെ അടുക്കൽ നിന്ന് കണ്ണുനീർ പൊഴിച്ചു. കാലിലെ പഴുപ്പു വർദ്ധിച്ച് കൊണ്ടുതന്നെ ഇരുന്നു. അന്നു രാത്രി 8 മണിക്കു ബ. വിതയത്തിലച്ചൻെറയും മററു ഏതാനും വൈദികരുടേയും തൻെറ വത്സലമക്കളുടേയും സാന്നിധ്യത്തിൽ ബ. മറിയം ത്രേസ്യയുടെ ആത്മാവ് തൻെറ ദിവ്യമണവാളൻെറ പക്കലേക്കു പറന്നുപോയി. പിശാചുക്കൾ അന്ന് അടുത്തെങ്ങും ഉണ്ടായിരുന്നുവെന്ന് തോന്നുന്നില്ല. "ഞങ്ങൾ തോററു", എന്ന് അവരൊരിക്കൽ സമ്മതിച്ചിട്ടുള്ളതാണല്ലൊ.

ബ. മറിയംത്രേസ്യയുടെ മരണവാർത്ത പരന്നതോടുകൂടെ നാട്ടുകാർ അവളുടെശവമഞ്ചത്തിൽ ഓടിയെത്തി തങ്ങളുടെ സ്നേഹബഹുമാനാദരങ്ങൾ പ്രകടിപ്പിച്ചു. 9-ാംനു- ഉച്ചകഴിഞ്ഞു തൃശ്ശൂർരൂപതാ വികാരി ജനറൽ മോൺ മാത്യു എടക്കുളത്തൂരു് അവർകളുടെ മഹനീയ കാർമ്മികത്വത്തിൽ പതിനൊന്നു വൈദികരുടെ സഹായത്തോടെ ശവസംസ്കാരകർമ്മം നിർവ്വഹിച്ചു. പുത്തഞ്ചിറപ്പള്ളി വികാരി കയ്യാലകം ബ. യൗസേപ്പച്ചനാണ് ചരമപ്രഭാഷണം നടത്തിയതു്. മഠംകപ്പേളയിൽ പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു. പിശാചിൻെറ നിരന്തരാക്രമണത്തിനു വിധേയമായ ഈദേഹം ഇന്ന് ശാന്തിയിൽ വിശ്രമിക്കുന്നു.

പന്ത്രണ്ടുകൊല്ലം തിരുക്കുടുംബസഭയുടെ നടുനായകത്വം വഹിച്ച ഈ ഗ്രാമീണകന്യക സ്വർഗ്ഗീയകന്യകയെ

പ്പോലെയാണു് അദ്ധ്യാനിച്ചതു്; അതിനാലായിരിക്കാം പിശാചുക്കൾ ഇത്രയധികം വൈരാഗ്യം പ്രകാശിപ്പിച്ചതു്. ഒന്നാംലോകമഹായുദ്ധകാലത്തെ കൊടിയദാരിദ്ര്യത്തിനിടയ്ക്കു സ്ഥാപിതമായ ഈ സന്യാസസഭയ്ക്കു പുത്തഞ്ചിറയും കുഴിക്കാട്ടുശ്ശേരിയും തുമ്പൂരും മൂന്നു മഠങ്ങളും രണ്ടു കപ്പേളകളും തൃശ്ശൂരു ഒരു പഠനഭവനവും മഠങ്ങളോടു ചേന്നു് രണ്ടു സ്കൂളുകളും ബോർഡിങ്ങുകളും അനാഥശാലകളും സ്ഥാപിക്കുവാൻ കഴിഞ്ഞു. കുഴിക്കാട്ടുശ്ശേരിമഠം ആരംഭിച്ചതോടുകൂടി പുത്തഞ്ചിറമഠം തൽകാലികമായി അടച്ചിട്ടു. അങ്ങനെ ബ. അമ്മ മരിക്കുമ്പോൾ സഭയ്ക്കു മൂന്നുമഠങ്ങളും രണ്ടുസ്കൂളുകളും 55 സഹോദരിമാരും 30 ബോർഡിങ്ങുകുട്ടികളും 10 അനാഥരുമുണ്ടായിരുന്നു. ബ ത്രേസ്യയുടെ അശ്രാന്തപരിശ്രമം കൊണ്ടാണു് ഈ സ്ഥാപനങ്ങൾ ഉണ്ടായതും ഇവക്കെല്ലാം വസ്ത്രവും ഭക്ഷണവും നല്കിയതും. വിദേശസഹായങ്ങൾകൂടാതെ നേടിയ ഈ വിജയം ദൈവസ്നേഹത്തിൻെറ വിജയമാണെന്നു നിസ്സംശയം പറയാം.

1925-ൽ ഈ ഗ്രന്ഥകത്താവു് ഫോർത്തു് ഫോറത്തിൽ പഠിക്കുമ്പോൾ എൻെറ അമ്മ ഒരിക്കൽ എന്നോടു് ഇങ്ങനെ പറഞ്ഞു: "നമുക്കു പുത്തഞ്ചിറ പോയി മങ്കടിയാൻ കന്യാസ്ത്രീയെ കാണാം ആ കന്യാസ്ത്രീയിൽ ഈശോയുടെ അഞ്ചുമുറിവുകൾ പതിഞ്ഞുകിടക്കുന്നുണ്ടത്രേ? വെള്ളിയാഴ്ച കത്താവിൻെറ കരിശുമരണത്തിൻെറ കാഴ്ചപ്പാടുകളുണ്ടു്". "കാണാൻ എനിക്കും ഇഷ്ടമാണു്" ഞാൻ അമ്മയോടു പറഞ്ഞു. എന്നാൽ എന്തോ കാരണത്താൽ അമ്മ പോയില്ല. 1925ൽ ഞങ്ങളുടേതുപോലെയുള്ള ഒരു ഗ്രാമത്തിൽ ബ. മറിയംത്രേസ്യക്കു് ഇത്രയും പ്രശസ്തിയുണ്ടായിരുന്നെങ്കിൽ ബ. മറിയംത്രേസ്യാ ഒരസാധാരണ സഹോദരിയാണെന്നു് ആരാണു സമ്മതിക്കാതിരിക്കുക.

അദ്ധ്യായം 12

## മരണാനന്തരം

ജീവിതകാലം മുഴുവൻ അന്യക്കു നന്മ ചെയ്യുന്നതിൽ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്ന ത്രേസ്യാ മരണാനന്തരം തൻെറ ആശ്രിതരെ കൈവെടിഞ്ഞില്ല. ദൈവതിരുമുമ്പിൽ അവരം അനുഗ്രഹീതയാണെന്നു വിശ്വസിക്കുവാൻ പലന്യായങ്ങളുണ്ടു്. ബ. മറിയം ത്രേസ്യയുടെ മാദ്ധ്യസ്ഥ്യത്താൽ ദൈവം അരുളിയിട്ടുള്ള ചില അനുഗ്രഹങ്ങരം കീഴെ വിവരിക്കുന്നു. ആദ്യമായി സിസ്റ്റർ ബെക്കുമെൻസു് നല്കിയിട്ടുള്ള പ്രസ്താവനയിൽ നിന്നു് ഒരു ഭാഗം ഇവിടെ സമാഹരിക്കാം: "ഞാറക്കൽ വച്ചു് അമ്മയെ കണ്ടനാരം മുതൽ പുണ്യശ്ലോകയായ ഈ അമ്മയോടുകൂടെ വസിക്കണമെന്നു ഞാൻ ആഗ്രഹിച്ചു. എന്നാൽ ആങ്ങള എന്നെ വടകൻ പറവൂരു കമ്മലീത്താമഠം വക സ്കൂളിൽ ചേർത്തു. ഒരു ദിവസം എൻെറ ആഗ്രഹപ്രകാരം ആങ്ങള എൻെറ കൂടെ ബ. അമ്മയെ സന്ദർശിച്ചു. മടക്കയാത്രയിൽ ആങ്ങള പറഞ്ഞു: "എടീ, ആ കന്യാസ്ത്രീ എന്നെ ഒന്നു നോക്കി. എൻെറ ഉള്ളുതുരന്നെടുത്തുവെന്നു തോന്നുന്നു." അതു ശരിയാണു്. അമ്മയ്ക്കു പരഹൃദയജ്ഞാനം ഉള്ളതുപോലെ എനിക്കും തോന്നിയിട്ടുണ്ടു്. ആരും അറിഞ്ഞിട്ടില്ലാത്ത കാര്യങ്ങരം അമ്മ നേരിട്ടു പറഞ്ഞു കൊടുത്തിരുന്നു. അവസാനം ഞാൻ തിരുകുടുംബ മഠത്തിൽ ചേന്നു. അമ്മയുടെ

വാത്സല്യം ഞങ്ങളെ ആഹ്ലാദഭരിതരാക്കി. എന്നാൽ ഈ സൗഭാഗ്യം നീണ്ടുനിന്നില്ല. എൻെറ സഭാവസ്ത്ര ധാരണം കഴിഞ്ഞു് ഏതാനും നാളുകൾക്കു ശേഷം അമ്മ മരിച്ചു.

ഒരു ദിവസം ഞാൻ സഹപാഠികളോടു പറഞ്ഞു: 'അമ്മയുടെ അത്ഭുതങ്ങളും മററും കേട്ടിട്ടാണു് ഞാൻ ഈ മഠത്തിലേക്കു വന്നതു്. ഇപ്പോൾ അമ്മയുമില്ല അത്ഭുതവുമില്ല. ഞാൻ കർമ്മലീത്താ മഠത്തിൽ ചേരേണ്ടതായിരുന്നു. അന്നു രാത്രി ഞാൻ ഒരു സ്വപ്നം കാണുകയുണ്ടായി. സുന്ദരമായ ഒരു പൂങ്കാവനത്തിൽ ഒരു സിംഹാസനത്തിൽ അമ്മ ഇരിക്കുന്നതും പല സഭക്കാരായ കന്യകമാർ അമ്മയുടെ ചുററും നില്ക്കുന്നതും ഞാൻ കണ്ടു. ഞാൻ തിരുക്കുടുംബ സഭക്കാരുടെ പിന്നിൽ നില്ക്കുകയായിരുന്നു. അമ്മ എന്നെ അടുക്കൽ വിളിച്ചു ചോദിച്ചു. "ഇപ്പോളെന്തു തോന്നുന്നു?" "അമ്മേ, അമ്മേ, അങ്ങു് ഒരു പുണ്യവതിയാണു്," ഞാൻ പ്രതിവചിച്ചു.

**കുന്നത്തു ചാക്കുമകൾ സെലീനയുടെ വിവരണം**

"എനിക്കു 1957 ഒക്ടോബർ മാസത്തിൽ വല്ലാത്ത സംഭ്രമവും മനസ്സിനു അസ്വസ്ഥതയും ഭയവും മററും അനുഭവപ്പെട്ടു. ഇതിനിടയ്ക്കു് ഓർമ്മശക്തി നഷ്ടപ്പെടുകയും ഓർമ്മയില്ലാതെ പലതും സംസാരിക്കയും ചെയ്തിരുന്നു. വളരെയധികം ഡോക്ടർമാരും വൈദ്യന്മാരും ഒരു കൊല്ലം തുടർച്ചയായി ചികിത്സിച്ചു. 2500 രൂപയോളം ചിലവായി; ഫലമൊന്നുമുണ്ടായില്ല. അങ്ങനെ നിരാശയിൽ കഴിയുമ്പോൾ ബ. മറിയം ത്രേസ്യയെപ്പററി ഞാൻ കേട്ടു. ബ. മറിയം ത്രേസ്യയ്ക്കു് ഒരു കർബ്ബാനയും ഒരൊപ്പീസും എൻെറ അമ്മ നേർന്നു. തൽക്ഷണം എൻെറ അസുഖ

മെല്ലാം മാറി. പിന്നീട്ട് ആ സുഖക്കേട്ട് ഉണ്ടായിട്ടില്ല. ബ. മറിയം ത്രേസ്യയുടെ മദ്ധ്യസ്ഥശക്തിയാലാണ് സുഖം കിട്ടിയതെന്നു പൂർണ്ണവിശ്വാസം എനിക്കുണ്ട്.

മുക്കാട്ടുകര ഒപ്പ്
23-5-1963 (സെലീനാ)

**സിസ്റ്റർ ക്ലാവുദിയായുടെ വാതം**

"ഞാൻ 1950മേയ് മാസത്തിൽ തിരുകുടുംബസഭയിൽ ഒരർത്തിനിയായി സ്വീകരിക്കപ്പെട്ടു. മഠത്തിൽ വന്നു കുറച്ചു കഴിഞ്ഞപ്പോൾ ഞാൻ ആമവാതം എന്ന രോഗത്തിനു വിധേയയായി. കൈകാലുകൾ വളഞ്ഞിരുന്നില്ല, നടക്കാനും സാധിച്ചിരുന്നില്ല. നാട്ടുവൈദ്യന്മാരെല്ലാവരും എൻെറ രോഗം മാറുകയില്ലെന്നു് അഭിപ്രായപ്പെട്ടു. എൻെറ കൂട്ടുകാർ ബ. മറിയംത്രേസ്യാമ്മയുടെ കുഴിമാടത്തിങ്കൽ പോയി എൻെറ സുഖക്കേടു മാററിത്തരണമേയെന്നു നോവിസു മിസ്ത്രസ്സിൻെറ നിർദ്ദേശാനുസരണം പ്രാർത്ഥിച്ചു. ഞാനും പ്രാർത്ഥിച്ചിരുന്നു. നൊവേനയുടെ ഒമ്പതാം ദിവസം രാവിലെ പതിവിൽക്കൂടുതൽ വേദന തോന്നി. രാത്രി ഏകദേശം പന്ത്രണ്ടുമണിക്കു നോവീസ് മിസ്ത്രസ്സിനെപ്പോലെ ഒരു സിസ്റ്റർ വന്നു കൈകാലുകൾ തടവി ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു: "വേദന മാറിയല്ലോ. ഇനി ഈ സുഖക്കേട്ട് ഉണ്ടാകയില്ല. എന്നാൽ മററു വേദനകൾ ഉണ്ടാകും; അവ സ്വർഗ്ഗീയസമ്മാനം വർദ്ധിപ്പിക്കും." ഇത്രയും പറഞ്ഞ് ആ സിസ്റ്റർ നടന്നകന്നു. ഉടനെ എനിക്കു് എഴുന്നേററിരിക്കാൻ കഴിഞ്ഞു. പൂർണ്ണസുഖം കിട്ടിയപോലെ തോന്നി. രാവിലെ എല്ലാവരോടുമൊപ്പം ഞാൻ കപ്പേളയിൽ പോയി. സഹോദരിമാർ അത്ഭുതപരതന്ത്രരായി. രാ

ത്രിയിൽ നടന്ന സംഭവമെല്ലാം ഞാൻ നോവീസ് മിസ്ത്ര സ്സിനോടു പറഞ്ഞു. നോവിസുഗുരുനാഥ എൻെറ മുറിയിൽ വന്നില്ലെന്നു സ്പഷ്ടമാക്കി. ബ. മറിയം ത്രേസ്യാമ്മയാണു് എൻെറ അടുക്കൽ വന്നതെന്നു് എനിക്കു മനസ്സിലായി. പൂർണ്ണസുഖം കിട്ടിയോ എന്നറിയുന്നതിനു മാളയിലെ ഡോക്ടർ ഇമാംഖാനെ ഞാൻ കണ്ടു. അദ്ദേഹം വിസ്മയഭരിതനായി മരുന്നിനു് ആവശ്യമില്ലെന്നും പൂർണ്ണമായി സുഖപ്പെട്ടെന്നും അഭിപ്രായപ്പെട്ടു. പിന്നീടു് ഇന്നുവരെ ആ സുഖക്കേടു് എനിക്കുണ്ടായിട്ടില്ല. എന്നാൽ അന്നു പറഞ്ഞതു പോലെ പലതരം അസുഖങ്ങളാൽ ഞാൻ നിരന്തരം വേദന അനുഭവിക്കുന്നു. ബ. മറിയംത്രേസ്യാമ്മ തന്നെയാണു് അന്നു് എന്നെ ആശ്വസിപ്പിച്ചതും രോഗശാന്തി നല്കിയതുമെന്നും ഞാൻ വിശ്വസിക്കുന്നു.

കുഴിക്കാട്ടുശ്ശേരി എന്നു് സിസ്റ്റർ ക്ലാവുദിയാ
15-10-1957 ഒപ്പു്

ഈദൃശങ്ങളായ അനുഗ്രഹകുസുമങ്ങൾ കുറെയേറെ തിരുക്കുടുംബസന്യാസസഭയുടെ നാളാഗമത്തിൽ കാണുന്നുണ്ടു്. ഇവയൊന്നും ഇവിടെ വിവരിച്ചിട്ടാവശ്യമില്ല പ്രഥമലോകമഹായുദ്ധകാലത്തു് ആരംഭിച്ച ഒരു സന്യാസസഭയ്ക്കു ഒരു ഗ്രാമീണകന്യകയുടെ 12 കൊല്ലത്തെ മേൽനോട്ടത്തിലുണ്ടായ പുരോഗമനംതന്നെ ആ സഭാസ്ഥാപികയുടെ വിശുദ്ധിക്കു് ഒരു മഹാലക്ഷ്യമാണു്. മരണാനന്തരപുരോഗതി (അനുബന്ധം കാണുക) ബ. മറിയംത്രേസ്യാമ്മയുടെ മാധ്യസ്ഥ്യശക്തിക്കു തെളിവാണു്.

ജീവിതത്തിൽ ബ. ത്രേസ്യാ തൻെറ ആത്മപിതാവിനെ സ്നേഹിച്ചിരുന്നു. സ്വർഗ്ഗത്തിൽനിന്നു് ആത്മപിതാവിനു നല്കിയ ഒരനുഗ്രഹമായിരിക്കണം ദീർഘാ

യൂസ്സ്. സ്ഥാപികയുടെ ചൈതന്യത്തിൽ ഫാദർ വിതയത്തിൽ തിരുക്കുടുംബസഭയെ നയിച്ചു. ബ. ത്രേസ്യായുടെ മരണശേഷം തിരുക്കുടുംബസഭയ്ക്കുണ്ടായ പുരോഗമനത്തിന് ഫാദർ വിതയത്തിൽ കാരണക്കാരനാണ്. മറിയംത്രേസ്യയുടെ സ്വഭാവേതരാനുഭവങ്ങളിൽ ദൈവദൂക്കരങ്ങളുടെ പ്രവർത്തനം ദർശിച്ചു ത്രേസ്യയെ വഴിതെററാതെ നയിക്കുവാൻ കഴിഞ്ഞതു ഫാദർ വിതയത്തിലിൻെറ വിശ്വാസദാർഢ്യമാണ്. ബ. മറിയംത്രേസ്യയുടെ പഞ്ചക്ഷതവും കാഴ്ചപ്പാടുകളും വെറും കെട്ടുകഥയോ അപസ്മാരമോ ആയിത്തള്ളുന്ന തിരുക്കുടുംബസഹോദരിമാർതന്നെ ഉണ്ടായിരിക്കാം. എന്നാൽ ഫാദർ വിതയത്തിലിനു ത്രേസ്യയുടെ സ്വർഗ്ഗീയകാഴ്ചപ്പാടിലും പൈശാചികാക്രമണങ്ങളിലും ത്രേസ്യയുടെ വിശുദ്ധിയിലും യാതൊരു സംശയവുമില്ല. അദ്ദേഹത്തിൻെറ കുറിപ്പുകൾ മുഴുവനും സത്യമായി ഞാൻ സ്വീകരിച്ചിട്ടില്ല. സ്വീകരിച്ചിട്ടുള്ള ഭാഗങ്ങൾതന്നെ ആധുനികർ പലരും സ്വീകരിച്ചില്ലെന്നുവരും. അവർക്കു ഫാദർ വിതയത്തിലിൻേറയും സിസ്റ്റർ അഗസ്സായുടേയും അന്നയുടേയും മററും വിശ്വാസമുണ്ടെങ്കിൽ ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിരിക്കുന്ന കാര്യങ്ങൾ അവരും സ്വീകരിക്കുമെന്നാണ് എൻെറ പ്രതീക്ഷ.

1954 മുതൽ ഫാദർ വിതയത്തിൽ രോഗിയായി. ചികിത്സാവിശേഷവും പരിചരണവൈദഗ്ദ്ധ്യവും നിമിത്തം ഏറെക്കുറെ വലിയ കഷ്ടതകൾകൂടാതെ അദ്ദേഹം മുന്നോട്ടേക്കു നീങ്ങി. ഇടയ്ക്കിടയ്ക്ക് അദ്ദേഹം മരണവക്ത്രംവരെ എത്തിയിട്ടുണ്ട്. എങ്കിലും ബ. ത്രേസ്യയുടെ മാദ്ധ്യസ്ഥ്യശക്തിയായിരിക്കണം 99-ാമത്തേ വയസ്സുവരെ അദ്ദേഹത്തെ സംരക്ഷിച്ചതു്. 1964 ജൂൺ 8-ാം-തികളാഴ്ച സഭാസ്ഥാപികയുടെ ചരമവാർഷികദിനത്തിൽത്തന്നെ ഈ യതിവര്യനും മരിച്ചു. അദ്ദേഹം സഹിച്ചിട്ടുണ്ട്; എന്നാൽ ബ. മറിയംത്രേസ്യായുടെ മാദ്ധ്യസ്ഥ്യ

സഹായത്താൽ സഹനം ശരിക്കുതന്നെ സ്വീകരിച്ചു. തൻെറ ആത്മപിതാവിന്ന് ചെറുപ്പം മുതൽക്ക് ത്രേസ്യാ ആശംസിച്ച അനുഗ്രഹവിശേഷങ്ങൾ 99കൊല്ലത്തെ ജീവിതത്തിനിടയ്ക്ക് അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടെന്നുതന്നെയാണു തോന്നുന്നതു്.

മരണാനന്തരകുസുമങ്ങളും തിരുക്കുടുംബ സഭയുടെ പുരോഗമനവും ഫാദർ വിതയത്തിലിൻെറ അചഞ്ചല വിശ്വാസത്തോടെയുള്ള സേവനവും അദ്ദേഹത്തിൻെറ സ്വന്തം കൈയിലുള്ള കുറിപ്പുകളും ത്രേസ്യയുടെ അവശേഷിച്ചിരിക്കുന്ന എഴുത്തുകളും സമകാലികരും അനന്തരവരുമായ സഹോദരിമാർക്ക് ബ. മറിയംത്രേസ്യയോടുള്ള മതിപ്പും സംശയാലുക്കളായ മെത്രാന്മാർ സുലഭമായി നല്കിയ അനുഗ്രഹങ്ങളും ത്രേസ്യാ ഈശോയ്ക്കു പ്രിയപ്പെട്ട ഒരു സന്യാസിനിയായിരുന്നുവെന്നതിനു അപ്രതിരോധകമായ സാക്ഷ്യമാണു്.

ബ. മറിയംത്രേസ്യയുടെ പ്രായശ്ചിത്ത ജീവിതം അനുകരണതീതമാണു്. എന്നാൽ വി. കുർബ്ബാനയോടും ദൈവമാതാവിനോടും ജപമാലയോടും ശുദ്ധീകരാത്മാക്കളോടും ത്രേസ്യക്കുണ്ടായിരുന്ന ഭക്തി ആധുനിക സന്യാസികൾ ശ്രദ്ധിക്കുന്നതു നല്ലതാണു്. അവളുടെ സാധുജന ശുശ്രൂഷയും അനുകമ്പാശീലവും എളിമയും പ്രാർത്ഥനാശീലവും ഉപകാരബോധവും തിരുക്കുടുംബസഭയുടെ പിതൃസ്വത്തായിരിക്കുന്നതാണു്. അതു് അവർക്ക് ആദ്ധ്യാത്മികജീവിതത്തിൽ നവോന്മേഷവും ഉത്തേജനവും നല്കുമാറാകട്ടെ.

1963 ജൂൺ 15ാംനു- ബ. മറിയംത്രേസ്യയുടെ നാമകരണത്തിനുള്ള ഒരു പ്രാർത്ഥനയ്ക്കു് തൃശ്ശൂരു മെത്രാൻ, ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ടു് അംഗീകാരം നല്കിയതായി കാണുന്നുണ്ടു്. തിരുമേനിയുടെ ഈ അംഗീകാരം തിരുസ്സഭയുടെ അംഗീകാരത്തിനു് അചിരേണ വഴിതെളിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

അനുബന്ധം 1

## തിരുക്കുടുംബസഭ ഇന്നു്

മൂന്നു മഠങ്ങളും രണ്ടു സ്കൂളുകളും 55 അംഗങ്ങളുമാണു തിരുക്കുടുംബ സഭയ്ക്കു് ബ. മറിയംത്രേസ്യയുടെ മരണസമയത്തുണ്ടായിരുന്നതു്. ഇന്നത്തെ സ്ഥിതി കീഴെ കാണാം. എന്നാൽ സഭയ്ക്കു് അഭിമാനിക്കാവുന്ന കാര്യം ബ. അമ്മയുടെ ചൈതന്യം അതിൽ ഇതുവരെ നിലനിറുത്തിപ്പോന്നിട്ടുണ്ടെന്നുള്ളതാണു്. ഓരോ മഠത്തിലേയും അംഗങ്ങൾ അതാതു മഠത്തിൻെറ പരിസരങ്ങളിലുള്ള വീടുകൾ സന്ദർശിച്ചു രോഗികളെ ശുശ്രൂഷിക്കുന്നു; മരണാസന്നരെ നല്ലമരണത്തിനൊരുക്കുന്നു; ആശുപത്രികളിൽ നേഴ്സിങ്ങു് ജോലി നിർവ്വഹിക്കുന്നു; അനാഥശാലകൾ നടത്തുന്നു; ബീഹാർ തുടങ്ങിയ മിഷൻ പ്രദേശങ്ങളിൽക്കൂടി ആതുരസേവനം ചെയ്യുന്നു. ബ. മറിയംത്രേസ്യയുടെ ചൈതന്യത്തോടെ സഹോദരിമാരെ, മുന്നേറുവിൻ.

### സഭയുടെ സ്ഥിതി ഒരു നോട്ടത്തിൽ

(1970 ജാനുവരി 15-ാംനു- ലെ വിവരം.)

| | |
|---|---|
| സഹോദരിമാർ | 652 |
| നവസന്യാസിനികൾ | 41 |
| അർത്ഥിനികൾ | 32 |
| പ്രൈമറിസ്കൂൾ | 21 |
| ഹൈസ്കൂളുകൾ | 5 |
| കോളേജ് | 1 |
| അനാഥശാല | 4 |
| ശാഖാമഠങ്ങൾ (മിഷൻ സ്ഥാപനങ്ങളുൾപ്പെടെ) | 34 |
| ഹോസ്പിററൽ | 1 |

അനുബന്ധം 2

## ബ. മറിയംത്രേസ്യയുടെ നാമകരണത്തിനുള്ള പ്രാർത്ഥന

സർവ്വനന്മസ്വരൂപിയായ ത്രീത്വൈകദൈവമേ, അങ്ങേപ്രതി പീഡകൾ സഹിക്കുന്നവരെ ഈ ലോകത്തിലും, പരലോകത്തിലും അങ്ങു മഹത്വപ്പെടുത്തുന്നുണ്ടല്ലോ. അങ്ങയോടുള്ള സ്നേഹത്താൽ ജ്വലിക്കുകയും തിരുകുടുംബസഭാസ്ഥാപനം വഴി ദൈവസ്നേഹം അന്യരിലും ജ്വലിക്കുവാൻപരിശ്രമിക്കുകയും നിരവധി കഷ്ടതകളും ഞെരുക്കങ്ങളും സഹിച്ചു ഭൂമിയിൽ അങ്ങയെ മഹത്വപ്പെടുത്തുകയും ചെയ്ത അങ്ങേ വിശ്വസ്തദാസിയായ മറിയം ത്രേസ്യയെ പരിശുദ്ധരുടെ പട്ടികയിൽ ചേർക്കുവാൻ അങ്ങു കൃപ ചെയ്യണമേ. ആമേൻ 1സ്വ. 1ന. 1ത്രീ.

(ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമേനിയുടെ അംഗീകാരമുള്ള പ്രാർത്ഥന)

N.B. ഏതെങ്കിലും അനുഗ്രഹങ്ങൾ പ്രാപിക്കുന്നവർ താഴെ കാണുന്ന മേൽവിലാസത്തിൽ അറിയിക്കുവാൻ അപേക്ഷ.

റവ. മദർ ജനറൽ
തിരുക്കുടുംബമഠം, മണ്ണുത്തി
തൃശ്ശൂര്.

## പ്രധാന തീയതികൾ

1876 ഏപ്രിൽ 26 ത്രേസ്യയുടെ ജനനം.

1886 പ്രഥമദിവ്യകാരുണ്യസ്വീകരണം.

1892 മാർച്ച് 2 ത്രേസ്യയുടെ അമ്മയുടെ മരണം.

1902 ഏപ്രിൽ 20 ഫാദർ ജോസഫ് വിതയത്തിൽ പുത്തഞ്ചിറപ്പള്ളി വികാരിയാകുന്നു.

1905 മാർച്ച് 1-ാംനു- ത്രേസ്യാ കർമ്മലീത്താ മൂന്നാംസഭയിൽ ചേരുന്നു, തലമുണ്ടു നല്കപ്പെടുന്നു.

1905 സെപ്ററമ്പർ 6 പഞ്ചക്ഷതം പ്രാപിക്കുന്നു.

1912 നവമ്പർ 26 ത്രേസ്യാ ഒല്ലൂരു കർമ്മലീത്താ മഠത്തിൽ താമസിക്കുന്നു.

1913 ജാനുവരി 27 ത്രേസ്യാ ഒല്ലൂരുനിന്നു മടങ്ങുന്നു.

1913 ഒക്ടോബർ 7 ത്രേസ്യാ ഏകാന്തമന്ദിരത്തിൽ താമസം തുടങ്ങുന്നു.

1914 മേയ് 14 തിരുക്കുടുംബസഭാസ്ഥാപനം.

1915 മേയ് പുത്തഞ്ചിറ പ്രൈമറിസ്കൂൾ ആരംഭിച്ചു.

1918 മേയ് തൃശ്ശൂര് ഒരു ബോർഡിങ്ങ് സ്ഥാപനം തുടങ്ങി. പഴയാററിൽ ബ. പത്രോസ് അച്ചൻ കുഴിക്കാട്ടുശ്ശേരിയിൽ പ്രൈമറിസ്കൂൾ സ്ഥാപിച്ചു.

1922 മേയ് കുഴിക്കാട്ടുശ്ശേരി പ്രൈമറിസ്കൂൾ മഠത്തിനു ലഭിക്കുന്നു.

1922 മേയ് 17-ാംനു- കുഴിക്കാട്ടുശ്ശേരിമഠം ആരംഭിക്കുന്നു, വിതയത്തിൽ ബ. യൗസേപ്പ് അച്ചൻ പുത്തഞ്ചിറ വികാരിസ്ഥാനത്തിൽ നിന്നു വിരമിക്കുന്നു.

1926 മേയ് 10 തുമ്പൂരുമഠം ആശീർവദിച്ചു.

1926 ജൂൺ 8-ാം ബ. മറിയം ത്രേസ്യയുടെ മരണം.

1964 ജൂൺ 8-ാം ബ. ഫാദർ ജോസഫ് വിതയത്തിലിൻെറ മരണം.

## വിഷയവിവരം

I ജനനവും ബാല്യവും 1
പീഡാനുഭവഭക്തിയും പ്രായശ്ചിത്തങ്ങളും 2
ഭക്താഭ്യാസങ്ങൾ 5
വിദ്യാഭ്യാസം 5
പ്രഥമദിവ്യകാരുണ്യസ്വീകരണം 7
ക്ഷമാശീലം 12
പ്രേഷിതവൃത്തി 12
അമ്മയുടെ മരണം 14
II ദൈവവിളിയുടെ പ്രഥമഘട്ടം 16
വനവാസം തേടുന്നു 17
അജ്ഞാതജീവിതം 19
ഫാ. ജോസഫ് വിതയത്തിൽ 20
സഹനങ്ങൾ ആരംഭിക്കുന്നു. 22
പിശാചു കാഴ്ച നശിപ്പിക്കുന്നു. 24
ത്രേസ്യാ നിരാശയിലമരുന്നു. 26
പിശാചിൻെറ വേറൊരാക്രമണം 28
ദൈവമാതാവു പ്രത്യക്ഷപ്പെടുന്നു. 30
തിരുക്കുടുംബ സന്ദർശനം 32
III പൈശാചിക പരീക്ഷകൾ തുടരുന്നു. 36
1903 ജൂലായി 30-ാംനു- 37
1903 ഓഗസ്റ്റ് 4-ാംനു- 38
1903 സെപ്റ്റംബർ 12-ാംനു- 39
1903 ഒക്ടോബർ 24-ാംനു- 39
„ നവമ്പർ 26-ാംനു- 40

1903 ഡിസമ്പർ 1—ാംനു- 41

,, ഡിസമ്പർ 21—ാംനു- 42

1904 മെയ് 10—ാംനു- 47

1904 ജൂൺ 26—ാംനു- 49

1904 ജൂലായ് 3—ാംനു- 51

1904 ജൂലായി 7—ാംനു- 52

ശുദ്ധീകരാത്മാവിൻെറ കാഴ്ച. 52

ഈശോ ത്രേസ്യയ്ക്കു് ഹൃദയം നൽകുന്നു. 56

ഒരു പാപിയുടെ മാനസാന്തരം 57

മറിയം ത്രേസ്യാ എന്ന പുതിയ പേർ 60

പിശാചു ചട്ട പിച്ചിക്കീറി 61

മരണാസന്ന ശുശ്രൂഷ 62

കവിറം വാപ്പു രോഗി 64

പിശാചിൻെറ വിക്രിയകറം 67

മേനാച്ചേരി മെത്രാനച്ചൻെറ ഇടവക സന്ദർശനം 68

1904 ഡിസംബർ 8—ാംനു- വ്യാഴാഴ്ച 70

ഗ്രന്ഥ കർത്താവിൻെറ അനുമാനം 72

IV പ്രേഷിതവൃത്തിയും പിശാചിൻെറ അമർഷവും

വ്യാജവേഷം 73

1904 – ലെ ക്രിസ്തുമസ്സ് 74

1905 ജനുവരി 1–ാംനു- 75

ത്രേസ്യയും കന്യകാംബികയും 76

പിശാചിൻെറ ചിലതന്ത്രങ്ങറം 77

രോഗീശുശ്രൂഷ 78

ത്രേസ്യയുടെ കുറിപ്പുകറം 81

ശാരീരിക ക്ലേശങ്ങറം 82

പഞ്ചക്ഷതം 83
ഒരു ഭയങ്കര പാപി 85
1905 ഫെബ്രുവരി 2-ാംനു- 87
പാപിയുടെ വായിൽ നിന്നു പാമ്പ് 87
ശുദ്ധീകരാത്മാക്കൾ 88
ത്രേസ്യമ്മ മൂന്നാം സഭയിൽ തലമുണ്ട് 89
ഫാദർവിതയത്തിലിൻെറ സഹോദരിയുടെ മരണം 91
കുമ്പസാരിക്കുന്നവക്കു വേണ്ടി പ്രാത്ഥിക്കുന്നു. 92
പിശാചിൻെറ വേലത്തരങ്ങൾ 94
ഏപ്രിൽ മാസത്തിലെ ആദ്യവെള്ളി 95
ചില രോഗികൾ 95
ആങ്ങളയുടെ കുസൃതി 97
1905-ലെദുഃഖ വെള്ളിയാഴ്ച 98
ബലിപീഠാലങ്കാരം 98
അന്യരുടെ സഹനങ്ങൾ പൂണ്ണമായി ഏറെറടുക്കുണ്ടോ 99
അന്നു ത്രേസ്യമ്മ് അനുഭവിച്ചിരുന്ന പ്രായശ്ചിത്തങ്ങൾ 101
പാപികളെ മരണത്തിനൊരുക്കുന്നു. 102
പുതിയ പരീക്ഷകളനുഭവിക്കുന്നു. 104
ശുദ്ധീകരാത്മാക്കളെ സഹായിക്കുന്നു. 105
ദൈവമാതാവു വീണ്ടും ഇടപെടുന്നു 106
പരിയാരം വികാരിയുടെ സന്ദശനം 107
പിശാചിൻെറ പരീക്ഷകൾ 109
ശാരീരിക വ്യഥകൾ 111
ശരണക്കേട 113
ബോധമില്ലാത്തപ്പോൾ 113

വെള്ളിയാഴ്ച പരിപാടി 114
ത്രേസ്യയ്ക്കു ദൈവമാതാവിൻെറ ഉപദേശം 116
1905 സെപ്ററമ്പർ 6-ാംനു- ബുധനാഴ്ച 117
കർത്താവു ത്രേസ്യയ്ക്കു മോതിരം നല്കുന്നു 117
കള്ളക്കുമ്പസാരം 118
പിശാചിൻെറ തന്ത്രങ്ങൾ 120
വി. കുർബ്ബാന സ്വീകരണത്തിനുശേഷം പാരവശ്യം 122
ത്രേസ്യയുടെ കുറിപ്പുകൾ 122
പതിനാലു പിശാചുക്കൾകൂടി 123
അനുമാനങ്ങൾ 123

V തിരുക്കുടുംബ സഭാസ്ഥാപനത്തിനു
ത്രേസ്യയെ ഒരുക്കുന്നു 126

മെത്രാനച്ചൻെറ സംശയം 126
ത്രേസ്യയ്ക്കു ആലസ്യം 127
ത്രേസ്യാ വി. കുർബ്ബാനയുടെ മുമ്പിൽ 122
പീഡാനുഭവദർശനം 133
പഞ്ചക്ഷതം 135
വി. കുർബ്ബാന സ്വീകരണത്തിനുശേഷമുണ്ടായ ഒരനുഭവം 137
രോഗീശുശ്രൂഷ തുടരുന്നു 138
അമ്പതുനോമ്പ് 139
പെസഹാവ്യാഴാഴ്ച 142
ദുഃഖവെള്ളിയാഴ്ച 143
പരീക്ഷകളും പ്രായശ്ചിത്തങ്ങളും 145
ഒററക്കുരു തുടരുന്നു കരുക്കൾ 146
വീണ്ടും ത്രേസ്യാ എഴുതി 147

പഞ്ചക്ഷതം 148
മെത്രാനച്ചൻെറ സംശയവും കല്പനയും 151
ത്രേസ്യയുടെ മഹോദരം 154
വെള്ളിയാഴ്ചയിലെ പീഡകൾ 156
1909ലെ വസൂരി 157
VI ത്രേസ്യയുടെ എഴുത്തുകൾ 161
VII ത്രേസ്യാ ഒല്ലൂരു മഠത്തിൽ 181
VIII ത്രേസ്യയുടെ പ്രത്യേക മന്ദിരം 191
IX തിരുക്കുടുംബ സഭാസ്ഥാപനം 196
സ്വഭാവേതരസംഭവങ്ങൾ 208
ബ. മറിയം ത്രേസ്യയുടെ ഉപദേശങ്ങൾ 210
കുമ്പ്രാന കാണുന്ന വിധം 210
ക്രിസ്മസ്സിനൊരുക്കം 215
ശുദ്ധീകരസ്ഥലം 217
ഒരർത്ഥിനിക്കു നല്കിയ ഉപദേശം 218
സഹോദരിമാൎക്ക് ഒരുപദേശം 220
ദിനചര്യ 223
X മറിയം ത്രേസ്യയെപ്പററി സതീർത്ഥ്യർ 227
XI ത്രേസ്യയുടെ അന്തിമ നാളുകൾ 244
XII മരണാനന്തരം 251
അനുബന്ധം I തിരുക്കുടുംബസഭ ഇന്ന് 257
II ബ. മറിയം ത്രേസ്യയുടെ നാമകരണത്തിനുള്ള പ്രാർത്ഥന 258
III ബ. ത്രേസ്യയുടെ ജീവിതത്തിലെ പ്രധാന തിയതികൾ 259


ORPHANAGE PRESS KODAKARA

## ഗ്രന്ഥകാരന്റെ ഇതരകൃതികൾ അഥവാ പരിഭാഷകൾ.

1. വിശുദ്ധ ഗ്രന്ഥം.
2. വി. കൊച്ചുത്രേസ്യയുടെ സ്വയംകൃതചരിതം.
3. നവമാലികാസഖി.
4. വിശ്വാസപ്രമാണം.
5. പത്തു കല്പനകൾ.
6. കൂദാശകൾ.
7. മരിയാസൈന്യം മാനുവൽ.
8. എന്റെ ഡയറിക്കുറിപ്പുകൾ (23-ാം യോഹന്നാൻ പാപ്പ).
9. മാതാവും ഗുരുനാഥയും ( ,, ,, )
10. ആറാം പൗലോസ് മാർപ്പാപ്പാ.
11. മാനവപുരോഗതി (6-ാം പൗലോസ് മാർപ്പാപ്പ).
12. തിരുമണിക്കൂറുകൾ (21 എണ്ണം).
13. വൈദികമിത്രം.
14. തെറേസാ നോയിമൻ.
15. ആധുനികനേതാക്കൾ (മൂന്നു വോല്യം)
16. ജപമാലരാജ്ഞി (തിരുവെഴുത്തുകൾ).
17. മരിയൻ ശാസ്ത്രം ( ,, )
18. മരിയൻ ഭക്തി ( ,, ).
19. തീർത്ഥയാത്രാസ്മരണകൾ
20. Original Justice and Sanctifying Grace
21. Predegree Mathematics (2 Vols).
22. B. Sc. Algebra (for Subsidiary)
23. Complete Trignometry.
24. ദിവ്യസ്പന്ദനങ്ങൾ (3 വോല്യം).
25. ക്രിസ്തുവിനെ പരിചയപ്പെടുക (10 ലഘുലേഖകൾ)
26. അത്ഭുതങ്ങൾ (അദ്ധ്യയനമണ്ഡലം).
27. അരുതെന്ന് ആരുപറയും?
28. Basic Mathematics.

അച്ചടിയിൽ

29. കുരിശിന്റെ മുമ്പിൽ (പീഡാനുഭവധ്യാനങ്ങൾ).
30. താരകളും ഗ്രഹങ്ങളും.
31. B. Sc. Calculus (Main and Subsidiary).